# സുറിയാനി ക്രിസ്ത്യാനികളുടെ
# Malankara Syrian Christians

## പട്ടംകൊട പുസ്തകം

# ORDINATION SERVICE BOOK

## മലയാളം/ഇംഗ്ലീഷ്

ക്രോഡീകരിച്ചത്, ജോയിക്കുട്ടി, ഡിട്രോയിറ്റ്
Compiled, Typed, Typesetter, Printed and Published: Joykutty Detroit

# സുറിയാനി ക്രിസ്ത്യാനികളുടെ
# **Malankara Syrian Christians**

# പട്ടംകൊട പുസ്തകം
# ORDINATION SERVICE BOOK

മലയാളവും ഇംഗ്ലീഷും ഇടകലർത്തി

38663 Cottonwood Dr.
Sterling Heights, MI-48310-3135

Phone: 248-740-4923
anujanmon@cscom
WWW.JOYKUTTYDETROIT.NET

May 1, 2019

ക്രോഡീകരിച്ചത്, ജോയിക്കുട്ടി, ഡിട്രോയിറ്റ്
Compiled, Typed, Typesetter, Printed and Published: Joykutty Detroit

# ഉള്ളടക്കം


| | |
|---|---|
| 1. പ്രസ്താവന | 3 |
| 2. പൊതു നടപടികൾ | 5 |
| 3. അമൊലോഗിയ | 10 |
| 4. സ്ലമ്റോനോ | 45 |
| 5. കോറൂയോ | 57 |
| 6. എവുപ്പദ്യക്നോ | 74 |
| 7. ശെമ്മാശ്ശൻ | 97 |
| 8. അക്ക്ദിയാക്കോൻ | 134 |
| 9. കശ്ശീശാ | 156 |
| 10. പുതിയ സാധനങ്ങളുടെ കൂദാശ | 213 |

# പ്രസ്താവന

വളരെയധികാ കഷ്ടപ്പാടുകൾക്കു ശേശമാണ് ഈ പുസ്തകം ഇതുപോലെ വെളിച്ചം കാണുന്നത്. വളരെയധികം ആൾക്കാർ സഹായിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവർ: ബഹുമാനപ്പെട്ട ജോൺസൺ പുഞ്ചക്കോണം അച്ചൻ, യോഹന്നാൻ പണിക്കർ അച്ചൻ, മി. ഡേവിഡ് ദാനിയേൽ, മിസ്സസ്സ് ബെൻസി ബിനോയി അങ്ങിനെ നിരവധി പേർ. അവരോടുള്ള നന്ദി ഈ സമയത്ത് രേഖപ്പെടുത്തുന്നു.
നീണ്ട ഒരു കാലത്തിനു ശേഷമാണ് ഒരു സഭാ പുസ്തകം തയാറാക്കുന്നത്. അപ്പോൾ അതിന്റേതായ സാങ്കേതിക പ്രയാസങ്ങൾ വളരെയധികം.
ഈ പുസ്തകം പരിപൂർണ്ണം ഇംഗ്ലീഷ് മലയാളം ഇടകലർത്തി ചെയ്യാനായിരുന്നു ഞാൻ ആഗ്രഹിച്ചതെങ്കിലും അതിന് സാധിച്ചിട്ടില്ല എന്ന് ഖേദപൂർവ്വം അറിയിക്കുന്നു. എന്നാൽ കശ്ശീശായുടെ ഭാഗം പരിപൂർണ്ണം ഇംഗ്ലീഷ് മലയാളം ഇടകലർത്തി ചെയ്യാൻ സാധിച്ചിട്ടുണ്ട്. എന്റെകയ്യിൽ കിട്ടിയതെല്ലാം അതുപോലെ ചേർത്തിട്ടുണ്ട്. എന്റേതായ വ്യതിയാനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.
എല്ലാ വേദവായനകളും മസുമൂറുകളും പരിപൂർണ്ണം ഇംഗ്ലീഷ് മലയാളം ഇടകലർത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. തന്മൂലം പുതിയ തലമുറയിൽ ഉള്ളവർക്ക് പ്രയാസം കൂടാതെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു. പാകപിഴകൾ ധാരാളം ഉണ്ടെങ്കിൽ സദയം ക്ഷമിക്കണം.
ആധുനീക രീതിയിൽ ഇലക്ട്രോണിക്ക് വഴി ആയതുകൊണ്ട് പൂർവ്വകാലങ്ങളിലേതുപോലെ പുസ്തകങ്ങൾ ചുമ്മി നടന്ന് കഷ്ടപ്പെടാതെ നമ്മുടെ ആരാധനകൾ നടത്താൻ ഞാൻ ശ്രമിക്കുന്നതിന് എല്ലാവരുടെയും പ്രോത്സാഹനം പ്രതീക്ഷിച്ചുകൊണ്ട് ....

പ്രാർത്ഥനാ പൂർവ്വം
ജോയിക്കുട്ടി ഡിട്രോയിറ്റ്
മെയ 1, 2019

മ്സമറോനോ, കോറൂയോ, എവുപ്പദ്യക്നോ, മ്ശംശോനോ, അക്ക്ദിയാക്കോൻ, കശ്ശീശോ, എന്നിവരുടെ പട്ടാഭിഷേകം.

# പൊതു നടപടികൾ

## മുന്നമേ ചെയ്യേണ്ട കാര്യങ്ങൾ

1. സ്ഥാനാർത്ഥികൾക്കു അവനവന്റെ സ്ഥാനവും ക്രമവും അനുസരിച്ച് പട്ടംകൊടയ്ക്കു മുമ്പായി നോമ്പ്, ധ്യാനം, മൗനവ്രതം ആദിയായവ നിശ്ചയിക്കുന്നത് ഉചിതം. പട്ടം കൊടുക്കുന്ന ആളും സ്വന്ത ഒരുക്കത്തിനായി അപ്രകാരം ചെയ്യണം.
2. പട്ടംകൊട ദിവസം വി. കുബ്ബാന അനുഭവിക്കത്തക്കവണ്ണം വി. കുമ്പസാരം നടത്തിയിരിക്കണം.
3. ഓരോ സ്ഥാനിക്കും ആവശ്യമുള്ള അംശവസ്ത്രങ്ങൾ മുതലായവ സജ്ജമാക്കണം. പട്ടംകൊട വേളയിൽ സമയ ലാഭത്തിനായി അവ നേരത്തേ കൂദാശ ചെയ്തു വെച്ചിരിക്കണം.

### അംശവസ്ത്രങ്ങൾ

**മ്സമറോനോ**

കാൽകുപ്പായം, കമ്മീസ്, കറുത്ത കുപ്പായം, ശുശ്രൂഷകുപ്പായം (ഊറാറ വേണ്ട), തൊപ്പി (തൊപ്പി കശ്ശീശായ്ക്കു മാത്രം വേണമെന്നേ നിയമമുള്ളൂവെങ്കിലും കീഴ്സ്ഥാനികൾക്കും കൊടുക്കുന്ന പതിവാണ് മലങ്കരയുള്ളത്. കീഴ്സ്ഥാനികൾക്കു വാഴ്ത്താത്ത തൊപ്പി കൊടുക്കുന്നു)

**കോറൂയോ, അവുപ്പദുയ്യക്നോ, മ്ശംശോനോ**

ഇവക്ക് മേല്പറഞ്ഞ അംശവസ്ത്രങ്ങൾക്കു പുറമേ ഊറാറായും വേണം.

**അക്ക്ദിയാക്കൊൻ**

മ്സമറോനോയുടെ അംശവസ്ത്രങ്ങൾ തന്നെ. ഒരു വടിയും കൊടുക്കും.

**കശ്ശീശോ**

കശ്ശീശോയ്ക്കു ശെമ്മാശ്ശന്റെ അംശവസ്ത്രങ്ങളും കാപ്പകൂട്ടും ആവശ്യമുണ്ട്. അതായത് ഹമ്നിക്കാ,(ഊറാറയ്ക്കു പകരം, ഇടക്കെട്ട്, വാൾ (ഒരു തൂവാല), കയ്യുറകൾ, കാപ്പാ.

**പട്ടംകൊട ദിവസത്തിന്റെ തലേ ദിവസമുള്ള ഒരുക്കങ്ങൾ**

1. സന്ധ്യാ നമസ്ക്കാരവും സൂത്തോറുയും കഴിഞ്ഞ് കിടക്കുന്നതിനു മുമ്പായി സ്ഥാനാർത്ഥി മേല്പട്ടക്കാരന്റെ അടുക്കൽ ചെന്ന് കൈമുത്തി നിൽക്കണം. അപ്പോൾ ഓരോ സ്ഥാനിക്കും യോജിച്ച ഗുണദോഷങ്ങൾ മേല്പട്ടക്കാരൻ നൽകും
2. ആദ്യമായി പട്ടമേൽക്കുകയാണെങ്കിൽ ഗുണദോഷം കഴിഞ്ഞ് കാൽകുപ്പായം, കമ്മീസ്, കറുത്തകുപ്പായം, തൊപ്പി എന്നിവ റൂശ്മാ ചെയ്തു കെടുക്കുന്നു.

അവ കൈമുത്തി വാങ്ങി ധരിക്കുന്നു. തൊപ്പി മേല്പട്ടക്കാരൻ ഇട്ടു കൊടുക്കുന്നു. (കറുത്തകുപ്പായം അടുത്ത ദിവസം നമസ്ക്കാരത്തിനു പോകുമ്പോൾ മാത്രം ധരിക്കുന്നു) എന്നാൽ മുൻപട്ടമേതെങ്കിലും ഏറ്റിട്ടുണ്ടെങ്കിൽ വൈദിക വസ്ത്രങ്ങൾ ധരിച്ചിട്ടുള്ളതിനാൽ കൈമുത്തി ഉപദേശം കേൾക്കുക മാത്രം ചെയ്യുന്നു.

3. പിന്നീട് കിടക്കുവാൻ പോകുന്നു. ഉറങ്ങുന്നതിനു മുമ്പ് മസുമൂർ വായന, ധ്യാനം മുതലായവ കഴിവുള്ളിടത്തോളം നടത്തി ആത്മീയ ചിന്തകളിൽ കഴിച്ചു കൂട്ടുന്നു.

4. പട്ടം ഏൽക്കുന്ന ആളിന്റേയും കൊടുക്കുന്ന ആളിന്റേയും പേരു വിവരങ്ങൾ കൊടുക്കുന്ന തീയതി, പള്ളി, ഏതു സ്ഥാനം കൊടുക്കുന്നു എന്നിവ പട്ടംകൊട പുസ്തകത്തിൽ എഴുതുന്നു.

## പട്ടംകൊട ദിവസം ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ്

1. സ്ഥാനാർത്ഥി കറുത്ത കുപ്പായവും തൊപ്പിയും ധരിച്ച് രാത്രി നമസ്ക്കാരത്തിലും പ്രഭാത നമക്ക്കാരത്തിലും സംബന്ധിക്കുന്നു.

2. മുന്നമേ ഏതെങ്കിലും പട്ടം ലഭിച്ചട്ടുണ്ടെങ്കിൽ നമസ്ക്കാര സമയത്തും കുബ്ബാന സമയത്തും മദ്ബഹായിൽ കയറുകയും നിൽക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ ആദ്യപട്ടമാണെങ്കിൽ മദ്ബഹായിൽ പ്രവേശിക്കുകയില്ല. മദ്ബഹായിൽ പ്രവേശിക്കാതെ താഴെ തന്നെ നിന്നു വി. കുബ്ബാന കാണുകയും ചെയ്യുന്നു.

3. ആദ്യപട്ടമല്ലെങ്കിൽ വി. കുബ്ബാന സമയത്തു അതാതു സ്ഥാനികൾക്കു ലഭിച്ചിട്ടുള്ള അംശവസ്ത്രങ്ങൾ - അതായത് ശുശ്രൂഷാകുപ്പായവും ഊറാറായും ധരിച്ച് മദ്ബഹായിൽ നിൽക്കാം. പട്ടംകൊട പുസ്തകത്തിൽ ഇപ്രകാരമാണ് കാണുന്നത് (എന്നാൽ ചില മേല്പട്ടക്കാർ ഏതു സ്ഥാനിയാണെങ്കിലും ശുശ്രൂഷകുപ്പായം ധരിപ്പിക്കാതെ കറുത്ത കുപ്പായം മാത്രം ധരിച്ചു കൊണ്ട് മദ്ബഹായ്ക്കു താഴെ നിൽക്കുവാനേ അനുവദിക്കുന്നുള്ളു. കശ്ശീശാ സ്ഥാനമാണെങ്കിൽ കുബ്ബാന സമയത്ത് കറുത്ത കുപ്പായത്തിനു മേലായി പൂർണ്ണ ശെമ്മാശ്ശനെപോലെ ഊറാറാധരിച്ചു അപ്രകാരംനിൽക്കുന്നു. അപ്പോൾശുശ്രൂഷാകുപ്പയവും ഊറാറയും പട്ടംകൊടയുടെ അവസാനത്തിൽ മാത്രം വാഴ്ത്തി കൊടുക്കുന്നു. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ അപ്രകാരമാണ് ചെയ്തു കണ്ടിട്ടുള്ളത്.

4. വിശ്വാസപ്രമാണം കഴിഞ്ഞ് അന്നാഫൊറയ്ക്കായി മേല്പട്ടക്കാരൻ ദർഗ്ഗായിൽ കയറുമ്പോൾ സ്ഥാനാർത്ഥി ദർഗ്ഗായുടെ അടുത്തു ചെന്ന് ത്രോണോസും മേല്പട്ടക്കാരന്റെ കൈയും മുത്തുന്നു. അപ്പോൾ അയാളുടെ തൊപ്പി ശെമ്മാശ്ശൻ എടുത്തു മാറ്റിവെയ്ക്കുന്നു. (കശ്ശീശായ്ക്കു മാത്രം തൊപ്പി ധരിക്കാൻ അവകാശമുള്ളതിനാലാണ് തൊപ്പി എടുത്തു മാറ്റുന്നത്).

5. സ്ഥാനാർത്ഥി തൊപ്പി ഇല്ലാതെ മദ്ബഹായുടെ വാതുക്കൽ, വളവുങ്കൽ, നടമേൽ (രണ്ടു മുട്ടുകളും കുത്തി) ഭക്തി പുരസ്സരം നെഞ്ചിൽ കൈ കെട്ടി തല വണങ്ങി നിൽക്കുന്നു. സാദീക്കോ കഴിയുന്നതുവെരെ അപ്രകാരം (മുട്ടുകുത്തി)

നിൽക്കുന്നു. എല്ലാ സ്ഥാനികളും ഇപ്പോൾ അപ്രകാരം (മുട്ടുകുത്തി) നിൽക്കുന്നു. എന്നാൽ കീഴ്സ്ഥാനികൾക്കു നിൽക്കാമെന്നു പട്ടംകൊട പുസ്തകത്തിൽ പറയുന്നു.

6. സാദീക്കോ കഴിയുമ്പോൾ മേല്പട്ടക്കാരൻ കുറിയേലായിസോൻ എന്ന് ഒരു പ്രാവശ്യം പറഞ്ഞിട്ട് അംശവടിയും സ്ലീബായും പിടിച്ച് പടിഞ്ഞാട്ടു വന്നിട്ട് ജനത്തെ ഇരിക്കുവാൻ അനുവദിക്കുന്നു. ആമ്മീൻ പറഞ്ഞ് ജനം ഇരിക്കുന്നു.

7. മേല്പട്ടക്കാരൻ മദ്ബഹായുടെ പടിഞ്ഞാറേ അറ്റത്ത് ഒരു കസേരയിൽ പടിഞ്ഞാട്ടു അഭിമുഖമായിരുന്നു അമാലോഗിയാ വായിക്കുന്നു. സ്ഥാനാർത്ഥി മദ്ബഹാ വാതുക്കൽ നടയിൽ തന്നെ മേല്പട്ടക്കാരന്റെ മുമ്പിൽ കൈകൂപ്പി (മുട്ടുകുത്തി) നിൽക്കുന്നു. കീഴ്സ്ഥാനികൾക്കു നടയ്ക്കു താഴെ നിൽക്കാം. സ്ലീബാ മേല്പട്ടക്കാരൻ തന്നെ പിടിക്കുകയും അംശവടി പുറകിൽ മറ്റൊരാൾ പിടിക്കുന്നു. മേല്പട്ടക്കാരൻ ശിലാമുടി തലയിൽ നിന്നും നീക്കിയശേഷം അമാലോഗിയാ വായിക്കുന്നു.

8. അമാലോഗിയാ കാശ്ശീശായ്ക്കും ശെമ്മാശ്ശനും മാത്രം മതിയെങ്കിലും മറ്റു സ്ഥാനികൾക്കും വായിക്കുന്ന പതിവുണ്ട്. അപ്പോൾ അതാതു സ്ഥാനിക്കു യോജിച്ച ഭാഗങ്ങൾ മാത്രമേ വായിക്കത്തുള്ളു. അല്ലാത്തവ വിട്ടു കളയുന്നു.

9. ഉപദേശങ്ങൾ, വിശ്വാസം ഏറ്റുപറച്ചിൽ, ഒപ്പിടുക, മുടി കത്രിക്കുക എന്നിവയാണ് ഈ അവസരത്തിൽ ചെയ്യുന്നത്. പൂർണ്ണശെമ്മാശ്ശനും കശ്ശീശായും മാത്രം ഒപ്പിടുന്നു. മറ്റു സ്ഥാനികൾ ഒപ്പിടുകയില്ല.

10. പട്ടം ഏൽക്കുന്ന ആളിന്റേയും, കൊടുക്കുന്ന ആളിന്റേയും പേരുവിവരങ്ങൾ, പട്ടം കൊടുക്കുന്ന തീയതി, പള്ളിയുടെ പേര് മുതലായവ പട്ടംകൊട പുസ്തകത്തിൽ മുമ്പ് കൂട്ടി എഴുതിയിട്ട് അതിന്റെ മാർജിനിലാണ് ഒപ്പ് ഇടുവിക്കുന്നത്.

11. ഒപ്പിടുമ്പോൾസ്ഥാനാർത്ഥി മേല്പട്ടക്കാരന്റെ അടുക്കൽ എഴുന്നേറ്റു വന്നു മുട്ടുകുത്തി നിന്നുകൊണ്ട് കൈമുത്തി അദ്ദേഹത്തിന്റെ കൈയിൽ നിന്നും പേനാ വാങ്ങി ആദ്യം സ്ലീബാ ആകൃതിയിൽ നാലു കുത്തുകൾ ഇടുന്നു. അതിനു ശേഷം കൈമുത്തി പേനാ തിരികെ കൊടുക്കുകയും പൂർവ്വസ്ഥാനത്തു പോയി മുട്ടുകുത്തി നിൽക്കുന്നു. വീണ്ടും ഗുണദോഷങ്ങൾക്കു ശേഷം രണ്ടാമതും ആദ്യത്തേരീതിയിൽ കൈമുത്തി പേനാ വാങ്ങി കുത്തുകൾ യോജിപ്പിച്ച് കുരിശു രൂപം പൂർത്തിയാക്കി പേനാ തിരികെ കൊടുത്തിട്ട്പൂർവ്വസ്ഥാനത്തു മുട്ടുകുത്തി നിൽക്കുന്നു. ഇതാകുന്നു സ്ഥാനാർത്ഥിയുടെ ഒപ്പ് കുത്തിടുന്നതും സ്ലീബാ വരയ്ക്കുന്നതും റൂശ്മാ ചെയ്യുന്ന രീതിയിൽ ആദ്യം മുകളിൽ നിന്നും കീഴിലേക്കും അനന്തരം ഇടത്തു നിന്നും വലത്തോട്ടുമാകുന്നു.

12. എല്ലാ സ്ഥാനികൾക്കും മുടി കത്രിക്കും. കശ്ശീശായ്ക്കും ശെമ്മാശ്ശനും അമാലോഗിയാ സമയത്തു തന്നെ കത്രിക്കുന്നു. മ്സമറൈനോ, കോറൂയോ, എവപ്പദുയ്ക്കനോ എന്നിവക്ക് ആ സമയത്തു തന്നയോ, അതിനുമുമ്പുള്ള ഒപ്പിടീൽ അവക്കില്ലാത്തതിനാൽ ഓരോരുത്തക്കുമായുള്ള പ്രത്യേക ശുശ്രൂഷാ സമയത്ത് ഏവൻഗേലി കഴിഞ്ഞോ അതിനായി ക്രമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മ

റ്റു സമയത്തോ മുടി കത്രിക്കാവുന്നതാണ്.

13. മുടി കത്രിക്കുമ്പോൾ കിലുക്കുമണി, മറുവാസാകൾ എന്നിവ കിലുക്കുന്നു. വലിയമണി അടിക്കത്തില്ല. (ശുശ്രൂഷാ സമയത്ത് കാർമ്മികൻ ദഗ്ഗയിൽ കയറി നിന്ന ശേഷം മാത്രം വലിയ മണി അടി അടിക്കുന്നു). സ്ഥാനാർത്ഥി മേല്പട്ടക്കാരന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നു. അപ്പോൾ മേല്പട്ടക്കാരൻ ഒരു കത്രിക കൊണ്ട് സ്ലീബാ ആകൃതിയിൽ മുടി വെട്ടിയെടുത്ത് ഒരുകൂട്ടിൽ ഇടുന്നു. ആദ്യം തലയുടെ പുറകുവശത്തു നിന്നും, രണ്ടാമത് മുൻവശത്തു നിന്നും, പിന്നീടു സ്ഥാനാർത്ഥിയുടെ വലതു വശത്തു നിന്നും, ഇടത്തുവശത്തു നിന്നും ഒരുമിച്ച് മുടി വെട്ടിയെടുക്കുന്നു. (സാധാരണ മറ്റൊരാളെ റൂശ്മാ ചെയ്യുന്ന രീതിയിൽ) ഒടുവിൽ കൈ മുത്തിക്കുന്നു. അപ്പോൾ സ്ഥാനാർത്ഥി പൂർവ്വസ്ഥാനത്തു പോയി (മുട്ടുകുത്തി) നിൽക്കുന്നു..

14. അമാലോഗിയാ കഴിയുമ്പോൾ മേല്പട്ടക്കാരൻ എഴുന്നേറ്റ് (പരിശുദ്ധ റൂഹാ നിന്നെ വിളിക്കുന്നു) എന്നു പറഞ്ഞുകൊണ്ട് സ്ഥാനാർത്ഥിയുടെ വലത്തു കൈയ്ക്കു പിടിച്ച് 'യജമാനൻ വരുമന്നേരത്തു' ചൊല്ലികൊണ്ട് സ്ഥാനാർത്ഥിയെ ബലിപീഠത്തിങ്കലേക്കു കൊണ്ടു പോകുന്നു. അപ്പോൾ കിലുക്കു മണിയും മറുവാസായും കിലുക്കുന്നു.

15. സ്ഥാനാർത്ഥി ബലിപീഠം മുത്തിയശേഷം മേല്പട്ടക്കാരന്റെ കൈ മുത്തിയിട്ട് ദർഗ്ഗായുടെ താഴെ മേല്പട്ടക്കാരന്റെ പിറകിൽ, കിഴക്കോട്ടഭിമുഖമായി (മുട്ടുകുത്തി) നിൽക്കുന്നു. (മ്സമറോനോ മദ്ബഹായുടെ വളവിങ്കൽ തൊപ്പി വെയ്ക്കാതെ കുനിഞ്ഞു നിൽക്കണമെന്നും, കോറോയൂയും എവുപ്പദ്യക്നോയും മദ്ബഹായ്ക്കുള്ളിൽ അപ്രകാരം നിൽക്കണമെന്നും പട്ടംകൊട പുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും ഇപ്പോൾ എല്ലാവരും മുട്ടുകുത്തി മേല്പറഞ്ഞപ്രകാരം നിൽക്കുകയാണ് പതിവ്. കീഴ്സ്ഥാനികൾക്കു മുട്ടുകുത്താതെ നിൽക്കാവുന്നതാണ്).

16. അനന്തരം പട്ടംകൊട ശുശ്രൂഷയുടെ ആദ്യഭാഗം നടത്തുന്നു. മ്സമറോനോയ്ക്കും, കോറോയോയ്ക്കും, എവുപ്പദുയ്ക്കനോയ്ക്കും അതു പൊതുവാകുന്നു. ( )ശെമ്മംശ്ശനം, അക്കിദിയാക്കോനും, കശ്ശീശായ്ക്കും അത് പ്രത്യേകം പ്രത്യേകവുമാകുന്നു.

17. മേല്പട്ടക്കാരൻ ദർഗ്ഗായ്ക്കു താഴെ, ശിലമുടി തലയിൽ ഇട്ടുകൊണ്ടും, വടി, സ്ലീബാ എന്നിവ പിടിച്ചുകൊണ്ടും കിഴക്കോട്ടു അഭിമുഖമായി നിൽക്കുന്നു. പ്രാർത്ഥനകൾക്കു കിഴക്കോട്ടും, പാട്ടുകൾക്കു പടിഞ്ഞാട്ടും മേല്പട്ടക്കാരനും മറ്റുള്ളവരും തിരിഞ്ഞു നിൽക്കുന്നു.

18. ഈ പ്രാരംഭ ഭാഗം വേദവായന വെരെ - അതായത് എത്രാ കഴിയുന്നതു വെരെയാണ്. .കശ്ശീശായ്ക്കും ശെമ്മാശ്ശനു ഈ ഭാഗം പ്രത്യേകം പ്രത്യേകം ഉണ്ടെങ്കിലും. പ്രാർത്ഥന, പാട്ടുകൾ മുതലായവയിൽ പലതും ഒന്നു തന്നെ.

19. സ്ഥാനാർത്ഥികൾ ഏതു സ്ഥാനങ്ങളിൽ പെട്ടവരാണെങ്കിലും പലരെ ഒരുമിച്ച് പട്ടം കൊടുക്കുമ്പോൾ, ഈ ആദ്യ ഭാഗം കീഴ്സ്ഥാനികളുടേത് വിട്ടുകളയുകയും മേൽസ്ഥാനികളുടേതു മാത്രം നടത്തുകയും ചെയ്യുന്നു. ശെമ്മാശ്ശനോ

ടു കൂടി എവപ്പദുയക്നോയ്ക്കോ, കൊറൂയോയ്ക്കോ, മ്സമറോനോയ്ക്കോ, അവ ക്കെല്ലാവക്കുമോ ഒരുമിച്ചു പട്ടം കൊടുക്കുമ്പോൾ, ഈ പൊതുവായ ആദ്യ ഭാ ഗം ശെമ്മാശ്ശന്റേതും, കശ്ശീശായോടുകൂടി ഒരുമിച്ച് കീഴ്സ്ഥാനികൾക്കു കൊ ടുക്കുമ്പോൾ ഈ ഭാഗം കശ്ശീശായുടേതുമായിരിക്കും.

20. അപ്രകാരം ഒരുമിച്ചു ചെയ്യുമ്പോൾ വേദവായന വെരെ എല്ലാവരും ഒരുമി ച്ച് മദ്ബഹായ്ക്കുള്ളിൽ (മുട്ടുകുത്തി) നിൽക്കണം. വേദവായന ആകുമ്പോൾ കീ ഴ്സ്ഥാനികളെ മാറ്റി നിത്തിയിട്ട് മേൽസ്ഥാനികളുടെ പട്ടംകൊട നടത്തുന്നു. അതു മുഴുവൻ തീരുമ്പോൾ കീഴ്സ്ഥാനികളെ പ്രവേശിപ്പിച്ച് വേദവായന മു തൽ അവക്കായുള്ള പ്രത്യേക ശുശ്രൂഷ നടത്തുന്നു.

21. കശ്ശീശായ്ക്കും ശെമ്മാശ്ശനും ഒരുമിച്ചു കൊടുക്കുമ്പോൾ ഓരോരുത്തക്കും പ്ര ത്യേകം ചെയ്യേണ്ട കാര്യങ്ങളൊഴിച്ച് മറ്റെല്ലാം പൊതുവായി നടത്തുന്നു. കശ്ശീ ശായുടെ ഏവൻഗേലി കഴിയുമ്പോൾ ശെമ്മാശ്ശന്റേയും എടുത്തു വായിക്കുന്നു ശെമ്മാശ്ശനു കശ്ശീശായുടെ ക്രമത്തിൽ പറയുന്ന alternate വായന കൂടി വാ യിച്ചാൽ മതിയാകും. പട്ടാഭിഷേക പ്രഖ്യാപനം, ഇവ വേണ്ട വ്യത്യാസം കൊടു ത്തു കശ്ശീശായുടെ തന്നെ കരാഘോഷത്തിനു വ്യത്യാസമൊന്നുമില്ല. എന്നാ ൽ ക്രൊയിത്തോദു റൂഹോ വായന കശ്ശീശായുടേതും ശെമ്മാശ്ശന്റേതും പ്ര ത്യേകം പ്രത്യേകം എടുത്തു ചൊല്ലുന്നു.

22. പൂണ്ണ ശെമ്മാശ്ശനെയാണ് സാധാരണ അക്ക്ദിയാക്കോൻ ആക്കുന്നതു. ക ശ്ശീശ്ശായ്ക്കും കൊടുക്കാം. കശ്ശീശായോടു കൂടി മറ്റൊരാൾക്കു അക്ക്ദിയോക്കാ ൻ സ്ഥാനം കൊടുക്കുന്നെങ്കിൽ വേദവായന വെരെ ശെമ്മാശ്ശന്റേതും അതു ക ഴിഞ്ഞ് അക്ക്ദിയാക്കോന്റേയും പ്രത്യേകം പ്രത്യേകവും നടത്തുന്നു. അക്ക്ദി യാക്കോനോടു കൂടി കീഴ്സ്ഥാനികൾക്കും പട്ടം കൊടുക്കുന്നെങ്കിൽ വേദവാ യന വെരെ അക്ക്ദിയാക്കോന്റേയും, പിന്നീട് അക്ക്ദിയാക്കോന്റെ പ്രത്യേക ശുശ്രൂഷയും അതിനു ശേഷം കീഴ്സ്ഥാനികളുടെ പ്രത്യേക ശുശ്രൂഷകളും വെവ്വേറെ നടത്തുന്നു.

# അമോവ്ലോഗിയാ
## (Confession of faith and submission)

ബേസ്നഹറീൻ (മെസപ്പൊത്തോമിയാ) ദേശത്തെ സഹദേന്മാരുടെ പട്ടണമായ മീപ്പർക്കിന്റെ മെത്രാപ്പോലിത്തായായ മോർ യാക്കോബ് നിശ്ചയിച്ചിരുന്നതാണ് ഈ അമൊവ്ലോഗിയാ. ആചാര്യന്റേയും ശെമ്മാശ്ശന്റേയും പദവിക്കു അടുത്തു വരുന്ന എല്ലാവരും അതു കേട്ടു ഗ്രഹിച്ച് അതിൽ കല്പിച്ചിരിക്കുന്ന പ്രകാരം പ്രവർത്തിപ്പാൻ വിഹിതമാകുന്നു.

**കുറിപ്പ്:** ഇതിൽ ആദ്യഭാഗം കീഴ്സ്ഥാനികൾക്കും ചൊല്ലാറുണ്ട്.

**മേല്പട്ടക്കാരൻ:** കുറിയേലായിസ്സോൻ

(ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ എല്ലാവർക്കും പൊതുവായി നടത്തുന്നു).

നമ്മുടെ കർത്താവേശുമ്ശിഹായിൽ എന്റെ സഹോദരനും (സഹോദരങ്ങളും) പരിശുദ്ധ മൂന്നു സുന്നഹദോസ്സുകളുടെ സ്തുതി ചൊവ്വുള്ള വിശ്വാസത്തിൽ സംബന്ധികളും ആത്മീയ മകനുമേ (മക്കളുമേ, നീ (നിങ്ങൾ) കേട്ടു തിരിച്ചറിയുക. നമ്മുടെ കർത്താവേശുമ്ശിഹയുടെ രഹസ്യങ്ങൾക്ക് ദൃക്സാക്ഷിയായിരിപ്പാനും (ദൃക്സാക്ഷികളായിരിപ്പാനും) ബഹുമാനമുള്ളതും വില തീരാത്തതുമായ ഈ നൽവരം ശ്രേഷ്ഠമായ ഈ ദർഗായിക്കു അയോഗ്യനായ എന്റെ ബലഹീനത മുഖാന്തരം പ്രാപിപ്പാനും അത്യുന്നതനായ ദൈവത്തിന്റെ ശുശ്രൂഷയ്ക്കും ഉന്നതവും അതുല്ല്യവുമായ ദർഗായിക്കും അടുത്തു വരുവാനും ഇപ്പോൾ നിനക്കു (നിങ്ങൾക്കു) ഇഷ്ടം തോന്നിയിരിക്കുന്ന വാത്സല്യമുള്ളവനും (വരും) അനുഗ്രഹിക്കപ്പെട്ടവരുമായ മകനേ (മക്കളെ) ഇപ്പോൾ ആദ്യമായി ഈ ഉന്നത ദർഗായുടെ നൽവരത്തിന് നിനക്ക് (നിങ്ങൾക്കു) വിഹിതമായിരിക്കുന്ന ചൊവ്വുള്ള മാർഗ്ഗം ഞാൻ നിന്നെ (നിങ്ങളെ) കാണിക്കാം. നമ്മുടെ കർത്താവേശുമ്ശിഹായുടെരഹസ്യങ്ങൾക്കുവിശ്വസ്തന്മാരും ദൃക്സാക്ഷികളും ആയിത്തീർന്നിട്ടുള്ളവർക്ക് യോഗ്യമാകുന്ന പ്രകാരം അതിൽ നീ (നിങ്ങൾ) തടസ്സംകൂടാതെയും കളങ്കം കൂടാതെയുംനടക്കണം. അനു

ഗ്രഹിക്കപ്പെട്ട മകനെ (മക്കളെ) നമ്മുടെ കർത്താവേശുമ്ശിഹാ പരിശുദ്ധ ഏവൻഗേലിയോനിൽ വെടിപ്പുള്ള തന്റെ ശിഷ്യന്മാരോടു കല്പിക്കുകയും അവർ പരിശുദ്ധ ശ്ലീഹന്മാർ മുഖാന്തരം പരിശുദ്ധ സഭാമക്കളേയും സത്യവിശ്യാസികളായ എല്ലാ പിതാക്കന്മാരേയും മല്പാന്മാരേയും ഭരമേല്പിക്കുകയും അവർ അവരുടെ കാലടികളെ പിന്തുടരുകയും അതിനെ സ്ഥിരപ്പെടുത്തി ഉറപ്പിച്ച് പഠിപ്പിക്കുകയും ചെയ്ത പ്രകാരമമുള്ള സത്യവിശ്വാസം മാറ്റം കൂടാതെ പിടിച്ചു കൊള്ളുവാൻ ഒന്നാമതായി നിനക്കു (നിങ്ങൾക്കു) വിഹിതമാകുന്നു. മുഖ്യമായതു പിതാവിലും പുത്രനിലും പരിശു റൂഹായിലുമുള്ള വിശ്വാസമാകുന്നു. അവർ പരിശുദ്ധ മൂന്നു ക്നൂമകളുള്ള സത്യ ഏക ദൈവമാകുന്നു. നിന്റെ(നിങ്ങളുടെ) വിശ്വാസം പരസ്യത്തിലും രഹസ്യത്തിലും അതായിരിക്കണം. വായ് കൊണ്ടും നാവു കൊണ്ടും ഹൃദയം കൊണ്ടും നീ(നിങ്ങൾ) അത് ഉൽഘോഷിച്ചു പറയുകയും ചെയ്യണം. ദൈവത്തിന്റെ വചനമാകുന്ന രണ്ടാമത്തെ ഏക ക്നൂമാ തന്റേയും തന്റെ പിതാവിന്റേയും ജീവനുള്ള തന്റെ പരിശുദ്ധ റൂഹായുടേയും തിരുവിഷ്ടത്താൽ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെ ഉദരത്തിൽ വസിക്കുകയും തന്റെ മനുഷ്യസ്നേഹത്താൽ അവളിൽ നിന്നും ജഢധാരണം ചെയ്യുകയും ചെയ്തുവെന്നും കന്യകമറിയാമിന്റെ ഉദരത്തിൽ താൻ മുഴുവനായി വസിച്ചിരിക്കുമ്പോൾ തന്റെ ദൈവത്വത്തിന്റെ സിംഹാസനത്തിൽ താൻ ഇരുന്നിരുന്നുവെന്നും നീ (നിങ്ങൾ) വിശ്വസിക്കണം. തന്റെ കരുണകൾക്കു സ്തുതി. താൻ പരി പൂർണ്ണ ദൈവവും, പരിപൂർണ്ണ മനുഷ്യനുമാകുന്നു പുറജാതികൾ പ്രസ്താവിക്കുന്നതുപോലെയല്ല. വീണ്ടും സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം കല്പിക്കപ്പെട്ടിരിക്കുന്ന പ്രകാരം വിശ്വസിപ്പാൻ നിനക്ക് (നിങ്ങൾക്ക്) യോഗ്യമാകുന്നു. ഒന്നാമതായി ശ്ലീഹന്മാരിൽ ഒന്നാമനായ മോർ പത്രോസിനേയും, അവന്റെ സഖാക്കളേയും അവരുടെ സഖികളായ എഴുപത്തിരണ്ടു അറിയപ്പുകാരേയും നീ (നിങ്ങൾ) പിന്തുടരണം. വീണ്ടും അഗ്നിമയനായ മോർ ഇഗ്നാത്തിയോസിനേയും, ദിവന്നാസിയോസിനേയും, യൂലിയോസിനെയും അത്താനാസ്സിയോസിനേയും, ബസ്സേലിയോസിനെയും, ഗ്രീഗോറിയോസിനേയും, ഈവാനിയോസിനേയും, വായുടെ താക്കോലായ കൂറിലോസിനേയും, സത്യവിശ്വാസികളായിരുന്ന ശേഷം പിതാക്കന്മാരേ

യും, മല്പാന്മാരേയും നീ (നിങ്ങൾ) പിന്തുടരണം. കൂടാതെ അതിന്ന
ശേഷം ബലഹീനനായ എന്റെ കല്പനയേയും ഇടവക മേല്പട്ടക്കാര
ന്റെ കല്പനയേയും നീ (നിങ്ങൾ) അനുസരിക്കണം. അവരുടെ മാര്ഗ്ഗ
ങ്ങളിൽ നീ (**നി**ങ്ങൾ) നടക്കുകയും അവരുടെ കാലടികളെ അവ
ലംബിക്കുകയും ചെയ്യണം. വീണ്ടും എന്നോടുകൂടി യെഹൂദന്മാരേ
യും കാവ്യന്മാരേയും മ്ഗൂശേന്മാരേയും സത്യവിശ്വാസത്തിൽ നി
ന്നും ഇതരന്മാരായ സകല പുറജാതികളേയും വിശ്വാസത്തേയും
നീ (നിങ്ങൾ) ദ്വേഷിക്കുകയും ശപിക്കുകയും ചെയ്യണം.

# AMOLOGIA

(Profession of Faith, Doctrinal & Moral Exhortation)

Beloved you who are our brother through our Lord Jesus Christ and communicaant and spiritual son through the precepts of the Holy Apostles and the sacred councils, listen and understand: You have desired to experience the sacred mysteries of our Lord, and to receive this most respectful and invaluable gift from the hands of us who do not deserve this office, and to approach this most sublime and unparalleled divine service and this spotless office. Blessed and beloved son! We will demonstrate to you how you can live without stain and conflict in a manner followed by the faithful who gaze at the mysteries of our Lord, after you have received this noble office.

Blessed son, you must primarily adhere to the Orthodox faith taught to the Holy Apostles by our Lord and reorded in the holy gospel. The Apostles entrusted this faith to the Holy fathers of the church, to the Orthodox doctors, and to the children of the church. Following the apostles, they also confirmed and taught this faith. Primarily, it is faith in the Apostles, they also confirmed and taught this faith. Primarily, itis the faith in the one true God, who is the father, the

Son, and the Holy Spirit. You must keep this faith in your public and private life, and in your heart and tongue. The word, one among the Trinity, by the will of the Father and through the Holy Spirit came down from heaven and dwelt in the womb of Holy Mary, the virgin Mother of God, and, because of His mother, He still was existing with His Father in His heavenly throne; glory to His mercy! He is true God and true Man. You are to follow this faith according to what the Church teaches, not according to what the other sects believe.

You should be follower of St. Peter, the chief Apostle, of St. Thomas, our most eminent Apostle, and of their fellow apostles, and of the seventy-two evangelists, and of Saints Ignatius the fiery one, Dionysius, Julius, Athanasius, Basil, Gregory, John Chrysostom, Cyril of Alexandria, Severus of Antioch, and of all the Orthodox fathers and doctors.

Again observe all the canons, traditions and customs of the Holy Church. You must be obedient to the Supreme Head of our Church, His Holiness Moran Mar Baselios II, Catholicos of the East, and to our weak self, the Metropolitan of the Diocese of South-West America, as long as you live. Follow us and walk in the righteous way. You shall keep away from the faith of all those who do not have the true faith.

## വിശ്വാസ വിപരീതികളുടെ ഉപേക്ഷണം

(ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ എല്ലാവരും ഒരുമിച്ച് മറുപടി പറയാം)

**മേല്പട്ടക്കാരൻ:** ഞാൻ ശപിക്കുന്ന സകലവും നിങ്ങൾ (നീ) ശപിക്കുകയും ഞാൻ ദ്വേഷിക്കുന്ന സകലവും നിങ്ങൾ (നീ) ദ്വേഷിക്കുകയും ചെയ്യണം.

സ്ഥാനാർത്ഥികൾ (ഉത്തരമായി പറയുന്നു: അവിടുന്നു ശപിക്കുന്ന സകലവും ഞങ്ങൾ (ഞാൻ) ശപിക്കുകയും അവിടുന്നു ദ്വേഷിക്കുന്ന സകലവും ഞങ്ങൾ (ഞാൻ) ദ്വേഷിക്കുകയും ചെയ്യുന്നു.

(ചുരുക്കത്തിൽ ഞങ്ങൾ (ഞാൻ) ശപിക്കുകയും ദ്വേഷിക്കുകയും ചെയ്യുന്നു)

(ഇപ്രകാരം മുമ്മൂന്നു പ്രാവശ്യം മേല്പട്ടക്കാരനും സ്ഥാനാർത്ഥികളും പറയുന്നു)

(Here the Candidate takes the vow as follows three times)

**Bishop:** Whatever we renounce and condemn, you must renounce and condemn.

**Candidate:** Whatever Your Grace renounces and condemns, I renounce and condemn.

## 2. വിശ്വാസം ഏറ്റുപറച്ചിൽ

**മേല്പട്ടക്കാരൻ:** ഞാൻ വിശ്വസിക്കുന്ന സകലവും നിങ്ങൾ (നീ) വിശ്വസിക്കുകയും, ഞാൻ ഏറ്റുപറയുന്ന സകലവും നിങ്ങൾ (നീ) ഏറ്റു പറയുകയും ചെയ്യണം.

സ്ഥാനാർത്ഥികൾ: (ഉത്തരമായി) അവിടുന്നു വിശ്വസിക്കുന്ന സകലവും ഞങ്ങൾ (ഞാൻ) വിശ്വസിക്കുകയും, അവിടുന്നു ഏറ്റുപറയുന്ന കലവും ഞങ്ങൾ (ഞാൻ) ഏറ്റു പറയുകയും ചെയ്യുന്നു.

(ചുരുക്കത്തിൽ ഞങ്ങൾ (ഞാൻ) വിശ്വസിച്ച് ഏറ്റു പറയുന്നു.

(ഇപ്രകാരം മുമ്മൂന്നു പ്രാവശ്യം മേല്പട്ടക്കാരനും സ്ഥാനാർത്ഥികളും പറയുന്നു)

(Here the Candidate takes the vow as follows three times)

**Bishop:** Whatever we believe and confess, You must believe and confess.

**Candidates:** Whatever Your Grace believes and confess
I believe and confess

തുടന്ന് മേല്പട്ടക്കാരൻ

ഇപ്പോൾ എന്റെ ആത്മീയ മക്കളും (മകനും) വാത്സല്യവാന്മാരുമേ (വാനുമേ) നിങ്ങളോട് (നിന്നോട്) ഞാൻ കല്പിക്കുന്നതെന്തെന്നാൽ ദൈവത്തിന്റെ ശുശ്രൂഷയിൽ യോഗ്യമായും കടപ്പെട്ടിരിക്കുന്ന പ്രകാരവും മടിയും ഉദാസിനതയും കൂടാതെ നിലനില്പാൻ നിങ്ങൾക്കു (നിനക്കു) വിഹിതമാകുന്നു. മോഹത്തിൽ നിന്നും ലഹരിയിൽ നിന്നും ധൂർത്തിൽ നിന്നും വ്യാജത്തിൽ നിന്നും, അത്യാഗ്രഹത്തിൽ നിന്നും, വേശ്യാദോഷത്തിൽ നിന്നും മോഷണത്തിൽ നിന്നും, അസൂയയിൽ നിന്നും, കുരളയിൽ നിന്നും, ദൈവത്തിന്റെ വാതിൽക്കൽനിന്നും, മനുഷ്യനെ അകറ്റി തള്ളികളയുന്ന ശേഷം കാര്യങ്ങളിൽ നിന്നും നിങ്ങളെത്തന്നെ (നിന്നെത്തന്നെ) നിങ്ങൾ (നീ) സൂക്ഷിക്കണം.

കശ്ശീശായ്ക്കു പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്ന പ്രകാരം കളങ്കം കണ്ടെത്തപ്പെടാത്തവനും ഏകഭാര്യയുടെ ഭർത്താവായിരിക്കുന്നവനും നിരൂപണതയിൽ ജാഗ്രതയുള്ളവനും പരിപാകതയുള്ളവനും ക്രമമുള്ളവനും അതിഥിപ്രിയനും മല്പാനും വീഞ്ഞിന്മേൽ കടക്കാത്തവനും അടിപ്പാൻ ധൃതികൂട്ടാത്തവനും കശ്ശീശാ സ്ഥാനത്തിനു യോഗ്യനാകുന്നു. അവൻ വിനീതനും ശണ്ഠ കൂടാത്തവനും ദ്രവ്യസ്നേഹം മുതലായവ ഇല്ലാത്തവനും ആയിരിക്കണം.

ശെമ്മാശ്ശൻ പൗലൂസ് ശ്ലീഹാ പറഞ്ഞിരിക്കുന്ന പ്രകാരം ശുശ്രൂഷക്കാർ ഘനശാലികളായിരിക്കണം. ഇരുവാക്കുകാരും മദ്യപന്മാരും ദുർലാഭ മോഹികളുമാകരുത്. (1 തീമോ: 3.8) എന്തെന്നാൽ ഇവയെല്ലാം ദൈവതിരുമുമ്പാകെ നിന്ദ്യങ്ങളാകുന്നു. ഒരുവൻ ഇപ്രകാരം പ്രവർത്തിക്കുകയും അവൻ ആചാരക്രമത്തിൽ പെട്ടവനായിരിക്കുകയും ചെയ്യുന്നെങ്കിൽ അവൻ ദൈവത്തിൽ നിന്നും ദൈവിക സ്ഥാനത്ത നിന്നും വൈദികസ്ഥാനത്തു നിന്നും തള്ളപ്പെട്ടവനായി ത്തീരുന്നു. ഇത് എല്ലാവനും പരസ്യമായി അറിവുള്ളതാകുന്നു. എന്നാലോ നിങ്ങൾ (നീ) ശാന്തരും (ശാന്തനും) വിനീതരും നോമ്പും പ്രാർത്ഥനയും കുമ്പിടീലും ദണ്ഡ നമസ്ക്കാരവും കണ്ണുനീരോടും

നെടുവീപ്പോടും നിങ്ങൾക്കു (നിനക്കു) വേണ്ടിയും നിങ്ങൾക്കായി (നിനക്കായി) ഭരമേല്പിക്കപ്പെടുന്ന ജനത്തിനു വേണ്ടിയും ദൈവതിരുമുമ്പാകെ നടത്തപ്പെടുന്നവർ (ന്നവൻ)ആയിരിക്കണം. ദൈവം തമ്പുരാൻ നിങ്ങളെ (നിന്നെ) സഹായിക്കുന്നതിനും നിങ്ങളും (നീയും) നിങ്ങളുടെ (നിന്റെ) ജനവും പരീക്ഷകളിലേക്കു പ്രവേശിക്കാതിരിക്കുന്നതിനും വേണ്ടി തന്റെ മുമ്പാകെ നിങ്ങൾ (നീ) എല്ലായിപ്പോഴും അപേക്ഷകൾ ചൊരിയണം. എന്തെന്നാൽ ഇത് എല്ലായിപ്പോഴും നിങ്ങളിൽ (നിന്നിൽ) നിന്നും ആവശ്യപ്പെടുന്ന കാര്യമാകുന്നു. നിങ്ങളുടെ സൽപ്രവർത്തികൾ അവർ കണ്ട് സ്വർഗ്ഗത്തിലുള്ളവനായ നിങ്ങളുടെ പിതാവിനെ അവർ സ്തുതിക്കുമാറാകട്ടെ എന്നു അരുളിചെയ്തിട്ടുള്ളപ്രകാരം നിങ്ങൾ (നീ) വിദേശികളേയും ദരിദ്രന്മാരേയും സ്നേഹിക്കണം. എല്ലാവനോടും ശാന്തതയിലും വിനയത്തിലും പെരുമാറണം. ഇപ്രകാരം നിങ്ങൾ (നീ) പ്രവർത്തിക്കുമെങ്കിൽ ദൈവഭവന സേവനത്തിനു നിങ്ങൾ (നീ) യോഗ്യരായിത്തീരും. നമ്മുടെ കർത്താവേശുമ്ശിഹായുടെ രണ്ടാമത്തെ വരവിൽ ജീവനുള്ളവരേയും ന്യായം വിധിക്കുമ്പോൾ നിങ്ങളും (നീയും) നിങ്ങളുടെ (നിന്റെ) ജനവും കരുണയും മുഖപ്രസാദവും കണ്ടെത്തുകയും ചെയ്യും.

(കശ്ശീശായ്ക്ക് ഇതു കൂടെ വായിക്കുന്നു).
എനിയ്ക്കോ എന്റെ മക്കളെ നിങ്ങൾക്കു (നിനക്ക്) വേണ്ടിയുള്ള മദ്ധ്യസ്ഥത നിമിത്തം ദുഃഖമുണ്ടാവാൻ ഇടയാകരുത്. എന്നാലോ എനിക്കും നിങ്ങൾക്കും (നിനക്കും) ദൈവതിരുമുമ്പാകെമുഖപ്രസാദമുണ്ടാകുമാറാകട്ടെ. തന്റെ മുമ്പാകെ നാം സന്തോഷിച്ച് ആനന്ദിക്കുമാറാകട്ടെ. ഞാനും നിങ്ങളും പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നുമെന്നേക്കും കരേറ്റുകയും ചെയ്യുമാറാകട്ടെ.

Our beloved spiritual son again, we ask of you: You shall do the service of good properly do not be lazy and idle run away from carnality, alcoholism, wasteful extravagance, falsehood, avarice, adultery, theft, jealousy, and slander these vices death men from ther presence of God. St. Paul

says, "Now, a priest of God must be above reproach, the husband of one wife, teperate, sensible, dignified, hospitable, and an apt teaches, not a drunkard, not violent but gentle, not quarrelsome, and no lover of money" (1 tim. 3:2-3). Let him also stay away from the corrumption of interest and compound interest which steal the wealth of the world. These are in every way contemptible before God. If a cleric happens to get engaged in such things he will be detached from God and his priesthood.

Therefore, you shall be meek and humble Pray and prostrate, and fast in the presence of God with tears and repentance for you and for the people entrusted to your spiritual care Offer supplications always before God so that He may help you and your people, and He may deliver you from temptations You shall love guests, the destitute, and the poor treat all people with humility and meekness so that they may glorify the heavenly father because of your virtuo-us acts. If you do so, you will be worthy of the service of His Holy church and you and your flock will receive mercy and favour when the Lord Jesus Christ will come to judge the living and the departed.

Dear son, as we are the mediator in this ordination, you should never be a cause for our sorrow On the other hand, if you lead an exemplary life, you and we will have confidence and rejoice before God; we will together be blessed to glorify the Father, the Son and the Holy spirit eternally in heaven.

## ഒപ്പിടീൽ

(കശ്ശീശായും പൂർണ്ണശെമ്മാശ്ശനും മാത്രം ഒപ്പിടുന്നു. കീഴ്സ്ഥാനികൾ ഒപ്പിടുകയില്ല)

**മേല്പട്ടക്കാരൻ:** ഇവ നിങ്ങൾ (നീ) സമ്മതിക്കുന്നു എന്നുള്ളതിലേക്കു ഈ പുസ്തകത്തിൽ നിങ്ങളുടെ (നിന്റെ) കൈയടയാളമാകുന്ന സ്ലീബായുടെ ആകൃ

തിയിൽ ആദ്യമായി കുത്തുകളിടണം..

**മേല്പട്ടക്കാരൻ:** ഇപ്പോൾ എന്റെ സഹോദരങ്ങളും (സഹോദരനും) എന്റെ വാത്സല്യവാന്മാരുമേ (വാത്സല്യവാനുമേ) ഈ പുസ്തകത്തിൽ നിങ്ങളുടെ (നിന്റെ) കൈയ്യടയാളം അതായത് സ്ലീബായുടെ അടയാളം നിങ്ങൾ (നീ) വച്ചിരിക്കുന്നു. ദൈവമുമ്പാകെയും ബഹുമാനമുള്ള തന്റെ മാലാഖമാരുടെയും ഈ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെയും അത് നിങ്ങൾക്ക് (നിനക്ക്) സാക്ഷിയായിരിക്കട്ടെ. ഞാൻ നിങ്ങളോട് (നിന്നോട്) ആജ്ഞാപിക്കയും നിങ്ങളെ (നിന്നെ) ഭരമേല്പിക്കയും ചെയ്തിട്ടുള്ള സത്യവിശ്വാസം മുറുകെ പിടിച്ചുകൊള്ളുവാൻ നിങ്ങൾക്കു നിനക്ക്) വിഹിതമാകുന്നു അത് നിങ്ങൾ (നീ) മാറ്റം കൂടാതെയും മുഖപക്ഷം കൂടാതെയും പിടിച്ചുകൊള്ളണം. നമ്മുടെ കർത്താവേശു മ്ശിഹായുടെ രണ്ടാമത്തെ ആഗമനനാളിൽ തന്റെ മുമ്പാകെ എനിക്കും നിങ്ങൾക്കും (നിനക്കും) മുഖപ്രസാദമുണ്ടാകുവാനായിട്ട് സത്യശിഷ്യന്മാർക്ക് വിഹിതമായിരിക്കുന്നപ്രകാരം നിങ്ങൾ (നീ) പരമാർത്ഥികളായിരിക്കണം (പരമാർത്ഥയായിരിക്കണം)

**മേല്പട്ടക്കാരൻ:** വീണ്ടും ഇവ നിങ്ങൾ (നീ) സമ്മതിക്കുന്നുവെന്നുള്ളതിലേക്കു കുത്തുകൾ യോജിപ്പിച്ച് നിങ്ങളുടെ (നിന്റെ) കൈയടയാളമാകുന്ന സ്ലീബാ പൂർത്തിയാക്കണം.

**മേല്പട്ടക്കാരൻ:** വീണ്ടും സ്നേഹിക്കപ്പെട്ടവരും (സ്നേഹിക്കപ്പെട്ടവനും) വാത്സല്യവാന്മാരുമായ (വാത്സല്യവാനുമായ) എന്റെ മക്കളും (മകനും) എന്റെ സഹോദരങ്ങളുമെ(സഹോദരനുമേ), ഞാൻ നിങ്ങളോടു (നിന്നോടു) കല്പിച്ചിട്ടുള്ളതിൽ നിന്നും യാതൊന്നും നിങ്ങൾ (നീ) വ്യത്യാസപ്പെടുത്തുകയില്ലന്നുള്ളതിലേക്കുഈ പുസ്തകത്തിൽ നിങ്ങളുടെ(നിന്റെ) കൈയടയാളം നിങ്ങൾ(നീ) വെച്ചിരിക്കുന്നു. ഞാൻ നിങ്ങളോടു (നിന്നോടു) ആജ്ഞാപിച്ചിട്ടുള്ള കല്പനകൾ നിങ്ങൾ (നീ) കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നില്ലങ്കിൽ നീതിപൂർവ്വമായ ന്യായവിധി നാളിൽ എനിക്കും നിങ്ങൾക്കും (നിനക്കും) മദ്ധ്യേ ദൈവം തമ്പുരാൻ ന്യായം വിധിക്കട്ടെ

(The Candidate affixes his signature in the form of cross

As you agree with this, you have to make four dots in the

manner of the cross

(The Bishop hands a pen to the Candidate and he makes four dots in the manner of the cross)

Our beloved son, you have made this sign in the manner of a cross This will be a witness for you before God His holy angels and before this holy sanctuary. Observe the Orthodox faith that was commanded and entrusted to you without corruption and change. Lead a proper life which is the mark of true disciples, so that you and we may have confidence at the second coming of our Lord.

As a symbol of your agreement to what we have exhorted you have to complete the four dots and complete the sign of the cross.

(Now the four dots are connected cross-wise)

Beloved son, as a pledge that you will observe everything commanded to you, you have completed the sign of the cross. If you do not observe our exhortations, on the day of the just judgment, God will be the judge in between you and us.

(അനന്തരം മേല്പട്ടക്കാരൻ എഴുന്നേറ്റ നിന്ന കൈകൾ ഉയരത്തിലേക്ക വിരിച്ചു പിടിച്ചുകൊണ്ട് പറയുന്ന)

മേല്പട്ടക്കാരൻ: ഇപ്പോൾ ഞാൻ എഴുന്നേറ്റു നിന്ന പരിശുദ്ധ റൂഹാ നിങ്ങളുടെ (നിന്റെ) മേൽ ആവശിപ്പാനായിട്ടു സ്വർഗ്ഗത്തിലേക്ക എന്റെ കൈകൾ വിരിച്ചിരിക്കുന്ന. എന്തെന്നാൽ ഈ കല്പനയുടെ പൂർത്തീകരണത്തിന ബലഹീനനായ ഞാൻ മദ്ധ്യസ്ഥനാകുന്ന.

(The Bishop now stands up and raises his hands)

As we are the mediator in this affair, we stand up and raise

our hands in order to descend Holy Spirit upon you. We remind you again that you shall not forget any of our commands since we have selected you for his noble office.

(മേല്പട്ടക്കാരൻ ഇരുന്നു കൊണ്ടു പറയുന്നു)

ഇപ്പോൾ  വീണ്ടും ഞാൻ നിങ്ങളോടു (നിന്നോടു) ആജ്ഞാപിക്കുന്നു. ഞാൻ നിങ്ങളോടു (നിന്നോടു) കല്പിച്ചിട്ടുള്ള എല്ലാ കല്പനകളിലും വച്ച് ഒരു കല്പനയെങ്കിലും നിങ്ങൾ (നീ) ഉപേക്ഷിക്കരുത്. എന്തെന്നാൽ ഉന്നതനും മഹോന്നതനുമായ ദർഗ്ഗായിക്കു ഞാൻ നിങ്ങളെ (നിന്നെ) തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ (നീ) ചൊല്ലുവിളിയുള്ളവരും (ചൊല്ലുവിളിയുള്ളവനും) അനുസരണയുള്ളവരും (അനുസരണയുള്ളവനും) ശാന്തരും (ശാന്തനും) വിനീതരും (വിനീതനും) ആയിരിപ്പാൻ നിങ്ങൾക്ക് (നിനക്ക്) വിഹിതമാകുന്നു. ഞാൻ നിങ്ങളോടു (നിന്നോടു) ആജ്ഞാപിച്ചിട്ടുള്ളതിൽ വെച്ച് ഒരു ചെറിയ കല്പന നിമിത്തമായെങ്കിലും നിങ്ങളോടു (നിന്നോടു) കോപിക്കാതിരിപ്പാൻ നിഗളത്തിൽ നിന്നും നിങ്ങൾ (നീ) അകന്നിരിക്കണം.

(The Bishop sits in his throne)

You shall be obedient, meek and humble. Do not become a victim of the wrath of God by violating any commandments. You must give up pride.

(വീണ്ടും മേല്പട്ടക്കാരൻ എഴുന്നേറ്റു നിന്ന് ഉയരത്തിലേക്ക് തന്റെ കൈകൾ വിരിച്ചു കൊണ്ട് പറയുന്നു)

ഇപ്പോൾ ദൈവത്തിന്റേയും തന്റെ മാലാഖമാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും പരിശുദ്ധ സഹധേന്മാരുടെയും മുമ്പാകെരണ്ടാം പ്രാവശ്യം ഞാൻ എഴുന്നേറ്റു നിൽക്കുന്നു. ഞാൻ നിങ്ങളെ (നിന്നെ) ഭരമേല്പിച്ചിട്ടുള്ള എല്ലാറ്റിൽ നിന്നും യാതൊന്നും നിങ്ങൾ(നീ) വ്യത്യാസപ്പെടുത്തുകയില്ലെന്നുള്ളതിലേക്കു എനിക്കും നിങ്ങൾക്കു (നിനക്കു) മിടയിൽ അവർ സാക്ഷികളായിരിക്കട്ടെ.

(The Bishop stands up again, raising his hands)

Again for a second time, we stand up and raise our hands before God, His angels, prophets, apostles, martyrs and saints. Let them be witness between you and us that you will not forget any of our exhortations.

(മെല്പട്ടക്കാരൻ ഇരുന്നു കൊണ്ടു പറയുന്നു)

നിങ്ങൾ (നീ) അഹങ്കരിച്ച് കല്പനകളിൽ വെച്ച് ഏതെങ്കിലും ചെറുതായിട്ടുള്ളതുപോലും വ്യത്യാസപ്പെടുത്തിയാൽ നിങ്ങളെ ഭരമേല്പിച്ചിട്ടുള്ളതിൽ നിന്നും നിങ്ങൾ (നീ) ദൂരസ്ഥരും (ദൂരസ്ഥനും) തള്ളപ്പെട്ടവരും (തള്ളപ്പെട്ടവനും) നിങ്ങൾ (നീ) പ്രാപിച്ചിട്ടുള്ള സകലത്തിൽ നിന്നും അന്യരും (അന്യനും) ആയിത്തീരും. സത്യവിശ്വാസികളായ സഹോദര മേല്പട്ടക്കാരിൽ ഒരുവനെതിരായോ എന്റെ ബലഹീനതയ്ക്കെതിരായോ, അഹങ്കാരത്തോടെ നിങ്ങൾ (നീ) നിൽക്കുന്നെങ്കിൽ നിങ്ങൾ (നീ) ശാപഗ്രസ്ഥരും (ശാപഗ്രസ്ഥനും) ദൈവത്തിന്റെ പരിശുദ്ധ സഭയിൽ നിന്നും അകലപ്പെട്ടവരും (അകലപ്പെട്ടവനും) തള്ളപ്പെട്ടവരും (തള്ളപ്പെട്ടവനും) വേർതിരിക്കപ്പെട്ടവരും (വേർതിരിക്കപ്പെട്ടവനും) ആയിത്തീരും. നിങ്ങളെ (നിന്നെ) ഭരമേല്പിച്ചിട്ടുള്ള രഹസ്യങ്ങളിൽ നിന്നും നിങ്ങൾ (നീ) വ്യർത്ഥന്മാരായി (വ്യർത്ഥനായി) ത്തീരുകയും ചെയ്യും. നിങ്ങളും (നീയും) നിങ്ങളുടെ (നിന്റെ) അഹങ്കാരത്തിനും എതൃപ്പിനും നിങ്ങളെ നിന്നെ സഹായിക്കുന്ന എല്ലാവനും തന്നെ.

(The Bishop sits in his throne)

If you become proud and happen to violate even an insignificant command, you will be rejected and detached from the office that you receive now and will be alienated from everything you have received.If you happen to disobey and rebel against the Supreme head of this Church, His Holiness Moran Mar Baselios Paulose II, and us, the acting head of this Diocese, and our brothers, the venerable

Bishops and metropolitans; you shall be anathema,, and shall be excommunicated, rejected and rejected by the Holy Church from the mysteries you have received. All those who cooperate with your arrogance and hostility shall also be anathema.

(വീണ്ടും മേല്പട്ടക്കാരൻ എഴുന്നേറ്റ നിന്ന് ഉയരത്തിലേക്ക് കൈകൾ വിരിച്ചു കൊണ്ടു)

ഇപ്പോൾ മൂന്നാം പ്രാവശ്യം ജീവനുള്ള ദൈവത്തിന്റെ മുമ്പാകെ ഞാൻ എഴുന്നേറ്റുനിൽക്കുന്നു. നിങ്ങൾ(നീ) ശ്ലീഹന്മാരുടെ കാനോനുകളേയും സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തേയും മാറ്റം കൂടാതെയും പിടിച്ചുകൊള്ളുമെന്നതിലേക്കു ഞാൻ നിങ്ങൾക്ക് (നിനക്ക്) സാക്ഷിയായിരിക്കട്ടെ.

(Bishop again stands up , raising his hands)

Again, for the third time, we stand up and extend our hands before God Let Him be a witness of your promises that you will keep the canons of the apostles and the Holy Synods, the holy traditions, and the orthodox faith of the Church

## മുടി കത്രിക്കൽ

(മേല്പട്ടക്കാരൻ ഇതിക്കുന്നു)

(അനന്തരം സ്ഥാനാർത്ഥിയുടെ തലമുടി ഒരു കത്രികകൊണ്ട് സ്ലീബാ ആകൃതിയിൽ കത്രിക്കുന്നു)

മേല്പട്ടക്കാരൻ: ഇപ്പോൾ മൃഗീയമായ സകല പ്രവൃത്തികളും നിങ്ങൾ (നീ) ഉപേക്ഷിക്കുന്നു എന്നുള്ളതിനു ദൃഷ്ടാന്തമായി നിങ്ങളുടെ (നിന്റെ) തലമുടി സ്ലീബാ ആകൃതിയിൽ കത്രിക്കപ്പെടുന്നു.

(Bishop sits in his throne)

# TONSURING

Bishop clips the candidate's hair in the manner of a crooss, saying:

(.................) is tonsured and sealed to signify his rejection

of carnal habits by the clipping of this lifeless hair from his head:

**Response:** Barekmor
**Bishop:** In the name of the Father + (clips hair)
**Response:** Amen
**Bishop:** And of the Son + (clips hair)
**Response:** Amen
**Bishop:** And of the Holy Spirit + for life eternal (clips hair
**Response:** Amen

## മ്ശംശോനോ/കശ്ശീശോ

ശിരസ്സിലെ നിജ്ജീവ മുടി വഴിയായി സകല മൃഗീയ പ്രവത്ത്നങ്ങളും നീക്കിക്കൊണ്ട് (................) പട്ടം വെട്ടപ്പെടുന്നു

**നോട്ട്:** കീഴ്സ്ഥാനികളായ മ്സമ്റോനോ, കോറൂയോ, യൗപ്പദുയക്നോ എന്നിവക്കുള്ള മുടി കത്രികൽ ഈ സമയത്തു തന്നെയോ, അവരവക്കുള്ള പ്രത്യേക ശുശ്രൂഷയ്ക്കിടയിൽ അതിനായി കാണിച്ചിരിക്കുന്ന സമയത്തോ നടത്താവുന്നതാണ്

## മ്സമ്റോനോ

(ഇന്ന) സ്ഥലത്തുള്ള മാർ (ഇന്നാരു) പരിശുദ്ധ മദ്ബഹായിൽ വെച്ച് പരിശുദ്ധ സഭയിലേക്കു ഇന്നാരു മ്സമ്റോനോയായി പട്ടം വെട്ടപ്പെട്ടു മുദ്ര കുത്തപ്പെടുന്നു ബാറെക്മോർ

## കോറൂയോ

(ഇന്ന) സ്ഥലത്തുള്ള മാർ (ഇന്നാരു) പരിശുദ്ധ മദ്ബഹായിൽ വെച്ച് പരിശുദ്ധ സഭയിലേക്കു ഇന്നാരു സകല കളങ്കങ്ങളിലൽ നിന്നും പാപങ്ങളിൽ നിന്നുമുള്ള നിമ്മലീകരണത്തിനു കോറൂയോയി പട്ടം വെട്ടപ്പെട്ടു മുദ്ര കുത്തപ്പെടുന്നു ബാറെക്മോർ

## എവുപ്പദിയക്നോ

(ഇന്ന) സ്ഥലത്തുള്ള മാർ (ഇന്നാരു) പരിശുദ്ധ മദ്ബഹായിൽ വെച്ച് പരിശുദ്ധ സഭയിലേക്കു ഇന്നാരു സകല കളങ്കങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നുമുള്ള നിർമ്മലീകരണത്തിനു എവുപ്പദ്യക്നോയായി പട്ടം വെട്ടപ്പെട്ടു മുദ്ര കുത്തപ്പെടുന്നു   ബാറെക്മോർ

(മെല്പട്ടക്കാരൻ മുടി കത്രിക്കൽ കഴിഞ്ഞ്)

എന്റെ മക്കളെ (മകനെ) നിങ്ങൾ (നീ) ഗ്രഹിക്കണം ബഹുമാനമുള്ളസ്ലീബായുടെ ഈ അടയാളംഎനിക്കും നിങ്ങൾക്കുമിടയിൽ (നിനക്കു)മിടയിൽ സാക്ഷ്യമായിരിക്കട്ടെഎന്റെ  ബലഹീനതയ്ക്കെതിരായി അഹങ്കാരത്തോടു കൂടി നിങ്ങൾ (നീ) നിൽക്കുന്ന നേരത്ത് ആചാരത്വത്തിൽ നിന്നും നിങ്ങളെ (നിന്നെ) ഭരമേല്പിച്ചിട്ടുള്ള പരിശുദ്ധ രഹസ്യങ്ങളിൽ നിന്നും നിങ്ങൾ (നീ) ഉരിയപ്പെട്ടവരായിത്തീരും ഇപ്പോൾ നമ്മുടെ കർത്താവേശുമ്ശിഹായോടു ഞാൻ അപേക്ഷിക്കുന്നു താൻ നമ്മെയും നിങ്ങളേയും (നിന്നേയും) രക്ഷിച്ച് അശുദ്ധിയിൽ നിന്നും അകറ്റുമാറാകട്ടെ നിങ്ങൾ (നീ) ശരിയായി ചെയ്തിട്ടുള്ള വ്യാപാരം മുഖാന്തരം സന്തോഷത്തോടും മുഖപ്രസാദത്തോടും കടി തിരുമുമ്പാകെ നില നില്പാനും "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വന്നു പ്രവേശിച്ച് ലോക സ്ഥാപനത്തിനു മുമ്പായി നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശിപ്പിൻ" എന്നു വലത്തുള്ളവരോടു പറയുന്ന സന്തോഷ ശബ്ദം കേൾപ്പാനും ദൈവമാതാവായ മൊർത്ത് മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥന വഴിയായി ദൈവമായ കർത്താവിനോടു ഞാൻ യാചിക്കുന്നു  ആമ്മീൻ

(ഇതിനു ശേഷം കൊടുത്തിരിക്കുന്ന ഗുണദോഷങ്ങൾ സാധരണ വിട്ടു കളയുന്നു അങ്ങിനെ ചെയ്യുന്നെങ്കിൽ ഇവിടെ കാർമ്മികൻ എഴുന്നേറ്റുസ്ഥാനാർത്ഥിയുടെ വലത്തു കൈ പിടിച്ച (ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ പലരുടെയും കൈകൾ ഒരുമിച്ച് പിടിക്കാം) "പരിശുദ്ധ റൂഹാ നിന്നെ വിളിക്കുന്നു" എന്നു പറഞ്ഞു കൊണ്ട്  മദ്ബഹയിൽ കയറ്റി ത്രോണോസിലേക്കു കൊണ്ടു പോകുന്നു അപ്പോൾ "യജമാനൻ വരുമന്നേരത്ത്" എന്നതു പാടി കൊണ്ട് മറുവാസാകളും ചെറിയ മണികളും കിലുക്കുന്നു സ്ഥാനാർത്ഥി ബലിപീഠവുംകാർമ്മികനേയും മുത്തിയശേഷം പുറകോട്ടു മാറി മുട്ടുകുത്തി നിൽക്കുന്നു.

(താഴെ കൊടുത്തിരിക്കുന്ന ഗുണദോഷങ്ങൾ പറയുന്നുണ്ടെങ്കിൽ അതു കഴി ഞ്ഞ ശേഷം മേല്പറഞ്ഞ പ്രകാരം ചെയ്താൽ മതിയാകും)

## പൊതുവായ ഗുണദോഷങ്ങൾ

(കീഴ്സ്ഥാനികൾക്ക് ഇത് വേണ്ടാ. ആദ്യത്തെ ഖണ്ഡിക ആകാം)

എന്റെ സഹോദരങ്ങളും (സഹോദരനും) അനുഗ്രഹിക്കപ്പെട്ട മക്ക ളുമേ (മകനുമേ) നിങ്ങൾ (നീ) തിരിച്ചറിയുവിൻ. ഞാൻ നിങ്ങളോ ടു കല്പിച്ചു. വീണ്ടും ഇപ്പോൾ നിങ്ങളോടു (നിന്നോടു) കല്പിക്കുക യും ചെയ്യുന്നു. ദൈവത്തിന്റെ പരിശുദ്ധ മദ്ബഹായിലേക്കു നി ങ്ങൾ (നീ) പ്രവേശിക്കുമ്പോൾ ഭയത്തോടും വിറയലോടും കൂടി പ്രവേശിക്കേണ്ടതാകുന്നു. ദൈവത്തിന്റെ :ആലയത്തിലേക്കുള്ള നി ങ്ങളുടെ (നിന്റെ) പ്രവേശനം നിഗളത്തോടും പ്രശംസയോടും അ സൂയയോടും ശത്രുതയോടും ആയിരിക്കരുത്.

(കശ്ശീശാ) എന്നാലോ ശരീരരക്തങ്ങളുടെ സാദൃശ്യത്തിൽ ദിവ്യര ഹസ്യങ്ങൾ പിടിപ്പാൻ ദൈവത്തിന്റെ ചൊവ്വുള്ള പട്ടക്കാക്ക് വിഹി തമായിരിക്കുന്ന പ്രകാരം മനോവിനയത്തോടും വെടിപ്പോടും കൂടി ആയിരിക്കണം. ഓറൈത്ത എന്ന പരിശുദ്ധ ഗ്രന്ഥത്തിൽ പുറപ്പാടു പുസ്തകത്തിൽ അന്യ അഗ്നിക്കു ധൂപം വെച്ച 250 പട്ടക്കാരെപറ്റി പ റഞ്ഞിട്ടുള്ള പ്രകാരം ആത്മീയ കല്പനകൾ മറുത്ത് ദിവ്യരഹസ്യങ്ങ ൾ അനേകർ കടന്നു പിടിച്ചിട്ടുണ്ട്. ദൈവതിരുമുമ്പാകെ ധൂപം വെ യ്ക്കുവാൻ അവർ പ്രവേശിച്ചപ്പോൾ ആകാശത്തു നിന്നു അഗ്നി ഇറ ങ്ങി അവരേയും അവരുടെ ധൂപവർഗ്ഗങ്ങളേയും ദഹിപ്പിച്ചു കളഞ്ഞു. വീണ്ടും അഹറോന്റെ മക്കളായ നാദാബും അബീഹൂബും ദൈവ ത്തിന്റെ കല്പനപ്രകാരം നടക്കാതെ അഹങ്കാരത്തോടു സമാഗമന കൂടാരത്തിൽ പ്രവേശിക്കുകയും ഉടൻ തന്നെ മരിക്കുകയും ചെയ്തു. വീണ്ടും ഇസ്രായേരാജാവായ ഊസിയാ കർത്താവിന്റെ മുമ്പാകെ ധൂപം വെയ്ക്കാൻ നിഗളത്തോടുകൂടി അഹങ്കരിക്കുകയും ഉടൻ തന്നെ കുഷ്ഠം പിടിക്കുകയും ചെയ്തു. ചൊവ്വുള്ള പട്ടക്കാരാൽ അ വൻ ബഹിഷ്ക്കരിക്കപ്പെടുകയും ചെയ്തു. ആകയാൽ ഞാൻ നി ങ്ങളോടു (നിന്നോടു) കല്പിക്കുന്നതെന്തെന്നാൽ കർത്താവിന്റെ കോ പം നിങ്ങളുടെ (നിന്റെ) മേൽ ഉണ്ടാകാതിരിപ്പാൻ നിഗളത്തോടു

കൂടി ദൈവത്തിന്റെ മദ്ബഹായിലേക്കു അഹങ്കരിച്ച് നിങ്ങൾ (നീ) കയറരുത്. വീണ്ടും ഞാൻനിങ്ങളോടുകല്പിക്കുന്നതെന്തെന്നാൽ നിങ്ങളുടെ (നിന്റെ) തല അനാവരണം ചെയ്തുകൊണ്ട് ദൈവത്തിന്റെ മദ്ബഹായിലേക്കു നിങ്ങൾ (നീ) പ്രവേശിക്കരുത്. ഹൈമിനിക്കാ കൂടാതെ പട്ടക്കാർ മദ്ബഹായിൽ കയറരുത്.

(ശെമ്മാശ്ശന്മാർ) ശുശ്രൂഷാകുപ്പായവും ഊറാറയും കൂടാതെ ദൈവത്തിന്റെ മദ് ബഹായിൽ നിൽക്കരുത്.

മദ്ബഹായിൽ വെച്ചോ, പള്ളിയിൽ വെച്ചോ മ്ശിഹായുടെ തിരുശരീരരക്തങ്ങളല്ലാതെ മറ്റൊന്നും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ അരുത്. ചന്തസ്ഥലത്തോ തെരുവീഥികളിലോ നിങ്ങൾ (നീ) ഭക്ഷിക്കുകയോ പാദസഞ്ചാരം ചെയ്യുകയോ അരുത്. സംഘങ്ങളിൽ വെച്ചോ മദ്യഷാപ്പുകളിൽ വെച്ചോ വീഞ്ഞും മദ്യവും കുടിക്കുകയും അയോഗ്യമായി മദ്ബഹായിൽ കയറുകയോ ചെയ്യരുത്. നിങ്ങളെ (നിന്നെ) പ്പറ്റിത്തന്നെ നിഗളത്തോടു ചിന്തിച്ചു പ്രസാദിക്കരുത്. ലൌകിക അധികാരികളും കാര്യസ്ഥന്മാരുമെന്നപോലെ ക്ഷണികമായ ഈ ലോകത്തിൽ നിങ്ങൾ (നീ) തലവന്മാരാകരുത്.

(കശീശ്ശന്മാർ) ഒരു വിശ്വാസിയുടെ മേൽ അവന്റെ ശക്തിക്കപ്പുറമായ നിയമം നിശ്ചയിക്കരുത്. എന്നാൽ മുഖപക്ഷം കൂടാതെ ശരിയായ ന്യായവിധി നടത്തുകയും വേണം. ആത്മീയന്യായസ്ഥലത്ത് പണം അതായത് കൈകൂലി വാങ്ങരുത്. എന്തെന്നാൽ നിങ്ങൾ (നീ) ചൊവ്വുള്ള ന്യായാധിപതിമാരെന്നു (ന്യായാധിപതിയെന്നു) വിളിക്കപ്പെട്ടിരിക്കുന്നു. കൈകൂലിയോ ജ്ഞാനികളുടെ കണ്ണ് കുരുടാക്കുകയും "കുരുടൻ കുരുടനെ വഴി കാട്ടുന്നു. ഇരുവരും ഒരു കുഴിയിൽ തന്നെ വീഴും" എന്ന വചനം നിങ്ങളിൽ നിറവേറുകയും ചെയ്യും.

(ശെമ്മാശന്മാർ) കളങ്കമില്ലാത്ത കുബ്ബാന അപ്പം നിങ്ങൾ (നീ) ഉണ്ടാക്കണം. കല്പിക്കപ്പെട്ടിരിക്കുന്ന പ്രകാരം അതു കളങ്കമില്ലാതെ കുഞ്ഞാടു പോലെയും കോട്ടമില്ലാത്തതും ഘനം കൂടാത്തതുമായിരിക്കണം. പുളിപ്പില്ലാത്തതോ വളരെ പുളിപ്പുള്ളതോ ആയിരിക്കരു

ത്. എന്തെന്നാൽ അത് ദൈവത്തിനുള്ള കാഴ്ചയാകുന്നു. അമിതമാ യും അലസതയോടും നിങ്ങൾ കാസാ കലത്തരുത്. ഞാൻ നിങ്ങ ളോടു (നിന്നോടു) ആദ്യം തന്നെ കല്പിച്ചിട്ടുള്ളപ്രകാരം നിങ്ങളുടെ (നിന്റെ) ശുശ്രൂഷയിൽ നിങ്ങൾക്ക് (നിനക്ക്) വിഹിതമായിരിക്കു ന്ന പ്രകാരം ഭയത്തോടും വിറയലോടും കൂടി നിങ്ങൾ (നീ) നിൽ ക്കേണ്ടതാകുന്ന മദ്ബഹാ അലങ്കാരങ്ങളിൽ തിരുശീലയോ, തിരു വസ്ത്രങ്ങളോ, കുരിശോ, ശോശപ്പയോ മറ്റെന്തെങ്കിലുമോ വള ഞ്ഞോ, കൊടിയോ സ്ഥിതിചെയ്യുവാൻ അനുവദിക്കരുത് എന്തെ ന്നാൽ അത് ദൈവത്തിന്റെ ശുശ്രൂഷയിൽ അനാസ്ഥയാകുന്നു മ് ശിഹാതമ്പുരാൻ എല്ലായ്പ്പോഴും നിങ്ങളെ (നിന്നെ) കാണുന്നുവെ ന്നും നിങ്ങൾ (നീ) പ്രവർത്തിക്കുന്നവയ്ക്ക് അവ നന്മയായാലും തീയ തായാലും പ്രതിഫലം നിങ്ങൾക്കു (നിനക്കു) ലഭിക്കുമെന്നും അറി വിൻ.

(കശ്ശീശാ) നിങ്ങൾക്കായി (നിനക്കായി) നിശ്ചയിച്ചിരിക്കുന്ന (പട്ടം കെട്ടപ്പെട്ടിരിക്കുന്ന) പള്ളി ഉപേക്ഷിച്ച് വേറൊന്നിലേക്കു പോകുവാ നും കലക്കം ഉണ്ടാക്കുവാനും നിങ്ങൾക്ക് (നിനക്ക്) ദൈവത്തിൽ നിന്ന് അധികാരമില്ല. ഭദ്രാസനമെത്രാപ്പോലീത്തായുടെ കല്പന കൂ ടാതെ (പട്ടക്കാരനോ ശെമ്മശ്ശനോ) ആയിട്ടു ദൈവത്തിന്റെ മദ്ബ ഹായിൽ ഒരുവനും ശുശ്രൂഷിക്കരുത്..

(ശെമ്മാശ്ശൻ) മദ്ബഹായിലെ തിരുവസ്ത്രങ്ങൾ കുടയുമ്പോൾ പരി ശുദ്ധ ശരീരത്തിൽ നിന്നും എന്തെങ്കിലും നിലത്തു വീഴാതെ സൂ ക്ഷിക്കണം. വിശ്വാസികൾക്കു ബുക്ക്സാ കൊടുക്കുമ്പോഴും അപ്ര കാരം സൂക്ഷിക്കണം. എന്തെന്നാൽ പരിശുദ്ധ റൂഹായുടെ കൃപ അതിൽ വസിക്കുന്നുവല്ലോ.

നിങ്ങളോടു (നിന്നോടു) നാം കല്പിച്ചിട്ടുള്ളതെല്ലാം നിങ്ങൾ (നീ) അനുസരിക്കുകയും കേൾക്കുകയും ചെയ്യുമെങ്കിൽ അതിനാൽ നാം നിങ്ങളെ (നിന്നെ) ഭരമേല്പിച്ചിട്ടുള്ള സകലത്തിനും നിങ്ങൾ (നീ) യോഗ്യരായിത്തീരുകയും ചൊവ്വുള്ള (പട്ടക്കാരെന്നും) (ശെമ്മാശ്ശ ന്മാരെന്നും)നിങ്ങൾ (നീ) ഉത്തരം പറയേണ്ടി വരികയും, നിങ്ങളിൽ

(നിന്നിൽ) നിന്നും ഞാൻ വേർപെട്ടിരിക്കുകയും ചെയ്യും.

ഞാൻ നിങ്ങളോടു (നിന്നോടു) കല്പിച്ചിട്ടുള്ള സകലവും നിങ്ങൾ (നീ) അനുസരിക്കുകയും പാലിക്കുകയും ചെയ്യുമെങ്കിൽ ദൈവത്തിന്റെ (പട്ടക്കാരെന്നും) (ശെമ്മാശ്ശന്മാരെന്നും) നിങ്ങൾ (നീ) അറിയപ്പെടും. ദൈവമായ കർത്താവിനോടു വീണ്ടും ഞാനപേക്ഷിക്കുന്നു സകല ശിക്ഷകളിൽ നിന്നും കോപത്തിന്റെ വടികളിൽ നിന്നും താൻ നിങ്ങളെ (നിന്നെ) രക്ഷിക്കുമാറാകട്ടെ. യോഗ്യമാകുന്ന പ്രകാരം തന്നെന്ന സേവിപ്പാനായി ശക്തിയും സഹായവും താൻ നിങ്ങൾക്കു (നിനക്കു) നൽകുമാറാകട്ടെ. നിങ്ങൾ (നീ) പ്രാപിച്ചിട്ടുള്ള ഈ ആചാര്യത്വ പദവി മൂലം നിങ്ങൾക്കു (നിനക്കു) മുഖപ്രസന്നതയുണ്ടാകുകയും നിങ്ങളെ (നിന്നെ) അലട്ടുന്നതായ തെറ്റുകളിൽ നിന്നും നിങ്ങൾ (നീ) സംരക്ഷിക്കപ്പെടുകയും ചെയ്യുമാറാകട്ടെ. ദൈവമാതാവായ മർത്തമറിയാമ്മിന്റേയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ

## വീണ്ടും വിശ്വാസികൾക്കുള്ള ഗുണദോഷം

എന്റെ സഹോദരങ്ങളും വാത്സല്യമുള്ളവരുമായ വിശ്വാസികളെ ഇന്നേ ദിവസം പുതുതായി പട്ടംകെട്ടപ്പെടുന്ന ഈ പട്ടക്കാരും (പട്ടക്കാരനും) ശെമ്മാശ്ശന്മാരും (ശെമ്മാശ്ശനും) അനുഗ്രഹിക്കപ്പെട്ടവരായി(അനുഗ്രഹിക്കപ്പെട്ടവനായി) ത്തീരുന്നതിനും ദൈവം തമ്പുരാൻ അവരുടെ (അദ്ദേഹത്തിന്റെ) പ്രാർത്ഥനകളാൽ നിങ്ങളെ അനുസരണമുള്ളവരും ചൊല്ലുവിളിയുള്ളവരുമായി ആക്കിത്തീർക്കുന്നതിനും നിങ്ങളുടെ മക്കളെ കാത്തുകൊള്ളുന്നതിനും, ശരിയായ വളർച്ചയിൽ അവർ വളർത്തപ്പെടുന്നതിനും അവരിൽ നിന്നും വെടിപ്പുള്ള ശെമ്മാശ്ശന്മാരും തേജസുള്ള പട്ടക്കാരും ഉണ്ടാകുന്നതിനും നമ്മുടെ കർത്താവേശുമ്ശിഹായോടു നിങ്ങൾ അപേക്ഷിപ്പിൻ (നിങ്ങളുടെ മേൽ കരുണയും ആർദ്രതയും കൃപയും താൻ ചിന്തുമാറാകട്ടെ സ്നേഹവും ഐക്യവും നിങ്ങളുടെ ഇടയിൽ താൻ വിതയ്ക്കുമാറാകട്ടെ. നിങ്ങളുടെ സന്നിധിയിൽ നിന്നും സാത്താന്റെ കെണിയെ താൻ തകർക്കുമാറാകട്ടെ. പരീക്ഷകളിൽ നിന്നും സങ്കടകാലത്തിലെ ദുഃഖത്തിൽ നിന്നും നിങ്ങളെ താൻ വീണ്ടു കൊള്ളുമാറാകട്ടെ. ചൊവ്വുള്ള

ഊടുവഴികളിൽ നിങ്ങളുടെ നടത്തകളെ താൻ സമാധാനത്തോടെ നയിക്കുമാറാകട്ടെ. നിങ്ങളുടെ പരേതരുടെ ആത്മാക്കളെ സ്വർഗ്ഗരാജ്യത്തിൽ നമ്മുടെ പിതാവായ അബ്രഹാമിന്റെ മടിയിൽ താൻ ആശ്വസിപ്പിക്കുമാറാകട്ടെ ഏദൻതോട്ടം താൻ നിങ്ങൾക്ക് അവകാശമായി നൽകുമാറാകട്ടെ) താൻ നിങ്ങളെയും നിങ്ങളുടെ പരേതരേയും സന്തോഷവും ആനന്ദവും നിറഞ്ഞ ആ ശബ്ദം കേൾപ്പിക്കുകയും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകസ്ഥാപനത്തിനുമുമ്പായി നിങ്ങൾക്കു ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം വന്നു പ്രവേശിച്ച് അവകാശിപ്പിൻ എന്നു നിങ്ങളോടു താൻ അരുളിച്ചെയ്യുകയും ചെയ്യുമാറാകട്ടെ. ആയതു ദൈവമാതാവായ മർത്ത് മറിയാമ്മിന്റേയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

(പരിശുദ്ധ റൂഹാ നിങ്ങളെ വിളിക്കുന്നു)

Again beloved son, the sign of the cross is a witness between you and us, and therefore we pray to our Lord Jesus Christ in order for us and you to be protected from error and evil conduct. Also, do not stand against us or His Holiness the Catholicos, lest you be stripped of the holy priesthood. We pray to the Lord God through the intercess-ions of the Mother of God and the Saints so that you may rejoice of the profits made out of your spiritual operations and that you and we may may be worthy to hear to that gladdening voice uttered to us: “O you, blessed of my Father, come and inherit the blessings prepared for you from the beginning of the world”.

Blessed son, you shall not forget what we have cmmanded you thus far We again exhort you: we must enter the holy sanctury of God only with fear and trembling. Do not enter the house of the awe-inspiting God only with fear and trembling. Do not enter the house of the awe-inspiring God

with pride, conceit, jealousy, hatred, and animousity. Enter with purity and humility of heart which are virtues of a good priest of god. Many had rebelled against the divine decision and functioned improperly in the sacred ministry: 250 men including Korah and Dathan rebelled against Moses and Aaron and made 250 censers and ooffered incense at the holy place sanctimoniously; they were devoured by the earth and their followers consumed in fire; Nadab and Abihu, the sons of Aaron, offered unholy fire before the Lord against the commandment of God, and therefore they were consumed by the fire that had come the altar; Uzziah, the King of Judea, rebelled against the priesthood and offered incense at the altar without authority; he was punished with leprosy and was made an outcast from society. Therefore, I ask of you: You shall not enter the sanctuary with arrogance lest the wrath of God be upon you. You shall not enter the holy place without skull cap proper to your office. You shall not eat or drink anything in the Church or in the sanctuary but the Body and Blood of our Lord, and the blessed bread. Priest must wear a black cassock, a stole, and a girdle inside the sanctuary. Priest shall not eat in a market place or in a street. They shall also not eat whiloe they walk they shall not participate in parties where alcohol is served, and shall not become drunkards. A priest should not become a secular administrator or leader. He should not prescribe penance to anyone beyond his ability.

He should do justice without being bribed. In the spiritual court there is no bribery. You are called to be righteous. Bribery blinds even the eyes of the wise. If a blind man leads another blind man both fall into the ditch.

The sacrificial lamb should be blameless and spotless; and therefore the leavened bred that is used for Divine Liturgy

should be well-shaped, not burned and not excessively fermented. The bread mystically takes the place of our Lord Jesus Christ and is offered as a sacrifice before God. You should not pour wine into the chalice inattentively and gultt-onously.

If you administer all the divine services with proper piety and carefulness, as we have exhorted you, they will bear blessing for you. You should arrange and organize altar linens and corporals, and the altar cross and candle sticks if they are not properly placed. Negligence in their proper arrangement would always indicate laziness in the service of God. Always realize that Christ our lord is constantly watching you and your deeds, and that He will reward you for your good deeds and bad.

You should not leave your Church of appointment for another Church and celebrate services there without the permission of your Bishop, lest you be a tool of conflicts there. Do not shake off altar linens and corporals, this will protect the particles of the sacred body from falling on the floor. The Holy spirit dwells in those particles.

If you observe all that we have commanded, you will be made worthy of all that you have received, and you will be known as a priest of God and His proper minister, or else you will be responsible before the Lord Jesus Christ on the day of His great judgement. If you will then be guilty, I shall have no part in it. If you lead a life in accordance with what I have exhorted you, you will prove that you are a good priest and minister.

We shall continue our prayer for you to the Lord our god. May He deliver you from all punishments and rods of wrath.

May He help you and strengthen you in order to maintain worthy services. May the priesthood you receive today become a blessing to you? May you be strengthened to be free from all errors and imperfections which destroy you, through the prayers of the Mother of God, Saint Thomas the Apostle, and all the Saints.

General Exhortation to the Congregation

Beloved brethren, you should pray to God Almighty so that this beloved son who is to receive priesthood may be sanct-Ified and blessed Through his prayers may you be blessed, obedient to the commandments, and dependent on God May God protect you and your childrenl may he help them to grow properly. May blameless deacons, holy priests, zealous evangelists, powerful leaders, and a viriety of other workers of the Church arise from them? May the compassionate Lord grant you mercy, blessing, happiness and prosperity. May He bless you with love, unity, and peace May he dismantle the snares of Satan from you. May He deliver you from temptations and the sorrows of difficult times. May he guide your life along the proper path. May He give rest to the souls of your departed in heaven along with the Patriarchs Abraham, Isaac, and Jacob. May He gladden you in paradise. May you and your departed ones hear that gladdening voice uttered to you on the last day by our lord, "O you blessed by my Father, come and inherit the blessings prepared for you from the begginning of the world." May the prayers of Saint Mary, the mother of God, and of all the saints, particularly saint Thomas, be a fortress for all of us Amen.

Here ends the Amalgia

(Bishop holds the right hand of the ordinand and says)

**Bishop:** The Holy Spirit calls you to be a Priest in the Holy Church.

## (മ്സമുറോനോ, കോറയോ, എവ്പ്പദവയ്യ്നോ എന്നിവരുടെ പട്ടം കൊടയ്യു പൊതുവായുള്ള ആദ്യ ഭാഗം)

സ്ഥാനാത്ഥികൾ മുൻപറഞ്ഞതു പോലെ ബലിപീഠവും മേല്പട്ടക്കാരന്റെ കൈയ്യും മുത്തി ദഗ്ഗയിക്കു താഴെ പടിഞ്ഞാറോടു മാറി കിഴക്കോട്ടഭിമുഖമായി മുട്ടു കുത്തി നിൽക്കുന്നു

(മ്സമ്റോനോ മദ്ബഹായുടെ വളവിങ്കൽ താഴെ തൊപ്പി വെയ്ക്കാതെ കൈ കെട്ടി കുനിഞ്ഞു നിൽക്കുകയും കോറൂയോയും എവ്പ്പദുയ്യ്നോയും മദ്ബഹായ്ക്കുള്ളിൽ തൊപ്പി വെയ്ക്കാതെ കൈ കെട്ടി കുനിഞ്ഞു നിൽക്കുകയും ചെയ്യുന്നവെന്ന് പട്ടംകെട പുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും എപ്പോൾ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ദഗ്ഗായിക്കു തഴെ പടിഞ്ഞാട്ടു മാറി പുറകിൽ എല്ലാവരുംമുട്ടുകുത്തി നിൽക്കുകയാണ് പതിവ്) പുസ്തകത്തിൽ പറയുന്നതുപോലെ ചെയ്യാം. മേല്പട്ടക്കാരൻ ദഗ്ഗായിക്കു താഴെ സ്ഥാനാത്ഥികളുടെ മുമ്പിൽ ശീലമുടി തലയിൽ ഇട്ടും വടി സ്ലീബാ എന്നിവ പിടിച്ചും കിഴക്കോട്ടഭിമുഖമായി നിൽക്കുന്നു. പാട്ടുകൾക്കു പടിഞ്ഞാട്ടും പ്രാത്ഥനകൾക്കു കിഴക്കോട്ടും അഭിമുഖമായി തിരിഞ്ഞു നിൽക്കുന്നു

എത്രാ കഴിയുന്നതു വരെയുള്ള ഭാഗങ്ങൾ എല്ലാവക്കും പൊതുവായുള്ള പ്രാരംഭ ഭാഗമാകുന്നുപിന്നീടുള്ളത് ഓരോരുത്തക്കും പ്രത്യേകം പ്രത്യേകം ആകയാൽ അവയെ (പ്രത്യേക ഭാഗങ്ങൾ) എന്നു പറയുന്നു.

### പ്രാരംഭ പ്രാത്ഥന

എന്റെ കത്താവേ! സത്യവിശ്വാസമാകുന്ന ഇളകപ്പെടാത്ത പാറമേൽ നിന്റെ പരിശുദ്ധ സഭയെ നീ സ്ഥിരപ്പെടുത്തണമേ. നിന്നിൽ അത് ശക്തിപ്പെടുകയും നിന്നിൽ നിന്നും പരിപൂണ്ണ സഹായങ്ങളും ദിവ്യദാനങ്ങളും പ്രാപിക്കുകയും ചെയ്യുമാറാകണമെ. അതിന്റെ മക്കൾ അവയാൽ വെടിപ്പോടും വിശുദ്ധിയോടും നിന്റെ പരിശുദ്ധാലയത്തിൽ ശുശ്രൂഷിപ്പാനും പിതാവിനു പരിശുദ്ധ റൂഹായുമായുള്ളോവേ! മേലുള്ള അശരീര ഗണങ്ങളോടുകൂടി നിന്നെ സ്തുതിപ്പാനും പ്രശോഭിക്കപ്പെടുമാറാകണമെ. ഹോശോ .... ആമ്മീൻ.

## മറ്റൊന്ന്

ഞങ്ങളുടെ ദൈവമായ കർത്താവേ! ദൈവീകമായ ഈ കർമ്മത്തിന്റെ ആത്മീയവും രഹസ്യസൂചകവുമായ ഈ ശുശ്രൂഷയെ നിറവേറ്റാനും സ്വർഗ്ഗീയവും ദിവ്യവുമായ നിന്റെ നൽവരങ്ങളുടെ സമ്പത്തുകൊണ്ട് നിറയപ്പെടുവാനും നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റവാനും ഞങ്ങളെ യോഗ്യരാക്കണമേ ഹോശോ .......

**കുക്കിലിയോൻ** 8-ാം നിറം

എങ്ങിനെ ബാലൻ തൻ വഴി നിർമ്മലമാക്കും
നിൻ കല്പന കാപ്പാൻ ഹാ - ഹാ ആരാ
ഞ്ഞെൻ മനമഖിലം നിന്നെ നിന്നാജ്ഞകൾ
ഞാൻ തെറ്റിക്കരുതെ.
എന്നകതാരിൽ നിൻ വചനം സൂക്ഷിച്ചേൻ
നിന്നൊടു പാപം ചെയ്യായ്‌വാൻ ഹാ - ഹാ -
ധന്യൻ നീ നിന്നാദേശങ്ങളെനിക്കുപദേശിക്ക.

**കുക്കിലിയോൻ** (രണ്ടാം നിറം)

സകല ധനത്തേക്കാളധികം നിൻ സാക്ഷ്യത്തിൽ
വഴി സ്നേഹിച്ചേൻ ഹാ - ഹാ - നിൻ കല്പനകളെ
ധ്യാനിച്ചേൻ. നിൻ മാർഗ്ഗങ്ങൾ ബോധിച്ചു
നിൻ നിയമം ധ്യാനിച്ചേൻ നിൻ വചനം തെറ്റി
യ്ക്കായ്‌വാൻ ഹാ - ഹാ - നിൻ വചനം പാലിച്ച
തുപോൽ ജീവിപ്പാനർഹതയരുളുക നിൻ
ദാസന്നായ്

**കുക്കിലിയോൻ** (മൂന്നാം രാഗം)

നിൻ നിയമത്തിന്നത്ഭുതമീക്ഷിപ്പാനെൻ
നയനം തെളിയിക്ക ഹാ - ഹാ - നിന്നുടെ സഹവാസി
യതാമിവനീന്നും മറവാക്കരുതേ നിന്നാദേശം

സതതം നിൻ ന്യായം മോഹിച്ചഭിവാഞ്ചിച്ചെന്നാ
ത്മം ഹാ - ഹാ - ജാതികളെ നീ ശാസിച്ചു, കല്പ

ന തെറ്റിക്കുന്നേൻ ശാപഗ്രസ്ഥർ.
ബാറെക്മോർ - ശുബഹോ ....

**ഗാനം**

(സീയോൻ കോട്ടയിൽ നിന്നേശു ....... )

ത്രിത്വസമാനം മരുവുന്നോ
തലകത്തിന്നുടയോനീശൻ
താതനെ വാഴ്ത്തുവിനഭ്കകരേ
നമ്മുടെ രക്ഷയ്ക്കായെത്തി
ട്ടാത്മാവിൻ തീജ്വലനത്തെ
ശീതളമാക്കും പനിമഞ്ഞാൽ
മാറ്റിയ വചനേശനെ വാഴ്ത്തിൻ
ജാതികളേവരുമേ! നിങ്ങൾ
അഖിലത്തിനുമുയിരേകീടും
പരിശുദ്ധത നൽകുന്നോനാം
റൂഹായുടെ തിരുനാമത്തെ
നിത്യം വാഴ്ത്തി സ്തുതി ചെയ്വീൻ
മെനഓലം ......

സകലത്തിനുമുപരിസ്ഥിതനും
ഗൂഢസ്ഥനുമാകുന്നോനെ
അനവരതം ദൂതഗണങ്ങൾ
സേവിപ്പോനേ ബാലകരും
സ്തുതി ചെയ്തതി ഭക്തി വിശേഷാൽ
വാഴ്ത്തുക സതതം കഹനകളേ!
ജാതികളേ!ചെയ്യുക സ്തോത്രം
തിരുനാമം വാഴ്ത്തെന്നേക്കും.

**പ്രാത്ഥന**

ഞങ്ങളുടെ കത്താവെശുമ്ശിഹാ1 വെടിപ്പിലും വിശുദ്ധിയിലും ദിവ്യമായ നിന്റെ നൽവര സമ്പത്തിനെ പ്രാപിപ്പാനും അവന്റെ ജീവിതകാലെമൊക്കെയും നിനക്കു സ്തുതിയു; സ്തോത്രവും അപ്പിപ്പാനും ഈ നിന്റെ ദാസനു നീ സംഗതിയാക്കണമെ. നിന്റെ രണ്ടാമത്തെ

വരവിൽ നിന്റെ എതിരേല്പിനായി പുറപ്പെടുവാനും സ്വർഗ്ഗത്തിലുള്ള കടിഞ്ഞൂലുകളുടെ സഭയിൽ മാലാഖമാരുടെ വൃന്ദങ്ങളോടുകൂടി മഹത്വ സ്തുതികളോടു എന്നേക്കും നിന്നെ സേവിപ്പാനും ഞങ്ങൾക്കും അവനും നീ ഇടയാക്കണമെ. ഹോശോ .... ആമ്മീൻ

(51-ാം മസുമൂർ)

ദൈവമേ!തവ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തന്റെ ആനന്ദവുംസന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും

എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ.

സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയഹൃദയത്തെ നിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in

Thy judgement. For I was born in guilt and in sin did my mother conceive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hysoap and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me. Cast not me from Thy pres ence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

Shubhaho.... Menaolam.....

**ഗാനം** (എനിയോനോ)

1. പുണ്യപ്രദനാകും -നീ മാത്രം കരുണാമൂർത്തി
ദേവേശാ!-ധൂർത്താത്മജനെപ്പോലെന്നെ
കൈക്കൊള്ളുക - കൃപ ചെയ്കെന്നിൽ.

2. പരിശുദ്ധൻ താതാ - പരിശുദ്ധത നൽകുന്നോ
നാം ദേവേശാ!- വിമലത നേടാൻ ദാനം വാഞ്ഛി
ക്കുന്നടിയാനെ - കൃപയാൽ നിർമ്മലനാക്ക.

3. തന്നുടെ ദാനാൽ - ശ്ലീഹരെ വിജ്ഞാനികളാ
ക്കിയ ദേവസുതാ! – ജ്ഞാനം പ്രാപിപ്പാൻ റൂഹാ
വാഞ്ഛിക്കുന്നടിയാനേകുക നീ ജ്ഞാനം

4. തീനാവാൽ ശ്ലീഹരെ - വിജ്ഞാനികളാക്കിയ
റൂഹാ-യാം പരനേ! - ശുദ്ധീകൃതനാവാനാത്മ
നെ വാഞ്ഛിപ്പോനരുളുക ശുദ്ധി നിൻ ദാനാൽ.

5. നിൻ കൃപ ഞങ്ങൾക്കായ് വാനിട വാതിൽ തുറ
ക്കണമേ ദേവേശാ!- വാഴ്‌വേല്പാൻ കൃപ പാർത്തീ
ടും (ദാസന്മേൽ) ദാസർ മേൽ വലതുകരം വച്ചീടണമെ.

6. അണിയാൻ നിന്നങ്കി - ഗളമതു താഴ്ത്തിത്തിരുമു
മ്പിൽ- ദേവേശാ! - ദാനം പാർക്കുന്നോനിവനെ (നിവരെ)
റൂഹാ തൻ ഭൂഷകളാൽ ശോഭിതനാക്ക (രാക്ക)

7. വാനോർ മോദിക്കൂ - ന്നടിയാരുടെ (നുടെ) പൂരക കർമ്മേ
ദേവേശാ!- മാനവരും സ്തുതി പാടീടുന്നവരുടെ
നിവഹങ്ങളിലവരെ (വനെ) ചേർത്തോനായ്.

8. യാചിക്കുന്നോർക്കായ് - മേല്പട്ടക്കാർ വഴി ദാനം

നൽകീടാൻ - റൂഹാ വാനം ഭേദിച്ചെത്തുന്നതു ക
ണ്ടഗ്നിമയർ കൂറുന്നാശ്ചര്യം.

9. റൂഹായുടെ ആവാസത്താൽ പാപം പോക്കീടും
ദേവേശാ!- നിർമ്മലനാവാൻ (രാവാൻ) നിൻ നിറവതു
പാർത്തീടും ദാസനെ (ദാസരെ) മൂടിപ്പാവനനാക്ക (രാക്ക)

10. നിർമ്മല പാണികളാൽ - ബന്ധിതനാമതിരറ്റോ
നാം ദേവേശൻ - അഹറോനൊപ്പം മേല്പട്ട-ക്കാര
ന ദാനം നൽകാനെ - ത്തീടുന്നു.
ശുബഹോ - മെനഓലം

11. മഹിമത്രയമാകും - ത്രീയേകന്നേകത്രയനാം
ദേവേശൻ - താതാത്മജ പാവനറൂഹാ - സത്യേ
കപരന്നായുയര - ട്ടെ സ്തോത്രം
സ്തൗമൻകാലോസ് ........

## പ്രുമിയോൻ (പൊതുവായത്)

മനുഷ്യവർഗ്ഗത്തെ ഇല്ലായ്മയിൽ നിന്നും ഉണ്മയിലേക്കു വരുത്തുകയും സൃഷ്ടിച്ചലങ്കരിക്കുകയും വീണ്ടും പിഴച്ചു വീണപ്പോൾ രക്ഷിച്ചെഴുന്നേല്പിക്കുകയും, ദിവ്യമായ തന്റെ ശ്രേഷ്ഠ മഹോന്നതങ്ങളിലേക്കു അടുത്തു വരുവാൻ യോഗ്യമാക്കുകയും ചെയ്ത കാരുണ്യവാനും കൃപ വളരെയുള്ളവനുമായ കർത്താവേ! നിനക്കു സ്തുതി. കരുണ നിറഞ്ഞവനും ആർദ്രതയുള്ളവനുമായ കർത്താവേ! ഈ നേരത്ത് സുഗന്ധധൂപത്തോടെ ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. അനന്തമായ നിന്റെ അനുഗ്രഹങ്ങളാൽ വെടിപ്പും വിശുദ്ധിയുമുള്ള നിന്റെ ആലയത്തിലെ ശുശ്രൂഷ സ്വീകരിച്ച് അടുത്തു വരുവാൻ ഈ നിന്റെ ദാസനെ (ദാസരെ) നീ യോഗ്യനാക്കണമെ (രാക്കണമെ) കണ്ടാലും നിന്റെ ശ്രേഷ്ഠതയുടെ ത്രോണോസിൻ മുമ്പാകെ അവൻ(അവർ) വണങ്ങി നിന്നുകൊണ്ട് നിന്റെ നൽവരം നോക്കിപ്പാർക്കുന്നു. ഈ നേരത്തും.സകല പെരുനാളുകളിലും ...... നിനക്കു സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു ബ്കുലഹുൻ യൗമ്മോ സോദുഹായായിൻ .... ആമ്മീൻ.

**സെദറ**

കർത്താവേ! ത്രിത്വഭാഷണങ്ങളാകുന്ന കാദീശ് സ്തുതികളാൽ അവ ർണ്ണനീയമായ നിന്റെ ശ്രേഷ്ഠതയെ വാഴ്ത്തുന്ന ആത്മീയ സംഘങ്ങ ളാൽ സ്വർഗ്ഗം നിന്നെ സ്തുതിക്കുന്നു. മണ്ണിൽ നിന്നും നിന്റെ കല്പന യാൽ സൃഷ്ടിക്കപ്പെടുകയും വെടിപ്പൊടും വിശുദ്ധിയോടും കൂടി നിന്റെ ശുശ്രൂഷയ്ക്കടുത്തു വരുവാൻ നീ യോഗ്യരാക്കുകയും ചെയ്തി ട്ടുള്ള മനുഷ്യമക്കളാൽ ഭൂമി നിന്നെ ആരാധിക്കുന്നു. നീ സകല ത്തേയും പരിശോധിക്കുന്നവനും സകലത്തിനും മതിയായവനുമായ കർത്താവാകുന്നു. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമാകു ന്ന യേശുമ്ശിഹായായ നിന്റെ വാത്സല്യപുത്രൻ മുഖാന്തരവും നി ന്റെ പരിശുദ്ധ റൂഹായുടെ ആവാസത്താലും ഈ ശുശ്രൂഷയുടെ ആത്മീയ ദാനങ്ങൾ മണ്മയ മനുഷ്യരായ ഞങ്ങളുടെ കടമുള്ള പ്രകൃതത്തെ നീ ഭരമേല്പിച്ചു. പരിശുദ്ധ ശ്ലീഹന്മാരെ സംക്ഷേപിക്ക പ്പെടാവതല്ലാത്ത കൂദാശകൾ കൊണ്ടു നിറച്ചിട്ടു സമ്പാദ്യങ്ങളുടെ നാഥയായ ആചാര്യത്വത്തിന്റെ താക്കോലുകൾ അവർ മുഖാന്തരം ഞങ്ങൾക്ക് ദാനം ചെയ്തു ഞങ്ങളെ ഭരമേല്പിച്ചു. ഞങ്ങൾ നിന്റെ ക രുണയെ സ്തോത്രം ചെയ്യുകയും നിന്റെ കൃപയെ സ്തുതിക്കുകയും ചെയ്യുന്നു. ഞങ്ങൾ നിന്നിലുള്ള വലിയ സങ്കേതപ്പെട്ടും നിന്റെ മേ ലുള്ള ആശ്രയത്തിൽ അരകെട്ടിയും കൊണ്ട് നിന്റെ ശ്രേഷ്ഠതയു ടെ മുമ്പാകെ ഞങ്ങളുടെ ബലഹീനമായ അപേക്ഷയും യാചന യും ചൊരിയുകയും നിന്റെ സൗമ്യതയോടു അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിന്റെ കരുണയാൽ ഞങ്ങളുടെ പാപങ്ങൾ മായിക്കണ മെ.നിന്റെ :ആർദ്രതയാൽ ഞങ്ങളുടെ അകൃത്യങ്ങൾ കടത്തിക്കളയ ണമെ. നിന്റെ കല്പനകളെ പൂർത്തീകരിക്കുന്നവരും തികക്കുന്നവരും പൂർണ്ണരുമായി ഞങ്ങളെ നീ ആക്കിത്തീർക്കണമെ. അങ്ങനെ നാശ കരമായ വികാരങ്ങളിലേക്കുള്ള തിരിച്ചിൽ കൂടാതെ തിരുമുമ്പാ കെ ശുശ്രൂഷിപ്പാനും ഉന്നതവും മഹോന്നതങ്ങളുമായ നിന്റെ ദാന ങ്ങളിൽ നിന്നും നിന്റെ ജനത്തിനു നൽകുവാനും ദൈവീകമായ നി ന്റെ ജ്ഞാനം ചൂണ്ടികാണിച്ച് അടുപ്പിച്ചിട്ടുള്ളവരെ നിന്റെ പരിശു ദ്ധ മദ്ബഹായിങ്കലേക്കു അടുപ്പിക്കുവാനും ഞങ്ങൾ മതിയാകുമാ റാകണമെ. ആ നിന്റെ മനുഷ്യസ്നേഹം ഞങ്ങളുടെ ബലഹീന മ ദ്ധ്യസ്ഥതയാൽ ഇവനെ (രെ) പൂർണ്ണനും (രും) പരിപൂർണ്ണനു (രു)മാ ക്കിതീർക്കണമെ. യോഗ്യരായതുകൊണ്ടല്ല ഞങ്ങൾ അടുത്തു വരു

ന്നത്, എന്നാലോ നിന്റെ നൽവരങ്ങളാൽ ചൊരിയപ്പെട്ടിട്ടുള്ള നിന്റെ കാരുണ്യത്താലത്രെ. ഇതു നിമിത്തമായി ഈ ശുശ്രൂഷയ്ക്കു വിളിക്കപ്പെട്ടിട്ടുള്ള നിന്റെ ഈ ദാസനെ (ദാസരെ) നിന്റെ പരിശുദ്ധ റൂഹായുടെ ആവാസത്താൽ സ്വീകരിപ്പാനും പൂർണ്ണനാകുവാനും (രാകുവാനും) നീ യോഗ്യത നൽകണമെ. അധർമ്മത്തിന്റേയും പാപത്തിന്റേയും സകല മലിനതയിൽ നിന്നും കറയിൽ നിന്നും അവന്റെ (അവരുടെ) ശരീരവും ആത്മാവും ഒരുമിച്ച് വെടിപ്പാക്കികൊണ്ട് ഉത്തമവും സ്വീകാര്യവുമായ നിന്റെ തിരുഹിതം സമാശ്വസിപ്പിക്കുന്ന വെടിപ്പുള്ള കുഞ്ഞാടായി (കുഞ്ഞാടുകളായി)നിന്റെ പരിശുദ്ധാലയത്തിൽ അവൻ (അവർ) തീരുമാറാകണമെ. നിന്റെ ദിവ്യശക്തിയാൽ അവൻ(അവർ) ബലപ്പെടുകയും സകല ദാനങ്ങളിൽ നിന്നും ഉന്നതവും ദിവ്യവുമായിരിക്കുന്ന നിന്റെ ദാനത്തിന്റെ നൽവരങ്ങളിലേക്കു അവൻ (അവർ) പടിപടിയായി കയറുകയും ചെയ്യുമാറാകണമെ. നിന്റെ പരിശുദ്ധന്മാർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ഉത്തമ അന്ത്യത്തിന് ഞങ്ങളും (അവനും) അവരും യോഗ്യരാകണമെ. അദൃശ്യനും സംക്ഷേപിക്കപ്പെടാത്തവനുമായ പിതാവേ! നിനക്കും വന്ദനീയനും പരിശോധിക്കപ്പെടാത്തവനുമായ നിന്റെ പുത്രനും പരിശുദ്ധനും പരീക്ഷിക്കപ്പെടാത്തവനുമായ നിന്റെ റൂഹായ്ക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശാ.. ആമ്മീൻ

**ഗാനം** (ഏഴാം രാഗം)

1. കേൾപിനിതു ജാതികളെല്ലാം
   ശ്ലീഹാഗ്രേസരനാം ശെമഓനോ -
   ട്ടിടയ പ്രമുഖൻ ചൊന്നേവം
   ഞാനേല്പിച്ചൊരു നിക്ഷേപം നീ
   വിനിയോഗിപ്പതു സൂക്ഷിക്ക

   ഇടവക ജാഗ്രതയിൽ കാക്ക
   കേടും ഭിന്നതയും കൂടാ
   വിധിയിൽ പക്ഷം ചേരാത്ത
   നീതിജ്ഞൻ വിധിപൻ മുമ്പിൽ
   നിന്റെ കണക്കേല്പിക്കേണം.

2. ശോഭിപ്പിക്കുക റൂഹായാൽ (മിന്നലിനാൽ) ഭൂലോകം
നിജശിഷ്യൻ - തിമൊത്തിയ്യോവം
ധന്യൻ മാർ പൗലൊസെഴുതി

ദൈവസുതൻ തന്നുടെ സഭയിൽ നീ
എങ്ങിനെ വർത്തിച്ചീടേണം
നന്നായി ഗൃഹഭരണം ചെയ്‌വാൻ
ശരിയായി സഭയെ പാലിപ്പാൻ
ശാന്തവിനീതന്മാക്കെന്ന്യേ
ഡംഭിജളന്മാക്കൊട്ടും നീ
നൽകീടാചാര്യത്വം. ശുബഹോ .....

3. ഗിരിസീനായി - മുൾചെടിയിൽ നിന്നും
മോശയൊടീശൻ ചൊന്നേവം
പോകുക നീ - മെസറേനിൽ പൂകി
ട്ടിസ്രായേലിനെ വിടുവിക്ക
താനോ ശാന്തികരം ദുർഗ്ഗം
തിരുസഭയിൻ കാവൽക്കാരൻ
പാടിടുമവൾ സ്തുതി സ്തോത്രങ്ങൾ
താതസുതാമല റൂഹായാൽ
ത്രിത്വരഹസ്യം സംപൂജ്യം മെനഓലം .....

4. ശ്രേഷ്ഠമതാം - കഹനൂസാ സ്ഥാനം
എങ്ങിനെ കാക്കും വൈദികരെ
മോചിപ്പാനും ബന്ധിപ്പാനും
നിമ്നോന്നത താക്കോലുകളെ
സൃഷ്ടികളഖിലം രക്ഷിപ്പാൻ

നിങ്ങടെ കൈകളിലർപ്പിച്ചു
കർത്തൃഹിതം ചെയ്തീടുമ്പോൾ
ധന്യന്മാർ നിങ്ങൾ പൂക്കും
മണവറയിൽ തന്നൊടുകൂടെ
മൊറിയൊ റാഹേം ......

**എത്രൊ**

വളരെ കരുണയുള്ളവനായ കർത്താവേ! നിന്നോടു ഞങ്ങൾ യാചിക്കുന്നു. ഇപ്പോഴും ആ നിന്റെ പൈതൃകമായ കരുണയാൽ നിന്റെ മനുഷ്യസ്നേഹം ഈ ശുശ്രൂഷക്കായി ക്ഷണിച്ചു വരുത്തിയിട്ടുള്ള ആത്മിക മക്കളുടെ സമർപ്പണത്തിൽ സകലത്തിലും ഉന്നതമായ നിന്റെ ദൈവത്വത്തിനു ഞങ്ങൾ സമർപ്പിച്ചിട്ടുള്ള ഈ ധൂപത്തെ സന്തോഷപുരസരം കൈക്കൊള്ളണമെ. നിന്റെ ഏകജാതനാം പുത്രനോടും നിന്റെ പരിശുദ്ധറൂഹായോടും കൂടെ നിന്നെ മഹത്വപ്പെടുത്തി പുകഴ്ത്തികൊണ്ടു നിന്റെ പരിശുദ്ധാലയത്തിൽ വെടിപ്പുള്ള സേവനത്താൽ ശുശ്രൂ,ിപ്പാൻ അവരെ (അവനെ) യോഗ്യനാ (രാ)ക്കണമെ.

ഹോശോവബ് ........ ആമ്മീൻ

(മേൽ കൊടുത്തിട്ടുള്ള പൊതുവായ ഭാഗം മ്സമ്റോനോ, കോറൂയോ, എവുപ്രദ്യക്നോ എന്നിവക്കു് പൊതുവായുള്ളതാകുന്നു. അതിനു ശേഷം ഓരോരുത്തർക്കുമുള്ള പ്രത്യേക ഭാഗം നടത്തും.)

# മ്സമ്റോനോ Psalmist

## പഴയനിയമ വായന

സ്ഥാനാത്ഥിയോ അയാൾക്കുവേണ്ടി മറ്റൊരാളോ 31-ാം സങ്കീത്തനം പടിഞ്ഞാട്ടു തിരിഞ്ഞു നിന്നു വായിക്കുന്നു

കത്താവേ! ഞാൻ നിന്നിൽ ആശ്രയിച്ചു; ഞാൻ ഒരിക്കലും ലജ്ജിക്കരുതെ! നിന്റെ നീതിയാൽ എന്നെ രക്ഷിക്കണമെ!
നിന്റെ ചെവി എന്റെ അടുക്കലേക്കു ചായിച്ചു വേഗത്തിൽ എന്നോടുത്തരമരുളണമെ! ദൈവമേ നീ എനിക്കു സഹായകനും സങ്കേതവും ആയിത്തീന്ന് എന്നെ രക്ഷിക്കണമെ!
കത്താവേ നീ എന്റെ ബലവും എന്റെ സങ്കേതവും ആക കൊണ്ട് തിരുനാമം നിമിത്തം എന്നെ ആശ്വസിപ്പിക്കണമെ!
നീ എന്റെ സഹായകനാക കൊണ്ട് അവർ എനിക്കായി വെച്ചിട്ടുള്ള കെണിയിൽ നിന്നു എന്നെ പുറത്താക്കണമെ!
നീതിയുള്ള ദൈവമായ കത്താവേ! ഞാൻ എന്റെ ആത്മാവിനെ നിങ്കൽ സമപ്പിച്ചു. നീ എന്നെ രക്ഷിക്കുകയും ചെയ്തു.
വ്യത്ഥമൂത്തികളെ ആരാധിക്കുന്നവരെ നീ വെറുത്തു; കത്താവേ! ഞാൻ നിന്നിൽ ആശ്രയിച്ചു;
ഞാൻ നിന്റെ കൃപയിൽ സന്തോഷിച്ചു ആനന്ദിക്കും; എന്തെന്നാൽ നീ എന്റെ ക്ഷീണാവസ്ഥയെ കണ്ട് എന്റെ സ്വന്ത ഞെരുക്കത്തെ ഗ്രഹിച്ചിരിക്കുന്നു;
നീ എന്റെ ശത്രുക്കളുടെ കയ്യിൽ എന്നെ ഏല്പിച്ചില്ല. എന്റെ കാലുകളെ ആശ്വാസസ്ഥലത്തു നിറുത്തി;
കത്താവേ! എനിക്കു ദുഃഖമായിരിക്കകൊണ്ടു എന്നോടു കരുണ ചെയ്യണമെ! വ്യസനം നിമിത്തം എന്റെ കണ്ണും എന്റെ ആത്മാവും എന്റെ ഉദരവും കലങ്ങിയിരിക്കുന്നു;
എന്തെന്നാൽ എന്റെ ആയുസ്സ് അരിഷ്ടതയിലും എന്റെ സംവത്സരങ്ങൾ നെടുവീപ്പുകളിലും കഴിച്ചുകൂട്ടി; ദാരിദ്ര്യത്താൽ എന്റെ ശക്തി ക്ഷയിക്കുകയും ചെയ്തു.
എന്റെ സവ ശത്രുക്കളും നിമിത്തം എന്റെ അസ്ഥികൾ ക്ഷയിച്ചു; ഞാൻ എന്റെഅയൽക്കാക്ക് നിന്ദയുംഎന്നെഅറിയുന്നവക്ക് ഭീതിയുംആയിത്തീന്നു. തെരുവീഥിയിൽ എന്നെ കാണുന്നവർ എന്നിൽ

നിന്ന് അറച്ചു മാറി നിന്നു;
മരിച്ചവൻ എന്നപോലെ ഹൃദയത്തിൽ നിന്ന് എന്നെ മറന്നുകളഞ്ഞു; ഞാൻ ഉടഞ്ഞ പാത്രം പോലെ ആയിത്തീൎന്നു;
എനിക്കു വിരോധമായി ഒരുമിച്ച് ആലോചിച്ച് എന്റെ ജീവനെ എടുത്തുകളയുവാൻ വിചാരിച്ച അനേകരുടേയും ഉദ്ദേശം ഞാൻ കേട്ടറിഞ്ഞു;
കൎത്താവേ! ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവമെന്നു ഞാൻ പറഞ്ഞു;
എന്റെ സമയങ്ങൾ തൃകൈകളിൽ ഇരിക്കുന്നു. എന്റെ ശത്രുക്കളിൽ നിന്നും എന്നെ പീഡിപ്പിക്കുന്നവരിൽ നിന്നും എന്നെ വിടുവിക്കണമെ.
നിന്റെ ദാസന്റെ നേരെ തിരുമുഖം പ്രകാശിപ്പിച്ച് നിന്റെ കൃപയിൽ എന്നെ രക്ഷിക്കണമെ!
കൎത്താവേ! ഞാൻ നിന്നെ വിളിച്ചതുകൊണ്ട് ഞാൻ ലജ്ജിക്കയില്ല; ദുഷ്ടന്മാർ ലജ്ജിച്ചു പാതാളത്തിലേക്കിറങ്ങിപ്പോകും.
നീതിമാനു വിരോധമായി വ്യാജവും ആക്ഷേപവും സംസാരിക്കുന്ന അധൎമ്മികളുടെ അധരങ്ങൾ അടഞ്ഞു പോകും.
മനുഷ്യരുടെ മുമ്പാകെ നിന്നിൽ ആശ്രയിക്കുന്ന നിന്റെ ഭക്തന്മാൎക്കു നീ സംഗ്രഹിച്ചിരിക്കുന്ന നിന്റെ കൃപകൾ എത്ര ബഹുലമാകുന്നു!
മനുഷ്യരുടെ കലഹത്തിൽ നിന്നു തിരുമുഖത്തിന്റെ മറവിൽ നീ അവരെ മറയ്ക്കും; തൎക്കത്തിൽ നിന്നു നിന്റെ നിഴലിൽ അവരെ ഒളിപ്പിക്കുകയും ചെയ്യും.
ബലമുള്ള നഗരത്തിൽ ഉത്തമന്മാരെ തനിക്കായി തിരഞ്ഞെടുത്തിട്ടുള്ള കൎത്താവ് വാഴ്ത്തപ്പെട്ടവൻ.
തൃക്കണ്ണുകളുടെ മുമ്പിൽ നിന്നു ഞാൻ നശിച്ചുപോയി എന്ന് എന്റെ പരിഭ്രമം കൊണ്ട് ഞാൻ പറഞ്ഞു; ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്റെ അപേക്ഷയുടെ ശബ്ദം കേട്ടു;
കൎത്താവിന്റെ വിശുദ്ധന്മാരെ! കൎത്താവിനെ സ്നേഹിപ്പിൻ; കൎത്താവു വിശ്വാസികളെ കാത്തുകൊള്ളുകയും അന്യായക്കാരോടു അവരുടെ പ്രവൃത്തികൾക്കു തക്കവണ്ണം പ്രതികാരം ചെയ്കയും ചെയ്യുന്നു;
കൎത്താവിൽ ആശ്രയിക്കുന്ന ഏവരുമെ! ധൈര്യപ്പെടുവിൻ, നിങ്ങളുടെ ഹൃദയം ബലപ്പെടട്ടെ!

In You, O Lord; I hope; may I not be ashamed forever; In Your righteousness deliver and rescue me. Incline Your ear to me; Rescue me speedily; Be to me a God who protects me, And a house of refuge to save me. For You are my strength and my refuge. And for Your name's sake You will guide and sustain me; For You will bringme out from the snare they hid for me; For You are my protector. Into Your hand I shall entrust my spirit; You redeemed me, Lord God of truth. You hate those who maintain their empty vanities. But I hope in the Lord. I will greatly rejoice and be glad beca use of your mercy. For You beheld my humiliation; You saved my soul from distress. And did not shut me up into that hands of the enemy; You set my feet in a wide place. Have mercy on me, O Lord, for I am afflicted; My eyes is troubled with anger; So are my soul and my stomach; For my life is wasted with grief and my years with singhing; My strength is weakened with poverty. And my bones are troubled. I became a reproach among all my enemies. And especially to all my neighbors. And a fear to all my acquanintances; Those who saw me outside fled from me. I am forgotten like one whose heart is lifeless; I was made like a vessel that is utterly broken. For I heard the blame of many who dwell round about. When they were gathered together against me. When they plotted to take my life. But as for me, I hope in You, O Lord; I said, "You are my God." My times are in Your hands; Deliever me from the hand of my enemies. And from those who persecute me. Make Your face shine upon Your servant; Save me in Your mercy. O Lord, do not let me ashamed, because I call upon You; Let the ungodly be ashamed. And lead them down into Hades. Let deceitful lips become speechless. When they speak lawlessness against the righteous with arrogance and contempt How great, O Lord, is the abundance of Your goodness You hide for those who fear You. In the sight of

the sons of men. You shall hide

them in them in the secret of Your presence from the disturbance of men; You will shelter them in Your tabernacle from the contradiction of tongues. Blessed is the Lord. For He magnifield His mercy in a fortified city. But I said in my ecstasy "Indeed, I am cast away from the countenance of Your eyes." Therefore You heard the voice of my supplication when I cried to You. Love the Lord, all you His saints, for the Lord seeks out truth, And He repays those who act with great arrogance. Be courageous, and let your heart be strengthened, all who hope in the Lord.

## ഏവൻഗേലി

കാമ്മികൻ ദഗ്ഗായിൽ നിന്ന് സ്ഥാനാർത്ഥിയുടെ കഴുത്തിലും തോളിലുമായി ഏവൻഗേലി വെച്ച് ലൂക്കോസ് 5: 1-11 വായിക്കുന്നു.

ദൈവവചനം കേൾപ്പാൻ തന്റെ പക്കൽ പുരുഷാരം തടിച്ചു കൂടിയപ്പോൾ സംഭവിച്ചതെന്തെന്നാൽ, താൻ ഗെനേസാർ തടാക തീരത്ത് നിൽക്കുകയായിരുന്നു. രണ്ട് പടകുകൾ തടാക തീരത്ത് കിടക്കുന്നതായി കണ്ടു. അവയിൽ നിന്നും വീച്ചുകാർ കയറി അവരുടെ വലകൾ കഴുകികൊണ്ടിരുന്നു. അവയിൽ ഒന്നു ശെമഓൻ കീപ്പായുടേതായിരുന്നു. യേശുതമ്പുരാൻ കയറി അതിൽ ഇരുന്നിട്ട് കരയിൽ നിന്നും വെള്ളത്തിലേക്കു അതിനെ അല്പം നീക്കുന്നതിനു പറഞ്ഞു. താൻ ഇരുന്നു കൊണ്ട് പടകിൽ നിന്നും പുരുഷാരത്തെ പഠിപ്പിച്ചുകൊണ്ടിരുന്നു. തന്റെ സംസാരം നിർത്തിയപ്പോൾ താൻ ശെമഓനോടു "ആഴത്തിലേക്കു നീക്കി മീൻ പിടുത്തത്തിനു നിങ്ങളുടെ വല ഇറക്കുവിൻ" എന്നു പറഞ്ഞു. ശെമഓൻ ഉത്തരമായിട്ട്"ഗുരുവേ രാത്രി മുഴുവൻ ഞങ്ങൾ അദ്ധ്വാനിച്ചിട്ടും യാതൊന്നും പിടിച്ചിട്ടില്ല. എന്നാൽ നിന്റെ വാക്കിനു ഞാൻ വല ഇറക്കാം" എന്നു പറഞ്ഞു. അവർ അപ്രകാരം ചെയ്തപ്പോൾ അവരുടെ വല കീറുമാറ് വളരെയേറെ മത്സ്യം അകപ്പെട്ടു. മറ്റൊരു പടകിലുള്ള അവരുടെ കൂട്ടുകാരെ, വന്നു അവരെ സഹായിപ്പാൻ അവർ മാടി വിളിച്ചു. അവർ വന്നു രണ്ടു വള്ളങ്ങളും മുങ്ങുമാറ് നിറച്ചു. എന്നാൽ ശെമഓ

ൻ കീപ്പാ അതുകണ്ടപ്പോൾ യേശുതമ്പുരാന്റെ കാൽക്കൽ വീണു തന്നോട് "എന്റെ കർത്താവേ ഞാൻ നിന്നോടപേക്ഷിക്കുന്നു എന്നെ വിട്ടു പോകണമെ. ഞാൻ പാപിയായ ഒരു മനുഷ്യനാകുന്നു" എന്നു പറഞ്ഞു. എന്തെന്നാൽ അവർ വീശി പിടിച്ച മത്സ്യവേട്ടയെപ്പറ്റി അവനും അവന്റെ കൂടെയുള്ള എല്ലാവരും അത്ഭുതം പിടിച്ചിരുന്നു. ശെമഓന്റെകൂട്ടാളികളായിരുന്നസെബദിമക്കളായ യാക്കോബും യോഹന്നാനും അപ്രകാരം തന്നെയായിരുന്നു. യേശുതമ്പുരാൻ ശെഓനോട് "ഭയപ്പെടേണ്ട, ഇപ്പോൾ മുതൽ നീ മനുഷ്യരെ ജീവനിലേക്കു വീശിപ്പിടിക്കുന്നവനാകും" എന്നു പറഞ്ഞു. അവർ ആ പടകുകൾ കരക്കടുപ്പിച്ച് സകലവും ഉപേക്ഷിച്ച് തന്റെ പിന്നാലെ പോയി.

(വായന കഴിയുമ്പോൾ സ്ഥാനാർത്ഥി മുൻസ്ഥാനത്ത് (മുട്ടുകുത്തി) നിൽക്കുകയും കാർമ്മികൻ ദർഗ്ഗായിൽ വടി, മുടി, സ്ലീബാ എന്നിവ പിടിച്ചും ശിലമുടി ഇട്ടും കൊണ്ടു പടിഞ്ഞാറോട്ടു തന്നെ നിന്നു തുടർന്നുള്ള എനിയോനോ ചൊല്ലി റൂശ്മാ ചെയ്യുന്നു.

## എനിയോനോ

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

സീനായ് മലയേ തിരുവാസാൽ
പാവനമാക്കിയ പരിശുദ്ധാ
വന്നു വസിച്ചീ ദാസനെ (രെ) യും
നിർമ്മലനാ (രാ)ക്കിത്തീർക്കണമെ

2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായിൽ താനേ താണെത്തി
മോശയ്ക്കായി കൈവെയ്പേകി
മോശയതഹറോനായ് നൽകി
വന്നതു യോഹന്നാനോളം

3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

നിബിയർ മൂലം ഭാഷിച്ചോൻ
ശ്ലീഹന്മാരിൽ പാർത്തോനാം
റൂഹാവന്നീ ദാസനെ (രെ)യും
നിർമ്മലനാ (രാ) ക്കിത്തീർക്കണമെ.

4. തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.
പ്രാവെന്നോണം താണെത്തി
സുതൻടെ ശിരസ്സിൽ വാണവനാം
റൂഹാ വന്നീ ദാസനെ (രെ) യും
പാവനനാ (രാ)ക്കിത്തീർക്കണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

മാളികയിൽ ശ്ലീഹന്മാർ മേൽ
ആവാസം ചെയ്തോൻ റൂഹാ
വന്നു വസിച്ചീ ദാസനെ (രെ) യും
നിർമ്മലതാ (രാ) ക്കിതീർക്കണമെ. ശുബഹോ .......

6. സ്തുത്യൻ പരിശുദ്ധൻ താതൻ
തിരുസുതനെ പ്രേഷിപ്പിച്ചോൻ
നിർമ്മലഗർഭേ വാണവനും
സിദ്ധത സിദ്ധർക്കായി നൽകി മെനഗാലം .....

7. ശമുവേൽ നിബിയെ ജമരത്തിൽ
നിർമ്മലനാക്കിയ വിമലാത്മൻ
വന്നു വസിച്ചീ ദാസനെ (രെ) യും
പാവനനാ (രാ) ക്കിത്തീർക്കണമെ

## മുടിവെട്ട്

നോട്ട്:- മുടിവെട്ട് അമൊലോഗിയാ വായനയുടെ സമയത്തോ ഗാവേനോ സോയുടെ അന്ത്യത്തിലോ (എത്രാ കഴിഞ്ഞോ) ഏവൻഗേലിയും എനിയോ നോയും കഴിഞ്ഞോ സൗകര്യം പോലെ നടത്താവുന്നതാണ്.

**മേല്പട്ടക്കാരൻ :** (ഇന്ന) സ്ഥലത്തുള്ള മാർ (ഇന്നാരുടെ) പരിശുദ്ധ മദ്ബഹായിൽ വെച്ച് പരിശുദ്ധ സഭയിലേക്ക് (ഇന്നാരു) പട്ടം വെട്ടപ്പെട്ടു മുദ്ര കുത്തപ്പെടുന്നു. ബാറെക്മോർ

**ശെമ്മാശ്ശൻ :**ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്നു ഈ വന്ദ്യപിതാവിന്റെ പ്രാത്ഥന ഏറ്റുചൊല്ലണം.

**മേല്പട്ടക്കാരൻ :** സവ്വശക്തിയുള്ള പിതാവായി

**വിശ്വാസികൾ:** സ്വഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരി ച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങ

ൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

We believe in one true God,
The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven,

and sat on the right hand of his Father, and shall come again in his great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Churhch; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.

Barekmore, Stoumen kalos Kurielaison.

(മേല്പട്ടക്കാരൻ ദഗ്ഗായിൽ കിഴക്കോട്ട് അഭിമുഖമായി നിന്നു കൊണ്ട് കാസായുടേയും പീലാസ്സായുടേയും കബിലാനാകൾ നീക്കി ഇരു വശങ്ങളിൽ വയ്ക്കുന്നു.)

**വിശ്വാസികൾ: കുറിയേലായിസ്സോൻ** എന്നു തുടരെ ചൊല്ലുകയും തദവസരത്തിൽ മറുവഹസാ, കിലുക്കമണി എന്നിവ തുടരെ കിലുക്കുകയും വലിയ മണി അടിക്കുകയും ചെയ്യുന്നു. സ്ഥാനാർത്ഥി ദഗ്ഗായുടെ താഴെ തെക്കുവശത്ത് വടക്കോട്ടഭിമുഖമായി വന്നു നിൽക്കുന്നു. മേല്പട്ടക്കാരൻ വലത്തോട്ടു തിരിഞ്ഞു സ്ലീബാ കൂടാതെ **വലതുകൈയുടെ നാലു വിരലുകളും** കൂട്ടി സ്ഥാനാർത്ഥിയുടെ ഇടത്തെ ചെന്നിയിലും തള്ളവിരൽ നെറ്റിയിലും ഇടതു കൈ സ്ഥാനാർത്ഥിയുടെ വലത്തേ തോളിലും വച്ചു പിടിച്ചുകൊണ്ട് താഴെ കൊടുത്തിരിക്കുന്ന ......... ചൊല്ലുന്നു)

**രഹസ്യം** (കൊയ്ത്തോദു റൂഹേ പോലെ)

അളക്കപ്പെടാവതല്ലാത്ത നിന്റെ കൃപയാലും മടുത്തു പോകാത്ത മനുഷ്യ സ്നേഹത്താലും മനുഷ്യമക്കളായ ഞങ്ങളുടെ ബഹുമാനത്തിനും രക്ഷയ്ക്കുമായി പരിശുദ്ധ ദാനങ്ങളും നൽവരങ്ങളും നൽകിയവനായ ദൈവമേ! പരിശുദ്ധ മദ്ബഹായുടെ കട്ടിളപടികൾ ചവിട്ടുവാൻ വേർതിരിക്കപ്പെട്ടിട്ടുള്ള ദാസനും ദാസിയുടെ പുത്രനുമായ ഇവനെ കൈകൊണ്ട് യോഗ്യമായ ക്രമവിശേഷങ്ങൾ അവനു അനുവദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ നിറവേറ്റുവാൻ ജാഗ്രതയുള്ള സേവകനായി അവനെ നീ ആക്കിത്തീർക്കണമെ. ശ്ലാഘനീയമായ ഭയഭക്തിയോടും ആക്ഷേപരഹിതമായ ധൈര്യത്തോടും നിന്റെ പരിശുദ്ധ മദ്ബഹായുടെ കട്ടിളപ്പടിയ്ക്കുള്ളിൽ നിൽക്കുവാൻ അവനു സംഗതിയാക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഞങ്ങളുടെ വർഗ്ഗത്തോടുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി സംക്ഷേപിക്കപ്പെടാത്ത നിന്റെ തിരുനാമം സകലത്തിലും സകലരാലും മഹത്വീകരിക്കപ്പെടുമാറാകണമെ ഹോശോവബ് ...

(അനന്തരം കാർമ്മികൻ കിഴക്കൊട്ടു തന്നെ തിരിഞ്ഞു നിന്നു കൊണ്ട് കൈകൾ ഉയർത്തിപിടിച്ച് ............... ചൊല്ലുന്നു സ്ഥാനാർത്ഥി കാർമ്മികന്റെ പുറകിലായി ചെന്നു നിൽക്കുന്നു.

## പരസ്യം

എന്തെന്നാൽ നീ കാരുണ്യവാനും അനുഗ്രഹിക്കുന്നവനുമായ ദൈവമാകുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! സകലത്തിൽ നിന്നും സ്തുതിയും ബഹുമാനവും ആരാധനയും നിനക്കു യോഗ്യമാകുന്നു ഹോശോ ....... ആമ്മീൻ.

**മേല്പട്ടക്കാരൻ** : നിങ്ങൾക്കെല്ലാവർക്കും സമാധാനം

**വിശ്വാസികൾ** അവിടുത്തെ ആത്മാവിനുമുണ്ടായിരിക്കട്ടെ.

### യോഗ്യതാ ദാനം (പടിഞ്ഞാട്ട്)

ദർഗ്ഗായിൽ തന്നെ നിന്ന് സ്ഥാനാർത്ഥിയുടെ **വലതുകൈയിൽ പിടിച്ചു കൊണ്ട്** കാർമ്മികൻ താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലുന്നു.

നിന്നെ പരിശോധിക്കുന്നവർക്ക് നീ നല്ല മാതൃകയും വലത്തേതിനടുത്ത ദൃഷ്ടാന്തവും ആയിത്തീരുവാൻ തക്കവണ്ണം ദൈവമായ ക

ത്താവ് നിനക്കു വെടിപ്പുള്ള നടപടികളും ചൊവ്വുള്ള ശുശ്രൂഷയും തന്റെ പരിശുദ്ധ മദ്ബഹായിലുള്ള പ്രവേശന സ്വാതന്ത്ര്യവും നില നിൽപും നൽകുമാറാകട്ടെ. അങ്ങിനെ നാമെല്ലാവരും പിതാവിനും പുത്രനും വന്ദ്യനും സംക്ഷേപിക്കപെടാത്തവനുമായ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അഭംഗമായ പുകഴ്ചയും കരേറ്റുമാറാകട്ടെ. ആമ്മീൻ.

(കാസായും പീലാസ്സയും കബിലാനാ കൊണ്ടു മൂടുന്നു)

## സ്ഥാനവസ്ത്ര ധാരണം

അനന്തരം ശുശ്രൂഷ കുപ്പായം കാർമ്മികൻ തന്റെ കൈകളിൽ പിടിച്ച് ആഘോഷണം കൂടാതെ രഹസ്യങ്ങളിൽ രണ്ടു പ്രാവശ്യം (Ani-Clock wise) (അപ്രദക്ഷിണമായി) ആയിട്ടും ഒരു പ്രാവശ്യം (Clock Wise) (പ്രദക്ഷിണമായി) ആയിട്ടും ചുറ്റിച്ചിട്ട് പടിഞ്ഞാട്ട് തിരിഞ്ഞ് സ്ഥാനാർത്ഥിയുടെ തലയിലും അപ്രകാരം ചെയ്തിട്ട് സ്ഥാനാർത്ഥിയെ ധരിപ്പിക്കുന്നു. തദവസരത്തിൽ ................. എന്നതു ചൊല്ലുന്നു.

(തൊപ്പി ആഘോഷണം കൂടാതെ സ്ഥാനാർത്ഥിയെ ധരിപ്പിക്കുന്നു)

### സമാപന ശുശ്രൂഷകൾ

1.(മേല്പട്ടക്കാരൻ ഒരു മസുമൂർ പുസ്തകം സ്ഥാനാർത്ഥിക്കു കൊടുക്കുന്നു. സ്ഥാനാർത്ഥി അതു തന്റെ ഭുജങ്ങളിൽ വഹിച്ചുകൊണ്ടു ബലിപീഠം ചുറ്റി മുത്തുകയും മേല്പട്ടക്കാരന്റെ കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നു. സന്നിഹിതരായിരിക്കുന്ന വൈദികവൃന്ദങ്ങൾ സ്ഥാനമുറ അനുസരിച്ച് കൈ മുത്തിക്കയോ കൈകസ്തൂരി കൊടുക്കുയോ ചെയ്ത് സ്ഥാനാർത്ഥിയെ അംഗീകരിക്കുന്നു.

തദവസരത്തിൽ യോഗ്യമായ മാനീസാ ചൊല്ലുന്നു. (താഴെ ചേർത്തിരിക്കുന്നു)

കുർബ്ബാനാനുഭവ സമയത്ത് സ്ഥാനാർത്ഥിക്കു മേല്പട്ടക്കാരൻ വിശുദ്ധ കുർബ്ബാന കൊടുക്കുന്നു.
(സ്ഥാനാർത്ഥി എല്ലാ ചടങ്ങുകളും അവസാനിക്കുന്നതുവെരെ മസുമൂർ പുസ്തകം പിടിച്ചുകൊണ്ടു നിൽക്കുന്നു.

കുർബ്ബാനയ്ക്കു ശേഷം വാഴ്വ് ഉണ്ടെങ്കിൽ അതും കഴിഞ്ഞ് മേല്പട്ടക്കാരന്റെ അനുവാദത്തോടെ അംശവസ്ത്രങ്ങൾ ഊരി വെയ്ക്കാം)

### മാനീസാ

1. അന്യോന്യം ശ്ലോമ്മാ നൽകിൻ
കർത്താവിൻ ശ്ലോമ്മാ നമ്മിൽ
വാസം ചെയ്തീടട്ടെന്നും
തമ്മിൽ ചുംബിക്കേണം നാം
തൽശ്ലോമ്മായും ശൈനോയും
നമ്മെ കാക്കട്ടെന്നാളും

2. മാളികയിൽ ശിഷ്യന്മാരോ-
ടുത്ഥാനത്തിൻ നാളുകളിൽ
നാഥൻ കല്പിച്ചാനേവം
ശ്ലോമ്മാ! പ്രിയരെ നിങ്ങളിലീ
ശ്ലോമ്മാ വാഴെട്ടെന്നാളും
ലോകാന്ത്യത്തോളം തന്നെ

3. അന്യോന്യം സ്നേഹിപ്പിനെ -
ന്നോതിയ നാഥാ! നിൻ സ്നേഹം
വാണീടണമെങ്ങളിലെന്നും
സ്തുതി, ദൈവത്തിന്നുയരത്തിൽ
ഭൂതലമെങ്ങും തൽശാന്തി
മാനവരിടയിൽ സംപ്രീതി.

# കോറൂയോ -Reader

പഴയനിയമ വായന
സ്ഥാനാത്ഥിയോ അയാൾക്കു വേണ്ടി മറ്റൊരാളോ ഹസ്ക്കിയേൽ പ്രവചനം 43: 1-9 മദ്ബഹായുടെവളവിങ്കൽപടിഞ്ഞാറോട്ടുതിരിഞ്ഞുനിന്നു വായിക്കുന്നു

തുടന്ന് അയാൾ എന്നെ ഗോപുരത്തിലേക്ക്, കിഴക്കോട്ടുള്ള ഗോപുരത്തിലെക്ക് കൊണ്ടു ചെന്നു അപ്പാൾ ഇസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കിഴക്കു വന്നു അതിന്റെ മുഴക്കം പെരുവെള്ളപ്രവാഹശബ്ദം പോലെ ആയിവന്നു ഭൂമി അവന്റെ തെജസുകൊണ്ട് ശോഭിതമായി. ഇതു ഞൻ കണ്ട ദശ്നം പോലെ ആയിരുന്നു നഗരത്തെ നശിപ്പിപ്പാൻ വന്നപ്പോൾ ഞാൻ കണ്ട ദശ്നം പോലെ തന്നെ. ഈ ദശ്നങ്ങൾ കെബാർ നദീതീരത്തുവെച്ച് ഞാൻ കണ്ട ദശ്നം പോലെ ആയിരുന്നു. അപ്പോൾ ഞാൻ കവിണ്ണുവീണു. കത്ത്യതേജസ്സ് കിഴക്കോട്ടു ദശ്നമുള്ള ഗോപുരത്തിൽ കൂടി ആലയത്തിലേക്കുപ്രവേശിച്ചു. ആത്മാവ് എന്നെ എടുത്ത് അകത്തെ പ്രാകാരത്തിലേക്ക് കൊണ്ടു ചെന്നു. കത്ത്യതേജസ്സ് ആലയത്തെ നിറച്ചിരുന്നു. ആ മനുഷ്യൻ എന്റെ അടുക്കൽ നിൽക്കുമ്പോൾ ആലയത്തിൽ നിന്ന് ഒരുവൻ എന്നോട് സംസാരിക്കുന്നത് ഞാൻ കേട്ടു. അവൻ എന്നോട് അരുളിച്ചെയ്തു: മനുഷ്യപുത്രാ, ഞാൻ എന്നേക്കും ഇസ്രായേൽ മക്കൾ മദ്ധ്യേ വസിക്കുന്നു എന്റെ സിംഹാസനത്തിന്റെ സ്ഥലവും എന്റെ പാദങ്ങളുടെ സ്ഥലവും ഇതാകുന്നു. ഇസ്രായേൽ ഗൃഹമോ, അവരുടെ രാജാക്കന്മാരോ തങ്ങളുടെ ലംഘനം കൊണ്ടും പൂജാഗിരികളിലെ തങ്ങളുടെ രാജാക്കന്മാരുടെ ശവങ്ങൾകൊണ്ടും എനിക്കും അവക്കുമിടയിൽ ഒരു ചുവർ മാത്രം ഉണ്ടായിരിക്കത്തക്കവണ്ണം തങ്ങളുടെ ഉമ്മറപ്പടി എന്റെ ഉമ്മറപ്പടിയിലും തങ്ങളുടെ കട്ടിള എന്റെ കട്ടിളയും ആക്കുന്നതുകൊണ്ടും എന്റെ വിശുദ്ധനാമത്തെ ഇനി അശുദ്ധമാക്കരുത്. അവർ ചെയ്ത മ്ലേഛതകളാൽ അവർ എന്റെ വിശുദ്ധനാമത്തെ അശുദ്ധമാക്കിയിരിക്കുന്നു ആകയാൽ ഞാൻ എന്റെ കോപത്താൽ അവരെ നശിപ്പിച്ചു. ഇപ്പോൾ അവർ തങ്ങളുടെ ലംഘനവും, രാജാക്കന്മാരുടെ ശവങ്ങളും എന്നിൽ നിന്നു ദൂരത്താക്കി കളയട്ടെ: എന്നാൽ ഞാൻ അവരുടെ മദ്ധ്യേ എന്നേക്കും വസിക്കും.

Then he brought me to the gate, the gate that faces toward the east, and led me out. Behold, the glory of the God of Israel was approaching from the way of the gate which faces east. The sound of His camp was like sound of many voices redoubled upon each other, and the earth shone forth His glory with a brightness all around. The vision I saw was like the vision I saw when entered to anoint the city, and the vision of the chariot I saw like the vision I saw by the River Chebar; so I fell on my face. Then the flory of the Lord entered into the house by way of the gate which faces toward the east. The spirit lifted me up and brought me into the inner court, and behold, the house was full of the Lord's glory.

Then I stood, and behold, there was a voice from the house, and a Man was standing with me. He said to me, "Son of man, you have seen the place of My throne and the place of the soled of My feet, where I will dwell in the midst the house of Israel forever. No more will the house Israel defile My holy name, they nor their leaders, by their fornication or murders of the leaders in their midst. When they set My threshold by their thresholds, and My doorpost by their doorposts, which a wall between them and Me, they desecated My holy name by their lawlessness, and I destroyed them in My anger and with slaughter. Now let them remove their fornication from My presence, and the murders of their leaders, and will dwell in their forever.

**ലേഖനം**

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
പ്രതിവാക്യം: കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ

താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-
Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ: **(മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് ലേഖനം വായിക്കുന്നു)**

**[The reader while stands at the steps of the south side reading the H. Bible, as face to the westen side (to audiance)]**

വായനക്കാർ: യോഹന്നാൻ ശ്ലീഹാ എഴുതിയ ഒന്നാം ലേഖന ത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

Reader: The lesson from the Epistle of St. John, the Apostle, the first Book, Ahai Barekhmor.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Praise be to the Lord of Apostle, and His mercy be upon us for ever

1 യോഹന്നാൻ 2: 13 അവസാനം വെരെ

പിതാക്കളെ ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾക്കു ഞാൻ എഴുതുന്നു. യുവാക്കളെ, ദുഷ്ടനെ നിങ്ങൾ ജയിച്ചിരിക്കയാൽ നിങ്ങൾക്കു ഞാൻ എഴുതുന്നു. കുഞ്ഞുങ്ങളെ നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്ക് എഴുതി.

ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ പിതാക്കളെ-നിങ്ങൾക്കു ഞാൻ എഴുതി. യുവാക്കളെ നിങ്ങൾ ബലശാലികൾ ആകയാലും ദൈവവചനം നിങ്ങളിൽ വസിക്കുന്നതിനാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുകയാലും നിങ്ങൾക്കു ഞാൻ എഴുതി. നിങ്ങൾ ലോകത്തേയും അതിലുള്ള യാതൊന്നിനേയും സ്നേഹിക്കരുത്. എന്തെന്നാൽ, ലോകത്തെ സ്നേഹിക്കുന്നവനിൽ പിതാവിന്റെ സ്നേഹമില്ല. ലോകത്തിലുള്ളവഎല്ലാം; ജഡമോഹവും കൺമോഹവും, ലോകത്തിന്റെ പ്രതാപവും ആകുന്നു. അവ പിതാവിൽ നിന്നല്ല; പിന്നയോ, ലോകത്തിൽ നിന്നുള്ളവയത്രെ. ലോകവും അതിന്റെ മോഹവും അഴിഞ്ഞുപോകും. ദൈവത്തിന്റെ തിരുഹിതം ചെയ്യുന്നവൻ എന്നേക്കും നില നിൽക്കും.

എന്റെ മക്കളേ, ഇത് അന്ത്യകാലമാകുന്നു. വ്യാജമ്ശിഹാ വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ വളരെയേറെ കള്ളമ്ശിഹാമാർ ഉണ്ടായിട്ടുണ്ട്. അതിനാൽ അന്ത്യകാലമായി എന്നു നമുക്കറിയാം. അവർ നമ്മിൽ നിന്നു വിട്ടുപോയിരിക്കുന്നു. എന്നാൽ, അവർ നമ്മിൽ പെട്ടവരല്ല; അവർനമ്മിൽ പെട്ടവരായിരുന്നെങ്കിൽ- അവർ നമ്മോടൊരുമിച്ചു നിലകൊള്ളുമായിരുന്നു..അവർ നമ്മിൽ നിന്നുള്ളവരല്ല എന്നു പ്രസിദ്ധമാക്കേണ്ടതിനായി അവർ നമ്മിൽ നിന്നും വിട്ടുപോയി.

നിങ്ങൾക്കോ വിശുദ്ധനിൽ നിന്നുമുള്ള *അഭിഷേകം ഉണ്ട്.നിങ്ങൾ എല്ലാവരേയും തിരിച്ചറിയുന്നു.;

നിങ്ങൾ സത്യം അറിയായ്കകൊണ്ടല്ല ഞാൻ നിങ്ങൾക്ക് എഴുതിയത് നിങ്ങളോ സത്യം അറിയുന്നു; ഈ വ്യാജമെല്ലാം സത്യത്തിൽ നിന്നുണ്ടായതല്ല എന്നും നിങ്ങൾ അറിയുന്നു.

യേശു "മ്ശിഹായല്ല" എന്നു തള്ളിപറയുന്നവനല്ലാതെ ആരാകുന്നു കള്ളൻ! അവനാകുന്നു കള്ള മ്ശിഹാ. പിതാവിനെ തള്ളിപറയുന്നവൻ -പുത്രനെയും തള്ളിപ്പറയുന്നു പുത്രനെ തള്ളിപറയുന്ന

വൻ, പിതവിലും വിശ്വസിക്കുന്നില്ല. പുത്രനെ ഏറ്റുപറയുന്നവൻ പിതാവിനേയും ഏറ്റു പറയുന്നു..
നിങ്ങൾ മുമ്പ് കേട്ടിട്ടുള്ളത് നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ നിങ്ങൾ കേട്ടത് നിങ്ങളിൽ വസിക്കുമെങ്കിൽ, നിങ്ങളിൽ പിതാവിലും പുത്രനിലും വസിക്കും. ഇതാകുന്നു താൻ നമുക്കു തന്ന വാഗ്ദത്തം നിത്യജിവൻ തന്നെ.
നിങ്ങളെ വഴി തെറ്റിക്കുന്നവർ നിമിത്തമാണ് ഇവ ഞാൻ നിങ്ങൾക്കു എഴുതിയത്. തന്നിൽ നിന്നും നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ സ്ഥിരമായി സ്ഥിതി ചെയ്യുമെങ്കിൽ-ആരും നിങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമേയില്ല. ദൈവത്തിൽ നിന്നുള്ള അഭിഷേകം എന്നപോലെ അതു സകലത്തേക്കുറിച്ചും നിങ്ങളെ പഠിപ്പിക്കും. അതു സത്യമാകുന്നു. അതിൽ വ്യാജമേയില്ല. അവൻ നിങ്ങളെ പഠിപ്പിച്ചതുപോലെ അവനിൽ നിങ്ങൾ വസിപ്പിൻ.
ഇപ്പോൾ എന്റെ മക്കളെ, താൻ പ്രത്യക്ഷപ്പെടുമ്പോൾ അവനിൽ നിന്നും നാം ലജ്ജിച്ചുപോകാതിരിക്കേണ്ടതിന് തന്നിൽ സ്ഥിരമായി വസിപ്പിൻ. എന്നാൽ തന്റെ വരവിങ്കൽ നമുക്കു മുഖപ്രസാദമുണ്ടാകും. താൻ നീതിമാനാകുന്നു എന്നു നിങ്ങൾ അറിഞ്ഞുവെങ്കിൽ -നീതിചെയ്യുന്ന എല്ലാവരും തന്നിൽ നിന്നുള്ളവരാണെന്നും അറിഞ്ഞുകൊൾവിൻ.

വായനക്കാർ: വായന കഴിഞ്ഞാലുടനെ: ആഹായ്-ബാറെക്മോർ.

I write to you, fathers, because you have known Him, who is from the beginning. I write to you, young men, because you have overcome the wicked one. I write to you, little chidren because you have known the father. I have written to you, fathers, because you have known Him, who is from the beginning. I have written to you young men, because you are strong, and the word of God abidesed in you. And you have overcome the wicked one.

Do not love the words or the things in the world. If anyone loves the world, the love of the Father is not in him. For all

that is in the world-the lust of the flush, the llust of the eyes, and the pride of life-is not of the Father bust is of the world. And the world is passing away, and the lust of it; but he who does the wil of God abides forever

Little children, it is the last hour; and as you have heard that the Antichrist is coming, even now many antichrists have come, by which we know that it is the last hour. They went

out from us, but they were not of us; for if they had been of us, they woud have continued with us; but they went out that they might made manifest, that none of them were of us.

But you an anointing from the Hole one, and you know all things. I have not written to you because you do not know the truth, but because you know it, and that no lie is of the truth.

Who is aliar but he who denies that Jesus is the Christ? He is antichrist who denies the Father and the Son. Whoever denies the Son does not have the Father either; he who acknowledges the Son has the Father also.

Therefore let that abide in you which you heard from the beginning abides in you, you also will abide in the Son and in the Father. And is the promise that He has prmised us-eternal life.

These things I have written to you concerning those who try to try to deceive you. But the anointing which you have received from Him abides in you, and you do not need that anyone teach you; but as the same anointing teaches you concerning all things, and is true, and is not a lie, and just

as it has taught you, you will abide in Him.

And now, little children, abide in Him that when He appears, we may have confidence and not be ashamed before Him at His coming. If you know that He is righteous, you know that every one who practices righteusness is born of Him.

Reader: Ends the lesson while saying: Ahai Barekhmor.

**ഏവൻഗേലി**

സ്ഥാനാർത്ഥി കാർമ്മികന്റെ അടുത്തു ചെന്നു നിൽക്കുന്നു കാർമ്മികൻ ദർഗ്ഗായിൽ കയറി പടിഞ്ഞാട്ടു തിരിഞ്ഞു നിന്നു വേദപുസ്തകം സ്ഥാനാർത്ഥിയുടെ കഴുത്തിലും തോളിലുമായി വെച്ചു കൊണ്ടു വായിക്കുന്നു.

**ലൂക്കോസ് 10: 16-25**

"നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു നിങ്ങളെ നിരസിക്കുന്നവൻ എന്നെയാകുന്നു നിരസിക്കുന്നത്. എന്നെ നിരസിക്കുന്നവൻ എന്നെ അയച്ചവനെ നിരസിക്കുന്നു."

താൻ അയച്ച എഴുപതു പേർ വലിയ സന്തോഷത്തോടെ തിരിച്ചു വന്ന് തന്നോട് "ഞങ്ങളുടെ കർത്താവേ! നിന്റെ നാമത്തിൽ പിശാചുകളും ഞങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്നു." എന്നു പറഞ്ഞു. എന്നാൽ താൻ അവരോട് "ആകാശത്തിൽ നിന്നും മിന്നൽ പോലെ വീഴുന്ന സാത്താനെ ഞാൻ കണ്ടിരിക്കുന്നു. കണ്ടാലും ഞാൻ നിങ്ങൾക്കു അധികാരം നൽകുന്നു. നിങ്ങൾ പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകല ശക്തിയേയും ചവിട്ടും. യാതൊന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല. എന്നാൽ പിശാചുകൾ നിങ്ങൾക്കു കീഴ്പെട്ടിരിക്കുന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട. പ്രത്യുത നിങ്ങളുടെ നാമങ്ങൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ നിങ്ങൾ സന്തോഷിപ്പിൻ" എന്നു പറഞ്ഞു. ആ നാഴികയിൽ യേശുതമ്പുരാൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ചുകൊണ്ട് "സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും നാഥനായ എന്റെ കർത്താവേ! എന്റെ പിതാവേ! ജ്ഞാനികളിൽ നിന്നും വിവേകളിൽ നിന്നും ഇവയെ നീ മറച്ചുവെയ്ക്കുകയും പൈതങ്ങൾക്കു അവയെ വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്ന

തിനാൽ നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. അതെ! എന്റെ പിതാവേ! ഇപ്രകാരം തിരുമുമ്പാകെ തിരുവിഷ്ടമുണ്ടായി'' എന്നു പറഞ്ഞു. തന്റെ ശിഷ്യന്മാരുടെ നേരേ തിരിഞ്ഞ് അവരോട് ''എന്റെ പിതാവിൽ നിന്നും സകലവും എന്നെ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ പുത്രൻ ആരാകുന്നുവെന്നും, പുത്രനും പുത്രൻ വെളിപ്പെടുത്തി കൊടുക്കുവാൻ ഇഷ്ടപ്പെടുന്നവനുമല്ലാതെ പിതാവാരാകുന്നുവെന്ന് ഒരുവനും അറിയുന്നില്ല'' എന്നു അരുളി ചെയ്തു. തന്റെ ശിഷ്യന്മാരുടെ പക്കലേക്കു മാത്രം താൻ തിരിഞ്ഞിട്ട് ''നിങ്ങൾ കാണുന്നത് കാണുന്ന നയനങ്ങൾ ഭാഗ്യമുള്ളവ. എന്തെന്നാൽ ഞാൻ നിങ്ങളൊടു പറയുന്നു അനേകം പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നതുകാണുവാൻ ആഗ്രഹിച്ചിട്ടും കണ്ടിട്ടില്ല. നിങ്ങൾ കേൾക്കുന്നതു കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടിട്ടില്ല'' എന്നു അരുളിചെയ്തു.

"He who hears you hears Me, he who rejects you rejects Me, and he who rejects Me rejects Him who sent Me." Then the seventy returned with joy, saying, "Lord, even the demons are subject to us in Your name." And He said to them, " saw Satan fall like lightning from heaven. Behold, I give you the authority to trampe on serpents and scrpins, and over at the power of the enemy, and nothing shall be any means hurt you. Nevertheless do not rejoice in this, that the spirits are subject to you, but rather rejoice because your names are written in heaven.

In that hour Jesus rejoiced in the Spirit and said, "I thank You, Father, Lord f heaven and earth, that You have hidden these things from the wise and prudent and revealed them to babes. Even so, Father for so it seemed good in Your sight. All things have been deivered to Me by My Father, and no one knows who the Son is except the Father, and who the Father is except the Son, and the one to whom the Son wish to revea Him

Then He turned to His discipes and said privatey "Bessed are the eyes which see the things you see; for I tell you that many prphets and Kings have desired to see what you see, and have not seen it, and to hear what you hear, and have not heard it."

And behold, a certain lawyer stood up and tested Him, saying, "Teacher, what shall I do to inherit eternal life?"

വായനകഴിയുമ്പോൾ സ്ഥാനാർത്ഥി മുൻസ്ഥാനത്തു പോയി(മുട്ടുകുത്തി) നിൽക്കുന്ന കാർമ്മികൻ ദർഗ്ഗായിൽ തന്നെ പടിഞ്ഞാട്ടു തിരിഞ്ഞു ശീലമുടി ഇട്ടുകൊണ്ടും വടി, സ്ലീബാ എന്നിവ പിടിച്ചു കൊണ്ടും നിന്ന് തുടന്നുള്ള എനിയൊനൊ ചൊല്ലി സ്ഥാനാർത്ഥിയെ റൂശ്മാ ചെയ്യുന്നു.

## എനിയോനോ

1. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ.അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

സീനായ് മലയേ തിരുവാസാൽ
പാവനമാക്കിയ പരിശുദ്ധാ!
വന്നു വസിച്ചീ ദാസനെ (രെ)യും
നിർമ്മലനാ(രാ)ക്കിത്തീർക്കണമെ.

2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായിൽ താൻ താണെത്തി
മോശയ്ക്കായി താൻ കൈവെയ്പേകി
മോശയതഹറോനായ് നൽകി
വന്നന്നതു യോഹന്നാനോളം.

3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

നിബിയർ മൂലം ഭാഷിച്ചോൻ
ശ്ലീഹന്മാരിൽ പാർത്തോനാം
റൂഹാ വന്നീ ദാസനെ (രെ) യും
നിർമ്മലനാ (രാ) ക്കിത്തീർക്കണമെ.

4. തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യ മുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

പ്രാവെന്നോണം താണെത്തി
സുതനുടെ ശിരസ്സിൽ വാണവനാം
റൂഹാ വന്നീ ദാസനെ (രെ) യും
പാവനനാ (രാ) ക്കിത്തീർക്കണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

മാളികയിൽ ശ്ലീഹന്മാർ മേൽ
ആവാസം ചെയ്തോൻ റൂഹാ
വന്നു വസിച്ചീ ദാസനെ (രെ) യും
നിർമ്മലനാ (രാ) ക്കിത്തീർക്കണമെ.    ശുബഹോ ......

6. സ്തുത്യൻ പരിശുദ്ധൻ താതൻ
തിരുസുതനെ പ്രേഷിപ്പിച്ചോൻ
നിർമ്മല ഗർഭേ വാണവനും
സിദ്ധത സിദ്ധർക്കായി നൽകി.    മെനഗാലം .....

7. ശമുവേൽ നിബിയേ ജഠരത്തിൽ
നിർമ്മലനാക്കിയ വിമലാത്മൻ
വന്നു വസിച്ചീ ദാസനെ (രെ) യും
പാവന (രാ) ക്കിത്തീർക്കണമെ.

## മുടിവെട്ട്

(നോട്ട്: മുടിവെട്ട് അമോലോഗിയാ സമയത്തോ, ഗാവേനോയോസോ സമയത്ത് എത്രാ കഴിഞ്ഞോ, ഏവൻഗേലിക്ക ശേഷമുള്ള എനിയോനോ കഴിഞ്ഞോ നടത്താവുന്നതാണ്)

**മേല്പട്ടക്കാരൻ:** (സ്ഥാനാത്ഥി കാമ്മികന്റെ മുമ്പിൽ തല കുനിച്ചു നിൽക്കുന്നു. മേല്പട്ടക്കാരൻ മുടി കത്രിച്ചുകൊണ്ടു പറയുന്നു:

**മലയാളം**

(ഇന്ന സ്ഥലത്തുള്ള) മാർ ഇന്നാരുടെ മദ്ബഹായിൽ വെച്ച് പരിശുദ്ധ സഭയിലേക്ക (ഇന്നാരു) സകല കളങ്കങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നുമുള്ള നിമ്മലീകരണത്തിനു കോറൂയോയായി പട്ടം വെട്ടി മുദ്ര കുത്തപ്പെടുന്നു. ബാറെക്മോർ.

**ശേമ്മാശ്ശൻ** :ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്നു ഈ വന്ദ്യപിതാവിന്റെ പ്രാത്ഥന ഏറ്റുചൊല്ലണം.

**മേല്പട്ടക്കാരൻ** : സവ്വശക്തിയുള്ള പിതാവായി

**വിശ്വാസികൾ:** സ്വഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്ക വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വഗ്ഗത്തിലേക്ക

കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനു ള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോ ടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാ നമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറ പ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്ക പ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ച വനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലി കവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വി ശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞ ങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരി ക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാർക്കുന്നു ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

We believe in one true God,
The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by the holy spirit, and

became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven, and sat on the right hand of his Father, and shall come again in his great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Churhch; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen. Barekmore, Stoumen kalos Kurielaison.

(മെല്പട്ടക്കാരൻ ദഗ്ഗായിൽ കിഴക്കോട്ട് അഭിമുഖമായി നിന്നു കൊണ്ട് കാസാ യുടേയും പീലാസ്സായുടേയും കബിലാനാകൾ നീക്കി ഇരു വശങ്ങളിൽ വയ്ക്കു ന്നു.)

**വിശ്വാസികൾ:** കുറിയേലായിസ്സോൻ എന്നു തുടരെ ചൊല്ലുകയും തദവ സരത്തിൽ മറുവഹസാ, കിലുക്കുമണി എന്നിവ തുടരെ കിലുക്കുകയും വലി യ മണി അടിക്കുകയും ചെയ്യുന്നു. അപ്പോൾ മേല്പട്ടക്കാരൻ താഴെ കൊടുത്തി രിക്കുന്ന രഹസ്യ പരസ്യങ്ങൾ ചൊല്ലുന്നു.

**രഹസ്യം** (കൈ കൂപ്പി)

ദൈവമായ കർത്താവേ നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാ

ചിക്കുകയും ചെയ്യുന്നു. ഈ നിന്റെ ദാസനെ (രെ) നിന്റെ പരിശുദ്ധ സഭയിൽ കോറൂയോ (കളായി) യായി സ്വീകരിക്കണമെ. നിന്റെ കല്പനകളിൽ അവനെ (ക്ക്) വിജ്ഞാനം കൊടുക്കുകയും നിന്റെ ധർമ്മങ്ങൾ അവനെ (രെ) അറിയിക്കുകയും ചെയ്യണമെ. ഭയഭക്തിയോടെ കൂടി നിനക്കു ദാസ്യവേല ചെയ്യുവാൻ അവനു (ക്ക്) സംഗതിയാക്കണമെ. തിരുമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ട പാത്രവും ബഹുമതിയുള്ള കോറൂയൊയുമായി തീരുവാൻ അവനു യോഗ്യത നൽകണമെ. അങ്ങനെ ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ളവരൊടൊപ്പം തിരുമുമ്പാകെ അവൻ (ർ) കരുണ കണ്ടെത്തുമാറാകണമെ.

**പരസ്യം** (കൈകളുയർത്തി)
(അവസാനത്തിൽ രഹസ്യങ്ങൾ മേൽ കൈ ആവസിപ്പിക്കുന്നു)

എന്തെന്നാൽ കർത്താവേ! നീ കരുണയിൽ താല്പര്യമുള്ളവനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമാകുന്നുവല്ലോ. പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവമേ! സകലത്തിൽ നിന്നും നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ഹോശോ .......
ആമ്മീൻ.

(കൈ ആവസിപ്പിക്കുന്നു)

**മേല്പട്ടക്കാരൻ :** നിങ്ങൾക്കെല്ലാവർക്കും സമാധാന.
**വിശ്വാസികൾ :** അവിടുത്തെ ആത്മാവിനും.

**രഹസ്യം** (കൈ കൂപ്പി)

**വിശ്വാസികൾ:** കുറിയേലായിസ്സോൻ എന്നു തുടരെ ചൊല്ലുകയും തദവസരത്തിൽ മറുവഹസാ, കിലുക്കമണി എന്നിവ തുടരെ കിലുക്കുകയും വലിയ മണി അടിക്കുകയും ചെയ്യുന്നു.

വലിയവനും നൽവരങ്ങളിൽ സമ്പന്നനുമായ ദൈവമേ! നിന്റെ സഭയ്ക്കു ക്രമങ്ങൾ പ്രദാനം ചെയ്യുകയും അതിൽ ശുശ്രൂഷാ പദവികൾ നിലനിർത്തുകയും നിന്റെ ദാസരുടെ മേൽ നിന്റെ നൽവരം ചി

ന്തുകയും ചെയ്തവനായുള്ളോവേ! ഇപ്പോഴും ഈ നിന്റെ ഈ ദാസനെ (ദാസരെ) വിശുദ്ധീകരിക്കണമെ. സകല ജ്ഞാനത്തോടും വിവേകത്തോടും കൂടെ ദിവ്യവചനങ്ങളുടെ ധ്യാനവും വായനയും നടത്തുവാൻ അവനെ (അവരെ) യോഗ്യനാ (രാ) ക്കണമെ. നിന്റെ നൽവരങ്ങൾ കൊണ്ട് അവനെ (അവരെ) നിറച്ച് കുറ്റമില്ലാത്ത നടപടികളിൽ അവൻ (അവർ) സംരക്ഷിക്കപ്പെടുമാറാകണമെ.

**പരസ്യം**(കൈകളുയർത്തി

പിതൃ പുത്ര പരിശുദ്ധാത്മാവേ! ഞങ്ങളുടെ വർഗ്ഗത്തിനു നൽകപ്പെട്ടിരിക്കുന്ന കൃപാ ബഹുത്വം നിമിത്തം നിലച്ചു പോകാത്ത സ്തുതി ഞങ്ങൾ അർപ്പിക്കുമാറാകണമെ. ഹോശോ ........ ആമ്മീൻ.

സ്ഥാനാർത്ഥി ദർഗ്ഗായുടെ തെക്കുവശത്തു വടക്കോട്ട് അഭിമുഖമായി നിൽക്കുന്നു കാർമ്മികൻ ഉയർത്തി പിടിച്ചിരിക്കുന്നകൈകൾ താഴ്ത്തി രണ്ടു കൈപ്പത്തികളുടേയും ചെറു വിരലുകൾ വെവ്വേറെ ചേർത്തു പിടിച്ച് സ്ഥാനാർത്ഥിയുടെ രണ്ടു ചെന്നികളിലും തള്ളവിരലുകൾ നെറ്റിയിലുമായി വച്ച് താഴെ കൊടുത്തിരിക്കുന്ന രഹസ്യപ്രാർത്ഥന ചൊല്ലുന്നു. കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ ഓരോരുത്തർക്കും അപ്രകാരം ചെയ്യുന്നു.

**രഹസ്യം** (ക്രൊയിത്തോദു റൂഹാ പോലെ)

**(വിശ്വാസികൾ: കുറിയേലായിസ്സോൻ** എന്നു തുടരെ ചൊല്ലുകയും തദവസരത്തിൽ മറുവഹസാ, കിലുക്കമണി എന്നിവ തുടരെ കിലുക്കുകയും വലിയ മണി അടിക്കുകയും ചെയ്യുന്നു. )

വലിയവനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമേ! സകലവും നിന്റെ കരങ്ങൾ കൊണ്ട് പിടിക്കപ്പെട്ടും, സകലവും നിന്റെ ആംഗ്യത്താൽ ബന്ധിക്കപ്പെട്ടുമിരിക്കുകയും ചെയ്യുന്നവനും സകലത്തിനും സമീപസ്ഥനും എല്ലാറ്റിനും നേരേ നിൽക്കുന്നവനുമായുള്ളോവേ! നിന്റെ പരിശുദ്ധ വചനങ്ങളുടേയും ശരിയായ കല്പനകളുടേയും പ്രാസംഗികനായിത്തീരുവാനും ഞങ്ങളുടെ ആത്മാക്കളുടെ സഹായത്തിനുംരക്ഷയ്ക്കുമായി നീ നിശ്ചയിച്ചിട്ടുള്ള ദിവ്യവും രക്ഷാകരവുമായ ഉപദേശങ്ങൾഅട്ടഹസിക്കുവാനും ഞങ്ങളാൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ നിന്റെ ദാസനി (രി) ൽ സൂക്ഷിക്കണമെ.

(ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളുണ്ടെങ്കിൽ മേൽ കൊടുത്തിരിക്കുന്ന പ്രക്രിയകളും രഹസ്യപ്രാർത്ഥനയും പ്രത്യേകം പ്രത്യേകം ചൊല്ലണം)

**പരസ്യം**

(കിഴക്കോട്ടു തിരിഞ്ഞ് കൈകളുയർത്തി ചൊല്ലുന്നു)

ദൈവമേ! നിന്റെ കല്പനകളിൽ അവനു ജ്ഞാനം കൊടുക്കണമെ. നിന്റെ നീതികളിൽഅവനു വിവേകം കൊടുക്കുകയും ചെയ്യണമെ. നിന്റെ ആദേശ വിജ്ഞാന പ്രകാശനത്തിനു അവന്റെ മാനസിക നയനങ്ങളെ പ്രശോഭിപ്പിക്കണമെ. പിതൃ പുത്ര പരിശുദ്ധാത്മാവേ! അവ സംബന്ധമായ ധ്യാനവും വായനയും നിന്റെ രാജ്യത്തിന്റെ മഹത്വത്തിനും പുകഴ്ച്ചയ്ക്കുംവേണ്ടി ശ്രദ്ധിക്കുന്നവരുടെ നിർമ്മാണത്തിനായി ഹൃദയ വെടിപ്പോടും വിശ്വാസത്തോടും മുഖപക്ഷമില്ലാതെ നടത്തുവാൻ അവനിടയാകണമെ. ഹോശോവബ് .... ആമ്മീൻ.

(കബിലാനകൾ കൊണ്ട് രഹസ്യങ്ങൾ മൂടുന്നു. സ്ഥാനാർത്ഥി ചെന്നു കാർമ്മികന്റെ പുറകിൽ നിൽക്കുന്നു)

## സ്ഥാനവസ്ത്ര ധാരണം

അനന്തരം ശുശ്രൂഷാകുപ്പായവും ഊറാറായും കാർമ്മികൻ തന്റെ കൈളിൽ പിടിച്ച് ആഘോഷണംകൂടാതെ രഹസ്യങ്ങളിന്മേൽ രണ്ടുപ്രാവശ്യം Ani-Clock wise (അപ്രദിക്ഷണം) ആയിട്ടും ഒരു പ്രാവശ്യം Clock wise (പ്രദക്ഷിണം) ആയിട്ടും ചുറ്റിയിട്ടു പടിഞ്ഞാട്ടു തിരിഞ്ഞു സ്ഥാനാർത്ഥിയുടെ തലയിലും അപ്രകാരം ചെയ്തിട്ട്സ്ഥാനാർത്ഥിയെ ധരിപ്പിക്കുവാൻ ശെമ്മാശ്ശനെ ഏല്പിക്കുന്നു. തദവസരങ്ങളിൽ ................ ............ എന്നുള്ളതു ചൊല്ലിക്കൊണ്ടിരിക്കും (മ്സമ്റോനോ സ്ഥാനം സ്ഥാനാർത്ഥിക്കു മുമ്പുണ്ടെങ്കിൽ ശുശ്രൂഷ കുപ്പായം ധരിച്ചുകൊണ്ട് ശുശ്രൂഷയിൽ സംബന്ധിക്കാം. അപ്പോൾ ഊറാറാ മാത്രം മതിയാകും)

ഊറാറാ സ്ലീബാ രൂപത്തിൽ കെട്ടുന്നു. തൊപ്പി ആഘോഷണമൊന്നും കൂടാതെ മേല്പട്ടക്കാരൻ തലയിൽ വെച്ചു കൊടുക്കുന്നു.
പ്രവചന പുസ്തകം മേല്പട്ടക്കാരൻ സ്ഥാനാർത്ഥിക്കു കൊടുക്കുകയും അയാൾ അതു പിടിച്ചുകൊണ്ട് ബലിപീഠം ചുറ്റി മുത്തുകയും കാർമ്മികനായ മേല്പട്ടക്കാരന്റേയുംസന്നിഹിതരായ മറ്റു മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും കൈമുത്തുകയും ശുശ്രൂഷക്കാർക്ക് കൈകസ്തൂരി കൊടുക്കുകയും ചെയ്യുന്നു. തദവസരത്തിൽ തക്കതായ മാനീസാ ചൊല്ലുന്നു (താഴെ കാണുക)

പുസ്തകം പിടിച്ച് മദ്ബഹായുടെ ഒരു വശത്തു നിന്നു കൊണ്ട് തുടന്നുള്ള കുർബ്ബാനയിൽ സംബന്ധിക്കുന്നു. വി. കുർബ്ബാനാനുഭവ സമയത്ത് മേല്പട്ടക്കാരൻ അയാൾക്ക് വി. കുർബ്ബാന കൊടുക്കുന്നു. കുർബ്ബാന കഴിഞ്ഞ് വാഴ്വുണ്ടെങ്കിൽ അതും കഴിഞ്ഞ് മേല്പട്ടക്കാരന്റെ അനുവാദത്തോടെ അംശവസ്ത്രങ്ങൾ ഊരി വെയ്ക്കാം.

**മാനീസാ**

1. അന്യോന്യം ശ്ലോമ്മാ നൽകിൻ
കർത്താവിൻ ശ്ലോമ്മാ നമ്മിൽ
വാസം ചെയ്തീടട്ടെന്നും
തമ്മിൽ ചുംബിക്കേണം നാം
തൽ ശ്ലോമ്മോയും ശൈനോയും
നമ്മെ കാക്കട്ടെന്നാളും

2. മാളികയിൽ ശിഷ്യന്മാരോ-
ടുത്ഥാനത്തിൻ നാളുകളിൽ
നാഥൻ കല്പിച്ചാനേവം
ശ്ലോമ്മാ! പ്രിയരെ! നിങ്ങളിലീ-
ശ്ലോമ്മാ വാഴട്ടെന്നാളും
ലോകാന്ത്യത്തോളം തന്നെ.

3. അന്യോന്യം സ്നേഹിപ്പിനെ-
ന്നോതിയ നാഥാ! നിൻ സ്നേഹം
വാണീടണമെങ്ങളിലെന്നും
സ്തുതി ദൈവത്തിനുയരത്തിൽ
ഭൂതലമെങ്ങും തൽ ശാന്തി
മാനവരിടയിൽ സംപ്രിതി.

# എവുപ്പദ്യക്നോ
# SUB DEACON

## പഴയനിയമ വായന

സ്ഥാനാർത്ഥിയോ അയാൾക്കു വേണ്ടി മറ്റൊരാളോ ഏശായാ പ്രവചനം 44: 1-4 59: 21; 61: 1-3 എന്നീ ഭാഗങ്ങൾ മദ്ബഹായുടെ വളവിങ്കൽ പടിഞ്ഞാട്ടു തിരിഞ്ഞു നിന്നു വായിക്കുന്നു.

ഇപ്പോൾ എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലേ, കേൾക്കു നിന്നെ രൂപീകരിച്ചവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ സഹായിച്ചവനുമായ കർത്താവ് കല്പിക്കുന്നു: എന്റെ ദാസനായ യാക്കോബേ, നീ ഭയപ്പെടേണ്ട. ദാഹിച്ചിരിക്കുന്ന സ്ഥലത്തു ഞാൻ വെള്ളവും വരണ്ട സ്ഥലത്തു നീർച്ചാലും തരും. നിന്റെ സന്തതി മേൽ എന്റെ ആത്മാവിനേയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തേയും പകരും. അവർ പുല്ലിന്റെ ഇടയിൽ നീർചാലുകൾക്കരികെയുള്ള അലരികൾ പോലെ മുളച്ചു വരും.
ഞാൻ അവരോടു ചെയ്തിരിക്കുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നു മുതൽ ഒരുനാളും വിട്ടുപോകയില്ല എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
പീഡിതരോട് സുവിശേഷം ഘോഷിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കുകയാൽ ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറിവു കെട്ടി സുഖപ്പെടുത്തുവാനും തടവുകാർക്ക് വിടുതലും, ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും പ്രസംഗിപ്പാനും കർത്താവിന്റെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ രക്ഷാദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതരെയെല്ലാം ആശ്വസിപ്പാനും സെഹിയോനിലെ ദുഃഖിതർക്ക് വെണ്ണീറിനു പകരം മഹത്വവും ദുഃഖത്തിനു പകരം ആനന്ദതൈലവും സങ്കടമുള്ള മന

സ്സിനു പകരം സ്തുതി എന്ന മേലങ്കിയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. അവൻ മഹത്വീകരിക്കപ്പെടേണ്ടതിന്ന് അവർക്ക് നീതിയിൻ ആദ്യഫലങ്ങൾ എന്നും കർത്താവിന്റെ നടുതല എന്നും പേരാകും

Yet hear now, O Jacob My servant, and Israel, whom I chose. Thus says the Lord God who made you, and formed you from the womb: "You will yet be helped; fear not, Jacob My servant, and Israel, My beloved, whom I chose. For I will give water to the thirsty who walk in a waterless place. I will put My Spirit upon your seed and My blessings upon your children. They will spring up like grass in the midst of the water and like willows by the flowing water.

This shall be My covenant with them, "says the Lord. My Spirit who is upon you, and My words I caused to be in your mouth shall not fail from the mouth of your seed; for the Lord has spoken it, from now and forever.

The Spirit of the Lord is upon Me, because of which He anointed Me. He sent Me too proclaim good news to the poor, to heal the brokenhearted, to preach liberty to the captivies and recovery of sight to the blind; to declare the acceptable and to comfort all who mour; to give those who mourn in Zion glory instead of ashes, the oil of gladness to those who mourn; the garment of glory instead of a spirit of indifference. They shall be called generations of righteousne-ss, the planting of the Lord glory.

**ലേഖനം**

ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ്
ജാതികളിടയിൽ

ഭൂതലസീമയിതോളം
നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു.
സ്വർഗ്ഗമഹാ-രാജ്യം

Those Apostles
: Chosen, sent by God, they went-
to ev'ry place
Through all the world,
Gentiles heard from them the news,
The Gospel grace.
They proclaimed-the kingdom,
Heav'ns rule-of freedom
For the faithful bliss.

1 യോഹന്നാൻ 2: 13 അവസാനം വെരെ

പിതാക്കളെ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾക്കു ഞാൻ എഴുതുന്നു. യുവാക്കളെ ദുഷ്ടനെ നിങ്ങൾ ജയിച്ചിരിക്കയാൽ നിങ്ങൾക്കു ഞാൻ എഴുതുന്നു. കുഞ്ഞുങ്ങളെ നിങ്ങൾപിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്ക് എഴുതി. ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കുകയാൽ പിതാക്കളെ നിങ്ങൾക്കു ഞാൻ എഴുതി. യുവാക്കളെ നിങ്ങൾ ബലശാലികൾ ആകയാലും ദൈവ വചനം നിങ്ങളിൽ വസിക്കുന്നതിനാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും നിങ്ങൾക്കു ഞാൻ എഴുതി. നിങ്ങൾ ലോകത്തേയും അതിലുള്ള യാതൊന്നിനേയും സ്നേഹിക്കരുത്. എന്തെന്നാൽ ലോകത്തെ സ്നേഹിക്കുന്നവനിൽ പിതാവിന്റെ സ്നേഹമില്ല. ലോകത്തിലുള്ളവ എല്ലാം; ജഡമോഹവും കൺമോഹവും ലോകത്തിന്റെ പ്രതാപവും ആകുന്നു. അവ പിതാവിൽ നിന്നല്ല; പിന്നയോ, ലോകത്തിൽ നിന്നുള്ളവയത്രെ. ലോകവും അതിന്റെ മോഹവും അഴിഞ്ഞു പോകും. ദൈവത്തിന്റെ തിരുഹിതം ചെയ്യുന്നവ

ൻ എന്നേക്കും നിലനിൽക്കും.

എന്റെ മക്കളെ, ഇത് അന്ത്യകാലമാകുന്നു. വ്യാജമ്ശിഹാ വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ വളരെയേറെ കള്ള മ്ശിഹാമാർ ഉണ്ടായിട്ടുണ്ട്. അതിനാൽ അന്ത്യകാലമായി എന്നു നമുക്കറിയാം. അവർ നമ്മിൽ നിന്നു വിട്ടുപോയിരിക്കുന്നു. എന്നാൽ അവർ നമ്മിൽ പെട്ടവരല്ല. അവർ നമ്മിൽ പെട്ടവരായിരുന്നെങ്കിൽ- അവർ നമ്മോടൊരുമിച്ചു നിലകൊള്ളുമായിരുന്നു. അവർ നമ്മിൽ നിന്നുള്ളവരല്ല എന്നു പ്രസിദ്ധമാക്കേണ്ടതിനായി അവർ നമ്മിൽ നിന്നും വിട്ടുപോയി.

നിങ്ങൾക്കോ വിശുദ്ധനിൽ നിന്നുമുള്ള "അഭിഷേകം ഉണ്ട്. നിങ്ങൾ എല്ലാവരേയും" തിരിച്ചറിയുന്നു.

നിങ്ങൾ സത്യം അറിയായ്ക കൊണ്ടല്ല ഞാൻ നിങ്ങൾക്ക് എഴുതിയത്. നിങ്ങളോ സത്യം അറിയുന്നു. ഈ വ്യാജമെല്ലാം സത്യത്തിൽ നിന്നുണ്ടായതല്ല എന്നും നിങ്ങൾ അറിയുന്നു.

യേശു "മ്ശിഹായല്ല" എന്നു തള്ളിപറയുന്നവനല്ലാതെ ആരാകുന്നു കള്ളൻ! അവനാകുന്നു കള്ള മ്ശിഹാ. പിതാവിനെ തള്ളിപറയുന്നവൻ- പുത്രനേയും തള്ളിപറയുന്നു. പുത്രനെ തള്ളി പറയുന്നവൻ, പിതാവിലും വിശ്വസിക്കുന്നില്ല. പുത്രനെ ഏറ്റു പറയുന്നവൻ പിതാവിനേയും ഏറ്റു പറയുന്നു.

നിങ്ങൾ മുമ്പു കേട്ടിട്ടുള്ളത് നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ നിങ്ങൾ കേട്ടത് നിങ്ങളിൽ വസിക്കുമെങ്കിൽ, നിങ്ങളും പിതാവിലും പുത്രനിലും വസിക്കും. ഇതാകുന്നു താൻ നമുക്കു തന്ന വാഗ്ദത്തം- നിത്യജീവൻ തന്നെ.

നിങ്ങളെ വഴി തെറ്റിക്കുന്നവർ നിമിത്തമാണ് ഇവ ഞാൻ നിങ്ങൾക്കു എഴുതിയത്. തന്നിൽ നിന്നും നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ സ്ഥിരമായി സ്ഥിതി ചെയ്യുമെങ്കിൽ- ആരും നിങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമേയില്ല. ദൈവത്തിൽ നിന്നുള്ള ആഭിഷേകം എന്നപോലെ അതു സകലത്തേക്കുറിച്ചും നിങ്ങളെ പഠിപ്പിക്കും. അവ സത്യമാകുന്നു. അതിൽ വ്യാജമേയില്ല. അവൻ നിങ്ങളെ പഠിപ്പിച്ചതുപോലെ അവനിൽ നിങ്ങൾ വസിപ്പിൻ.

ഇപ്പോൾ എന്റെ മക്കളേ, താൻ പ്രത്യക്ഷപ്പെടുമ്പോൾ അവനിൽ നിന്നും നം ലജ്ജിച്ചുപോകാതിരിക്കേണ്ടതിന് തന്നിൽ സ്ഥിരമാ

യിരിപ്പിൻ. എന്നാൽ, തന്റെ വരവിങ്കൽനമുക്കു മുഖപ്രസാദംഉണ്ടാകും. താൻ നീതിമാനാകുന്നു എന്നു നിങ്ങൾ അറിഞ്ഞുവെങ്കിൽ- നീതി ചെയ്യുന്ന എല്ലാവരും തന്നിൽനിന്നുള്ളവരാണെന്നും അറിഞ്ഞു കൊൾവിൻ.

I write to you, fathers, because you have known Him, who is from the beginning. I write to you, young men, because you have overcome the wicked one. I write to you, little chidren because you have known the father. I have written to you, fathers, because you have known Him, who is from the beginning. I have written to you young men, because you are strong, and the word of God abidesd in you. And you have overcome the wicked one.

Do not love the words or the things in the world. If anyone loves the world, the love of the Father is not in him. For all that is in the world-the lust of the flush, the llust of the eyes, and the pride of life-is not of the Father bust is of the world. And the world is passing away, and the lust of it; but he who does the wil of God abides forever

Little children, it is the last hour; and as you have heard that the Antichrist is coming, even now many antichrists have come, by which we know that it is the last hour. They went out from us, but they were not of us; for if they had been of us, they woud have continued with us; but they went out that they might made manifest, that none of themwereof us.

But you an anointing from the Hole one, and you know all things. I have not written to you because you do not know the truth, but because you know it, and that no lie is of the truth.
Who is aliar but he who denies that Jesus is the Christ? He is antichrist who denies the Father and the Son. Whoever

denies the Son does not have the Father either; he who acknowledges the Son has the Father also

Therefore let that abide in you which you heard from the beginning abides in you, you also will abide in the Son and in the Father. And is the promise that He has promised us-eternal life.

These things I have written to you concerning those who try to try to deceive you. But the anointing which you have received from Him abides in you, and you do not need that anyone teach you; but as the same anointing teaches you concerning all things, and is true, and is not alie, and just as it has taught you, you will abide in Him.

And now, little children, abide in Him that when He appears, we may have confidence and not be ashamed before Him at His coming. If you know that He is righteousness, you know that everyone who practices righteousness is born of Him.

## ഏവൻഗേലി

സ്ഥാനാർത്ഥി കാർമ്മികന്റെ അടുത്തു നിൽക്കുന്നു.കാർമ്മികൻ ദർഗ്ഗായിൽ കയറി പടിഞ്ഞാട്ടു തിരിഞ്ഞു നിന്ന വേദപുസ്തകം സ്ഥാനാർത്ഥിയുടെ കഴുത്തിലും തോളിലുമായി വച്ചു കൊണ്ടു വായിക്കുന്നു. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ ഒരുമിച്ചു നിർത്തി വായിക്കാം.

### ലൂക്കോസ് 4: 14-30

യേശുതമ്പുരാൻ ആത്മശക്തിയോടെ ഗലീലയിലേക്കു തിരികെ വന്നു. അവരുടെ ചുറ്റുമുള്ള പ്രദേശമൊക്കെയും തന്നെപ്പറ്റിയുള്ള ശ്രുതി പരന്നു. അവരുടെ സംഘാലയങ്ങളിൽ താൻ പഠിപ്പിച്ചുകൊണ്ടിരുന്നു. എല്ലാവരാലും താൻ പ്രശംസിക്കപ്പെട്ടു. താൻ വളർത്തപ്പെട്ട നസ്രേത്തിലേക്കു അവൻ വന്നു. തനിക്കു പതിവുണ്ടായിരുന്ന പ്ര

കാരം ശാബത്തു ദിവസത്തിൽ സംഘാലയത്തിലേക്കു പ്രവേശിച്ച് വായിപ്പാൻ എഴുന്നേറ്റ നിന്നു. ഏശായാ പ്രവാചകന്റെ പുസ്തകം തനിക്കു നൽകപ്പെട്ടു. യേശുതമ്പുരാൻ പുസ്തകം വിടുത്തി. "കർത്താവിന്റെ ആത്മാവു എന്റെ മേലുണ്ട്. അതു നിമിത്തമായി ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ സൌഖ്യമാക്കുവാനും, ബന്ധിതർക്കു വിടുതലും, കുരുടന്മാർക്കു കാഴ്ചയും അറിയിപ്പാനും തകർന്നവരെ മോചനത്താൽവിട്ടയപ്പാനും, കർത്താവിന്റെപ്രസാദവർഷം പ്രസംഗിപ്പാനും അവൻഎന്നെഅയച്ചിരിക്കുന്നു." എന്നുഎഴുതപ്പെട്ടിരിക്കുന്ന ഭാഗം കണ്ടെത്തി ആയതു വായിച്ചു. താൻ പുസ്തകചുരുൾ തെറുത്ത് ശുശ്രൂഷക്കാരനെ ഏല്പിച്ചിട്ട് പോയി ഇരുന്നു. സംഘത്തിൽ ഉണ്ടായിരുന്ന എല്ലാവരുടേയും നയനങ്ങൾ തന്നെ സൂക്ഷിച്ചു കൊണ്ടിരുന്നു. ഇന്നേ ദിവസം ഈ തിരുവചനം നിങ്ങളുടെ കാതുകളിൽ നിവൃത്തിയായിരിക്കുന്നു." എന്നു താൻ അവരോടു പ്രാരംഭമായി പറഞ്ഞു. എല്ലാവരും തന്നെപ്പറ്റി സാക്ഷ്യം വഹിച്ചു. തന്റെ വായിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ലാവണ്യവചനങ്ങളിൽ വിസ്മയിച്ച് 'ഇവൻ യൌസേഫിന്റെ പുത്രനല്ലയോ' എന്നു പറഞ്ഞു. യേശുതമ്പുരാൻഅവരോട്"വൈദ്യാനിന്നെത്തന്നെസൗഖ്യമാക്കുക" എന്ന ചൊല്ലും "നീ കഫർന്നഹൂമിൽ പ്രവർത്തിച്ചതായി ഞങ്ങൾ കേട്ടതെല്ലാം ഇവിടെ നിന്റെ പട്ടണത്തിലും ചെയ്ക" എന്നും പക്ഷേ നിങ്ങൾ എന്നോടു പറയുമായിരിക്കും എന്നു പറഞ്ഞു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു തന്റെ പട്ടണത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്രവാചകനില്ല. സത്യം ഞാൻ നിങ്ങളോടു പറയുന്നു "ഏലിയാപ്രവാചകന്റെ നാളുകളിൽ മൂന്നു വർഷവും ആറു മാസവും ആകാശം അടയ്ക്കപ്പെട്ടിരിക്കയും, ഭൂതലം ഒക്കെയും വലിയ ക്ഷാമം ഉണ്ടാകുകയും ചെയ്തപ്പോൾ പല വിധവകൾ ഇസ്രായേലിൽ .ഉണ്ടായിരുന്നു. എന്നാൽ സൈദോൻ സറപ്തയിലെ വിധവയായ ഒരു സ്ത്രീയുടെ അടുക്കലേക്കല്ലാതെ അവരിൽ മറ്റൊരുവളുടെയും അടുക്കലേക്കു ഏലിയാ അയക്കപ്പെട്ടില്ല. ഏലീശാ പ്രവാചകന്റെ കാലത്ത് പല കുഷ്ഠരോഗികൾ ഇസ്രായേൽ ദേശത്തുണ്ടായിരുന്നു ഓറോം (സിറിയ)കാരൻ നയമാനല്ലാതെ അവരിൽ ഒരുവനും വെടിപ്പാക്കപ്പെട്ടില്ല" എന്നു താൻ അരുളിചെയ്തു, സംഘത്തിൽ ഉണ്ടായി

ருന്നവർ ഇവ കേട്ടപ്പോൾ എല്ലാവരും കോപം കൊണ്ടു നിറഞ്ഞ്, എഴുന്നേറ്റ് പട്ടണത്തിന്റെ വെളിയിലേക്കു തന്നെ കൂട്ടികൊണ്ടു അവരുടെ പട്ടണം പണിയപ്പെട്ടിരുന്ന മലയുടെ ഉച്ചിയിലേക്കു കിഴുക്കാം തൂക്കിൽ കൂടി തന്നെ തള്ളി ഇടുവാൻ കൊണ്ടു പോയി. താനോ അവരുടെ ഇടയിൽ കൂടി കടന്നു പോയി.

വായന കഴിയുമ്പോൾ സ്ഥാനാത്ഥി മുൻസ്ഥാനത്തു പോയി (മുട്ടുകുത്തി) നിൽക്കുന്നു. കാമ്മികൻ ദഗ്ഗായിൽ തന്നെ പടിഞ്ഞാട്ടു അഭിമുഖമായി നിന്നു. ശീലമുടി ഇട്ടുകൊണ്ടും വടി, സ്ലീബാ എന്നിവ പിടിച്ചുകൊണ്ടും തുടന്നുള്ള എനിയോനോ ചൊല്ലിക്കൊണ്ട് സ്ഥാനാത്ഥിയെ റൂശ്മാ ചെയ്യുന്നു.

Then Jesus returned in the power of the Spirit to Galilee, and news of Him went out through all the surrounding region. And He taught in their synagogues, being glorified by all.

So He came to Nazareth, where He had been brought up. And His custom was, He went into the synagogue on the Sabbath day, and stood up to read. And He was handed the book of the prophet Isaiah. And when He had opened the book, He found the place where it was written:

"The Spirit of the LORD is upon Me. Because He has anointed Me to preach the gospel to the poor: He has sent Me to heal the brokenhearted. To proclaim liberty to the captives And recovery of sight to the blind. To set at liberty those who are oppressed; to proclaim the acceptabe year of the LORD"

Then He closed the book, and gave it back to the attendant and sat down. And the eyes of all who were in the synaggue wered fixed on Him. And He began to say to them. "Today this Scripture is fulfilled in your hearing" So all bore witness to Him, and marveled at the gracious words which proceed-

ed out of His mouth. And they said, "Is this not Joseph's son?"

He said to them, "You will surely say this proverb to Me, "Physician heal yoursef! Whatever we have heard done in Capernaum, do also here in Your country'" Then He said, "Assuredly, I say to you, no prophet is accepted in his own country. But I tell you truly, many widows were in Israel in the days of Elijah, when the heaven was shut up three years and six months, and there was a great famine throughout all the land; but none of them was Elijah sent except to Zarephath, in the region of Sidon, to a woman who was a widow. And many lepers were in Israel in the time of Elisha the prophet, and none of them was cleansed except Naaman the Syrian."

So all those in the synagogue, when they heard these things, were filled with wrath, and rose up and thrust Him out of the city; and they led him to the brow of the hill on which their city was build, that they might thorow Him down over the cliff. Then passing through the midst of them, He went His way.

## എനിയോനോ

1. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ.അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

സീനായ് മലയേ തിരുവാസാൽ
പാവനമാക്കിയ പരിശുദ്ധാ!
വന്നു വസിച്ചീ ദാസനെ (രെ)യും
നിർമ്മലനാ(രാ)ക്കിത്തീർക്കണമെ.

2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായിൽ താൻ താണെത്തി
മോശയ്ക്കായി താൻ കൈവെയ്പ്പേകി
മോശയതഹറോനായ് നൽകി
വന്നന്നതു യോഹന്നാനോളം.

3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

നിബിയർ മൂലം ഭാഷിച്ചോൻ
ശ്ലീഹന്മാരിൽ പാത്തോനാം
റൂഹാ വന്നീ ദാസനെ (രെ) യും
നിമ്മലനാ (രാ) ക്കിത്തീക്കണമെ.

4. തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

പ്രാവെന്നോണം താണെത്തി
സുതന്റെ ശിരസ്സിൽ വാണവനാം
റൂഹാ വന്നീ ദാസനെ (രെ) യും
പാവനനാ (രാ) ക്കിത്തീക്കണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കത്താവിനെ സ്തുതിക്കട്ടെ.

മാളികയിൽ ശ്ലീഹന്മാർ മേൽ
ആവാസം ചെയ്തോൻ റൂഹാ
വന്നു വസിച്ചീ ദാസനെ (രെ) യും
നിമ്മലനാ (രാ) ക്കിത്തീക്കണമെ. ശുബഹോ ......

6. സ്തുത്യൻ പരിശുദ്ധൻ താതൻ
തിരുസുതനെ പ്രേഷിപ്പിച്ചോൻ
നിമ്മല ഗഭേ വാണവനും

സിദ്ധത സിദ്ധക്കായി നൽകി. മെനഗാലം .....

7. ശമുവേൽ നിബിയേ ജഠരത്തിൽ
നിർമ്മലനാക്കിയ വിമലാത്മൻ
വന്നു വസിച്ചീ ദാസനെ (രെ) യും
പാവന (രാ) ക്കിത്തീർക്കണമെ.

## മുടിവെട്ട്

(നോട്ട്: മുടിവെട്ട് അമോലോഗിയാ സമയത്തോ, ഗാവേനോയോസോ സമയത്ത് എത്രാ കഴിഞ്ഞോ, ഏവൻഗേലിക്ക ശേഷമുള്ള എനിയോനോ കഴിഞ്ഞോ നടത്താവുന്നതാണ്)

**മേല്പട്ടക്കാരൻ:** (സ്ഥാനാർത്ഥി കാർമ്മികന്റെ മുമ്പിൽ തല കുനിച്ചു നിൽക്കുന്നു. മേല്പട്ടക്കാരൻ മുടി കത്രിച്ചുകൊണ്ടു പറയുന്നു:)

**മലയാളം**

(ഇന്ന സ്ഥലത്തുള്ള) മാർ ഇന്നാരുടെ മദ്ബഹായിൽ വെച്ച് പരിശുദ്ധ സഭയിലേക്കു (ഇന്നാരു) സകല കളങ്കങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നുമുള്ളനിർമ്മലീകരണത്തിനു എവുപ്പദ്യക്നോ പട്ടം വെട്ടി മുദ്ര കുത്തപ്പെടുന്നു. ബാറെക്മോർ.

## വിശ്വാസപ്രമാണം

**ശെമ്മാശ്ശൻ** :ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്നു ഈ വന്ദ്യപിതാവിന്റെ പ്രാർത്ഥന ഏറ്റുചൊല്ലണം.

**മേല്പട്ടക്കാരൻ** : സർവ്വശക്തിയുള്ള പിതാവായി

**വിശ്വാസികൾ:** സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സ

ത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയ ല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും ത ന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും ന മ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേ റി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവ രേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇ നിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമി ല്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങ ൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറ പ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്ക പ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ച വനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലി കവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വി ശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞ ങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരി ക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാക്കുന്നു ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

We believe in one true God,

The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven, and sat on the right hand of his Father, and shall come again in his great glory to judge both the livi-ng and the dead, whose kingdom shall have no end Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Churhch; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come.

Amen.
Barekmore, Stoumen kalos Kurielaison.

(മേല്പട്ടക്കാരൻ ദഗ്ഗായിൽ കിഴക്കോട്ട് അഭിമുഖമായി നിന്ന കൊണ്ട് കാസാ യുടേയും പീലാസ്സായുടേയും കബിലാനാകൾ നീക്കി ഇരു വശങ്ങളിൽ വയ്ക്കു ന്നു.)

**വിശ്വാസികൾ:** കുറിയേലായിസ്സോൻ എന്നു തുടരെ ചൊല്ലുകയും തദവ സരത്തിൽ മറുവഹസാ, കിലുക്കമണി എന്നിവ തുടരെ കിലുക്കുകയും വലിയ മണി അടിക്കുകയും ചെയ്യുന്നു. മേല്പട്ടക്കാരൻ താഴെ കൊടുത്തിരിക്കു ന്ന രഹസ്യ പരസ്യങ്ങൾ ചൊല്ലുന്നു.

**രഹസ്യം** (കൈകൂപ്പി)

പരിശുദ്ധ സൈന്യങ്ങളുടെ ദൈവമായ കർത്താവേ! ഈ ശുശ്രൂഷ യുടെ ഓഹരിക്കു ഞങ്ങളെ ആക്കിവെച്ചവനും മനുഷ്യബോധങ്ങൾ ക്കു വിജ്ഞാനംകൊടുക്കുന്നവനും ഹൃദയങ്ങളേയും അന്തർ ഇന്ദ്രി യങ്ങളേയും പരിശോധിക്കുന്നവനുമായുള്ളോവേ! കർത്താവേ! ഏറി യ നിന്റെ കൃപനിമിത്തം ഞങ്ങളെ ചെവിക്കൊണ്ട് ജഡത്തിന്റേയും ആത്മാവിന്റേയും സകല കളങ്കത്തിൽ നിന്നും ഞങ്ങളെ വെടിപ്പാ ക്കണമെ. മേഘം പോലെ ഞങ്ങളുടെ പാപങ്ങളും മൂടൽ മഞ്ഞു പോലെ ഞങ്ങളുടെ അധർമ്മങ്ങളും നീക്കികളയണമെ. നിന്റെ ശ ക്തികൊണ്ടും നിന്റെ ഏക പുത്രന്റെ കൃപ കൊണ്ടും സകലത്തി ലും വിശുദ്ധനായ നിന്റെ റൂഹായുടെ വ്യാപാരം കൊണ്ടും ഞങ്ങ ളെ നിറയ്ക്കണമെ. നിന്റെ പരിശുദ്ധ നാമത്തെ യോഗ്യമാക്കുന്ന പ്ര കാരം സ്തുതിപ്പാനും തിരുമുമ്പാകെ നിന്നു നിന്റെ ദിവ്യ രഹസ്യ ങ്ങൾ ശുശ്രൂ,ിച്ച് ആചാര്യവേല ചെയ്യുവാനും തക്കവണ്ണം നിന്റെ പുതിയ നിയമത്തിന്റെ ശശ്രൂഷക്കാരായിത്തീരുവാൻ ഞങ്ങൾക്കു അർഹതനൽകണമെ. അന്യപാപങ്ങൾക്കു സംബന്ധികളായിത്തീ രുവാൻ ഞങ്ങളെ വിട്ടുകളയരുതെ. എന്നാലോ ഞങ്ങൾക്കുള്ള വയെ നീ മായിക്കുകയും ചെയ്യണമെ. കർത്താവേ! യാതൊന്നും ഉ പേക്ഷയായി ചെയ്യാതിരിപ്പാൻ ഞങ്ങൾക്കിടയാക്കണമെ. എന്നാ ലോ യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത് നിനക്കു സമർപ്പിപ്പാൻ ജ്ഞാനം ഞങ്ങൾക്കു നൽകണമെ.

**പരസ്യം** (കൈമുയർത്തി)

കർത്താവേ ഈ എവുപ്പദ്യക്നോ ശുശ്രൂഷയെ നീ അംഗീകരിക്ക ണമെ. ഇവിടെ അടുത്തു വന്നു നിന്റെ സ്വർഗ്ഗീയ നൽവരത്തെ നോ

ക്കിപാക്കുന്ന ഈ നിന്റെ ദാസനെ (രെ) നീ പൂർണ്ണനാ (രാ) ക്കണമെ. എന്തെന്നാൽ നീ ആർദ്രതയുള്ളവനും നിന്നെ വിളിക്കുന്ന സകലരോടും വളരെ കരുണയുള്ളവനുമാകുന്നുവല്ലോ. നിന്റെയും നിന്റെ ഏകജാതനാം പുത്രന്റേയും നിന്റെ പരിശുദ്ധ റൂഹായുടേയും ആധിപത്യം ശക്തിയുള്ളതാകുന്നു. ഹോശോ വബ് ...... ആമ്മീൻ.

**മേല്പട്ടക്കാരൻ:** നിങ്ങൾക്കെല്ലാവർക്കും സമാധാനം.
**വിശ്വാസികൾ:** അവടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

### **കോറൂസൂസോ** (കർത്തൃവിളി പ്രഖ്യാപനം)

അനന്തരം മക്ക്ദിയാക്കോൻ കോറൂസൂസോ വായിക്കുന്നു. കാർമ്മികൻ കോറൂസൂസോ എഴുതിയിരിക്കുന്ന കടലാസ് വലത്തുകൈകൊണ്ട് എടുത്ത് (ചിലർ അത് കാസായും പീലാസായും ചുറ്റിച്ച്) അക്ക്ദിയാക്കോന്റെ കൈയിൽ കൊടുക്കുന്നു. അയാൾ അംശവടിയുമായിവന്നു മേല്പട്ടക്കാരന്റെ കൈമുത്തി അതു വാങ്ങി പടിഞ്ഞാട്ടു വന്നു മദ്ബഹായുടെ വളവിങ്കൽ വടക്കോട്ടു തിരിഞ്ഞു നിന്നു കൊണ്ട് രാഗത്തിൽ നീട്ടിവായിക്കുന്നു. വായിച്ച ശേഷം തിരികെ കൊണ്ടു ചെന്നു കാർമ്മികനെ ഏല്പിച്ചു കൈമുത്തുന്നു.

**തർജ്ജിമ**

ഭയകമ്പിതനാ (രാ) യിങ്ങെത്തി
സത്യമതാം വിശ്വാസത്താൽ
നിർമ്മലമാം മദ്ബഹാ മുമ്പിൽ
മൌലിനമിച്ചുയരേമേവും
നിന്നേയുൾക്കണ്ണാൽ നോക്കി
സ്വർഗ്ഗിക ദാനം വാഞ്ചിക്കും
ദാസനെ (രെ) ജനക ഹിതത്താലും
റൂഹാ തൻ വീര്യത്താലും
അടിയാരുടെ കുറവുകളെല്ലാ-
മെപ്പോഴും പോക്കീടുന്ന
കർത്താവേശു മ്ശിഹാ തൻ
കൃപയാഹ്വാനം ചെയ്യുന്നു.

സ്ഥാനാർത്ഥിയുടെ തലയിൽ വലത്തുകൈ വെച്ച് അയാളെ അടുപ്പിച്ചു കൊണ്ട്

**മേല്പട്ടക്കാരൻ :**

**അക്ക്ദിയോക്കൻ :**

**മലയാളം**

**മേല്പട്ടക്കാരൻ :** നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ (സഹോദരാ-മ്സമ്റോനേ-കോറൂയോ) പദവിയിൽ നിന്നും എവുപ്പദ്യക്നൂസാ പദവിയിലേക്കു വിളിച്ചു അടുപ്പിച്ചിരിക്കുന്നു.

**അക്ക്ദിയാക്കോൻ**

പ. ദൈവമാതാവായ മറിയാമിന്റെയും പന്ത്രണ്ടു ശ്ലീഹന്മാരുടെയും നാല്പതു ശ്രേഷ്ഠ സഹദേന്മാരുടെയും, നമ്മുടെ പിതാവായ മാർ മത്തായി, മാർ സാക്കായി, മാർ മൂശ, മാർ യൂലിയാനാ എന്നിവരുടെയും സുകൃതുവാനും സഹദേന്മാരുടെ കിരീടവുമായ മാർ ബഹനാമിന്റെയും, മ്ശിഹായെ സ്നേഹിക്കുകയും, മ്ശിഹായാൽ സ്നേഹിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്റെ അധികാരത്തിൻ കീഴ് (ഇന്ന ദേശത്തുള്ള) പരിശുദ്ധനായ മാർ (ഇന്നാരുടെയും) ദേവാലയത്തിലെ വിശുദ്ധവും ദിവ്യവുമായ മദ്ബഹായിൽ വച്ച് ഇന്നു എവുപ്പദ്യക്നോയെ വിളിച്ച് അടുപ്പിച്ചിരിക്കുന്നു.

(ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളുണ്ടെങ്കിൽ ആവർത്തിക്കുന്നു)

**കോറൂസൂസോ** (മറ്റൊന്നു)

അക്ക്ദിയാക്കോൻ ക്രമപ്രകാരം വായിക്കുന്നു.

**തുബ്ദ്ദിമ**

ഇവന്റെ (രു) ടെ സംഭ്രമ വേളയിൽ
ഇപ്പോഴുമെപ്പോഴുമെന്നേക്കും
പാവനറൂഹാ തൻ കൃപയും
വാസവുമിവന്റെ (വർക്കു) ണ്ടായിടുവാൻ
നാമെല്ലാവരുമഭ്യർത്ഥി
ച്ചട്ടഹസിച്ചുര ച്ചെയ്യേണം
മൂവുരു കുറിയേലായിസ്സോൻ

## കുറിയേലായിസ്സോൻ- കുറിയേലായിസ്സോൻ - കുറിയേലായിസ്സോൻ

(കൈ ആവസിപ്പിക്കൽ കമ്മം)

**രഹസ്യം** (കൈകൂപ്പി)

(വിശ്വാസികൾ കുറിയേലായിസ്സോൻ എന്ന ചൊല്ലുകയും തദവസരത്തിൽ മറുവാസാകൾ, കിലുക്കമണി, എന്നിവ തുടരെ കിലുക്കുകയും വലിയ മണി അടിക്കയും ചെയ്യുന്നു)

**കത്താവേ! നിന്റെ പരിശുദ്ധ നാമത്തിനു യോഗ്യമാകുന്നപ്രകാരം നിന്റെ മഹത്വമുള്ള ദേവാലയത്തിൽ വേലചെയ്തു ശുശ്രൂഷിപ്പാനും തിരുമുമ്പാകെകരുണകണ്ടെത്തുവാനും നിന്റെ മനുഷ്യസ്നേഹത്താൽ ഇവൻ (ർ) യോഗയനായി (രായി) ത്തീരുവാൻതക്കവണ്ണം എവുപ്പദ്യക്നൂസായുടെ വിളിക്കുയോഗ്യതയുള്ളവനായി ഇവനെ (രെ) നീ ആക്കിത്തീക്കണമെ.**

**പരസ്യം** (കൈകളുയത്തി)

**എന്തെന്നാൽ നീ കാരുണ്യവാനും അനുഗ്രഹിക്കുന്നവനുമായ ദൈവമാകുന്നുവല്ലോ. നിനക്കും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ വബ് .......... ആമ്മീൻ.**

സ്ഥാനാത്ഥി ദഗ്ഗായുടെ തെക്കു വശത്തു വടക്കോട്ടഭിമുഖമായി (മുട്ടുകുത്തി) നിൽക്കുന്നു. (അയാളെ കാപ്പ കൊണ്ട് മറയ്ക്കുന്നു). മേല്പട്ടക്കാരൻ തന്റെ രണ്ടു കൈകളിലേയും തള്ളവിരലുകളൊഴിച്ചുള്ള മറ്റുവിരലുകൾ വെവ്വേറെ ചേത്തു പിടിച്ച് പീലാസായുടെ വക്കുകളിൽ കൂടി പടിഞ്ഞാറു നിന്നു കിഴക്കോട്ട് കൈപത്തികൾ കടത്തിവിട്ട് (ഓടിച്ച്) പീലാസായിൽ നിന്നും അനുഗ്രഹം കോരിയെടുത്ത് കൈകൾ ചേത്തു പിടിച്ച് രണ്ടിൽ നിന്നുമുള്ള അനുഗ്രഹം സംഭരിച്ച് സ്ഥാനാത്ഥിയുടെ അടുക്കലേക്കു തിരിഞ്ഞ് രണ്ടു കൈപ്പത്തികളും അയാളുടെ മുഖത്ത് കമഴത്തിവെച്ച് അനുഗ്രഹം കൊടുക്കുകയും ഉടൻ തന്നെ കൈപ്പത്തികൾ അയാളുടെ നെറ്റിയിലും ചെന്നികളിലുമായി മാറ്റി പിടിച്ചു കൊണ്ട് താഴെ കൊടുത്തിരിക്കുന്ന (................. എന്ന) പ്രാത്ഥന രഹസ്യമായി ചൊല്ലുകയും ചെയ്യുന്നു.

നോട്ട്: അനുഗ്രഹങ്ങൾ കൊണ്ടുവരുമ്പോൾ കൈകൾ കബിലാനാ കൊണ്ടു മൂടേണ്ടാ. കൈകൾ ആഘ്ലാഷിച്ച് വിറപ്പിക്കുകയും വേണ്ട.

പീലാസായുടേയും കാസായുടേയും വക്കകളിൽ കൂടി കൈ കടത്തുമ്പോൾ (ഓടിയ്ക്കുമ്പോൾ) .....................(പാറയ്ക്കലീത്താ റൂഹാ വന്നെത്തി) എന്നും സ്ഥാനാത്ഥിയുടെ മുഖത്തേക്കു കൊണ്ടുപോകുമ്പോൾ ............................ (ആവാസം ചെയ്യട്ടവനിൽ) എന്നും മുഖത്തു വയ്ക്കുമ്പോൾ ......................... (ആത്മശരീരക്കറയെല്ലാം പാടേ നീക്കം ചെയ്യട്ടെ) എന്നും രഹസ്യമായി കാമ്മി കൻ ഉരുവിട്ടുകൊണ്ടിരിക്കണം. അതിന്റെ ശേഷം നെറ്റിയും ചെന്നികളും കൂടി പിടിച്ചുകൊണ്ട് ക്രൊയ്ത്തോദു റൂഹാ എന്ന രഹസ്യ പ്രാത്ഥന ചൊല്ലുന്നു. ഈ സമയമെല്ലാം വിശ്വാസികൾ കുറിയേലായിസ്സോൻ ചൊല്ലുകയുംവലിയ മ ണിയും അടിക്കുകയും മറുവാസായും (പാറക്ലീത്താ റൂഹാ വന്നെത്തിട്ടാവാ സം ചെയ്യട്ടിവനിൽ) കിലുക്കമണികളും കിലുക്കുകയും ചെയ്യണം.

## പരിശുദ്ധാത്മാഹ്വാനം പ്രാത്ഥന

രഹസ്യം

ആദിമുതലുള്ളവനും, രാജാക്കന്മാരെ അഭിഷേകം ചെയ്തവനും, നി ബിയന്മാരെ വിശുദ്ധീകരിച്ചവനും, നീതിമാന്മാരെ വിളിച്ചവനുമായ ദൈവമേ! എന്റെ കത്താവേ! വിശുദ്ധമായ ആഹ്വാനത്താൽ ഈ നിന്റെ ദാസനെ (രെ) വിളിച്ച് എവുപ്പദ്യക്നൂസാ റൂശ്മായാൽ അ വനെ മുദ്രണം ചെയ്യണമെ. നിന്റെ പരിശുദ്ധ റൂഹായുടെ നൽവരം അവനു പ്രദാനം ചെയ്തു കൊണ്ട് നിന്റെ പരിശുദ്ധ സഭയിലെ നല്ല ശുശ്രൂഷകനായി അവനെ തിരഞ്ഞെടുക്കണമെ. നിന്റെ ഭവനത്തി ന്റെ സവിഷേയോഗ്യമായ മഹത്വവും സംസഗ്ഗവും സ്നേഹിപ്പാനും നിന്റെ പരിശുദ്ധാലയത്തിന്റെ വാതുക്കൽ നില്പാനും നിന്റെ പ്രാ ത്ഥനാ ഭവനത്തിന്റെ വിളക്കു തെളിക്കുവാനും, ഭയഭക്തിയോടും ജാഗ്രതയോടും ഉത്തമ മനസാക്ഷിയോടും കൂടി നീ വിളിച്ചേല്പിച്ചി ട്ടുള്ള ശുശ്രൂഷ നിവത്തിപ്പാനും കത്താവേ! ഇവനു നീ സംഗതിയാ ക്കണമെ.

(സ്ഥാനാത്ഥി പഴയ സ്ഥാനത്തു പോയി നിൽക്കുന്നു. ഒന്നിൽ കൂടുതൽ സ്ഥാ നാത്ഥികൾ ഉണ്ടെങ്കിൽ കൈ ആവസിപ്പിക്കൽ കമ്മവും ക്രൊയ്ത്തോദുറൂ ഹായും ആവത്തിക്കുന്നു)

### പരസ്യം

മേല്പട്ടക്കാരൻ കിഴക്കോട്ടുതിരിഞ്ഞു ചൊല്ലുന്നു.

ദൈവം തമ്പുരാനെ! ഞങ്ങളുടെ കത്താവേശു മ്ശിഹായ്ക്കു നീതി

ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഫലങ്ങൾ തിങ്ങിയ സൈത്തായി ഇവനെ (രെ) നീ നടത്തണമെ. തന്നോടും സകലത്തിലുംവിശുദ്ധനും ഉത്തമനും വന്ദ്യനും ജിവൻനൽകുന്നവനും സാരാംശത്തിൽ നിന്നോടു സമനായിരിക്കുന്നവനുമായ റൂഹായോടും കൂടെ സ്തുതിയും ബഹുമാനവും ആധിപത്യവും നിനക്കുയോഗ്യമാകുന്നു.ഹോശോവബ് ............ ആമ്മീൻ

## രഹസ്യം

(വിശ്വാസികൾ കുറിയേലായിസ്സോൻ എന്നു ചൊല്ലുകയും മറ്വഹ്സാകൾ, കിലുക്കമണി എന്നിവ കിലുക്കുകയും വലിയ മണി അടിക്കുകയും ചെയ്യുന്നു)

കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയിലും നീ സൂക്ഷിച്ച് സകല കറകളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കികൊണ്ട് നിന്റെ മനുഷ്യസ്നേഹം മൂലം നീ ഇവനെ (രെ) വിളിച്ചേല്പിച്ചിട്ടുള്ള ശുശ്രൂയെ കുറ്റം കൂടാതെ നിർവ്വഹിക്കുവാൻ യോഗ്യനാ (രാ) കുവാൻ തക്കവണ്ണം സ്വർഗ്ഗത്തിൽ നിന്നും ഈ നിന്റെ ദാസനു (ക്ക്) കൃപ നൽകണമെ. നിന്നെ പ്രസാദിപ്പിച്ചിട്ടുള്ളവരായി ആദിമുതലുള്ളവരായ സകലരോടും കൂടെ അവൻ (ർ) നിന്റെ കരുണ കണ്ടെത്തുകയും ചെയ്യുമാറാകണമെ.

## പരസ്യം

എന്തെന്നാൽ നീ കരുണയിലും മനുഷ്യസ്നേഹത്തിലും താല്പര്യമുള്ള ദൈവമാകുന്നുവല്ലോ. നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.
ഹോശോവബ് ...............ആമ്മീൻ.

## പട്ടാഭിഷേകപ്രഖ്യാപനം

മേല്പട്ടക്കാരൻ പടിഞ്ഞാട്ടു തിരിഞ്ഞ് സ്ഥാനാർത്ഥിയുടെ തലയിൽ വലതുകൈ സീബായോടുകൂടി വെച്ചിട്ടു പറയുന്നു. സ്ഥാനാർത്ഥി മേല്പട്ടക്കാരന്റെ മുമ്പിൽ ചെന്നു നിൽക്കുന്നു..

**മേല്പട്ടക്കാരൻ**

**അക്ക്ദിയാക്കോൻ**

**മേല്പട്ടക്കാരൻ**

മേല്പട്ടക്കാരൻ സ്ഥാനാത്ഥിയുടെ നെറ്റിയിൽ മൂന്നപ്രാവശ്യം റൂശ്മാ ചെയ്തു കൊണ്ടു പറയുന്നു.

**മേല്പട്ടക്കാരൻ**

**മലയാളം**

............................................................................... മേല്പട്ടക്കാരൻ. ദൈവ ത്തിന്റെ പരിശുദ്ധ സഭയിൽ പട്ടം കെട്ടപ്പെട്ടിരിക്കുന്നു.

**അക്കിദിയാക്കോൻ**

(ഇന്ന സ്ഥലത്തുള്ള) മാർ (ഇന്നാരുടെ) പരിശുദ്ധ ദേവാലയത്തി ലേക്കു (ൽ വെച്ച്) (ഇന്ന) എവുപ്പദ്യക്നോ

**മേല്പട്ടക്കാരൻ**

മുന്നം പേരു പറയപ്പെട്ട ഓത്തോദുക്സാ ദേശത്തുള്ള പരിശുദ്ധ ദേ വാലയത്തിൽ വെച്ച് (ഇന്ന) എവുപ്പദ്യക്നോ പിതാവിന്റേയും പു ത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യ ജീവനിലേക്കു മുദ്ര കുത്തപ്പെട്ടിരിക്കുന്നു..
അക്കിദിയാക്കോൻ - ബാറെക്മോർ.

**മേല്പട്ടക്കാരൻ**

(ഒന്നിൽ കൂടുതൽ സ്ഥാനാത്ഥികൾ ഉണ്ടെങ്കിൽ ഇത് ആവത്തിക്കുന്നു)
വീണ്ടും കാമ്മികൻ കിഴക്കോട്ടു തിരിഞ്ഞു നിന്നു താഴെ കൊടുത്തിരിക്കുന്ന ര ഹസ്യവും പരസ്യവും ചൊല്ലുന്നു.

**രഹസ്യം**

(വിശ്വാസികൾ കുറിയേലായിസ്സോൻ ചൊല്ലുകയും മറുവസായും ചെറിയ മ ണിയും കിലുക്കയും വലിയ മണി അടിക്കയും ചെയ്യുന്നു.)

സർവ്വവല്ലഭനായ കത്താവേ! എല്ലാറ്റിലും എല്ലാ നിമിത്തവും നിന്റെ കൃപയെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഞങ്ങളോടു കൂടെ വ്യാപരി

ക്കവാൻ നിന്റെ ശ്രേഷ്ഠതയ്ക്ക് ഇഷ്ടം തോന്നുകയും ഈ നിന്റെ ദാസന്റെ മേൽ നിന്റെ വാഴ്‌വ് വരുത്തുകയും ചെയ്തതിനാൽ നിന്റെ പരിശുദ്ധ നാമത്തെ ഞങ്ങൾ പുകഴ്ത്തി മഹത്വപ്പെടുത്തുകയും ചെയ്യുന്നു. കർത്താവേ നിന്നോടു ഞങ്ങൾ യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. നിന്റെ കരുണയുടെ ആധിക്യം ഹേതുവായി ഞങ്ങളെ ചെവിക്കൊണ്ട് നിന്റെ മനുഷ്യസ്നേഹം മൂലം ഈ നിന്റെ ദാസന്റെ (രുടെ) മേൽ ഞങ്ങൾക്കുണ്ടായിട്ടുള്ള എവുപ്പദ്‌യക്നൂസാ വാഴ്‌വിൽ നീ തിരുമനസ്സാകണമെ. അവന്റെ (രുടെ) ശുശ്രൂഷ മുഴുവനും വെടിപ്പോടും പരിപാകതയോടും നിറവേറ്റുവാൻ അവനു (ക്ക്) സംഗതിയാക്കണമെ.

**പരസ്യം**

നിന്റെ ഏകജാതൻ പുത്രൻ മുഖാന്തരം നിന്റെ സമാധാനം അവൻ (അവർ) കണ്ടെത്തുമാറാകണമെ. താൻ മുഖാന്തരം തന്നോടും, സകലത്തിലും വിശുദ്ധനും, ഉത്തമനും, വന്ദ്യനും, ജീവപ്രദനും, സാരാംശത്തിൽ നിന്നോടു സമത്വമുള്ളവനുമായ റൂഹായോടും കൂടെ നിനക്കു സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോവബ് ......... ആമ്മീൻ.

(രഹസ്യങ്ങൾ കബിലാനാ കൊണ്ടു മൂടുന്നു)

## സ്ഥാനവസ്ത്ര ധാരണം

നോട്ട്: മുൻ സ്ഥാനമെന്തെങ്കിലും ഉണ്ടെങ്കിൽ അതനുസരിച്ചുള്ള വേഷത്തിൽ സ്ഥാനാർത്ഥി ആദ്യന്തം ശുശ്രൂഷയിൽ സംബന്ധിക്കുന്നു. അതായതു ശുശ്രൂഷ കുപ്പായത്തോടെ. ചിലർ കറുത്ത കുപ്പായം മാത്രമേ അനുവദിക്കാറുള്ളു. അതനുസരിച്ച് ഊറാറാ മാത്രമോ ശുശ്രൂഷാ കുപ്പായവും ഊറാറയും ഒരുമിച്ചോ കാർമ്മികൻ തന്റെ കൈകളിൽ പിടിച്ച് ആഘോഷണം (വിറപ്പിയ്ക്കൽ) കൂടാതെ രഹസ്യങ്ങളിന്മേൽ രണ്ടു പ്രാവശ്യം Anti clock wise (അപ്രദിക്ഷണം) ആയും ഒരു പ്രാവശ്യം Clock wise (പ്രദക്ഷിണം) ആയും ചുറ്റിച്ചിട്ട് പടിഞ്ഞാട്ടു തിരിഞ്ഞ് സ്ഥാനാർത്ഥിയുടെ തലയിലും അപ്രകാരം ചെയ്തിട്ട് സ്ഥാനാർത്ഥിയെ ധരിപ്പിക്കുന്നു. ഊറാറാ വലത്തു കൈയ്യുടെ കീഴിൽ കൂടി എടുത്ത് ഇടത്തേ തോളിന്മേൽ Cross ചെയ്ത് ഒരറ്റം പുറകോട്ടും മറ്റെ അറ്റം മുമ്പോട്ടും ഒരുപോലെ ഇടുന്നു. തൊപ്പി വാഴ്ത്താതെ വെറുതെ തലയിൽ

ഇട്ടു കൊടുക്കുന്നു. തദവസരങ്ങളിൽ ................................ എന്നതു ചൊല്ലികൊണ്ടിരിക്കും. (ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ ഓരോരുത്തക്കും ആവർത്തിക്കുന്നു) ഒരുമിച്ചു ചെയ്യാവുന്ന ഭാഗങ്ങൾ അപ്രകാരം ചെയ്യാവുന്നതാണ്.

**മലയാളം**

സാരാംശത്തിൽ സമത്വമുള്ള പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും അഭ്യുന്നതിയ്ക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടുപണിക്കുമായി

## കത്തിച്ച മെഴുകുതിരി

ഒരു കത്തിച്ച മെഴുക്കുതിരി സ്ഥാനാർത്ഥിയുടെ കൈയിൽ കൊടുക്കുന്നു. അയാൾ അത് പിടിച്ചുകൊണ്ട് കാർമ്മികൻ ചൊല്ലികൊടുക്കുന്ന താഴെ ചേർത്തിരിക്കുന്ന ഭാഗം (തുർഗ്ഗിമ) ഏറ്റു ചൊല്ലുന്നു.(ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ എല്ലാവരേയും ഒരുമിച്ചു നിർത്തി ചെയ്യാം).

മൂന്നു പ്രാവശ്യം

**മലയാളം**

ദൈവത്തിന്റെ പരിശുദ്ധ സഭയുടെ നിരപ്പിനും കെട്ടുപണിക്കുമായി ദൈവത്തിന്റെ ഭവനത്തിൽ ഞാൻ മഹത്വമുള്ള സൈത്താകുന്നു. (മൂന്നു പ്രാവശ്യം)

അനന്തരം മെഴുകുതിരി കൂടാതെ സ്ഥാനാർത്ഥി ത്രോണോസു ചുറ്റി മുത്തുകയും മേല്പട്ടക്കാരന്റെയും പട്ടക്കാരുടെയും കൈമുത്തുകയും മദ്ബഹായിലുള്ള മറ്റാളുകൾക്കു സമാധാനം കൊടുക്കുകയും ചെയ്യുന്നു. തദവസരത്തിൽ തക്കതായ സമാധാനത്തിന്റെ മാനീസാ ചൊല്ലുന്നു. പിന്നീട് സൗകര്യമുള്ള സ്ഥ0നത്തു നിന്നുകൊണ്ട് കുർബ്ബാനയിൽ സംബന്ധിക്കുന്നു. തുടർന്ന് കുർബ്ബാനയ്ക്ക് കൂടണ്ടാ. കുർബ്ബാനാനുഭവ സമയത്തു സ്ഥാനാർത്ഥി വി. കുർബ്ബാന അനുഭവിക്കുന്നു. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ കൈ ആവസിപ്പിക്കലും, ക്രൊയിത്തോദു റൂഹാ പ്രാർത്ഥനയും, പട്ടാഭിഷേക പ്രഖ്യാപനവും ഓരോരുത്തക്കും പ്രത്യേകം ചൊല്ലുന്നു. മറ്റുള്ളവ പൊതുവാകുന്നു.

## മാനീസാ

1. അന്യോന്യം ശ്ലോമ്മാ നൽകിൻ
   കർത്താവിൻ ശ്ലോമ്മാ നമ്മിൽ

വാസം ചെയ്തീടട്ടെന്നും
തമ്മിൽ ചുംബിക്കേണം നാം
തൽ ശ്ലോമ്മോയും ശൈനോയും
നമ്മെ കാക്കട്ടെന്നാളും

2. മാളികയിൽ ശിഷ്യന്മാരോ-
ടുത്ഥാനത്തിൻ നാളുകളിൽ
നാഥൻ കല്പിച്ചാനേവം
ശ്ലോമ്മാ! പ്രിയരെ! നിങ്ങളിലീ-
ശ്ലോമ്മാ വാഴട്ടെന്നാളും
ലോകാന്ത്യത്തോളം തന്നെ.

3. അന്യോന്യം സ്നേഹിപ്പിനെ-
ന്നോതിയ നാഥാ! നിൻ സ്നേഹം
വാണീടണമെങ്ങളിലെന്നും
സ്തുതി ദൈവത്തിനുയരത്തിൽ
ഭൂതലമെങ്ങും തൽ ശാന്തി
മാനവരിടയിൽ സംപ്രീതി.

# ശെമ്മാശ്ശന്മാർ

**പട്ടംകൊട പുസ്തകത്തിലെ കുറിപ്പ്:** ശെമ്മാശ്ശൻ പട്ടം കെട്ടപ്പെടുമ്പോൾ മദ്ബഹായുടെ നടയ്ക്കുതാഴെ ബലിപീഠത്തിനു മുന്നിൽ തല അനാവൃതമായി കുമ്പാന പൂർത്തികരിക്കപ്പെടുന്നതുവെരെ ധ്യാനിച്ചുകൊണ്ടു നിൽക്കുന്നു. പിന്നീടു പ്രധാനാചാര്യൻ അവന്റെ മുടി സ്ലീബാ ആകൃതിയിൽ കത്രിക്കുകയും, അവനെ അവന്റെ ഗുരുവിനെ ഏല്പിക്കുകയും, അവന്റെ പഠന പൂർത്തീകരണത്തെപ്പറ്റി കല്പിക്കുകയും, തന്റെ നാഥനെന്നവിധം അവന്റെ ഗുരുവിനു കീഴ്പ്പെടുവാൻ അവനെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. അനന്തരം മേല്പട്ടക്കാരൻ അവന്റെ വലത്തുകൈ പിടിച്ചുകൊണ്ട് പരിശുദ്ധ സഭയിൽ ശെമ്മാശ്ശനായിരിപ്പാൻ "പരിശുദ്ധ റൂഹാ നിന്നെ വിളിക്കുന്നു" എന്നു പറഞ്ഞു അവനെ മദ്ബഹായിലേക്കു പ്രവേശിപ്പിക്കുകയും "യജമാനൻ വരുമന്നേരത്ത്" ചൊല്ലുകയും ചെയ്യുന്നു. അവൻ അവന്റെ ഒരു മുട്ട് - അതായത് വലത്തു മുട്ടു കുത്തി നിൽക്കുന്നു. (ഒരു ശുശ്രൂഷ മാത്രം ഭരമേല്പിക്കുന്നതിനാലാണ് ഒറ്റ മുട്ടു കുത്തി നിൽക്കുന്നത്.

**സ്വന്തം നോട്ട് :** അമൊലോഗിയാ വായന, ഒപ്പിടൽ, മുടി കത്രിക്കൽ, മുതലായവയ്ക്കു ശേഷം മുകളിൽ കൊടുത്തിരിക്കുന്ന കുറുപ്പിൽ പറഞ്ഞിരിക്കുന്നവിധം സ്ഥാനാർത്ഥിയുടെ വലത്തുകൈ പിടിച്ചു കൊണ്ട് പരിശുദ്ധ സഭയിൽ ശെമ്മാശനായിരിപ്പാൻ 'പരിശുദ്ധ റൂഹാ നിന്നെവിളിക്കുന്നു' എന്നു പറഞ്ഞ് സ്ഥാനാർത്ഥിയെ മദ്ബഹായിലേക്കു പ്രവേശിപ്പിക്കുന്നു. തദവസരത്തിൽ "യജമാനൻ വരുമന്നേരത്ത്" എന്ന പാട്ടു ചൊല്ലുകയും, കിലുക്കു മണി, മറുവഹ്സാ എന്നിവ കിലുക്കുകയും ചെയ്യുന്നു. സ്ഥാനാർത്ഥി ത്രോണോസിന്റെ അടുക്കലെത്തി ത്രോണോസ്സും മേല്പട്ടക്കാരന്റെ വലത്തുകരവും മുത്തിയശേഷം ദർഗ്ഗായ്ക്കു താഴെ വലത്തു മുട്ടു കുത്തി നിൽക്കുന്നു. (സാധാരണയായി ഏവൻഗേലി വെരെ രണ്ടു മുട്ടിന്മേലും ഏവൻഗേലി കഴിഞ്ഞ് മാത്രം ഒറ്റ മുട്ടിന്മേലും നിൽക്കുന്നു.) പിന്നീട് മേല്പട്ടക്കാരൻ പട്ടംകൊടയുടെ ആദ്യഭാഗം, അതായത് ഏവൻഗേലി വെരെയുള്ളഭാഗം ക്രമപ്രകാരം നടത്തുന്നു. തദവസത്തിൽ മേല്പട്ടക്കാരൻ ശീലമുടികൊണ്ട് തല മൂടുകയും അംശവടി, സ്ലീബാ എന്നിവ പിടിക്കുകയും പ്രാർത്ഥനകൾക്കു കിഴക്കോട്ടും, പാട്ടുകൾക്കു പടിഞ്ഞാട്ടും തിരിഞ്ഞു നിൽക്കുകയും വേണം. ഈ ഭാഗം ദർഗ്ഗായുടെ താഴെ നിന്നുകൊണ്ടു നടത്തുന്നു.

## പ്രാരംഭ പ്രാർത്ഥന

ശുബഹോ ........... വാലൈൻ മഹീലേ ..........

ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ! പരിശുദ്ധവും രഹസ്യപൂര്ണ്ണവുമായ ഈ ശുശ്രൂഷ നിവര്ത്തിപ്പാനും, ഞങ്ങൾ നിനക്കു പരിശുദ്ധാലയങ്ങളായിത്തീരുവാനും ദിവ്യമായ നിന്റെ തേജസ് ഞങ്ങളിൽ വസിപ്പാനും ഞങ്ങളെ നീ യോഗ്യരാക്കി തീര്ക്കണമെ. ഈ ആത്മീയ ശുശ്രൂഷയാൽ ഈ നിന്റെ ദാസനെ (രെ) പൂര്ണ്ണനും (രും) പരിപൂര്ണ്ണനും (രും) മാക്കി തീര്ക്കണമെ. തന്നിമിത്തം ഞങ്ങളും അവനും (അവരും) നിന്നേയും പരിശുദ്ധറൂഹായേയും സ്തുതിക്കുകയും ചെയ്യുമാറാകണമെ. ഹോശോ ............ ആമ്മീൻ.

**കുക്കിലിയോൻ** (രണ്ടാം ഭാഗം)

(മസുമൂർ - 15)

ഏവൻ മരുവും തവനിലയത്തിൽ കര്ത്താവേ!
ഹാ പാക്കുമെവൻ നിൻ പരിപാവന ഗിരി തന്നിൽ.
വിമലതയൊടു ജീവിപ്പോനും ധാര്മ്മികനും
ഹാ-ഹൃദയേ സത്യമുരപ്പോനും നാവിൽ വഞ്ചനയില്ലാത്തോനും
സ്നേഹിതനൊടു ദോഷം ചെയ്യാത്തോനും
ഹാ തോഴന്നെതിരായി കോഴയെടുക്കാത്തോനും.
കോപിഷ്ടരെ നിരസിപ്പോനും ഹാ കര്ത്താവിൻ
ഭക്തരെ ബഹുമാനിപ്പോനും
സഖിയൊടു സത്യമതെന്യേ പൊളി പറയാ
ത്തോനും ഹാ-തന്നുടെ ദ്രവ്യം ബഹുപലിശ
യ്ക്കേകാത്തോനും.
സത്തമനെതിരായികോഴയെടുക്കാത്തോനും
ഹാ-ഉത്തമനാണീ വിധമെല്ലാം വര്ത്തിക്കുന്നോൻ.
അവനെന്നും നിര്ഭയനായി മേവീടും ഹാ-സ്തുതി.
യങ്ങേക്കനിശം ദേവേശാ!

**ശുഹലോപ്പോ** (ഏഴാം രാഗം)

ഞാനെന്നും പാടും പരനുടെ കൃപ എന്നാധരം
ഘോഷിക്കും തന്നിലെ വിശ്വാസം ഹാ-ഹാ-ഹാ
ഈശനോടാശീര്വാദം നേടുമിവൻ രക്ഷകപര
നോടു പുണ്യമതും ഹാ-ഹാ-ഹാ-ഹാ

ശുബഹോ .............

## ഗാനം

മ്ശിഹാ ദാതാവിൻ തുണയാൽ
പാവന റൂഹാ തൻ കൃപയാൽ
പരനിന്നും നിങ്ങൾ കൊണ്ട
ത്താലന്തിനെയിരു ഗുണമാക്കി
വിരവൊടു ചൊല്ലുക നിങ്ങളിദം
കർത്താവിൻ കൈ വേലകളെ!
കർത്തൻ ദേവനെ വാഴ്ത്തിടുവിൻ.

മെനഗാലം ..........

ശാന്തികരൻ യാഹിൽ നിന്നും
ദർശകനേശായാ നിറവായ്
പ്രാപിച്ചോരാ കൃപയിന്നും
നമ്മൾക്കായ് ദത്തം ചെയ്ത
മ്ശിഹാ! നീ താനുലകെത്തി
വിലയേറും നിൻ തിരുമധിരം
ഞങ്ങടെ രക്ഷാർത്ഥം ചിന്തി
പരനാം താതനുമായുള്ള
ശത്രുത പാടേ നീക്കിത്തൽ
സ്ഥാനേ മിത്രത നൽകിയവൻ.

## പ്രാർത്ഥന

കർത്താവേ! നിന്റെ ദിവ്യ നൽവരങ്ങളുടെ സമ്പത്താൽ നിന്റെ ദാസനെ (രെ) അലങ്കരിക്കണമെ. തന്നിമിത്തം സന്തോഷത്തോടും ആനന്ദത്തോടും ആത്മാവിന്റേയും ശരീരത്തിന്റെയും വെടിപ്പോടും കൂടിഅവനുടെ (അവരുടെ) ആയുഷ്ക്കാലമൊക്കെയും തിരുമുമ്പാകെ അവൻ (അവർ) ശുശ്രൂഷിക്കുകയും പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും നിനക്കു കരേറ്റുകയും ചെയ്യുമാറാകണമെ.
ഹോശോ ............ ആമ്മീൻ.

**എനിയോനോ**

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാ പങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരു വചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയും തിരു ന്യായവിധികളിൽ കർത്താ വു ജയിക്കുകയും ചെയ്‌വാനായിട്ടുതന്നെ. എന്തെന്നാൽ അന്യായ ത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ ര ഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മ യാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണ മേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒ ക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥി രതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശു ദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ളആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother

conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.Then shalt Thou be satisfied

withsacrifices of truth andwith whole burnt offerings then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

(വേണ്ട സ്ഥാനങ്ങളിൽ സ്ഥാനാർത്ഥിയെ സ്ലീബാകൊണ്ടു റൂശ്മ ചെയ്യുന്നു)

1. പുണ്യപ്രദനാകും-നീമാത്രം കരുണാമൂർത്തി
ദേവേശാ!ധൂർത്താത്മജനെപ്പോലിവനെ(ലിവരെ)-കൈ
ക്കൊള്ളുക കൃപ ചെയ്തിവനിൽ (വരിൽ)

2. പരിശുദ്ധൻ താതാ-പരിശുദ്ധ നൽകുന്നോ
നാം ദേവേശാ!- വിമലത നേടാൻ വാഞ്ഛിക്കു
ന്നടിയാനെ (യാരെ) കൃപയാൽ നിർമ്മലനാക്ക (രാക്ക)

3. തന്നുടെ ദാനാൽ-ശ്ലീഹരെ വിജ്ഞാനികളാക്കി
യ ദേവസുതാ!- ജ്ഞാനം പ്രാപിപ്പാൻ റൂഹാ വാ
ഞ്ഛിക്കുന്നടിയാനേകുക (ക്കേകുക) നീ ജ്ഞാനം.

4. തീനാവാൽ ശ്ലീഹരെ- വിജ്ഞാനികളാക്കിയ റൂ
ഹായാം പരനേ!- ശുദ്ധീകൃതനാ (രാ) വാനാത്മനെ
വാഞ്ഛിപ്പോനരുളുക (ക്കരുളുക) ശുദ്ധി നിൻ ദാനാൽ.

5. നിൻ കൃപ ഞങ്ങൾക്കായ്-വാനിട വാതിൽ തുറക്ക
ണമേ ദേവേശാ!വാഴ്‌വേൽപാൻ കൃപ പാർത്തീടും
ദാസന്മേൽ (മ്മേൽ) വലതുകരം വച്ചീടണമെ.

6. അണിയാൻ നിന്നങ്കി- ഗളമതു താഴ്ത്തി തിരുമുമ്പിൽ
ദേവേശാ!- ദാനം പാർക്കുന്നോനി (രി) വ (നെ) രെ റൂഹാ തൻ
ഭൂഷകളാൽ ശോഭിതനാ (രാ) ക്ക

7. വാനോർമോദിക്കു-ന്നടിയാരുടെ പൂരക കർമ്മേ
ദേവേശാ!- മാനവരും സ്തുതി പാടീടുന്നവരുടെ- നിവ

ഹങ്ങളിലിവരെ ചേർത്തോനായ്

8. യാചിക്കുന്നോ (നോ) ക്കായ്- മേല്പട്ടക്കാർ വഴി ദാനം
നൽകീടാൻ -റൂഹാവാനം ഭേദിച്ചെത്തുന്നതു -കണ്ട
ഗ്നിമയർ കൂറുന്നാശ്ചാര്യം

9. റൂഹായുടെ ആവാസത്താൽ പാപം പോക്കീടും
ദേവേശാ!- നിർമ്മലനാ (രാ) വാൻ നിൻ നിറവതു പാർത്തീ
ട്ടും -ദാസ (നെ) രെ മുടിപ്പാവനനാ (രാ) ക്ക.

10. നിർമ്മലപാണികളാൽ -ബന്ധിതനാമതിരറ്റോനാം
ദേവേശൻ- അഹറോനൊപ്പം മേല്പട്ടക്കാരന്ന ദാനം
നൽകാനെത്തീടുന്നു.

11. മഹിമത്രയമാകും- ത്രിയേകന്നേകത്രയനാം
ദേവേശൻ- താതാത്മജ പാവന റൂഹാ- സത്യേക
പരനായുയരട്ടേ സ്തോത്രം.

മെനഓാലം .............

അദൃശ്യവാനായ് സ്ഥിതി ചെയ്വോൻ
അഖിലത്തിന്നുമുപരിസ്ഥിതനും
ദ്തഗണം പരിസേവിപ്പോൻ
ഭക്ത്യാദര സവിശേഷതയിൽ
ബാലകരെ! സ്തുതി ചെയ്വോനേ
വാഴ്ത്തീൻ സതതം വൈദികരേ!
സ്തോത്രം ചൊല്ലുക ജാതികളേ
തിരുനാമം സ്തുതി ചെയ്കെന്നും

## പ്രൊമിയോൻ

തന്റെ ദിവ്യകൃപയാൽ സ്വർഗ്ഗാധി സ്വർഗ്ഗങ്ങളിൽ മേലുള്ള സഭകളെ നിലനിർത്തുകയും, അഗ്ന്യാത്മയന്മാരായ സേവകരെകൊണ്ട് അവയെ അലങ്കരിക്കുകയും, യോഗ്യമായ സവിശേഷത അവരെ അണി

യിക്കുകയും, തന്റെ ആത്മീയശുശ്രൂഷയ്ക്ക് അവരെ നിയമിക്കുക യും, മണ്മയരായ മനുഷ്യരൊടുള്ള സ്നേഹം നിമിത്തം തന്റെ ശ്രേ ഷ്ടകർത്തൃത്വത്തിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുകയും ആത്മ സ്തു തികൊണ്ട് വാകൾ നിറഞ്ഞിരിക്കുകയും ചെയ്യുന്ന ഈ ആത്മീയ തയുടെ സാദൃശ്യത്തിൽ പരിശുദ്ധ സഭയിൽ തന്റെ നിർമ്മല ശു ശ്രൂഷയ്ക്കായി വെടിപ്പുള്ള ശെമ്മാശ്ശന്മാരെ ആക്കുകയും ചെയ്ത പരി ശുദ്ധനും മഹത്വവാനുമായ തനിക്കു സ്തുതിയും സ്തോത്രവും ബഹു മതിയും ആരാധനയും ഉണ്ടായിരിക്കട്ടെ. തന്നിമിത്തമായി നൽവര ങ്ങളിൽ സമ്പന്നമായ നിന്റെ കൃപയോടു ഞങ്ങൾ യാചിക്കുകയും താല്പര്യപ്പെടുകയും ചെയ്യുന്നു. പിതൃപുത്ര പരിശുദ്ധാത്മാവേ! നി ന്റെ കർത്തൃത്വത്തിനു യോഗ്യമാകുന്ന പ്രകാരം തിരുമുമ്പാകെ വേല ചെയ്യുവാൻ നിന്റെ പരിശുദ്ധ റൂഹായുടെ കൃപ ഞങ്ങളുടെ മേലും സാധുക്കളായ ഈ നിന്റെ ദാസരുടെ മേലും വസിക്കുമാറാകണ മെ. ഹോശോവബ് ............ ആമ്മീൻ

## സെദറാ

ആത്മീയരായ തന്റെ ശെമ്മാശ്ശന്മാരെ ബഹുമാനിക്കുകയും, സഭാ പരമായ പദവികളെ അലങ്കരിച്ചു വെടിപ്പാക്കുകയും "ഞാൻ എവി ടെ ആയിരിക്കുന്നുവോ അവിടെ എന്റെ ദിവ്യ കല്പനകൾ അനുസ രിക്കുന്ന ശെമ്മാശ്ശന്മാരുമായിരിക്കു"മെന്നു ജീവിപ്പിക്കുന്ന നിന്റെ സുവിശേഷത്തിൽ നീ കല്പിച്ചരുളിക്കൊണ്ട് നിന്റെ പരിശുദ്ധ മദ് ബഹായിലെ ശുശ്രൂഷക്കാരെ വെടിപ്പുള്ളവരും പരിശുദ്ധന്മാരും നി ന്റെ സ്വർഗ്ഗീയ വാഗ്ദാനത്തിനു ക്ഷണിക്കപ്പെട്ടവരുമായി ആക്കിതീ ർത്തിരിക്കുകയും ചെയ്തിരിക്കുന്നവരായ ഞങ്ങളുടെ മ്ശിഹാ തമ്പു രാനേ! പരിശുദ്ധ സഹദേന്മാരുടെ കടിഞ്ഞൂലായ ശെമ്മാശ്ശന്മാരു ടെ തലവൻ എസ്തേഫാനോസ്സിനെ നിന്റെ കർത്തൃ കല്പനകളെ തിക ക്കുന്നവനും പൂർത്തീകരിക്കുന്നവനുമായി നീ പരസ്യമായി കാണി ച്ചു. ഉന്നത ശുശ്രൂഷയുടെ പദവിക്കു ഇപ്പോൾ ഒരുങ്ങി വന്നിരിക്കു ന്ന ഈ ദാസനു (ക്കു) വേണ്ടി കർത്താവേ! നിന്റെ കൃപയോടു ഞ ങ്ങൾ അപേക്ഷിക്കുന്നു. നിന്റെ തിരുമേനിയുടെ തിരുവിഷ്ടപ്രകാര മുള്ളവനും (രും) ചൊവ്വുള്ളതും ദിവ്യവുമായ നിന്റെ കല്പനാ മാർഗ്ഗ ത്തിൽ നടക്കുന്നവനുമായ ശെമ്മാശ്ശനാ (ന്മാരാ) യും, നിന്റെ തിരു

മേനിയുടെ ന്യായപ്രമാണത്തിൽ രാവും പകലും ധ്യാനിക്കുന്നവ നും ജീവപ്രദമായ നിന്റെ സുവിശേഷം പ്രസംഗിക്കുന്നവനും (രും) അറിയിക്കുന്നവരും (രു) മായ ശെമ്മാശ്ശനാ (ന്മാരാ) യി ഇവനെ (രെ) നീ ആക്കിത്തീക്കണമെ. നിന്റെ ആത്മീയ ശക്തി കൊണ്ട് പ ടച്ചട്ട ധരിച്ചിട്ടുള്ള ശെമ്മാശ്ശനും (രും), ശരീരത്തിന്റേയും ആത്മാവി ന്റേയും വെടിപ്പു കൊണ്ട് ആയുധം ധരിച്ചിട്ടുള്ളവനും (രും) നിന്ദ്യ ങ്ങളിൽ നിന്നും മ്ലേശ്ചതയിൽ നിന്നും അനാവൃതനു (രു) മായ ശെമ്മാശ്ശനാ (ന്മാരാ) യും ഇവനെ (രെ) നീ ആക്കിത്തീക്കണമെ. സദായ്പോഴും ഹാലേലുയ്യാകളും ആത്മീയ ഗാനങ്ങളും ഉൽഘോ ഷിക്കുന്ന ശെമ്മാശ്ശനാ (ന്മാരാ) യും ഏവൻഗേലിയോന്യ കല്പനക ൾ യഥായോഗ്യം നിറവേറ്റുന്ന ശെമ്മാശ്ശനും (ന്മാരും) വെടിപ്പുള്ളവ നും (രും) പരിശുദ്ധനും (രും) നിമ്മലനും (രും) ആത്മീയമായ പരമാ ത്ഥ സ്നേഹത്തിൽ തികഞ്ഞ ശെമ്മാശ്ശനു (ന്മാരു) മായി ഇവനെ (രെ) നീ ആക്കിത്തീക്കണമെ. ദിവ്യകൃപയാൽ എന്നേക്കും വെണ്മ യാക്കപ്പെട്ടവനും (രും) പരിശുദ്ധ ഓത്തഡോക്സ് സഭാ മക്കളുടെ ഉ പദേശത്തിൽ ജാഗ്രതയും തീഷ്ണതയുള്ളവനും (രു) മായ ശെമ്മാശ്ശ നും (ന്മാരും), തന്നെ (ങ്ങളെ) ഏല്പിച്ചിട്ടുള്ള ആത്മീയ താലന്തിനെ വ്യാപാരം ചെയ്യുകയും, അതിൽ ഇരട്ടി ഉത്സാഹം കാണിക്കുകയും, മുഖപ്രസന്നതയോടെ സ്വഗ്ഗീയ സന്തോഷത്തിനു യോഗ്യനാ (രാ) യിത്തീരുകയും ചെയ്യുന്ന ശെമ്മാശ്ശനു (ന്മാരു) മായി ഇവനെ (രെ) ആക്കിത്തീക്കണമെ. വിനയം കൊണ്ടും ഉത്തമ ഗാനങ്ങൾ കൊ ണ്ടുംപരിശുദ്ധമദ്ബഹായെ അലങ്കരിക്കുന്ന ശെമ്മാശ്ശനും (ന്മാരും) ഐഹിക കല്പന പോലെ നല്ല ദൃഷ്ടാന്തമുള്ളവനും രും) വിശുദ്ധ സഭയുടെ മല്പാനും (ന്മാരു) മായ ശെമ്മാശ്ശനാ (രായും) തന്റെ (ത ങ്ങളുടെ) അധരങ്ങളും നാവും ദൂഷ്യത്തിൽ നിന്നും വഞ്ചനയിൽ നിന്നും നിന്ദ്യവചനങ്ങളിൽ നിന്നും കാക്കുന്ന വലത്തേതിനടുത്ത ശെമ്മാശ്ശനാ (ന്മാരാ) യും ഇവനെ (രെ) ആക്കിത്തീക്കണമെ. വി ശ്വാസവിപരിതത്തിനും നാശകരമായ കാപട്യത്തിനുമെതിരായി പൂണ്ണ വിദ്വേഷമുള്ളവനും (രും) ഓത്തോദുാക്സാ വിശ്വാസം പിടിച്ചു കൊള്ളുന്നവനു (രു) മായ ശെമ്മാശ്ശനും (ന്മാരും) ഉത്തമവും സുന്ദ രവുമായ പ്രവത്തികളാൽ വലത്തേതിനടുത്തവനും (രും) വിശ്വാസ മുള്ളവനും (രും) പുഷ്ടിയുള്ളവനു (രു) മായ ശെമ്മാശ്ശനും (ന്മാരും)

പരമാത്ഥതയുള്ള വലത്തേതിനടുത്ത ശെമ്മാശ്ശനം (ന്മാരും), ആചാര്യസംബന്ധമായ മദബഹായിൽ സുഗന്ധവഗ്ഗങ്ങൾ ധൂപിക്കുന്നവനു (രു) മായി ഇവനെ (രെ) നീ ആക്കിത്തീക്കണമെ. വെടിപ്പുള്ള നോമ്പുകളേയും പ്രാത്ഥനകളേയും പറ്റി എല്ലായ്പ്പോഴും ജാഗ്രതയുള്ള വലത്തേതിനടുത്ത ശെമ്മാശ്ശനാ (ന്മാരാ)യും പരിശുദ്ധസഭയിൽ മാധുര്യമുള്ളവയും വെടിപ്പുള്ളവയുമായ ഗാനങ്ങൾ പുറപ്പെടുവിക്കുന്ന ദിവ്യകിന്നരങ്ങളാകുന്ന വലത്തേതിനടുത്ത ശെമ്മാശ്ശനാ (ന്മാരാ) യും ദൈവത്തോടും പരദേശികളോടും സ്നേ;ഹമുള്ളവനും (രും) സഹോദരസ്നേഹം വെളിവാക്കുന്നവനും (രും) അതിൽ നില നിൽക്കുന്നവനും (രും) നിത്യജീവനിലേക്കു ചെന്നെത്തുന്നവനു (രു) മായ ശെമ്മശ്ശനാ (ന്മാരാ)യും ഇവനെ (രെ) ആക്കിത്തീക്കണമെ. ദൈവത്തിന്റെ സഭയിൽ സ്തുതി ശബ്ദങ്ങളും നിമ്മലഗാനങ്ങളും എല്ലായ്പ്പോഴും ഉൽഘോഷിക്കുന്ന വലത്തേതിനടുത്ത ശെമ്മാശ്ശനാ (ന്മാരാ) യും, ദൈവത്തിന്റെ ഗുപ്തങ്ങളായ രഹസ്യങ്ങൾ തന്റെ (തങ്ങളുടെ) വായിൽ (കളിൽ) നിന്നും അങ്കുരിക്കുന്ന വലത്തേതിനടുത്ത ശെമ്മാശ്ശനാ (ന്മാരാ) യും, എല്ലായ്പ്പോഴും ജാഗ്രതയുള്ളവനും (രും) ജീവനുള്ളദൈവത്തിന്റെ ന്യയപ്രമാണങ്ങളേയും കല്പനകളേയും നിറവേറ്റുന്ന വെടിപ്പുള്ള ശെമ്മാശ്ശനാ (ന്മാരാ) യും ഇവനെ (രെ)ആക്കിത്തീക്കണമെ ഞങ്ങളും അവ(നും) രും എല്ലായ്പ്പോഴും ഉത്തമവും ദിവ്യവുമായ നിന്റെ ഇഷ്ടത്തെ പ്രസാദിപ്പിക്കുന്ന കാര്യം നിരൂപിക്കുന്നവരും മുഖപ്രസാദത്തോടും പ്രശോഭിത വദനങ്ങളോടും മേലുള്ള സഭയിൽ കാണപ്പെടുവാൻ തക്കവണ്ണം നിന്റെ ദൈവീക കത്തൃത്വത്തിന്റെ മുമ്പാകെ നിൽക്കുന്ന ശുശ്രൂഷക്കാരോടുകൂടി പ്രബലമായ നിന്റെ വലത്തു ഭാഗത്ത് ക്രമീകരിക്കപ്പെട്ടവരായിത്തീരണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ .......... ആമ്മീൻ.

**ഗാനം** (ഏഴാം രാഗം)

1 കേൾപ്പിനിതു ജാതികളെല്ലാം
നിജശിഷ്യൻ തീമേത്തിയ്യോവം
ധന്യൻ മാർ പൌലോസ്സെഴുതി
ദൈവസുതൻ തന്നുടെ സഭയിൽ നീ

എങ്ങിനെ വര്‍ത്തിച്ചീടണം
നന്നായ് ഗൃഹഭരണം ചെയ്‌വാന്‍
ശരിയായ് സഭയെപ്പാലിപ്പാന്‍
ശാന്തവിനീതന്മാക്കെന്ന്യെ
ഡംഭിജളന്മാക്കൊട്ടും നീ
നല്‍കീടരുതാചാര്യത്വം

2. മിന്നലിനാലുലകം തെളിയിച്ചു
അഗ്ന്യാത്മീയന്മാരേ ദൈവം
തല്‍സേവകരാക്കിത്തീര്‍ത്തു
ദിനരാത്രങ്ങളിലിളവില്ലാതെ
തിരുമേനിയെ ശുശ്രൂഷിപ്പാന്‍

ജഡമാന്നോന്‍ തനയന്‍ ലോഗോസ്
തിരുമനസ്സായ് തന്‍ കൃപ മൂലം
ജഡധാരികളാം മാനവരെ
തല്‍സേവകരെ നിയമിപ്പാന്‍
മണ്മയരുടെ തിരു സഭ തന്നില്‍
ശുബഹോ .........

3. നാഥാ! നിന്‍ ശുശ്രൂഷയ്ക്കായ് നീ-
യഗ്ന്യാത്മീയ ദാസരെ നിര്‍ത്തി
സ്വര്‍ഗ്ഗീയം അഗ്രിമര്‍ തന്‍ സഭയില്‍
നിന്‍ സേവയ്ക്കായവര്‍ നില്‍പൂ.
ഭൂവില്‍ നിന്മാനത്തിനായ്
സ്തുതിപാടകരീറേന്മാര്‍ പോല്‍
സഭയില്‍ മണ്മയരെയാക്കി
ശുദ്ധി വിശുദ്ധികളില്‍ നിന്‍റെ
ദിവ്യത്വത്തെസ്സേവിപ്പാന്‍
മെനഓലം .......

4. പതിവൃതയാം പരിപാവന സഭയെ
വാനോന്‍ കാന്തന്‍ വേട്ടപ്പോള്‍

ശിമോൻയോ -ഹന്നാനെന്നിവരെ
യാഹ്വാനം ചെയ്തേല്പിച്ചാൻ
വീടിൻ കാവൽ ശീമോനേ
സുവിശേഷം യോഹന്നാനെ
കല്പിച്ചാൻ വിലയേറീടും
രക്തത്താൽ ഞാൻ വാങ്ങിയതാം
സഭയെ നിങ്ങൾ പാലിപ്പിൻ

## എത്രോ

കർത്താവേ! നിന്റെ ദിവ്യ രഹസ്യങ്ങളുടെ സംബന്ധത്താൽ വിശുദ്ധീകരിക്കപ്പെടുവാനും വിശ്വസ്ഥരായ ഗൃഹവിചാരകന്മാരോടു കൂടി, മേലുള്ള വിളിയുടെ നൽവരങ്ങൾ പ്രാപിപ്പാനും തക്കവണ്ണം പരിശുദ്ധ വൈദീക ശുശ്രൂഷയ്ക്കു സന്നിഹിതനായിരിക്കുന്ന നിന്റെ ദാസനു (ക്ക്) വേണ്ടി ഈ സുഗന്ധ ധൂപം നിന്റെ കരുണാസമൃദ്ധിക്കു ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റും ഹോ .......... ആമ്മീൻ,

(ഇത്രയും വരെ പട്ടംകൊടയുടെ ആദ്യ ഭാഗം)

## വേദവായനകൾ

### ശുമോറോ

കർത്തൻ നമ്മുടെ ശരണം താൻ
ഇസ്രായേലിൻ പരിശുദ്ധൻ
നമ്മൾക്കരചനവൻ തന്നെ
തന്നുടെ സിദ്ധന്മാരോടായി
ദർശന വഴിയായ് ചൊന്നേവം
'മമജനമതിനിടയിൽ നിന്നും
വൃതനാമൊരുവനെ ഞനേറ്റി
പരിശുദ്ധമതാ തൈലത്താൽ
അഭിഷേകം ചെയ്തേനവനെ"
"ദൈവം നിൻ ദൈവം തന്നെ
നിൻസഹജരിലത്യുപരി
ആമോദ തൈലംപൂശി
അഭിഷേകം ചെയ്താൻ നിന്നെ"

**മറ്റൊന്ന്**

ഉപദേശിച്ചീടണമെ നാഥാ! നിന്മാര്‍ഗ്ഗങ്ങള്‍
അറിയിക്കുക നിന്‍ ചെറുപാതകള്‍
വഴി കാട്ടുക നിന്‍ സത്യത്തില്‍

ഭൂവിലശേ-ഷം
ദൈവത്താല്‍ പ്രേരിതരായ
ശ്ലീഹന്മാര്‍ പോയ്
ജാതികളിടയില്‍
ഭൂതലസീമയിതോളം
നല്ലേവന്‍ ഗേല്യോന്‍
കൈക്കൊള്‍വോ-ര്‍ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു.
സ്വര്‍ഗ്ഗമഹാ-രാജ്യം

Those Apostles
Chosen, sent by God, they went-
to ev’ry place
Through all the world,
Gentiles heard from them the news,
The Gospel grace.
They proclaimed-the kingdom,
Heav’ns rule-of freedom
For the faithful bliss.

വായനക്കാര്‍: പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തി
ല്‍ നിന്നും ; ഹാബീബായ്-ബാറെക്മോര്‍

Reader: The lesson from the Acts of the Holy Apostles
Habibai, Barekhmor

പ്രക്സീസ 5: 1 -6: 7
ആ നാളുകളിൽ ശിഷ്യന്മാർ വദ്ധിച്ചപ്പോൾ, ദിനംതോറുമുള്ള ശുശ്രൂഷയിൽ തങ്ങളുടെ വിധവമാർ അവഗണിക്കപ്പെടുന്ന എന്നതിനെപ്രതി യൗനായക്കാരായ(ഗ്രീക്കു) ശിഷ്യന്മാർ എബ്രായരായ ശിഷ്യക്ക് എതിരായ് പിറുപിറുത്തു. അപ്പോൾ ശ്ലീഹന്മാർ പന്ത്രണ്ടു പേരും കൂടി ശിഷ്യ സമൂഹത്തെ മുഴുവനം വിളിച്ചു കൂട്ടി അവരോട്: ഞങ്ങൾ ദൈവവചനം വിട്ടിട്ട് മേശകളിൽ പരിചരിക്കുന്നത് നല്ലതല്ല. ആകയാൽ എന്റെ സഹോദരരെ, അവരെക്കുറിച്ച് സാക്ഷ്യമുള്ളവരും, ദൈവത്തിന്റെ ആത്മാവും വിശ്വാസവും നിറഞ്ഞവരുമായ ഏഴു പേരേ നിങ്ങളിൽ നിന്നു തന്നെ പരിശോധിച്ച് തിരഞ്ഞെടുക്കുവിൻ ഞങ്ങൾ അവരെ ഇക്കാര്യത്തിനായി നിയോഗിക്കാം. ഞങ്ങളോ എപ്പോഴും പ്രാത്ഥനയിലും വചനശുശ്രൂഷയിലും വ്യാപൃതരുമായിരിക്കാം എന്നു പറഞ്ഞു. സവ്വ ;ജനത്തിനും ഈവചനം സന്തോഷമായി. അവർവിശ്വാസവുംപരിശുദ്ധാത്മവും നിറഞ്ഞവനായ സ്തേഫാനോസിനേയും, ഫിലിപ്പോസിനേയും, പ്രക്കോറോസിനേയും, നിക്കോനോറിയേും, തീമോനേയും, ഹമിനായേയും, യഹൂദമതാനുസാരിയായ അന്ത്യോക്യക്കാരൻ നിക്കലാവോസിനേയും തെരഞ്ഞെടുത്തു. അവർ ശ്ലീഹന്മാരുടെ മുമ്പാകെ നിന്നു. ശ്ലീഹന്മാർ പ്രാത്ഥിച്ച് ഇവരുടെ മേൽ കൈവെച്ചു. ദൈവവചനം വളന്ന് പ്രചരിക്കുകയും യറുശലേമിൽ ശിഷ്യന്മാരുടെ സംഖ്യ വളരെയേറെ വദ്ധിക്കുകയും ചെയ്തു. യെഹൂദന്മാരിൽ വളരെപ്പേർ വിശ്വാസത്തിന് അധീനരായിത്തീന്നു.

Now in these days, when the number of disciples was multiplying, there arose a compliant against the Hebrews by the Hellenist, because their widows were neglected in the daily distributioon. Then the twelve summoned the mutitude of the disciples and said, "Itis not desirabe that we shud save the word of God and serve tables. Therefore, brethren, seek out from among you seven men of good reputation, full of the Holy Spirit and wisdom, whom we may appoint over this business; but we will give ourselves continually to prayer

and to the ministry of the word."

And the saying pleased whole multitude. And they chose Stephen, a man full of faith and the Holy Spirit, and Philip, Provhorus, Nicanor, Timon, Parmenas and Nicolas, a proselyte from Antioch, whom they set before the apostles; and when they had prayed, they laid hands on them.

Then the word of God spread, and the number of the disciples mutiplied greaty in Jerusaem, and a greatly many of the priests were obedient to the faith.

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
പ്രതിവാക്യം: കേട്ടേ-നിതേ-വം

നിങ്ങളെ ഞങ്ങളറിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-
Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

**1 തീമോത്തി 3: 1-8**

ഒരുവൻ പുരോഹിത സ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ, നല്ല കാര്യം ആഗ്രഹിക്കുന്നു എന്നുള്ള വചനം വിശ്വസ്തമാകുന്നു. അവൻ കളങ്കമില്ലത്തവനും, ഏകഭാര്യയുടെ ഭർത്താവും വിചരത്തിൽ ഉണർവുള്ളവനും, പരിപകതയുള്ളവനും, ക്രമമുള്ളവനും,പരദേശികളെ സ്നേഹിക്കുന്നവനും, പഠിപ്പിക്കുവാൻ സാമർത്ഥ്യമുള്ളവനുമായിരിക്കണം. മദ്യപ്രിയനും അടിക്കുവാൻ കൈനീട്ടുന്നവനുമായിരിക്കരുത്. പിന്നെയോ, അവൻ വിനീതനായിരിക്കണം. കലഹപ്രിയനോ, ദ്രവ്യാഗ്രഹിയേ ആയിരിക്കരുത്. അവൻ സ്വഭവനത്തെ നന്നായി ഭരിക്കുന്നവനും, തന്റെ മക്കളെ പൂർണ്ണ വിശുദ്ധിയോടെ കീഴ്വഴക്കത്തിൽ നിറുത്തുന്നവനുമായിരിക്കണം. സ്വന്ത ഭവനത്തെ നന്നായി ഭരിപ്പാൻ അറിവില്ലാത്തവന് ദൈവത്തിന്റെ സഭയെ ഭരിപ്പാൻ എങ്ങനെ കഴിയും? അവൻ നിഗളിച്ചിട്ട്, സാത്താനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്, അവൻ പുതു ശിഷ്യൻ ആയിരിക്കരുത്. അവൻ അപമാനത്തിലും സാത്താന്റെ കെണിയിലും വീഴാതിരിക്കേണ്ടതിന്, പുറമെയുള്ളവരിൽ നിന്നും നല്ല സാക്ഷ്യം ലഭിച്ചവനുമായിരിക്കണം. അപ്രകാരം തന്നെ ശുശ്രൂഷകന്മാരും നിർമ്മലരായിരിക്കണം. അവർ ഇരുവാക്കുകാരും മദ്യപ്രിയരും ദുർലാഭമോഹികളും ആയിരിക്കരുത്. പിന്നെയോ അവർ നിർമ്മലമനസാക്ഷിയോടെ വിശ്വാസരഹസ്യം കാത്തുകൊള്ളുന്നവരായിരിക്കണം. ആദ്യം അവർ പരിശോധിക്കപ്പെടണം. കുറ്റമില്ലാത്തവരെങ്കിൽ അവർ ശുശ്രൂഷ ഏൽക്കട്ടെ.

Likewise deacons must be reverent, not double-tongued, not given to much wine, not greedy for money, holding the mystery of the faith with a pure a pure conscience. But let these also first be tested; then let them serve as decons, being found blameless. Likewise their wives must be reverent, not slunders, temperate, faithful in all things. Let decons be the husband of one wife, ruling their children and their own houses well. For those who have served as well as

deacons obtain for themselves a good standing and great boldness in the faith which is in Christ Jesus.

## ഏവൻഗേലി

ഹാ: ഹ: സ്നേഹിച്ചേൻ കർത്താവേ നിന്നാലയ
ശുശ്രൂഷയതും നി - ന്മഹിമയെഴും വാസസ്ഥലവും
പാപികളൊപ്പമൊടുക്കരുതെന്നെ നീ ഹാ -

**നോട്ട്** : മേല്പട്ടക്കാരൻ ദഗ്ഗായിൽ കയറി ബലിപീഠം മുത്തിയ ശേഷം പടിഞ്ഞാട്ടു തിരിഞ്ഞു നിൽക്കുന്നു.. തലയിൽ നിന്നും ശിലമുടി നീക്കുന്നു. അംശവടി മറ്റൊരാൾ പിടിക്കുന്നു. സ്ലീബാ കൈയിൽ പിടിക്കുന്നു. സ്ഥാനാർത്ഥി എഴുന്നേറ്റ് മേല്പട്ടക്കാരന്റെ മുമ്പിൽ തല വണങ്ങി നിൽക്കുന്നു. വേദപുസ്തകം സ്ഥാനാർത്ഥിയുടെ കഴുത്തിലും തോളിലുമായി വച്ചു കൊണ്ടു വായിക്കുന്നു. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ എല്ലാവരും ഒരുമിച്ചു കൂടി തല വണക്കി നിൽക്കുന്നു.

താണ സ്ഥാനികൾക്കും പട്ടം കൊടുക്കുന്നുണ്ടെങ്കിൽ വേദവായകൾക്കും ഏവൻഗേലിക്കും മുമ്പായി അവരെ മാറ്റി നിർത്തുന്നു ശെമ്മാശ്ശന്റെ പട്ടംകൊട മുഴുവനും കഴിഞ്ഞ് അവർക്കായുള്ള വേദഭാഗങ്ങളും ഏവൻഗേലിയും വായിച്ച് അവരുടെ പ്രത്യേക ശുശ്രൂഷകൾ നടത്തുന്നു. എന്നാൽ പൊതുവായിട്ടുള്ള ആദ്യ ഭാഗം ശെമ്മാശ്ശന്റേതു തന്നെ.

**യോഹന്നാൻ 12: 24-26**

ആമ്മീൻ! ആമ്മീൻ! ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പുമണി നിലത്തുവീണു നശിക്കുന്നില്ലെങ്കിൽ അതുഅപ്രകാരം മാത്രം സ്ഥിതി ചെയ്യുന്നു. നശിക്കുന്നുവെങ്കിലോ, വളരെ ഫലങ്ങൾ തരുന്നു.
തന്റെ പ്രാണനെ സ്നേഹിക്കുന്നവൻ അതിനെ നശിപ്പിക്കും. തന്റെ പ്രാണനെ ഈ ലോകത്തിൽ വെച്ച് ദ്വേഷിക്കുന്നവൻ നിത്യജീവനായിഅതിനെസൂക്ഷിക്കും. ഒരുവൻ എന്നെ ശുശ്രൂഷിക്കുന്നെങ്കിൽ എന്നെ അനുഗമിക്കും. ഞാൻ എവിടെ ആയിരിക്കുന്നുവോ അവിടെ എന്റെ ശുശ്രൂഷക്കാരനുമായിരിക്കും. ഒരുവൻ എന്നെ ശുശ്രൂഷിക്കുന്നെങ്കിൽ പിതാവ് അവനെ ബഹുമാനിക്കും. (12: 35-36) ഇനി കു

റെ കാലം വെളിച്ചം നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കും.. അന്ധകാരം നിങ്ങളെ കടന്നുപിടിക്കാതിരിക്കത്തക്കവണ്ണം വെളിച്ചം നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കുവോളം നടപ്പിൻ. അന്ധകാരത്തിൽ നടക്കുന്നവൻ എവിടേക്കു പോകുന്നുവെന്നു അറിയുന്നില്ലല്ലോ.

നിങ്ങൾ പ്രകാശത്തിന്റെ മക്കൾആകേണ്ടതിന് പ്രകാശത്തിൽ വിശ്വസിപ്പിൻ (13: 31-32) ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു. എങ്കിൽ ദൈവവും തന്നിൽ തന്നെ അവനെ മഹത്വപ്പെടുത്തും. വേഗത്തിൽ അവനെ മഹത്വപ്പെടുത്തും. (13: -35) ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്ന പ്രകാരം നിങ്ങളും അന്യേന്യം സ്നേഹിപ്പിനെന്നുള്ള പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു. നിങ്ങൾക്കു അന്യോന്യം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നുവെന്നു അതിനാൽ എല്ലാവരും അറിയും. (ലൂക്കോസ് 11:13). ആകയാൽ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുപ്പാൻ നിങ്ങൾ അറിയുന്നുവെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധ റൂഹാ എത്ര അധികമായി കൊടുക്കും. ഉശൈനോല്കുലകൂൻ ...

Most assuredly, I say to you, unless a grain of wheat falls into the ground and dies, it remains alone; but if it dies, it produces much grain. He who loves his life will lose it, and he who hates his life in this world will keep it for eternal life. If anyone serves Me, let him follow Me; and where I am, there My servant will be also. If anyone serves Me, him My Father will honor.

Then Jesus said to them, "A little while longer the light is with you. Walk while you have the light, lest darkness overtake you; he who walks in darkness does not know where he is going. While you have the light, believe in the light, that you may become sons of light." These things Jesus spoke, and departed, and was hidden from them.

So when he had gone out, Jesus said, "Now the Son of Man is glorified, and God is glorified in Him. If God is glorified in Him, God will also glorified Him in Himself, and glorify Him immediately.

By this know that you are My disciples, if you have love for one another."

If you then, being evil, know how to give good gifts to your children, how much more will your heavenly Father give the Hole Spirit to those who ask Him!"

**നോട്ട്:** ഏവൻഗേലി വായന കഴിയുമ്പോൾ സ്ഥാനാർത്ഥി പുറകോട്ടു മാറി ഒറ്റ മുട്ടുകുത്തി, അതായത് വലത്തു മുട്ടു കുത്തി നിൽക്കുന്നു. മേല്പട്ടക്കാരൻ ദഗ്ഗാ യിൽ പടിഞ്ഞാട്ടു തിരിഞ്ഞു നിന്ന് ശിലമുടി തലയിൽ ഇട്ടുകൊണ്ടും വടിയും സീബായും പിടിച്ചുകൊണ്ടും ........................ എന്ന എനിയോനോ ചൊ ല്ലുകയും യുക്തമായ സ്ഥാനങ്ങളിൽ സ്ഥാനാർത്ഥിയെ റൂശ്മാ ചെയ്യുന്നു.

## എനിയോനോ

(സ്ലീ മൊറിയോ എന്ന രാഗം)

1. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

സീനായ് മലയേ തിരുവാസാൽ
പാവനമാക്കിയ പരിശുദ്ധാ!
വന്നു വസിച്ചീ ദാസനെ (രെ)യും
നിർമ്മലനാ(രാ)ക്കിത്തീർക്കണമെ.

2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠ തയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായിൽ താൻ താണെത്തി
മോശയ്ക്കായി താൻ കൈവെയ്പേകി

മോശയതഹറോനായ് നൽകി
വന്നന്നതു യോഹന്നാനോളം.

3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

നിബിയർ മൂലം ഭാഷിച്ചോൻ
ശ്ലീഹന്മാരിൽ പാത്തോനാം
റൂഹാ വന്നീ ദാസനെ (രെ) യും
നിമ്മലനാ (രാ) ക്കിത്തീക്കണമെ.

4. തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യ മുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.
പ്രാവെന്നോണം താണെത്തി
സുതന്റെ ശിരസ്സിൽ വാണവനാം
റൂഹാ വന്നീ ദാസനെ (രെ) യും
പാവനനാ (രാ) ക്കിത്തീക്കണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കത്താവിനെ സ്തുതിക്കട്ടെ.

മാളികയിൽ ശ്ലീഹന്മാർ മേൽ
ആവാസം ചെയ്തോൻ റൂഹാ
വന്നു വസിച്ചീ ദാസനെ (രെ) യും
നിമ്മലനാ (രാ) ക്കിത്തീക്കണമെ. ശുബഹോ ......

6. സ്തുത്യൻ പരിശുദ്ധൻ താതൻ
തിരുസുതനെ പ്രേഷിപ്പിച്ചോൻ
നിമ്മല ഗഭേ വാണവനും
സിദ്ധത സിദ്ധക്കായി നൽകീ. മെനഗാലം .....

7. ശമുവേൽ നിബിയേ ജഠരത്തിൽ

നിമ്മ്ലനാക്കിയ വിമലാത്മൻ
വന്നു വസിച്ചീ ദാസനെ (രെ) യും
പാവനമാ (രാ) ക്കിത്തീക്കണമെ.

## വിശ്വാസപ്രമാണം

**ശേമ്മാശ്ശൻ** :ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്നു ഈ വന്ദ്യപിതാവിന്റെ പ്രാത്ഥന ഏറ്റുചൊല്ലണം.

**മേല്പട്ടക്കാരൻ** : സവ്വശക്തിയുള്ള പിതാവായി

**വിശ്വാസികൾ:** സ്വഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹാ യിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റുപറഞ്ഞു, മരിച്ചുപോയവരുടെഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായിഞങ്ങൾനോക്കിപ്പാർക്കുന്നു ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

We believe in one true God,

The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven,

and sat on the right hand of his Father, and shall come again in his great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic church; and weacknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.

Barekmore,    Stoumen kalos Kurielaison.

**നോട്ട്:** മേല്പട്ടക്കാരൻ ദ്ഗ്ഗായിൽ കിഴക്കോട്ടഭിമുഖമായി നിൽക്കുന്നു. വടി ശെമ്മാശ്ശനെ ഏല്പിക്കുന്നു. സ്ലീബാ ത്രോണോസിൽ വെച്ച ശേഷം കോറൂസൂസാ എഴുതിയിട്ടുള്ള കടലാസ് രഹസ്യങ്ങൾക്കു പുറകിലായി ബലിപീഠത്തിന്റെ നടയിൽ ചാരിവെയ്ക്കുന്നു.വിശ്വാസപ്രമാണത്തിനു ശേഷം ശിലമുടി നീക്കുകയും രഹസ്യങ്ങളുടെ കബിലാനാകൾ എടുത്തു ഇരു വശങ്ങളിലായി വച്ചിട്ട് ......... രഹസ്യമായി ചൊല്ലുന്നു. തദവസരത്തിൽ എല്ലാവരും കുറിയേലായിസ്സോൻ ഉരുവിടുകയും വലിയ മണി അടിക്കുകയും കിലുക്കുമണി, മറുവാസകൾ എന്നിവ കിലുക്കുന്നു. (എല്ലാ രഹസ്യങ്ങൾക്കും അപ്രകാരം ചെയ്യണം. വലിയ മണി ദ്ഗ്ഗായിൽ കയറയിശേഷമേ അടിക്കത്തുള്ളു). ഈ അവസരത്തിൽ മെഴുകുതിരികൾ എല്ലാം കത്തിക്കണം.

**രഹസ്യം**

ഈ ശുശ്രൂഷയുടെ ഓഹരിക്കു ഞങ്ങളെ ആക്കി വയ്ക്കുകയും മനുഷ്യരുടെ ബോധങ്ങളെ ജ്ഞാനപ്പെടുത്തുകയും, ഹൃദയങ്ങളേയും അന്തർ ഇന്ദ്രിയങ്ങളേയും പരിശോധിക്കുകയും ചെയ്യുന്നവനായ സ്വ

ഗ്ഗീയസൈന്യങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ കരുണാബഹുലതാ നിമിത്തം ഞങ്ങളെ ചെവിക്കൊണ്ട്, ശരീരത്തിന്റേയും ആത്മാവിന്റേയും സകല അശുദ്ധിയിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ. മേഘം പോലെ ഞങ്ങളുടെ പാപങ്ങളും മൂടൽമഞ്ഞുപോലെ ഞങ്ങളുടെ കടങ്ങളും കടത്തിക്കളയണമെ. നിന്റെ ശക്തി കൊണ്ടും നിന്റെ ഏകപുത്രന്റെ കൃപകൊണ്ടും നിന്റെ പരിശുദ്ധ റൂഹായുടെ വ്യാപാരം കൊണ്ടും ഞങ്ങളെ നിറയ്ക്കണമെ. നിന്റെ പുതിയനിയമത്തിന്റെ ശുശ്രൂഷകരാകുവാനും, നിന്റെ പരിശുദ്ധ നാമത്തിനു യോഗ്യമാകുന്നപ്രകാരം തിരുമുമ്പാകെ നിൽപ്പാനും, നിന്റെ ദിവ്യ രഹസ്യങ്ങളെ ശുശ്രൂഷിച്ചാര്യവേല ചെയ്യുവാനും, കഴിവുള്ളവരായിത്തീരുവാൻ ഞങ്ങളെ അഹ്റരാക്കണമെ. അന്യപാപങ്ങൾക്കു സംബന്ധികളാകുവാൻ ഞങ്ങളെ വിട്ടുകളയരുതെ. എന്നാൽ ഞങ്ങൾക്കുള്ളവയെ മായിച്ചു കളയുകയും ചെയ്യണമെ. ഉപേക്ഷയായി യാതൊന്നും ചെയ്യാതിരിപ്പാൻ ഞങ്ങൾക്കിടയാക്കണമെ. എന്നാലോ യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് നിനക്കു സമർപ്പിപ്പാൻ ഞങ്ങൾക്കു ജ്ഞാനം പ്രദാനം ചെയ്യണമെ.

## പരസ്യം

**നേട്ട്:** കൈകൾ ഉയർത്തി ഉച്ചത്തിൽ ചൊല്ലുന്നു. അന്ത്യത്തിൽ രഹസ്യങ്ങളുടെ മേൽ കൈകൾ ആവസിപ്പിക്കുന്നു. കൈകളുയർത്തി പിടിച്ചു കൊണ്ടുള്ള എല്ലാ പരസ്യങ്ങൾക്കും അപ്രകാരം ചെയ്യണം.

ഇവിടെ അടുത്തുവന്നു നിന്റെ സ്വർഗ്ഗീയ നൽവരം നോക്കിപാർക്കുന്ന ഈ നിന്റെ ദാസനെ (രെ) നീ സ്വീകരിച്ച് പൂർണ്ണനാ (രാ) ക്കണമെ. എന്തെന്നാൽ നിന്നെ വിളിക്കുന്നവരായ സകലർക്കും നീ ആർദ്രതയും വളരെ കരുണയുമുള്ളവനാകുന്നുവല്ലോ നിന്റേയും നിന്റെ ഏകജാതനാം പുത്രന്റേയും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനും ജീവനുണ്ടാക്കുന്നവനും ........ നിന്റെ റൂഹായുടേയും ആധിപത്യം ശക്തിയേറിയതുമാകുന്നു ഹോശോ .........ആമ്മീൻ

**മേല്പട്ടക്കാരൻ:** നിങ്ങൾക്കെല്ലാവർക്കും സമാധാനം

**വിശ്വാസികൾ :** അവിടുത്തെ ആത്മവിനും സമാധാനം

## കോറൂസൂസോ (കത്ത്യവിളി പ്രഖ്യാപനം)

**നോട്ട്:** അനന്തരം കോറൂസൂസോ എഴുതിയ കടലാസ്സെടുത്തു റീശ്ശെമ്മാശ്ശന്റെ പക്കൽ കൊടുക്കുന്നു അയാൾ അത് കൈമുത്തി വാങ്ങി അംശവടിയുമായി പടിഞ്ഞാട്ടു ചെന്നു മദ്ബഹായുടെ വാതുക്കൽ (വളവികൽ) തെക്കുവശത്തു വടക്കോട്ടഭിമുഖമായി പടിഞ്ഞാട്ടു തിരിഞ്ഞു നിന്നു വായിച്ചു കഴിഞ്ഞ് തിരികെ ത്രോണോസ്സിലെത്തി മേല്പട്ടക്കാരനെ ഏല്പിച്ചശേഷം കൈ മുത്തുന്നു.

റീശ്മ്ശംശോനോ

**മലയാളം**

ഭയകമ്പിതനാ (രാ) യിങ്ങെത്തി
സത്യമതാം വിശ്വാസത്തിൽ
നിർമ്മലമാം മദ്ബഹാ മുമ്പിൽ
മൌലി നമിച്ചുയരേ മേവും
നിന്നേയുൾക്കണ്ണാൽ നോക്കി
സ്വർഗ്ഗീയ ദാനം വാഞ്ചിക്കും
ദാസനെ (രെ) ജനകഹിതത്താലും

റൂഹാ തൻ വീര്യത്താലും
അടിയാരുടെ കുറവുകളെല്ലാ-
മെപ്പോഴും പോക്കീടുന്ന
കർത്താവേശു മ്ശിഹാ തൻ
കൃപയാഹ്വാനം ചെയ്യുന്നു.

സ്ഥാനാർത്ഥി മേല്പട്ടക്കാരന്റെ അടുക്കൽ മുട്ടുകൾ കുത്തി നിൽക്കുന്നു.

മേല്പട്ടക്കാരൻ : വലതുകൈ സ്ഥാനാർത്ഥിയുടെ തലയിൽ വച്ച് അയാളെ അടുപ്പിച്ചു കൊണ്ടു പറയുന്നു

**അർക്കദിയാക്കോൻ**

**മലയാളം**

**മേല്പട്ടക്കാരൻ :** നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ (സഹോദര - മ്സമ്റോനോ - കോറൂയോ - എവുപ്പദ്യക്നോ) ക്രമത്തി

ൽനിന്നും ശെമ്മാശ്ശന്റെ പദവിയിലേക്ക് വിളിച്ച്അടുപ്പിച്ചിരിക്കുന്നു.

**റീശ്മ്ശംശോനോ :** ദൈവമാതാവായ മറിയാമ്മിന്റേയും, പന്ത്രണ്ടു പരിശുദ്ധ ശ്ലീഹന്മാരുടെയും, നാല്പതു ശ്രേഷ്ഠ സഹധേന്മാരുടെയും, നമ്മുടെ പിതാവായ മോർ മത്തായി, മാർ സാക്കായി, മാർ മൂശാ, മാർ യൂലിയാനാ എന്നിവരുടേയും, സുകൃതവാനും, സഹദേന്മാരുടെ കിരീടവുമായ മാർ ബഹനാമിന്റേയും, മ്ശിഹായെ സ്നേഹിക്കുകയും, മ്ശിഹായാൽ സ്നേഹിക്കപ്പെട്ടിരിക്കുകയും പൌരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്റെ അധികാരത്തിൻ കീഴ് (ഇന്ന ദേശത്തുള്ള) പരിശുദ്ധനായ മാർ (ഇന്നാരുടെയും) ദേവാലയത്തിലെ വിശുദ്ധവും ദിവ്യവുമായ മദ്ബഹായിൽ (ലേക്കു) വച്ച് ദൈവസ്നേഹി (ഇന്ന) ശെമ്മശ്ശൻ വിളിച്ച് അടുപ്പിക്കപ്പെട്ടിരിക്കുന്നു.

**കോറൂസൂസോ** (മറ്റെന്ന്)
(അക്കിദിയോക്കൻ ക്രമപ്രകാരം വായിക്കുന്നു)

**മലയാളം**

സമർപ്പിതനായിട്ടുള്ളോനാം
ഇവനു (രു) ടെ സംഭ്രമവേളയിതിൽ
ഇപ്പോഴുമെപ്പോഴുമെന്നയ്ക്കും
പാവനറൂഹ തൻ കൃപയും
വാസവുമിവനു (ക്കു) ണ്ടായിടുവാൻ
നാമെല്ലാവരുമഭ്യർത്ഥി
ച്ചട്ടഹസിച്ചുര ചെയ്യണം
മൂവരു കുറിയേലായിസ്സോൻ
കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

**രഹസ്യം** (കിഴക്കേട്ടു തിരിഞ്ഞു)
(ഈ സമയത്തു എല്ലാവരും കുറിയേലായിസ്സോൻ ഉരുവിടുകയും കിലുക്കു മണി, മറുവഹസാകൾ എന്നിവ കിലുക്കുകയും വലിയ മണി അടിക്കുകയും ചെയ്യണം)

എന്റെ കർത്താവേ! സകലത്തേയും വഹിച്ചിരിക്കുന്ന നിന്റെ മനു

ഷ്യസ്നേഹത്താൽ, ഇവിടെ അടുത്തു വന്നു നിന്നാൽ പ്രകാശിക്കപ്പെടുവാൻ നോക്കിപാക്കുന്ന ഈ ഞങ്ങളുടെ സഹോദരനെ (രെ) നീ സ്വീകരിച്ച് പരിശുദ്ധനും ദിവ്യനുമായ നിന്റെ റൂഹായുടെ ദാനം അവന്റെ (രുടെ) മേൽ ചൊരിയണമെ. നിന്നോടു കൂടിയുള്ള നല്ല ഐക്യത്തിൽ ഒന്നാകുവാനും, നീ സത്യദൈവമാകുന്നുവെന്നും, എല്ലാവരേയുംപറ്റിതാല്പര്യമുള്ളവനാകുന്നുവെന്നും തിരിച്ചറിവാനും നിന്നെ ഉൾകൊള്ളുവാനും, നിന്നോടു ചേരുവാനും അവനു (ക്കു) സംഗതിയക്കണമെ. അറിവോടു കൂടെ വെടുപ്പിൽ നിന്നെ ശുശ്രൂഷിപ്പാനും, നിനക്കു ആചര്യവേല ചെയ്യുവാനും, അവന്റെ മദ്ധ്യസ്ഥതയിൽ നിന്റെ ശ്രേഷ്ഠതയോടെ രഞ്ജിപ്പാനും, നിന്റെ സൃഷ്ടിയോടെ കരുണ കാണിപ്പാനും, ആശ്രയിക്കുന്ന നിന്റെ ജനത്തിനു വേണ്ടിസ്തോത്രങ്ങളുംഅപേക്ഷകളും സമർപ്പിപ്പാനുംഅവനെ (രെ) യോഗ്യനാ (രാ)ക്കണമെ. ഈ നേരത്തു അവനു (ക്കു) വേണ്ടിയുള്ള നിന്റെ ജനത്തിന്റെ പ്രാത്ഥന കൈകൊണ്ട്, അവക്കായുള്ള നിന്റെ ദാനങ്ങളാൽ അവരെ ആശ്വസിപ്പിക്കണമെ. സവ്വത്തിലും സവ്വവും തികക്കുന്ന നിന്റെ കൃപയാൽ പരിശുദ്ധനായ പിതാവേ! നിന്റേയും, പരിശുദ്ധ പുത്രന്റെയും സകലത്തിലും പരിശുദ്ധനായ റൂഹായുടെയും നാമത്തിൽ അവരെ നീ കാത്തു കൊള്ളണമെ.

**പരസ്യം** (കൈകളുയത്തി)

നിന്റെ മനുഷ്യസ്നേഹം മൂലം, നിന്റെ പരിശുദ്ധ നാമത്തിനു യോഗ്യമാകുന്നപ്രകാരം നിനക്കുദാസ്യവേലചെയ്യുവാനും നിന്റെ പരിശുദ്ധ മദ്ബഹായെശുശ്രൂഷിപ്പാനുംതിരുമുമ്പാകെ കരുണ കണ്ടെത്തുവാനും അവൻ (ർ) യോഗ്യനാ (രാ) യി തീരുമാറാകണമെ. എന്തെന്നാൽ നീ കാരുണ്യവാനും അനുഗ്രഹിക്കുന്നവനുമായ ദൈവമാകുന്നുവല്ലോ നിന്റെ പുത്രനോടും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനുമായ നിന്റെ റൂഹായോടും കൂടെ നിനക്കു സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ ..... ആമ്മീൻ

## കരാഘോഷം

**നോട്ട് :** സ്ഥാനാത്ഥിയെ കാപ്പ കൊണ്ടു മൂടി പരിശുദ്ധാത്മാഭിഷേകത്തിന്റെ കരാഘോഷം നടത്തുന്നു. വിശ്വാസികൾ കുറിയേലായിസ്സോൻ ചൊല്ലണം

(അല്ലെങ്കിൽ)

**മലയളം** (പരിശുദ്ധൻ - പാവന)

പാറക്ലീത്താ റൂഹാ വന്നെത്തി -
ആവാസം ചെയ്യട്ടിവനിൽ
ആത്മശരീരക്കറയെല്ലാം
പാടെ നീക്കം ചെയ്യട്ടെ

എന്നതു ഉരുവിട്ടു കൊണ്ടിരിക്കണം) തദവസരത്തിൽ വലിയ മണി അടിക്കുക യും ചെറിയ മണി, മറുവഹ്സാ എന്നിവ കിലുക്കയും ചെയ്യണം. സ്ഥാനാത്ഥി ദഗ്ഗായുടെ തെക്കുവശത്ത് വടക്കോട്ടഭിമുഖമായി വലത്തു മുട്ടുകുത്തി നിൽക്കു ന്ന കറുത്ത കുപ്പായത്തിന്റെ ബട്ടൻ എടുത്തു കഴുത്തു തുറന്നിടുന്നു. അക്ദി യാക്കോൻ മേല്പട്ടക്കാരന്റെ കാപ്പായുടെ വലത്തു വശം ഉയത്തി പിടിച്ച് സ്ഥാ നിയെ ജനദൃഷ്ടിയിൽ നിന്നും മറയ്ക്കുന്നു.

മേല്പട്ടക്കാരൻ കിഴക്കോട്ടു അഭിമുഖമായി തന്നെ ദുഗ്ഗായിൽ നിന്നുകൊണ്ട് കണ്ണുകൾ മേല്പോട്ടുയത്തി

പാറക്കലീത്താ റൂഹാ വന്നെത്തി എന്നിങ്ങനെ ശബ്ദമുയത്താതെ ചൊല്ലി കൊണ്ട് ആദ്യം കാസാ പീലാസ്സാമേൽ കൈകൾ ആവസിപ്പിച്ച ശേഷം ഭുജ ങ്ങൾ നീട്ടി മൂന്നു പ്രാവശ്യം മേലോട്ടും കീഴോട്ടും വിറപ്പിച്ച് ആഘോഷിച്ച ശേ ഷം രണ്ടു കൈകളും തളത്തി ഒരുമിച്ച് പീലാസ്സാമേൽ ആവസിപ്പിച്ച് അതിൽ നിന്നും രണ്ടു കൈകളും ചേത്തു പിടിച്ച് കലത്തിയ അനുഗ്രഹം ശേഖരിച്ച് പീ ലാസ്സായിൽ ഒഴിക്കുകയും വീണ്ടും മൂന്നുപ്രാവശ്യം രഹസ്യങ്ങൾ മേൽ മേലോട്ടും കീഴോട്ടും കൈകൾ വിറപ്പിച്ച് ആഘോഷിച്ച ശേഷം (ആകെ ഒമ്പ തു കരാഘോഷം) കൈകൾ തളത്തി ഒരുമിച്ച് കാസാമേൽ ആവസിപ്പിച്ചിട്ട് കാസായിൽ നിന്നും തുടന്ന് പീലാസ്സായിൽ നിന്നും കൈകളിൽ അനുഗ്രഹം ശേഖരിച്ചെടുക്കുകയും ഉടനെ അക്ദിയാക്കേൻ മേല്പട്ടക്കാരന്റെ കൈവെള്ള കൾ ഒരു കബിലാനാകൊണ്ട് മൂടുകയും മേല്പട്ടക്കാരൻ പറകലീത്താ റൂഹാ വന്നെത്തീ - ട്ടാവാസം ചെയ്യട്ടിവനിൽ എന്നു ശബ്ദമുയത്താതെ ചൊല്ലി ക്കൊണ്ട് രണ്ടു കൈകളും ചേത്തു പിടിച്ചു കൊണ്ട് സ്ഥാനാത്ഥിയുടെ ശിര സ്സിലേക്കു കൈകൾ കൊണ്ടു വരികയും, അപ്പോൾ അക്ദിയാക്കോൻ കൈ കളിൽ നിന്നും കബിലാനാ നീക്കുകയും മേല്പട്ടക്കാരൻ കൈകൾ മറിച്ച് സ്ഥാ നാത്ഥിയുടെ ശിരസ്സിൽ അനുഗ്രഹം ഒഴിച്ച് തിരുമി പൂശുകയും കണ്ണുകൾ ഉയ ത്തി മേലോട്ടും കീഴോട്ടും മാറി മാറി നോക്കിക്കൊണ്ട് ആവാസം ചെയ്യട്ടിവ നിൽ എന്നതുതന്നെ ചൊല്ലിക്കൊണ്ട് രഹസ്യങ്ങൾ മേൽ ചെയ്തതു പൊലെ തന്നെ സ്ഥാനാത്ഥിയുടെ ശിരസ്സിന്മേൽ കൈകളുയത്തി മൂന്നു പ്രാവശ്യം ആഘോഷിച്ച ശേഷം കൈകൾ തളത്തി സ്ഥാനത്ഥിയുടെ തലയിൽ ആവസി

പ്പിച്ച് തിരുമി പൂശുകയും അപ്രകാരം തന്നെ ആ പ്രക്രിയ മൂന്നു പ്രാവശ്യം ആവർത്തിച്ചിട്ട് (ആകെ ഒമ്പതു കരാഘോഷം) വലത്തുകൈ സ്ഥാനാർത്ഥിയുടെ ഉച്ചിയിൽ വെച്ചു കൊണ്ട് ............................ എന്നു പറഞ്ഞു കൊണ്ട് (1) ഇടത്തുകൈ വലത്തു കൈയുടെ അടിയിൽ കൂടി (Cockwise) പ്രദക്ഷിണമായി കടത്തി ചുറ്റിച്ചു തലയുടെ ഉച്ചിയിൽ തിരുമി പൂശുകയും തുടന്ന് അതേപ്രകരംതന്നെ (2) വീണ്ടും (Cockwise) പ്രദക്ഷിണമായി സ്ഥാനാർത്ഥിയുടെ നെറ്റി, വലത്തു ചെന്നി, വലത്തു ചെവി, തലയുടെ പുറക്, ഇടത്തെ ചെവി, ഇടത്തു ചെന്നി, മൂക്ക് എന്നിവയിൽ പൂശുകയും പിന്നീട് (3) (Cockwise) പ്രദക്ഷിണമായി സ്ഥാനാർത്ഥിയുടെ വായ് തുടങ്ങി മുഖത്തും സ്ഥാനാർത്ഥിയുടെ ഇടത്തു വശത്തു കൂടി കഴുത്ത തോള്, പുറം എന്നിവയിലും കൈകടത്തി സ്ഥാനാർത്ഥിയുടെ വലത്തെ തോളിലും നെഞ്ചിലും പൂശി അവസാനിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഈ പക്രിയകളെല്ലാം മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു. (അതായത് ആകെ 54 (18 X 3) കരാഘോഷം). ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ ഓരോരുത്തരുടെ മേലും ഇതു ആവർത്തിക്കുന്നു. അനന്തരം താഴെ കൊടുത്തിരിക്കുന്ന കാത്തിസ്മാ ചൊല്ലുന്നു.

## കോറൂസൂസാ

(റീശ് ശെമ്മാശ്ശൻ ക്രമപ്രകാരം കോറൂസൂസാ വായിക്കുന്നു)

### മലയാളം

പാവനറൂഹാ വന്നെത്തി
രക്ഷകന്റെ വാഗദാനം പോൽ
ആവസം ചെയ്കെട്ടിവനി (രി) ൽ
നിർമ്മലറൂഹായുടെ ദാനം
രോധിക്കരുതിവനി (രി) ൽ നിന്നും
പ്രാർത്ഥനകൾ കൈക്കൊൾവോനേ
നിന്നൊടു യാചിക്കുന്നെങ്ങൾ
അട്ടഹസിച്ചുര ചെയ്യുന്നു
പാറക്ലീത്താ പരിശുദ്ധൻ
ജീവദറൂഹാ പരിശുദ്ധൻ
ദത്തൻ റൂഹാ പരിശുദ്ധൻ
ഹാ! ശുദ്ധാത്മൻ തൻ ദാനം
ഹാ! മർമ്മം വചനാതീതം
ഹാ! നരവർഗ്ഗത്തോടുള്ള
തവിസ്മയ കൃതികൾ പരനേ!
സ്തുതിതേ! സകലാധിപനാഥാ!

## ക്രോയ്ത്തോദു റൂഹോ കാദീശോ
## ഹസ്താപ്പണം

**നോട്ട് :-** സ്ലീബാ കൂട്ടിപിടിച്ച്, വലത്തു കൈ സ്ഥാനാത്ഥിയുടെ തലയിൽ വെച്ചു കൊണ്ട് ക്രൊയ്ത്തോദു റൂഹോ പ്രാത്ഥന രഹസ്യമായി ചൊല്ലുന്നു. തദവസരത്തിൽ കാപ്പയുടെ വലത്തു വശംകൊണ്ട് സ്ഥാനാത്ഥിയെ തുടന്നു മറച്ചു പിടിക്കുന്നു. കുറിയേലായിസ്സോൻ ആവത്തിക്കുകയും വലിയമണി അടിക്കുകയും, ചെറുമണികളും മറുവഹസാകളും കിലുക്കുന്നു.

ഒന്നിലധികം സ്ഥാനാത്ഥികൾ ഉണ്ടെങ്കിൽ എല്ലാവരേയും ഒരുമിച്ച് മുട്ടുകുത്തി നിത്തിയിട്ട് എല്ലാവരുടേയും തലയിൽ തൊടതക്കവണ്ണം കൈ നീട്ടി പിടിച്ച് കൂട്ടമായി ഈ ശുശ്രൂഷ നടത്തുന്നതിന് വിരോധമില്ല. എന്നാൽ ഓരോരുത്ത രുടെ മേലും ആവത്തിക്കുന്നതാണ് നല്ലത്. അങ്ങനെ ചെയ്യുന്നെങ്കിൽ കരാ ഘോഷവും ഹസ്താപ്പണവും ഓരോരുത്തക്കും ഒരുമിച്ചു നടത്താം.

**രഹസ്യം** (ക്രൊയ്ത്തോദു റൂഹോ)

സഭയെ പണികയും അതിനു അടിസ്ഥാനമിടുകയും എല്ലാ തലമു റകളിലും അതിന്റെ ഭരണത്തിനായി പട്ടം കെട്ടപ്പെട്ടിട്ടുള്ള പരിശു ദ്ധന്മാർമുഖാന്തരം വദ്ധിപ്പിക്കുകയും അതിന്റെ കുറവുകളെ നിറയ്ക്കു കയും ചെയ്യുവനായ ദൈവമേ! ഈ നാഴികയിൽ കത്താവേ! ഈ നിന്റെ ദാസനി (രി) ൽ നീ സൂക്ഷിച്ച് നിന്റെ പരിശുദ്ധ റൂഹായു ടെ കൃപ അവന്റെ (രുടെ) മേൽ അയച്ച് വിശ്വാസവും സ്നേഹവും ശക്തിയും വിശുദ്ധിയും കൊണ്ട് അവനെ (രെ) നിറയ്ക്കണമെ. ഈ ശുശ്രൂഷവേലയിൽ ആദ്യമായി നീ വിളിച്ചവനായ നിന്റെ ശെമ്മാ ശ്ശൻ എസ്തേഫാനോസ്സിനു ശുശ്രൂഷയുടെ കൃപ നൽകിയ പ്രകാരം ഈ നിന്റെ ദാസന്റെ (രുടെ) മേലും സ്വഗ്ഗത്തിൽ നിന്നും സഹായമെത്തുവാൻ നീ സംഗതിയാക്കണമെ. എന്തെന്നാൽ പാ പികളായ ഞങ്ങളുടെ കൈവെയ്പ്പു മൂലമല്ല പ്രത്യുത സമ്പന്നമായ നിന്റെകരുണയുടെ സന്ദശനംമൂലമത്രേ കൃപഅതിനു യോഗ്യരായ വക്കു നൽകപ്പെടുന്നത്. ഇതു നിമിത്തമായി ഞങ്ങൾ അപേക്ഷി ക്കുകയും നിന്നോടു യാചിക്കുകയും ചെയ്യുന്നു. പാപ സംസഗ്ഗത്തി ൽ നിന്നു ഞങ്ങളെ സംരക്ഷിക്കണമെ. എന്തെന്നാൽ എല്ലാവനും അവനവന്റെ പ്രവത്തികൾക്കു തക്കവണ്ണം പ്രതിഫലം നൽകുവൻ നീയാകുന്നു. കത്താവേ!! യാതൊന്നും ഉപേക്ഷയായി ചെയ്യുവാൻ

ഞങ്ങൾക്കിടയാകരുതേ. നിന്റെ ജനത്തിന്റെ അഭ്യുദയത്തിനും വ ളച്ച്യക്കുമായി നിന്റെ ശുശ്രൂഷ കുറ്റം കൂടാതെ നടത്തുവാനും നിന്റെ സഭയ്ക്ക് തടസ്സമായി അവർ തീരാതിരിപ്പാനും അങ്ങനെ നിത്യ ദണ്ഡ നത്തിൽ നിന്നും അവർ രക്ഷപെടുവാനും ഞങ്ങൾ നിന്റെ മദ്ബ ഹായിൽ വെച്ചു പാപം ചെയ്യുന്നവർക്കായുള്ള ഭയങ്കര ന്യായവിധി യിൽ നിന്നും ഓടിപോകുവാനും തക്കവണ്ണം യോഗ്യരായിട്ടുള്ളവരെ തെരഞ്ഞെടുത്ത് നിന്റെ പരിശുദ്ധ മദ്ബഹായ്ക്കായി സമർപ്പിക്കുവാ ൻ ഞങ്ങൾക്കു ജ്ഞാനം പ്രദാനം ചെയ്യണമെ. (എല്ലാ സ്ഥാനാർത്ഥിക ളുടേയും ഹസ്താർപ്പണം കഴിഞ്ഞ്)

### പരസ്യം

ബലിപീഠത്തിങ്കലേക്കു തിരിഞ്ഞ് ഉച്ചത്തിൽ

ഹൃദയവെടിപ്പോടെ കൂടി ഞങ്ങൾ നിന്റെ പരിശുദ്ധ മദ്ബഹാ മു മ്പിൽ നിന്നു കൊണ്ട് നീതിപൂർവ്വമായ പ്രതിഫല ദിവസത്തിൽ ഈ നിന്റെ ദാസനോടുകൂടി കരുണ കണ്ടെത്തുമാറാകണമെ. എന്തെ ന്നാൽ നീ കാരുണ്യവാനുംഅനുഗ്രഹിക്കുന്നവനായ ദൈവമാകുന്നു വല്ലോ. നിനക്കും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹു മതിയും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ ... ആമ്മീൻ. (തദനന്തരം സ്ഥാനാർത്ഥി പൂർവ്വ സ്ഥാനത്തു ചെന്നു മുട്ടുകുത്തി നിൽക്കുന്നു)

**മേല്പട്ടക്കാരൻ :-** നിങ്ങൾക്കെല്ലാവർക്കും സമാധാനം.

**ശെമ്മാശ്ശൻ :** കരുണയുള്ള കർത്താവിന്റെ മുമ്പാകെ നമ്മുടെ തല കു നിക്കണം.

**വിശ്വാസികൾ :-** ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമെ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

### രഹസ്യം

കർത്താവേ! ഞങ്ങളിലും ഞങ്ങളുടെ ശുശ്രൂഷയിലും സൂക്ഷിച്ച് നി ന്റെ നൽവരം മുഖാന്തരം കുറ്റമില്ലാതെ നിന്നെ സേവിപ്പാനും ആദി മുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകല പരിശുദ്ധന്മാരോടും

കൂടെ നിന്നിൽ നിന്നും കരുണ കണ്ടെത്തുവാനും യോഗ്യനാ (രാ) യി തീരുവാൻ തക്കവണ്ണം ഈ നിന്റെ ദാസനു (ക്കു) സ്വർഗ്ഗത്തിൽ നിന്നും കൃപ നൽകി കൊണ്ട് സകല കറകളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ.

**പരസ്യം**

നീ സകലത്തിന്റേയും നാഥനും ദൈവവുമാകുന്നു. എല്ലാ നല്ല വരങ്ങളും നിന്നിൽ നിന്നും പുറപ്പെടുകയും ചെയ്യുന്നു. അവന്റെ (രുടെ) പ്രാണനിൽ നിന്റെ ദാനങ്ങൾ നിത്യമായി പാലിക്കപ്പെടുവാൻ ഈ നിന്റെ ദാസൻ (ർ) നിങ്കലേക്കു നോക്കിപ്പാർത്തു പ്രത്യാസിക്കുന്നു. അവൻ (ർ) കൃപയിൽ നിന്നും എടുക്കുന്നവനും (രും) എടുക്കപ്പെടുന്നവനും (രും) ആയിത്തീരണമെ. അവന്റെ (രുടെ) ഉള്ളിൽ അവൻ (ർ) ആനന്ദിക്കുകയും നിന്റെ ദാനങ്ങൾക്കായി അഭിവാഞ്ചിക്കുന്ന അവന്റെ (രുടെ) ആത്മാവിനെ നിന്റെ വരങ്ങൾകൊണ്ട് നിറക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണമെ. എന്തെന്നാൽ കരുണയിലും മനുഷ്യസ്നേഹത്തിലും നീ താല്പര്യമുള്ളവനാകുന്നു. നിനക്കും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ഹോശോ .............. ആമ്മീൻ.

## പട്ടാഭിഷേക പ്രഖ്യാപനം

**നോട്ട്:** സ്ഥാനാർത്ഥി എഴുനേറ്റ് മേല്പട്ടക്കാരന്റെ അടുത്തു വന്നു നിൽക്കുന്നു. മേല്പട്ടക്കാരൻ പടിഞ്ഞാട്ടു തിരിഞ്ഞു നിന്ന് സ്ലീബാ കൂട്ടിപിടിച്ച് വലത്തുകൈ സ്ഥാനാർത്ഥിയുടെ നെറ്റി കൂട്ടി തലയിൽ വെച്ച് കൊണ്ട് (ഇടതു കൈ സ്ഥാനാർത്ഥിയുടെ തോളിലും വയ്ക്കാം) ...................... എന്ന പ്രഖ്യാപനം ചൊല്ലുന്നു

**മേല്പട്ടക്കാരൻ**

**അർക്കിദിയാക്കോൻ**

**മേല്പട്ടക്കാരൻ**

**ശെമ്മാശ്ശൻ :** ബാറെക്മോർ

**മേല്പട്ടക്കാരൻ**

**നോട്ട് :** കൈ തലയിൽ നിന്നെടുത്ത് മേൽ പറഞ്ഞതു ചൊല്ലിക്കൊണ്ട് നെറ്റിയിൽ ത്രിത്വ നാമത്തിൽ റൂശ്മാ ചെയ്യുന്നു. ഈ സമയത്ത് മണി മുതലായവ അടിക്കുകയും കിലുക്കുകയും ചെയ്യണം. ഒടുവിൽ സ്ഥാനാർത്ഥിയെ സ്ലീബാ മുത്തിക്കുന്നു. ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ മേല്പറഞ്ഞ പട്ടാഭിഷേക പ്രഖ്യാപനം ഓരോരുത്തരുടെ മേലും പ്രത്യേകം ചെയ്യുന്നു. ഇതിനു ശേഷം സ്ഥാനാർത്ഥി പൂർവ്വ സ്ഥാനത്തു പോയി മുട്ടുകുത്തി നിൽക്കുന്നു.

**മലയാളം**

**മേല്പട്ടക്കാരൻ :** ദൈവത്തിന്റെ പരിശുദ്ധ സഭയിൽ പട്ടം കെട്ടപ്പെട്ടിരിക്കുന്നു.

**അർക്കദിയാക്കോൻ :** ദൈവമാതാവായ മറിയാമ്മിന്റേയും പന്ത്രണ്ടു പരിശുദ്ധ ശ്ലീഹന്മാരുടെയും, നാല്പതു ശ്രേഷ്ഠ സഹദേന്മാരുടെയും (ഇന്ന സ്ഥലത്തുള്ള) പരിശുദ്ധനായ മാർ (ഇന്നാരുടെയും) പള്ളിയിലെ പരിശുദ്ധവും ദിവ്യവുമായ മദ്ബഹായിലേക്കു (ൽ വച്ച്) (ഇന്ന) ശെമ്മാശ്ശൻ

**മേല്പട്ടക്കാരൻ :** മുന്നം പേരു പറയപ്പെട്ട ഓർത്തോദുക്സാ ദേശത്തുള്ള പരിശുദ്ധ മദ്ബഹായിലേക്കു (ൽ വച്ച്) (ഇന്ന) ശെമ്മാശ്ശൻ പിതാവിന്റെ നാമത്തിലും, പുത്രന്റെ നാമത്തിലും, ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും, നിത്യജീവനിലേക്കു മുദ്ര കുത്തപ്പെട്ടിരിക്കുന്നു..

**മേല്പട്ടക്കാരൻ** **രഹസ്യം** (കിഴക്കോട്ടു തിരിഞ്ഞ്)

(സ്ഥാനാർത്ഥി പോയി പൂർവ്വ സ്ഥാനത്ത് മുട്ടുകുത്തി നിൽക്കുന്നു

സർവ്വ വല്ലഭനായ ഞങ്ങളുടെ കർത്താവേ! സകലത്തിനു വേണ്ടിയും സകലം നിമിത്തവും ഞങ്ങൾ നിന്റെ കൃപയെ അഭിനന്ദിക്കുന്നു നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ പുകഴ്ത്തി മഹത്വപ്പെടുത്തുന്നു. എന്തെന്നാൽ ഞങ്ങളുടെ കൂടെ പ്രവർത്തിപ്പാൻ നീ ശ്രേഷ്ഠതപ്പെടുകയും ഈ നിന്റെ ദാസന്റെ മേൽ നിന്റെ നൽവരം ചിന്തുകയും ചെയ്തിരിക്കുന്നു. കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിന്റെ കൃപാസമൃദ്ധിയിൽ

ഞങ്ങളെ ശ്രദ്ധിച്ച് സകലത്തിലും പരിശുദ്ധനായ നിന്റെ റൂഹായുടെ ആഗമനത്താൽ ഈ നിന്റെ ദാസന്റെ (രുടെ) മേൽ നടന്നതായ ശെമ്മാശ്ശന്റെ പട്ടാഭിഷേകത്തിൽ നീ തിരുമനസ്സായി ഈ വിളിയോടു കൂടെ തെരഞ്ഞെടുപ്പും വിശുദ്ധിയും ഉത്തമനായ നിന്റെ കൃപയും വദ്ധിപ്പിക്കണമെ. അവൻ (ർ) പ്രാപിച്ചതായ താലന്തു കൊണ്ട് നിനക്കു വേല ചെയ്യുവാൻ അവനു സംഗതിയാക്കണമെ.

## പരസ്യം

ആദി മുതൽ നിന്റെ തിരുവിഷ്ടം പ്രസാദിപ്പിച്ചിട്ടുള്ള സകലരോടും കൂടെ വലിയവനും ഞങ്ങളുടെ രക്ഷകനുമായ യേശുമ്ശിഹായാകുന്ന ഞങ്ങളുടെ ദൈവമായ കർത്താവിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള രണ്ടാമത്തെ ആഗമനത്തിൽ വിശ്വസ്ഥരും ജ്ഞാനികളുമായ ഗൃഹവിചാരകരുടെ കൂലി ഇവൻ (ർ) പ്രാപിക്കുമാറാകണമെ. തന്നോടു കൂടിയും സകലത്തിലും വിശുദ്ധനും ഉത്തമനും ..................... നിന്റെ റൂഹായോടുകൂടിയും നിനക്കു സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ ...... ആമ്മീൻ.

**നോട്ട് :-** രഹസ്യങ്ങൾ കബിലാനകൾ കൊണ്ടു മൂടിയ ശേഷം പടിഞ്ഞാറോട്ടു തിരിഞ്ഞ് സ്ഥാനാർത്ഥിയെ വലത്തു കൈകൊണ്ടു പിടിച്ചെഴുന്നേല്പിക്കുന്നു.

## സ്ഥാനവസ്ത്ര ധാരണം

**നോട്ട് :-** ഊറാറാ എടുത്തു (ശുശ്രൂഷാ കുപ്പായം ധരിച്ചിട്ടില്ലെങ്കിൽ അതും) ............... (സാരാംശത്തിൽ സമത്വമുള്ള/ ഉണ്മയിൽ ഒന്നായിരിക്കുന്ന ....) എന്നതും ചൊല്ലി രഹസ്യങ്ങളുടെ മേൽ മൂന്നു പ്രാവശ്യവും സ്ഥാനാർത്ഥിയുടെ തലയിന്മേൽ മൂന്നു പ്രാവശ്യവും ആഘോഷിച്ച് (ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ എല്ലവരും ഒരുമിച്ച് തല വണക്കി നിൽക്കാം) തുടന്ന് .............................................. ചൊല്ലി ധരിപ്പിക്കുന്നു.
ഊറാറാ ഇടത്തേതോളിന്മേൽ കീഴായി ഇരുവശങ്ങളിലേക്കും സമമായ തൂങ്ങി കിടക്കത്തക്കവണ്ണം മേല്പട്ടക്കാരൻ ഇട്ടുകൊടുക്കുന്നു.

തൊപ്പി വാഴ്ത്താതെ സ്ഥാനാർത്ഥിയെ മേല്പട്ടക്കാരൻ ധരിപ്പിക്കുന്നു. സ്ഥാനവസ്ത്രങ്ങളുടെ ആഘോഷം രണ്ടു പ്രാവശ്യം Ani Clockwise (അപ്രദക്ഷിണം) ആയും ഒരു പ്രാവശ്യം Clockwise (പ്രദക്ഷിണം) ആയും നടത്തുന്നു. (കശ്ശീശാ

യ്ക്കു മാത്രമേ തൊപ്പി വാഴ്ത്തി കൊടുക്കുകയുള്ളു) .................... ചൊല്ലുമ്പോൾ മേല്പട്ടക്കാരനും വൈദീകരും മാറി മാറി ചൊല്ലുന്നു. മുൻ സ്ഥാനത്തിനടുത്ത വിധത്തിൽ സ്ഥാനാർത്ഥി ഊറാറാ ചുറ്റി നിൽക്കുന്നെങ്കിൽ മേല്പട്ടക്കാരൻ അത് അഴിച്ചെടുത്തു ആഘോഷിച്ചു ധരിപ്പിക്കുന്നു.

**മലയാളം**

**സാരാംശത്തിൽ സമത്വമുള്ള (ഉണ്മയിൽ ഒന്നായിരിക്കുന്ന) പരിശുദ്ധത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രാഭവത്തിനും അഭ്യുന്നതിക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടുപണിക്കുമായി ഇതു തീരുമാറാകട്ടെ.**

**നോട്ട് :-** അങ്ങിനെ ചൊല്ലിക്കൊണ്ട് ഒരു മറുവഹസാ സ്ഥാനാർത്ഥിക്കു പിടിക്കുവാൻ കൊടുക്കുന്നു.

അനന്തരം ഒരു ധൂപകുറ്റി സ്ഥാനാർത്ഥിക്കു കൊടുത്തിട്ട് മേല്പട്ടക്കാരൻ അതിൽ ധൂപം (ധൂപവർഗ്ഗം) ഇട്ടു കൊടുക്കുന്നു. സ്ഥാനാർത്ഥി പതിവു പോലെ ബലിപീഠം ചുറ്റി വീശി മുത്തുകയും മേല്പട്ടക്കാരനു വീശി കൈ മുത്തുകയും വൈദികർ, ജനങ്ങൾ എന്നിവർക്കു ധൂപം വീശുന്നു. ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ ഓരോരുത്തരും അപ്രകാരം ചെയ്യണം.

## സമാധാനത്തിന്റെ മാനീസാകൾ

സമാധാനത്തിന്റെ മാനീസാ ചൊല്ലി ക്രമപ്രകാരം എല്ലാവനും സമാധാനം കൊടുക്കുന്നു. പിന്നീട് ശേഷം കുർബ്ബാനയ്ക്കു പുതിയ ശെമ്മാശ്ശൻ കൂടുന്നു.

അനുഭവ സമയത്തു മേല്പട്ടക്കാരൻ അയാൾക്ക് വി. കുർബ്ബാന കൊടുക്കുന്നു.

**മാനീസാ**

നിർമ്മലരാം താതന്മാരെ!
നിങ്ങടെ ഓർമ്മയ്ക്കായ് ഞങ്ങൾ
പെരുന്നാൾ കൊണ്ടാടീടുമ്പോൾ
ഉണ്ടായീടുന്നകതാരിൽ

അന്ത്യദിനത്തിൻ പരിചിന്ത
ആ ദിനമതിൽ വെളിവായ് നിങ്ങൾ

കർത്താവിൻ വൈദികരെന്നും
ദൈവത്തിൽ സേവകരെന്നും
അറിയപ്പെട്ടീടും നൂനം
ഈദൃശയോഹരി പ്രാപിപ്പാൻ
യോഗ്യത നിങ്ങൾ നേടുമ്പോൾ
ഭാഗ്യമെഴും ശാന്തിയിലേറി
വലഭാഗത്തജഗണമായി
മ്ശിഹായുടെ കൃപ കണ്ടെത്താൻ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

## സമാധാനത്തിന്റെ മറ്റൊരു മാനീസാ

**കുറിപ്പ് :** Deacon wears the oororo Pendant (Hanging down) from the left shoulder.

ശെമ്മാശ്ശനെ സംബന്ധിച്ചുള്ള നിയമങ്ങൾക്ക കാനോൻ 7-ാം അദ്ധ്യായം 6-ാം പാസോക്കാ വായിക്കുക (pp. 104-107 and the final ഹൂദായാ (Konat Publication).

# അക്ദിയാക്കോൻ

പൂർണ്ണശെമ്മാശ്ശനെയാകുന്ന അക്ദിയാക്കോൻ ആക്കുന്നത്. അക്ദിയാക്കോൻ സ്ഥാനം നൽകുന്നത് കൈവെയ്പ്പു മൂലമല്ല. അധികാരപത്രം മൂലമാണ്. (കാനോൻ 7: 6 ഹൂദായ) അക്ദിയാക്കനെ സംബന്ധിച്ചുള്ള നിയമങ്ങൾക്കു കാനോൻ 7-ാം അദ്ധ്യായം 6-ാം പാസ്സോക്കാ വായിക്കുക. (app. 107 and 108, Konat Publication).

സ്ഥാനാർത്ഥി പൂർണ്ണ ശെമ്മാശ്ശന്റെ വേഷത്തിൽ ശുശ്രൂഷാകുപ്പായവും ഊറാറായും ധരിച്ച് കുർബ്ബാനയുടെ പ്രാരംഭം മുതൽ മദ്ബഹായിൽ നിൽക്കുന്നു. സാദീക്കോ കഴിയുമ്പോൾ സ്ഥാനാർത്ഥി മേല്പട്ടക്കാരന്റെ കൈയ്യും ബലിപീഠവും മുത്തി ത്രോണോസ്സിന്റെ മുമ്പിൽ മേല്പട്ടക്കാരന്റെ പുറകിലായി നിൽക്കുന്നു. അപ്പോൾ അയാളുടെ തൊപ്പി ശെമ്മാശ്ശൻ എടുത്തു മാറ്റണം.

അനന്തരം മേല്പട്ടക്കാരൻ ദർഗ്ഗായിൽ നിന്നു (ഇറങ്ങി) താഴെ നിന്നു കൊണ്ട് ക്രമത്തിൽ കാണുന്ന പ്രകാരം പ്രാരംഭ പ്രാർത്ഥന മുതൽ ഏവൻഗേലി വായന കഴിയുന്നതുവെരെയുള്ള ഭാഗങ്ങൾ സാധാരണ രീതിയിൽ നടത്തുന്നു.

## പ്രാരംഭ പ്രാർത്ഥന

ശുബഹോ ......... വാലൈൻമ്ഹീലേ ......

ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ! വെടിപ്പുള്ളതും രഹസ്യപൂർണ്ണവുമായ ഈ ശുശ്രൂഷയെ നിവൃത്തിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കു പരിശുദ്ധാലയങ്ങളായിത്തീരുകയും നിന്റെ ദിവ്യതേജസ് ഞങ്ങളിൽ വസിക്കുകയും ചെയ്യണമെ. ഈ ആത്മീയശുശ്രൂഷയിൽ ഈ നിന്റെ ദാസനെ പൂർണ്ണനും പരിപൂർണ്ണനുമാക്കണമെ. ഞങ്ങളും അവനും നിന്നേയും നിന്റെ പിതാവിനേയും നിന്റെ പരിശുദ്ധ റൂഹായേയും സ്തുതിക്കുമാറാകണമെ. ഹോശോ ..... ആമ്മീൻ.

**കുക്കിലിയോൻ** (രണ്ടാം നിറം)

(മസുമൂർ 15)

ഏവൻമരുവും തവനിലയത്തിൽ കർത്താവേ!

ഹാ പാക്ക്മെവൻ നിൻ പരിപാവന ഗിരി തന്നിൽ
വിമലതയോടു ജീവിപ്പോനും ധാമ്മ്കനും -ഹാ
ഹൃദയമേ സത്യമുരപ്പോനും നാവിൽ വഞ്ചനയില്ലാത്തോനും.

സ്നേഹിതനൊടു ദോഷം ചെയ്യാത്തോനും -ഹാ
തോഴന്നെതിരായ് കോഴയെടുക്കാത്തോനും
കോപിഷ്ടരെ നിരസിപ്പോനും -ഹാ -കത്താവിൻ
ഭക്തരെ ബഹുമാനിപ്പോനും
സഖിയൊടു സത്യമതെന്യേ പൊളി പറയാത്തോ
നും -ഹാ -തന്നുടെ ദ്രവ്യം ബഹുപലിശയ്ക്കേകാത്തോനും

സത്തമനെതിരയ് കോഴയെടുക്കാത്തോനും -ഹാ
ഉത്തമനാണീ വിധമെല്ലാം വത്തിക്കുന്നോൻ
അവനെന്നും നിഭയനായ് മേവീടും -ഹാ -സ്തുതിയ
ങ്ങേക്കനിശം ദേവേശാ!

**ശുഹലോപ്പോ** (ഏഴാം രാഗം)

ഞാനെന്നും പാടും പരനുടെ കൃപ എന്നധരം
ഘോഷിക്കും തന്നിലെ വിശ്വാസം ഹാ -ഹാ -ഹാ -ഹാ
ഈശനൊടാശീവ്വാദം നേടുമവൻ രക്ഷക പര
നോടു പുണ്യമതും ഹാ -ഹാ -ഹാ -ഹാ
ശുബഹോ -മെനഓലം .....

**എനിയോനോ**

ദൈവമേ!തവ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എ

ന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ളഎന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരു ആത്മാവിനെ എന്റെഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away

Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me. Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God.   Barekmor.

Shubhaho....   Menaolam.....

1. പുണ്യപ്രദനാകും -നീ മാത്രം കരുണാ മൂർത്തി
ദേവേശാ! -ധൂർത്താത്മജനെ പ്പൊലിവനെ കൈ
ക്കൊള്ളുക കൃപ ചെയ്തിവനിൽ

2. പരിശുദ്ധൻ താതാ - പരിശുദ്ധത നൽകുന്നോ

നാം ദേവേശാ! - വിമതല നേടൻ ദാനം വാഞ്ചിക്കു
ന്നടിയാനെ കൃപയാൽ നിർമ്മലനാക്ക

3. തന്നുടെദാനാൽ - ശ്ലീഹരെ വിജ്ഞാനികളാക്കിയ
ദേവസുതാ! ജ്ഞാനം പ്രാപിപ്പാൻ റൂഹാ വാഞ്ചി
ക്കുന്നടിയാ- നേകുക നീ ജ്ഞാനം

4. തീനാവാൽ ശ്ലീഹരെ - വിജ്ഞാനികളാക്കിയ റൂഹാ
യാം പരനേ - ശുദ്ധീകൃതനാവാനാത്മനെ വാഞ്ചി
പ്പോനരുളുക ശുദ്ധിനിൻ ദാനാൽ

5. നിൻ കൃപ ഞങ്ങൾക്കായ് - വാനിടമതിൽ തു
റക്കണമേ ദേവേശാ! - വാഴ്‌വേല്പാൻകൃപ പാ
ർത്തീടും ദാസന്മേൽ വലതുകരം വച്ചീടണമെ.

6. അണിയാൻ നിന്നങ്കി - ഗളമതു താഴ്ത്തിത്തിരുമു
മ്പിൽ ദേവേശാ! - ദാനം പാക്കുന്നോനിവനെ - റൂ
ഹാ തൻ ഭൂഷകളാൽ ശോഭിതനാക്ക

7. വാനോർ മോദിക്കു - ന്നടിയാന്റെ പൂരക കർമ്മേ
ദേവേശാ! - മാനവരും സ്തുതി പാടീടുന്നവരുടെ നി
വഹങ്ങളിലവനെ ചേർത്തോനായ്

8. യാചിക്കുന്നോർക്കായ് - മേല്പട്ടക്കാർ വഴി ദാനം
നൽകീടാൻ - റൂഹാ വാനം ഭേദിച്ചെത്തുന്നതു ക
ണ്ടഗ്നിമയർ കൂറുന്നാശ്ചര്യം

9. റൂഹായുടെ ആവാസത്താൽ - പാപം പോക്കീടും
ദേവേശാ! നിർമ്മലനാവാൻ നിൻ നിറവതു പാർത്തീടും
ദാസനെ മൂടിപാവനനാക്ക

10 നിർമ്മല പാണികളാൽ - ബന്ധിതനാമതിരറ്റോ
നാം ദേവേശൻ - അഹറോനൊപ്പം മേല്പട്ടക്കാര

ന്ന ദാനം നൽകാനെത്തീടുന്നു. ശുബഹോ .....

11. മഹിമത്രയമാകും - ത്രിയേകന്നേകത്രയനാം ദേ
വേശൻ - താതാത്മജ പാവനറൂഹാ - സത്യേക പര
നായുയരട്ടെ സ്തോത്രം.
മെനഗാലം ...............

അദൃശ്യവാനായ് സ്ഥിതി ചെയ്‌വോൻ
അഖിലത്തിനുപരിസ്ഥിതനും
ദൂതഗണം പരിസേവിപ്പോൻ
ഭക്ത്യാദര സവിശേഷതയിൽ
ബാലകരെ സ്തുതി ചെയകവനെ
വാഴ്ത്തിൻ സതതം വൈദികരെ
സ്തോത്രം ചൊല്ലുക ജാതികളേ!
തിരുനാമം സ്തുതി ചെയ്കെന്നും.

## പ്രൊമിയോൻ

സ്വഭാവത്തിൽ ഉത്തമനും കൃപയിൽ മക്കൾക്ക് ദിവ്യദാനങ്ങൾ പ്രദാനം ചെയ്യുന്നവനും ക്നൂമ്മാകളിൽ ത്രിയനും സ്വഭാവത്തിൽ ഏകനുമായ തനിക്കു സ്തുതി. പിതൃപുത്ര പരിശുദ്ധ റൂഹായാകുന്ന തനിക്കു ഈ നേരത്തും സകല പെരുനാളുകളിലും .......... സ്തുതിയും പുകഴ്ചകളും യുക്തവും കടപ്പെട്ടിരിക്കുന്നതുമാകുന്നു. ബ്കുലഹൂൻ .......... ആമ്മീൻ.

## സെദറ

ദിവ്യദാനങ്ങളാൽ പരിശുദ്ധ സഭയെ സ്ഥിരപ്പെടുത്തുകയും തന്നിൽനിന്നുള്ള ദിവ്യനൽവരങ്ങളാൽ അതിലെ ഇടയന്മാരെ - അവരും വളന്ന് ദിവ്യകൃപയ്ക്കു യോഗ്യതയും തെരഞ്ഞെടുപ്പും ഉള്ളതുപോലെ - ആത്മീയ മക്കളിൽ നിന്നുള്ള എല്ലാവനും സ്ഥാനം നൽകുവാനും തക്കവണ്ണം ശ്രേഷ്ഠരാക്കുകയും ചെയ്തവനായ ദൈവമേ! കാരുണ്യവാനായ കർത്താവേ! ഈ നിന്റെ ദാസന്റെ മേൽ നിന്റെ കൃപ കല്പിച്ചയച്ച് സഹദേന്മാരുടെ കടിഞ്ഞൂലായ എസ്തേഫാനോസ്സിന്റെ

ക്രമം പോലെ, പ്രധാന ശെമ്മാശ്ശനായിത്തീരുവാൻ അവനെ തിര ഞ്ഞെടുക്കണമെ. സത്യജ്ഞാനം കൊണ്ട് അവനെ സമ്പന്നനാക്കണമെ. നീതിപൂർവ്വവും മുഖപക്ഷമില്ലാത്തതുമായ നടപടിയിലേക്കുവഴി നടത്തണമെ. നിന്റെ ദീപ്തിയുള്ള കതിരുകളാൽ അവന്റെ വിജ്ഞാനത്തെ പ്രകാശിപ്പിക്കണമെ. പരിപൂർണ്ണ ധൈര്യം അവനു നൽകണമെ. നിന്റെയും നിന്റെ ഏകജാതനാം പുത്രന്റെയും പരിശുദ്ധ റൂഹായുടെയും കൃപയാൽ രാത്രിയിലും പകലും നിന്റെ ദിവ്യ കല്പനകളിൽ ഉറ്റിരിപ്പാൻ അവനു സംഗതിയാക്കണമെ. ഹോശോ ...... ആമ്മീൻ.

## ഗാനം

ഏനോനോ നൂഹറോശാറീറോ ........ എന്ന രീതി

1. കേൾപ്പിനിതു ജാതികളെല്ലാം
നിജശിഷ്യൻ - തീമോത്തിയ്ക്കേവം
ധന്യൻ മാർ പൌലോസ്സെഴുതി
ദൈവസുതൻ - തന്നുടെ സഭയിൽ നീ
എങ്ങിനെ വർത്തിച്ചീടേണം
നന്നായ് ഗൃഹഭരണം ചെയ്‌വാൻ
ശരിയായ് സഭയെപ്പാലിപ്പാൻ
ശാന്തവിനീതന്മാർക്കെന്യേ
ഡംഭിജളന്മാർക്കൊട്ടും നീ
നൽകീടരുതാചാര്യത്വം

2. മിന്നലിനാലുലകം തെളിയിച്ചു
അഗ്നാത്മീയന്മാരെ ദൈവം
തൽസേവകരാക്കിത്തീർത്തു
ദിനരാത്രങ്ങളിലിളവില്ലാതെ
തിരുമേനിയെ ശുശ്രൂഷിപ്പാൻ
ജഡമാർന്നോൻ തനയൻ ലോഗോസ്
തിരുമനസ്സായ് തൻ കൃപ മൂലം
ജഡധാരികളാം മാനവരെ
തൽ സേവയ്ക്കായ് നിയമിച്ചാൻ
മണ്മയരുടെ തിരു സഭ തന്നിൽ

ശുബഹോ .........

3. നാഥാ നിൻ - ശുശ്രൂഷ്ക്കായ് നീ
യഗ്നാത്മീയ ദാസരെ നിൎത്തി
സ്വൎഗ്ഗീയം - അഗ്രിമർ തൻ സഭയിൽ
നിൻ സേവയ്ക്കായവർ നിൽപൂ
ഭൂവിൽ നിന്മാനത്തിനായ്
സ്തുതിപാഠകരീറേന്മാർ പോൽ
സഭയിൽ മണ്മയരാക്കി
ശുദ്ധീ - വിശുദ്ധികളാൽ നിന്റെ
ദിവ്യത്വത്തെ സേവിപ്പാൻ
മെനഗാലം ...........

4. പതിവ്യതയാം പരിപാവന സഭയെ
വാനോർ കാന്തൻ വേട്ടപ്പോൾ
ശീമോൻ യോ - ഹന്നാനെന്നിവരെ
യാഹ്വാനം ചെയ്തേല്പിച്ചാൻ
വീടിൻ കാവൽ ശീമോനെ
സുവിശേഷം യോഹന്നാനെ
കല്പിച്ചാൻ വിലയേറീടും
രക്തത്താൽ ഞാൻ വാങ്ങിയതാം
സഭയെ നിങ്ങൾ പാലിപ്പീൻ

## എത്രോ

കൎത്താവേ! ആത്മീയമായ ഈ ശുശ്രൂഷയുടെ ഈ നേരത്ത് നിനക്ക ഞങ്ങൾ അൎപ്പിക്കുന്ന ഈ പരിമളധൂപം സന്തോഷപുരസ്സരം കൈക്കൊള്ളണമെ. നിന്റെ കൎത്തൃത്വം അതിനാൽ ആശ്വസിക്കുകയും നിന്റെ തിരുവിഷ്ടം അതിനാൽ സമാധാനപ്പെടുകയും ചെയ്യണമെ. അവ്യാച്യമായ നിന്റെ കൃപയുടെ ചിന്തൽ പോലെയും, ധാരാളമായ നിന്റെ അനുഗ്രഹങ്ങൾ പോലെയും ഞങ്ങളുടെ യാചനകളുടെമറുപടിയാൽ ഈ ശുശ്രൂഷയെ പരിപൂൎണ്ണമാക്കണമെ. എന്തെന്നാൽകൎത്താവേ! നീ നന്മകൾ നൽകുന്നവനും യാചനകൾക്കു

ത്തരമരുളുന്നവനും മഹാദാനങ്ങളിൽ സമ്പന്നനും നൽവരങ്ങൾ ചൊരിയുന്നവനുമാകുന്നു. നീ വിളിച്ചിട്ടുള്ള സകലരിൽ നിന്നും സ്തുതി നിനക്കു യോഗ്യമാകുന്നു. ഹോശോ .......... ആമ്മീൻ.

## വേദവായനകൾ

### സുമോറോ

കർത്തൻ നമ്മുടെ ശരണം താൻ
ഇസ്രായേലിൻ പരിശുദ്ധൻ
നമ്മൾക്കരചനവൻ തന്നെ
തന്നുടെ സിദ്ധന്മാരോടായ്
ദർശനവഴിയായ് ചൊന്നേവം

"മമജനമതിനിടയിൽ നിന്നും
വൃതനാമൊരുവനെ ഞാനേറ്റി
പരിശുദ്ധമതാം തൈലത്താൽ
അഭിഷേകം ചെയ്തേനവനെ"

"ദൈവം നിൻ ദൈവം തന്നെ
നിൻ സഹജരിലത്യുപരി
ആമോദ തൈലം പൂശി
അഭിഷേകം ചെയ്താൻ നിന്നെ

### മറ്റൊന്ന്

ഉപദേശിച്ചീടണമെന്നെ നാഥാ! നി
ന്മാർഗ്ഗങ്ങൾ - അറിയിക്കുക നിൻ ചെറു
പാതകൾ വഴി കാട്ടുക നിൻ സത്യത്തിൽ

ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ്
ജാതികളിടയിൽ

ഭൂതലസീമയിതോളം
നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കോക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു.
സ്വർഗ്ഗമഹാ-രാജ്യം

Those Apostles
Chosen, sent by God, they went-
to ev'ry place
Through all the world,
Gentiles heard from them the news,
The Gospel grace.
They proclaimed-the kingdom,
Heav'ns rule-of freedom
For the faithful bliss.

പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തി
ൽ നിന്നും; ഹാബീബായ്-ബാറെക്മോർ

: The lesson from the Acts of the Holy Apostles
Habibai, Barekhmor

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവന്നു സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Glory be to the Lord of the Apostles, and
His mercy be upon us-for ever.

പ്രാക്സീസ് : 6 : 2-6, (12 : 25, 13 : 2-3)
അപ്പോൾ ശ്ലീഹന്മാർ പന്ത്രണ്ടു പേരും കൂടി ശിഷ്യസമൂഹത്തെ മു
ഴുവനും വിളിച്ചു കൂട്ടി അവരോട് : ഞങ്ങൾ ദൈവവചനം വിട്ടിട്ട് മേ
ശകളിൽ പരിചരിക്കുന്നത് നല്ലതല്ല. ആകയാൽ എന്റെ സഹോദ

രരെ, 'അവരെക്കുറിച്ച് സാക്ഷ്യമുള്ളവരും, ദൈവത്തിന്റെ ആത്മാവും വിജ്ഞാനവും നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽ നിന്നു തന്നെപരിശോധിച്ച് തിരഞ്ഞെടുക്കുവിൻ. ഞങ്ങൾ അവരെ ഇക്കാര്യത്തിനായി നിയോഗിക്കാം. ഞങ്ങളോ എപ്പോഴും പ്രാത്ഥനയിലും വചനശുശ്രൂഷയിലും വ്യാപൃതരുമായിരിക്കാം" എന്നു പറഞ്ഞു. സവ്വജനത്തിനും ഈ വചനം സന്തോഷമായി. അവർ, വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനായ സ്തേഫാനോസിനേയും, ഫിലിപ്പോസിനേയും പ്രക്കോറോസിനേയും, നിക്കാനോറിനേയും തീമോനേയും, ഫരമിനായേയും, യഹൂദമതാനുസാരിയായ അന്ത്യോക്യാക്കാരൻ നിക്കലാവോസിനേയും തിരഞ്ഞെടുത്തു. അവർ ശ്ലീഹന്മാരുടെ മുമ്പാകെ നിന്നു. ശ്ലീഹന്മാർ പ്രാത്ഥിച്ച് ഇവരുടെ മേൽ കൈ വെച്ചു.

ബന്നബായും ശൌലും അവരുടെ ശുശ്രൂഷ പൂത്തിയാക്കിയ ശേഷം യറുശലേമിൽ നിന്ന് അന്ത്യോഖ്യായിലേക്കു തിരികെപ്പോയി. മക്കോസ് എന്നു മറുനാമമുള്ള യോഹന്നാനേയും അവർ കൂട്ടികൊണ്ടു പോയി.

അവർ ഉപവസിച്ചു. പ്രാത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് അവരോട് ശൌലിനേയും ബന്നബായേയും ഞാൻ അവരെ വിളിച്ചിരിക്കുന്ന ജോലിക്കായി, എനിക്കായി വേർതിരിപ്പിൻ എന്നു പറഞ്ഞു. അവർ ഉപവസിച്ചു പ്രാത്ഥിച്ച് അവരുടെ മേൽ കൈ വെപ്പു നടത്തി അവരെ യാത്രയാക്കി.

Then the twelve summoned the multitude of the disciples and said, "It is not desirable that we should leave the word of God and serve tables. Therefore, brethren, seek out from among you seven men of good reputaation, full of the Holy Spirit and wisdom, whom we may appoint over this business; but we will give ouerselves continually to prayer and to the ministry of the word."
And the saying pleased the whole multitude. And they chose Stephen, a man full of faith and the Holy Spirit, and Philip,

Prochorus, Nicanor, Timon, Parmenas, and Nicolas, a proselyte from Antioch. Whom they set before the apostles; and when they had prayed, they laid hands on them.

And Barnabas and Saul returned from Jerusalem when they had fulfilled their ministry, and they also took with them John whose surname was Mark.

Mow in the Church that was at Antioch there were certain prophets and teachers; Barnabas, Simeon who was called Niger, Lucius of Cyrene, Manaen who had been brought up with Herod the tetrarch, and Saul. As they ministered to the Lord and fasted, the Holy Spirit said. Now separate to me Barnabas and Saul for the work to which I have called them. Then, having fasted and prayed, and laid hands on them, they sent them away.

വായന തീന്നാലുടനെ: ഹാബീബായ്-ബാറെക്മോർ

While the reading finishes say: Habibai, Barekhmor

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-
Saint, the Lord's Apostle, said

If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

പൗലോസ്ശ്ലീഹാ തീമോത്തിക്ക് എഴുതിയ ലേഖന ത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

The lesson from the Epistle of St. Paul, the Apostle, to the Thimothi, Ahai Barekhmor.

ശ്ലീഹായുടെ ഉടയവന്നു സ്തുതിയും-നമ്മുടെ മേൽ

തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Praise be to the Lord of Apostle, and His mercy be upon us for ever

**1 തീമേത്തി 3: 1-8**

ഒരുവൻ പുരോഹിത സ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ, നല്ല കാര്യം ആഗ്രഹിക്കുന്നു എന്നുള്ള വചനം വിശ്വസ്തമാകുന്നു. അവൻ കളങ്കമില്ലത്തവനും, ഏകഭാര്യയുടെ ഭർത്താവും വിചരത്തിൽ ഉണർവുള്ളവനും, പരിപകതയുള്ളവനും, ക്രമമുള്ളവനും,പരദേശികളെ സ്നേഹിക്കുന്നവനും, പഠിപ്പിക്കുവാൻ സാമർത്ഥ്യമുള്ളവനുമായിരിക്കണം. മദ്യപ്രിയനും അടിക്കുവാൻ കൈനീട്ടുന്നവനുമായിരിക്കരുത്. പിന്നെയോ, അവൻ വിനീതനായിരിക്കണം. കലഹപ്രിയനോ, ദ്രവ്യാഗ്രഹിയേ ആയിരിക്കരുത്. അവൻ സ്വഭവനത്തെ നന്നായി ഭരിക്കുന്നവനും, തന്റെ മക്കളെ പൂർണ്ണ വിശുദ്ധിയോടെ കീഴ്വഴക്ക

ത്തിൽ നിറുത്തുന്നവനുമായിരിക്കണം. സ്വന്ത ഭവനത്തെ നന്നായി ഭരിപ്പാൻ അറിവില്ലാത്തവന് ദൈവത്തിന്റെ സഭയെ ഭരിപ്പാൻ എങ്ങനെ കഴിയും? അവൻ നിഗളിച്ചിട്ട്, സാത്താനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്, അവൻ പുതു ശിഷ്യൻ ആയിരിക്കരുത്. അവൻ അപമാനത്തിലും സാത്താന്റെ കെണിയിലും വീഴാതിരിക്കേണ്ടതിന്, പുറമെയുള്ളവരിൽ നിന്നും നല്ല സാക്ഷ്യം ലഭിച്ചവനുമായിരിക്കണം. അപ്രകാരം തന്നെ ശുശ്രൂഷകന്മാരും നിർമ്മലരായിരിക്കണം. അവർ ഇരുവാക്കുകാരും മദ്യപ്രിയരും ദുർലാഭമോഹികളും ആയിരിക്കരുത്. പിന്നെയോ അവർ നിർമ്മലമനസാക്ഷിയോടെ വിശ്വാസരഹസ്യം കാത്തുകൊള്ളുന്നവരായിരിക്കണം. ആദ്യം അവർ പരിശോധിക്കപ്പെടണം. കുറ്റമില്ലാത്തവരെങ്കിൽ അവർ ശുശ്രൂഷ ഏൽക്കട്ടെ.

Likewise deacons must be reverent, not double-tongued, not given to much wine, not greedy for money, holding the mystery of the faith with a pure a pure conscience. But let these also first be tested; then let them serve as decons, being found blameless. Likewise their wives must be reverent, not slunders, temperate, faithful in all things. Let decons be the husband of one wife, ruling their children and their own houses well. For those who have served well as deacons obtain for themselves a good standing and great boldness in the faith which is in Christ Jesus.

വായന കഴിഞ്ഞാലുടനെ: ആഹായ്-ബാറെക്മോർ.

Ends the lesson while saying: Ahai Barekhmor.

## ഏവൻഗേലി

ഹാ- ഹാ- സ്നേഹിച്ചേൻ കർത്താവേ നിന്നാലയ
ശുശ്രൂഷയതും നീ-ന്മഹിമയെഴും വാസസ്ഥല
വും പാപികളൊപ്പമൊടുക്കരുതെന്നെ: ഹാ-

**നോട്ട്:** മേല്പട്ടക്കാരൻ ദഗ്ഗായിൽ കയറി ബലിപീഠം മുത്തിയ ശേഷം പടിഞ്ഞാട്ടു തിരിഞ്ഞു നിൽക്കുന്നു. അംശവടി മറ്റൊരാൾ പിടിക്കുന്നു. സ്ലീബാ സ്വന്തം കൈയിൽ പിടിക്കുന്നു. സ്ഥാനാത്ഥി മേല്പട്ടക്കാരന്റെ മുമ്പിൽ തല വണക്കി നിൽക്കുന്നു. വേദപുസ്തകം സ്ഥാനാത്ഥിയുടെ കഴുത്തിലും തോളിലുമായി വെച്ചുകൊണ്ടു വായിക്കുന്നു.

**യോഹന്നാൻ 12 : 24-26**

ആമ്മീൻ, ആമ്മീൻ ഞാൻ നിങ്ങളോടു പറയുന്നു ഗോതമ്പുമണി നിലത്തു വീണു നശിക്കുന്നില്ലങ്കിൽ അതു അപ്രകാരം മാത്രം സ്ഥിതി ചെയ്യുന്നു. നശിക്കുന്നുവെങ്കിലോ വളരെ ഫലങ്ങൾ തരുന്നു. തന്റെ പ്രാണനെ സ്നേഹിക്കുന്നവൻ അതിനെ നശിപ്പിക്കും. തന്റെ പ്രാണനെ ഈ ലോകത്തിൽ വച്ച് ദ്വേഷിക്കുന്നവൻ നിത്യജീവനായി അതിനെ സൂക്ഷിക്കും. ഒരുവൻ എന്നെ ശുശ്രൂഷിക്കുന്നെങ്കിൽ എന്നെ അനുഗമിക്കും. ഞാൻ എവിടെ ആയിരിക്കുന്നുവോ അവിടെ എന്റെശുശ്രൂഷക്കാരനുമായിരിക്കും;. ഒരുവൻ എന്നെ ശുശ്രൂഷിക്കുന്നെങ്കിൽ പിതാവു അവനെ ബഹുമാനിക്കും.

Most assuredly, I say to you, uness a grain of wheat fas into the ground and dues, it remains alone; but if it dies, it produces much grain. He who loves his life will lose it, and he who hates his life in this world will keep it for eternal life. If any one serves Me, let him follow Me; and where I am, there my servant will be also. If anyone serves Me, him My Father will honor.

(**നോട്ട്** : പ്രക്സീസു വായന മാത്രമേ ക്രമത്തിലുള്ളു. പൌലൂസ് ശ്ലീഹാ, ഏവൻഗേലി എന്നിവ ഇല്ല)

വേദവായനയ്ക്കു ശേഷം മേല്പട്ടക്കാരൻ ദഗ്ഗായിൽ കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ട് സ്ലീബാ ബലിപീഠത്തിൽ വെച്ച ശേഷം രഹസ്യങ്ങളുടെ കബലീനാമുടികൾ നീക്കി യഥാ സ്ഥാനങ്ങളിൽ വെയ്ക്കുന്നു. അനന്തരം താഴെ കൊടുത്തിരിക്കുന്ന രഹസ്യ പ്രാത്ഥന ചൊല്ലുകയും മണികൾ, മറുവഹ്സാകൾ എന്നിവകൾ മുഴക്കുന്നു.

## രഹസ്യം

ദിവ്യദാനങ്ങളുടെ ദാതാവായ സവ്വവല്ലഭനായ ദൈവമായ കത്താ

വേ! മഹത്തും അവാച്യവുമായ നിന്റെ കൃപ ഈ നിന്റെ ദാസനു നൽകണമെ. സഹദേന്മാരുടെ തലവനായ സ്തേഫാനോസ്സിനെ പോലെ നിന്നെ സമാശ്വസിപ്പിക്കുന്ന നടപടികളാൽ പ്രശോഭിക്കു വാൻ ഇവനെ നീ യോഗ്യനാക്കണമെ. അറിവു കൊണ്ടു അവനു ജ്ഞാനം കൊടുക്കണമെ. തിരിച്ചറിവുകൊണ്ട് അവനെ വിവേകി യാക്കണമെ. ആത്മീയ ശുശ്രൂഷയ്ക്കു ഉതകുന്നവൻ ആകുവാൻ ചേർച്ചയുള്ള വിനയത്താൽ അവനെ അലങ്കരിക്കണമെ. നിന്റേയും നിന്റെ ഏകജാതനാം പുത്രന്റേയും നിന്റെ പരിശുദ്ധ റൂഹായുടേയും കൃപയാൽ അവനെ തേജസ്വിയാക്കണമെ. ഹോശോ ......

## പരസ്യം

കർത്താവേ! നിന്റെ മനുഷ്യസ്നേഹം മൂലം സ്തേഫാനോസ്യ ക്രമത്തിനു നിന്റെ കൃപ വിളിച്ചിട്ടുള്ള ഈ നിന്റെ ദാസനെ നീ കൈക്കൊള്ളണമെ. എന്തെന്നാൽ നീ ആർദ്രതയും വളരെ കരുണയുള്ളവനുമാകുന്നുവല്ലോ. നിനക്കും നിന്റെ ഏകജാതനാം പുത്രനും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനും ...... നിന്റെ റൂഹായ്ക്കും ഞങ്ങൾ സ്തുതി കരേറ്റുന്നു. ഹോശോ ...... ആമ്മീൻ

(രഹസ്യങ്ങളുടെ മേൽ കൈ ആവസിപ്പിക്കുന്നു.)

## സ്ഥാനാരോഹണ പ്രഖ്യാപനം

പിന്നീടു മേല്പട്ടക്കാരൻ സ്ഥാനാർത്ഥിയുടെ അടുക്കലേക്കു തിരിഞ്ഞ് സ്ലീബാ കൂട്ടി വലത്തു ുകൈ സ്ഥാനാർത്ഥിയുടെ നെറ്റി കൂട്ടി തലയിൽ വെച്ച് കൊണ്ട് (ഇടതു കൈ സ്ഥാനാർത്ഥിയുടെ തോളിലും വയ്ക്കാം) ...................... എന്ന പ്രഖ്യാപനം ചൊല്ലുന്നു

**മേല്പട്ടക്കാരൻ**

**മലയാളം**

**മേല്പട്ടക്കാരൻ** : ദൈവത്തിന്റെ പരിശുദ്ധ സഭയിൽ പൂർണ്ണനാക്കപ്പെട്ടിരിക്കുന്നു.

**മലയാളം**

**അക്ക്ദിയാക്കൻ :** ദൈവമാതാവായ മറിയാമ്മിന്റേയും പന്ത്രണ്ടു പരിശുദ്ധ ശ്ലീഹന്മാരുടെയും നാല്പതു ശ്രേഷ്ഠ സഹദേന്മാരുടെയും പൌരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്റെ അധികാരത്തിൻ കീഴുള്ളതും, മ്ശിഹായെ സ്നേഹിക്കുകയും, മ്ശിഹായാൽ സ്നേഹിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന പരിശുദ്ധനായ മാർ (ഇന്നാരുടെയും) ദേവാലയമായ പരിശുദ്ധ പള്ളിയിലേക്കു (ഇന്നാരു) അക്ക്ദിയോക്കൻഅതായത് റീശ് ശെമ്മാശ്ശനായി പൂത്ത്ീകരിക്കപ്പെട്ടിരിക്കുന്നു.

**അക്ക്ദിയാക്കൻ :**ബാറെക്മോർ

**മേല്പട്ടക്കാരൻ :**

## സ്ഥാനവസ്ത്ര ധാരണം.

അക്ക്ദിയാക്കനു പ്രത്യേക സ്ഥാനവസ്ത്രമൊന്നുമില്ല. ശെമ്മാശ്ശന്റേതു തന്നെ . കൈയിൽ പിടിക്കുവാൻ ഒരു വടി ............................(staff) കൊടുക്കുന്നു. അതുഈ അവസരത്തിൽകൊടുക്കാം. തൊപ്പിയും വെയ്ക്കുന്നു (ലത്തീൻ രീതി അനുസരിച്ച് രണ്ടുവശത്തേക്കും നീണ്ടു കിടക്കുന്ന ഊറാറായുടെ അറ്റങ്ങൾ വലത്തു വശത്ത് കൈയുടെ കീഴിൽ കൊണ്ടുവന്നു തൂങ്ങികിടക്കത്തക്കവണ്ണം പിന്നി ഇടുന്നു. ഗ്രീക്കുകാർ രണ്ടു ഊറാറാകളുടെ അടിവശങ്ങൾ കൂട്ടി തയിച്ചിട്ട് വലത്തേ തോളിന്റെ അടിയിൽ കൂടി എടുത്ത് ഇടത്തേ തോളിന്റെ മുകളിൽ കൂടി അങ്ങോട്ടും ഇങ്ങോട്ടുമായി ഇരുവശങ്ങളിലേക്കും ഇടുന്നു. ലത്തീൻ രീതി നമുക്കും ആകാം).

## ഏവൻഗേലി വായന

മേല്പട്ടക്കാരൻ രഹസ്യങ്ങൾ മൂടിയശേഷം ദഗ്ഗ്ായ്ക്കു താഴെ ഇറങ്ങി നിൽക്കുന്നു. അക്ക്ദിയാക്കൻ മേല്പട്ടക്കാരന്റെ കൈ മുത്തുന്നു. ശെമ്മാശ്ശന്മാർ അയാളുടെ ചുറ്റും നിന്ന് ഹാലേലുയ്യായും പെസ്ഗോമയും (See before p. 142) ചൊല്ലിക്കൊണ്ടും, മണി, മറുവഹ്സാ മുലായവ കിലുക്കിയും കൊണ്ട് അയാളെ ബീമാ ഉണ്ടെങ്കിൽ അതിലേക്കോ എല്ലെങ്കിൽ മദ്ബഹായുടെ പടിഞ്ഞാറെ അറ്റത്ത് വളവിങ്കലേക്കോ കൊണ്ടു പോകുന്നു. അനന്തരം അക്ക്ദിയോക്കൻ ഏവൻഗേലി വായിക്കുന്നു..

**നോട്ട്:** വായനയ്ക്കു മുമ്പും പിമ്പും പറയാറുള്ള മൊഴികളിൽ ശ്ലോമോയും ശൈനോയും പറയുന്നതിനും റൂശ്മാ ചെയ്യുന്നതിനും അക്ക്ദിയോക്കന് അധികാരമില്ല. എപ്പിസ്ക്കോപ്പാ തന്നെ പറയുന്നു. ശേഷമുള്ളവ അക്ക്ദിയോക്കനു പറയാം.

മത്തായി 23 : 34-39
Or ലൂക്കോസ് 10 : 1-24
Or യോഹന്നാൻ 17 : 13-26

**യോഹന്നാൻ 17 : 13-26**
ഇപ്പോഴോ ഞാൻ നിന്റെ അടുക്കലേക്കു വരുന്നു. എന്റെ സന്തോഷം ഉള്ളിൽ പരിപൂർണ്ണമായി അവർക്കുണ്ടായിരിക്കുവാൻ തക്കവണ്ണം ഇവ ലോകത്തിൽ വെച്ചു ഞാൻ സംസാരിക്കുന്നു. നിന്റെ വചനം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. ഞാൻ ലൌകികനല്ലാത്തതു പോലെ അവരും ലൌകികന്മാരല്ലാത്തതുകൊണ്ട് ലോകം അവരെ പകച്ചിരിക്കുന്നു. ലോകത്തിൽ നിന്നും അവരെ എടുക്കണമെന്നല്ല ഞാൻ അപേക്ഷിക്കുന്നത്. ദുഃഷ്ടനിൽ നിന്നും അവരെ കാക്കണമെന്നത്രേ. ഞാൻ ലൌകികനല്ലാത്തതുപോലെ അവരും ലൌകീകന്മാരല്ല. നിന്റെ സത്യം കൊണ്ട് അവരെ വിശുദ്ധികരിക്കണമെ. നിന്റെ വചനം സത്യമാകുന്നു. നീ എന്നെ ലോകത്തിലേക്ക് അയച്ചതു പോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു. സാക്ഷാൽ അവരും വിശുദ്ധീകരിക്കപ്പെട്ടവരാകേണ്ടതിനു അവർക്കു വേണ്ടി ഞാൻ എന്നെ ത്തന്നെ വിശുദ്ധികരിക്കുന്നു. ഇവർക്കു വേണ്ടി മാത്രമല്ല ഞാൻ അപേക്ഷിക്കുന്നതു, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിയും കൂടിയത്രെ. നീ എന്നെ അയച്ചിരിക്കുന്നുവെന്ന് ലോകം വിശ്വസിപ്പാൻ തക്കവണ്ണം അവരെല്ലാവരും ഒന്നായി തീരേണ്ടതിന് എന്റെ പിതാവേ! നീ എന്നിലും ഞാൻ നിന്നിലും അയിരിക്കുന്ന പ്രകാരം അവരും നമ്മിൽ ഒന്നായിത്തീരണമെ. നീ എന്നെ അയച്ചിരിക്കുന്നുവെന്നും പിതാവേ! നീ എന്നെ സ്നേഹിച്ചിരിക്കുന്നവണ്ണം ഞാൻ അവരേയും സ്നേഹിച്ചിരിക്കുന്നുവെന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമായിരിക്കുന്നതുപോലെ അവർ നിറഞ്ഞ് നീ എനിക്കു തന്ന മഹത്വം ഞാൻ അവർക്കു നൽകിയിരിക്കുന്നു. ലോകസ്ഥാപനത്തിനു മുമ്പേ നീ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് നീ എനിക്കു നൽകിയതായ എന്റെ മഹത്വം അവർ കാണുവാൻ തക്കവണ്ണം ഞാൻ ഇരിക്കുന്നിടത്തു നീ എനിക്കു തന്നിട്ടുള്ളവരും എന്നോടുകൂടി ഉണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നീതിമാനായ എന്റെ പിതാവേ! ലോകം

നിന്നെ അറിയുന്നില്ലങ്കിലും ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നുവെന്ന് ഇവരും അറിഞ്ഞിരിക്കുന്നു. നീ എന്നെ സ്നേഹിച്ചിരിക്കുന്നതായ സ്നേഹം അവരിൽ ഉണ്ടാകുവാനും ഞാൻ അവരിൽ ആയിരിപ്പാനും തക്കവണ്ണം നിന്റെ നാമം ഞാൻ അവരെ അറിയിച്ചിരിക്കുന്നു. അറിയിക്കുകയും ചെയ്യുന്നു.

But now I come to You, and these things I speak in the world, that they may have My joy fulfilled in themselves. I have given them Your word; and the the world has hated them because they are not of the world, just as I am not of the world. I do not pray that You should take them out of the world, but that You should keep them from the evil one. They are not of the world, just as I am not of the world. Sanctify them by Your truth. Your word is truth. As You sent me into the world. I also have sent them into the world. And for their sakes I sanctify Myself, that they also may be sanctified by the truth.

I do not pray for these alone, but also for those who will believe in Me through their world; that they all may be one, as You. Father, are in Me, and I in You; that they also may be one in Us. That the world may believe that You sent Me. And the glory which You gave Me I haven given them, that they may be one just as We are one; I in them, and You in Me; that they may be made perfect in one, and that the world may know that You have sent Me, and have loved them as You have love Me.

Father, I desire that they also whome You gave Me may be with Me where I am, that they may behold My glory which You have given Me; for You loved Me before the foundation of the world. O righteous Father! The world has not known You, but I have known You; and these have known that You sent Me. And I have declared to them Your name, and will

declare it, that the love with which You loved Me may be in them, and I in them."

# ഓക്സിയോസ്

വായന ുകഴിയുമ്പോൾ അക്ദിയാക്കോൻ അവിടെത്തന്നെ നിൽക്കുകയും ശെമ്മാശ്ശന്മാരും മറ്റു വൈദികരും അയാളുടെ ചുറ്റും നിന്നുകൊണ്ട് ഓക്സിയോസ് സാധാരണ രീതിയിൽ മൂന്നു പ്രാവശ്യം പറയുന്നു.

**നേതാവ് (മേല്പട്ടക്കാരൻ)**

പരിശുദ്ധ സഭയ്ക്കു (ഇന്ന) അക്ദിയാക്കോൻ യോഗ്യൻ, യോഗ്യൻ, യോഗ്യൻ.

**എല്ലാവരും**

യോഗ്യൻ, യോഗ്യൻ, യോഗ്യൻ.

അനന്തരം ത്രോണോസ് ചുറ്റി മുത്തുകയും മേല്പട്ടക്കാരന്റെ കൈ മുത്തുകയും മദ്ബഹായലുള്ളവക്ക് ക്രമപ്രകാരം സമാധാനം കൊടുക്കുന്നു. അനുഭവ സമയത്തു മേല്പട്ടക്കാരൻ അയാൾക്കു വി. കുർബ്ബാന കൊടുക്കുന്നു.

തദവസരത്തിൽ

നിർമ്മലരാം താതന്മാരെ!
നിങ്ങടെ ഓർമ്മയ്ക്കായ് ഞങ്ങൾ
പെരുനാൾ കൊണ്ടാടീടുമ്പോൾ
ഉണ്ടായീടുന്നകതാരിൽ -
അന്ത്യദിനത്തിൻ പരിചിന്ത
ആ ദിനമതിൽ വെളിവായ് നിങ്ങൾ

കർത്താവിൻ വൈദികരെന്നും
ദൈവത്തിൻ സേവകരെന്നും
അറിയപ്പെട്ടീടും നൂനം
ഈദൃശയോഹരി പ്രാപിപ്പാൻ
യോഗ്യത നിങ്ങൾ നേടുമ്പോൾ

ഭാഗ്യമെഴും ശാന്തിയിലേറി
വലഭാഗത്തജഗണമായി
മ്ശിഹായുടെ കൃപ കണ്ടെത്താൻ
പ്രാത്ഥിക്കണമെ ഞങ്ങൾക്കായ്

തുടന്ന് മേല്പട്ടക്കാരൻ വി. കുബ്ബാന പൂത്ത്ീകരിക്കുന്നു. മേല്പട്ടക്കാരന്റെ അംശ വടിയും പിടിച്ച് അക്കിദിയാക്കോൻ ഒരു വശത്തേക്കു മാറി നിന്ന് കാണുന്നു.

ബേസ്സഹറീനിലുള്ള അമിദ് പട്ടണക്കാരൻ ദയറാക്കാരനും കശ്ശീശയുമായ റാബാൻ ആബു അൽഫ്രഗിന്റെ ഗ്രന്ഥപകപ്പിൽ നിന്നുമാണ് അക്കിദിയാക്കന്റെ ഈ ക്രമം എടുത്തിട്ടുള്ളത്.

# കശ്ശീശാ

**പട്ടംകൊട പുസ്തകത്തിലെ കുറിപ്പ് :**

കശ്ശീശാ പട്ടം കൊടുക്കുമ്പോൾ വി. കുർബ്ബാന പൂർത്തിയാക്കപ്പെടുവോളം സ്ഥാനാർത്ഥി തന്റെ ശിരസ്സ് അനാവൃതമാക്കി മദ്ബഹായുടെ മുമ്പാകെ വളവിങ്കൽ തന്റെ രണ്ടു മുട്ടുകളും കുത്തി നിൽക്കുന്നു. അനന്തരം മേല്പട്ടക്കാരൻ സ്ലീബാ ആകൃതിയിൽ പട്ടംകെട്ടപ്പെടുന്ന ആളിന്റെ തലമുടി കത്രിക്കുകയും അവനെ അവന്റെ ഗുരുവിനെ ഭരമേല്പിച്ച് അവന്റെ ഉപദേശത്തിന്റേയും ശിക്ഷണത്തിന്റേയും പൂർത്തികരണത്തെപറ്റി അദ്ദേഹത്തോടു കല്പിക്കുന്നു. കൂടാതെ തന്റെ യജമാനെന്ന പോലെയുള്ള അവന്റെ ഗുരുവിനോടുള്ള അനുസരണത്തെപ്പറ്റി അവനെ സൂക്ഷ്മതപ്പെടുത്തുന്നു. ഉടൻ തന്നെ മേല്പട്ടക്കാരൻ അവന്റെ വലത്തുകൈ പിടിച്ച് 'പരിശുദ്ധ റൂഹാ നിന്നെ വിളിക്കുന്നു' എന്നു പറഞ്ഞിട്ട് "യജമാനൻ വരുമന്നേരത്ത്" എന്ന ബൈത്താ ഗാനം ആരംഭിച്ച് ചൊല്ലുന്നു. അവനെ മദ്ബഹായിലേക്കു പ്രവേശിപ്പിക്കുകയും അവൻ അവന്റെ മുട്ടുകൾ രണ്ടും കുത്തിയും കൈകൾ മുമ്പിൽ കെട്ടിയും നിൽക്കുന്നു. ശെമ്മാശ്ശന്റെ ഊറാറാ അവന്റെ മേൽ ഉണ്ടായിരിക്കണം.

**നോട്ട് :** രണ്ടു കാൽമുട്ടുകളും കുത്തി കശ്ശീശാ സ്ഥാനികൾ നിൽക്കുന്നത് അവർ നിർമ്മലീകരിക്കുന്നവരും ......................................... പ്രകാശിക്കുന്നവരും ........................... ആകയാലാണ്.

**സ്വന്തം നോട്ട് :** വി. കുർബ്ബാനയുടെ പ്രാരംഭത്തിൽ ശുശ്രൂഷകുപ്പയവും പൂർണ്ണ ശെമ്മാശ്ശന്റെ ഊറാറായും ധരിച്ച് കുർബ്ബാനയിൽ സംബന്ധിക്കുന്നു. വിശ്വാസപ്രമാണത്തിന്റെ അന്ത്യത്തിൽ ത്രോണോസ്സും മേല്പട്ടക്കാരന്റെ കൈയും മുത്തി (അപ്പോൾ തൊപ്പി നീക്കുന്നു) മദ്ബഹായുടെ വളവുങ്കൽ നടയിൽ മുട്ടുകുത്തി നിൽക്കുന്നു. സാദിക്ക കഴിയുമ്പോൾ മേല്പട്ടക്കാരൻ മദ്ബഹായുടെ പടിഞ്ഞാറേ അറ്റത്ത് ഒരു കസേരയിൽ ഇരുന്ന് അമൊലോഗിയാ വായിക്കുന്നു. അമൊലോഗിയാ വായന, ഒപ്പിടീൽ, മുടി കത്രിക്കൽ മുതലായവയ്ക്കു ശേഷം മുകളിൽ കൊടുത്തിരിക്കുന്ന കുറിപ്പിൽ പറഞ്ഞിരിക്കുന്ന വിധം സ്ഥാനാർത്ഥിയുടെ വലത്തുകരം പിടിച്ചുകൊണ്ട് 'പരിശുദ്ധ റൂഹാ നിന്നെ വിളിക്കുന്നു' എന്നു പറഞ്ഞ് സ്ഥാനാർത്ഥിയെ മദ്ബഹായിലേക്കു പ്രവേശിപ്പിക്കുന്നു. തദവസരത്തിൽ 'യജമാനൻ വരുമന്നേരത്ത്' എന്ന പാട്ടു ചൊല്ലുകയും കിലുക്കു മണി, മറുവഹസാ എന്നിവ കിലുക്കുന്നു. സ്ഥാനാർത്ഥി ത്രോണോസ്സിന്റെ അടുത്തു ചെന്നു ത്രോണോസ്സും മേല്പട്ടക്കാരന്റെ കൈയും മുത്തിയ ശേഷം ദർഗ്ഗായിക്കു താഴെ ത്രോണോസ്സിനഭിമുഖമായി രണ്ടു മുട്ടുകളും കുത്തി നിൽക്കുന്നു. പിന്നീട് മേല്പട്ടക്കാരൻ പട്ടംകൊടയുടെ ആദ്യഭാഗം, അതായത് ഏവൻഗേലി

വെരെയുള്ള ഭാഗം ക്രമപ്രകാരം നടത്തുന്നു. തദവസരത്തിൽ മേല്പട്ടക്കാരൻ ശീലമുടി കൊണ്ട് തന്റെ തല മൂടുകയും, വടി, സ്ലീബാ എന്നിവ പിടിക്കണം. പ്രാർത്ഥനകൾക്കു കിഴക്കോട്ടും പാട്ടുകൾക്കു പടിഞ്ഞാട്ടും തിരിഞ്ഞു നിൽക്കണം. ഈ ഭാഗം ദർഗ്ഗായുടെ താഴെ നിന്നു കൊണ്ടു നടത്തുന്നു.

## പ്രാരംഭ പ്രാർത്ഥന

ശുബഹോ ........... വാലൈൻമ്ഹീലേ

കർത്താവേ! ശക്തിയുള്ള നിന്റെ വലത്തു കൈയാലും ഉന്നതവും സകലത്തിനും മതിയായ നിന്റെ ഭുജത്താലും നിന്റെ വിലയേറിയ തിരു രക്തത്താൽ നീ സമ്പാദിച്ചിട്ടുള്ള ഈ നിന്റെ പരിശുദ്ധ സഭയെ താങ്ങുമാറാകണമെ. സകല വ്യർത്ഥാരാധനകളെയും അതായതു പൈശാചികമായ ആരാധനകളെയും അതിൽ നിന്നു നീ മായിച്ചു നീക്കിക്കളയണമെ. നിന്റെ രക്ഷയെ നോക്കി പ്രത്യാശിക്കുവാനും സന്തോഷിച്ചാനന്ദിക്കുവാനും മ്ശിഹൈക കുഞ്ഞാടുകളെ നിനക്കു സമർപ്പിപ്പാനും അതിനു സംഗതിയാക്കണമെ.
ഹോശോ ........ ആമ്മീൻ.

O Lord, protect Your church which Your ansomed by Your precious blood, under the care of Your mighty right hand. Banish all heresies and false teachings from her. Enable the church to keep her hope and expectation in You and to enjoy and rejoice in Your salvation. We offer praise to You and to Your Father and to Your Holy Spirit, now and always, forever. Amen.

**കുക്കിലിയോൻ** (രണ്ടാം രാഗം)

ഏവൻ മരുവും തവനിലയത്തിൽ കർത്താവേ!
ഹാ- ഹാ- പാർക്കുമെവൻ നിൻ പരിപാവന ഗിരി തന്നിൽ
വിമലതയോടു ജീവിപ്പോനും ധാർമ്മികനും ഹാ- ഹാ-

ഹൃദയ സത്യമുരപ്പോനും നാവിൽ വഞ്ചനയില്ലാത്തോനും

സ്നേഹിതനൊടു ദോഷം ചെയ്യാത്തോനും ഹാ- ഹാ-
തോഴന്നെതിരായ് കോഴയെടുക്കാത്തോനും
കോപിഷ്ടരെ നിരസിപ്പോനും ഹാ- ഹാ-
കർത്താവിൻ ഭക്തരെ ബഹുമാനിപ്പോനും
സഖിയൊടു സത്യമതെന്യേ പൊളി പറയാത്തോനും
സത്തമനെതിരായ്കോഴയെടുക്കാത്തോനും ഹാ- ഹാ-
ഉത്തമനാണീ വിധമെല്ലാം വർത്തിക്കുന്നോൻ
അവനെന്നും നിർഭയനായ് മേവീടും ഹാ- ഹാ-
സ്തുതിയങ്ങേക്കനിശം ദേവേശാ!

O Lord, who shall dwell in Your Tabernacle?
Halleluyah w` Halleluyah
Who shall live on Your holy mountain?

He who walks blamelessly and does what is right
Halleluyah w` Halleluyah
And speaks truth in his heart;

Who does not deceive with his tongue
Halleluyah w` Halleluyah
Nor does evil to his friend;

Nor finds fault with his neighbor;
Halleluyah w Halleluyah
In whose eyes evil is despised;

But who honors those fear the Lord
Halleluyah w Halleluyah
And never sets aside his oath;

Who does not lend money at interest
Halleluyah w Halleluyah
Nor takes a bribe against the innocent.

He who does these things shall never be shaken
Halleluyah w Halleluyah
Praise be to You, O God, forever

**ശുഹലോപ്പോ** (ഏഴാം രാഗം)
തന്റെ പുരോഹിതരിൽ മോശയുമഹോറോനും
ഹാ- ഹാ- ഹാ തന്നെ വിളിപ്പോരിൽ ശ്മൂയേലും പരിശുദ്ധൻ
ചാത്ത്ും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നീതിജ്ഞന്മാരും
ഹാ- ഹാ- ഹാ- നിന്നഭിഷിക്ത
മുഖം തിരിപ്പിക്കല്ലേ നിൻ ദാസൻ ദാവീദിൻ മൂലം
ഞാനെന്നും പാടും പരന്റെ കൃപയെന്നധരം ഘോ-
ഷിക്കും തിന്നിലെ വിശ്വാസം ഹാ- ഹാ- ഹാ- ഹാ
ഈശനൊടാശീർവാദം നേടുമിവൻ രക്ഷകപര
നൊടു പുണ്യമതും ഹാ- ഹാ- ഹാ- ഹാ
ശുബഹോ .........

മ്ശിഹായ്ക്കുങ്ങടെ പാത്രത്തിൽ
വീഴ്ത്തിയ പാവനതൈലത്താൽ
പങ്കാളികളായ് തീർന്നീടാൻ
ഞങ്ങൾക്കർഹത നൽകേണം
അന്ത്യദിനത്തിൽ തുണ പ്രാപി
ച്ചട്ടഹസിച്ചുര ചെയ്തീടാൻ
"കർത്തൻ തൻ സേവകരെല്ലാം
ദേവേശനെ വാഴ്ത്തുവിനെന്നായ്"
മെനഓലം ............

ശാന്തികരൻ യാഹിൽ നിന്നും
ദർശ്ശകനേശായാ നിറവായ്
പ്രാപിച്ചൊരുകൃപയിന്നും
നമ്മൾക്കായ്ദത്തം ചെയ്ത
മ്ശിഹാ നീ താന്റലകത്തെത്തി
വിലയേറും നിൻ രുധിരം

ഞങ്ങടെ രക്ഷാർത്ഥം ചിന്തി
പരനാം താതനുമായുള്ള
ശത്രുത പാടേ നീക്കിത്തൽ
സ്ഥാനേ മിത്രത നൽകിയവൻ   മൊറിയോ .......

Moses and Aaron were among his priests
Halleluyah w Halleluyah
Samuel was among those who – called on Him

Your priests shall be clothed in righteousness and Your saints in glory
Halleluyah w Halleluyah
For Your servant, David's sake, turn not away the face of Your – anointed

I will always sing of the Lord's mercy; with my tongue I shall declare His truth
Halleluyah w Halleluyah w Halleluyah w Halleluyah

From the Lord He will receive a blessing and righteousness from God our Savior
Halleluyah w Halleluyah w Halleluyah w Halleluyah Barekmor

**Bishop:** Glory to the Father, Son and Holy Spirit

> Let our souls be parkakers
> Of that oil meant for the Christ
> So that we may receive help
> On the day of the judgment
> And let us cry out and say,
> "O you servants of the Lord
> Bless the Lord God forever
> Bless God who is eternal!"

**Response:** Unto the ages of ages and forevermore

Isaiah was filled with grace
Received from the God of peace
That grace is brought to us now,
And we understand that You
Are Christ-God who came to earth,
Who shed blood to save our sould,
Reconciling our weak race
With Your Father in Heaven

Moriyo rahem ....../Lord have mercy upon us and help

**പ്രാത്ഥന**

ദൈവമായ കർത്താവേ! അടുത്തു വന്ന നിന്റെ നൽവരം നോക്കി പ്പാക്കുന്ന ഇവനു (ക്കു) നിന്റെ ദിവ്യ കൃപ പ്രദാനം ചെയ്യണമെ. ആചാര്യത്വ അങ്കി ഇവനെ (രെ) ധരിപ്പിക്കണമെ. നിന്റെ പരിശുദ്ധ റൂഹായുടെ ആവാസം കൊണ്ട് ഇവനെ (രെ) നിറയ്ക്കുകയും നിന്റെ ദിവ്യശക്തിയിൽ ഇവനെ (രെ) സമ്പന്നനാക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഭയഭക്തിയോടെ നിന്റെ പരിശുദ്ധ തിരുനാമത്തെ ശുശ്രൂഷിപ്പാൻ തക്കവണ്ണം നിന്റെ പക്ക ൽ നിന്നുള്ള വിശുദ്ധി ഇവന്റെ (രുടെ) മേൽ വസിപ്പിക്കണമെ.
ഹോശോ ......... ആമ്മീൻ.

O Lord our God, grant this Your servant, Your divine grace, for he has approached You for Your gift. Decorate him with the ornament of priesthood. Fill him with the indwelling of Your Holy Spirit. Make him rich in Your divine strength. May he be sanctified by Your holiness. Make him worthy to serve Your Holy name with fear and piety, O Father, Son, and Holy Spirit, now and always, forever and ever. Amen.

**എനിയോനോ** (വടി, മുടി, സ്ലീബാ, ശീല ഇട്ടിരിക്കണം)

ദൈവമേ!തവ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മ

യാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരു ആത്മാവിനെ എന്റെഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാക

ണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me

throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy stead - fast spirit within me. Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.

Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God.   Barekmor.

Shubhaho....   Menaolam.....

(യുക്തമായ സ്ഥാനങ്ങളിൽ റൂശ്മാ ചെയ്യുന്നു)

1 പുണ്യപ്രദനാകും നീ മാത്രം കരുണാമൂർത്തി ദേ
വേശാ! ധൂർത്താത്മജനെപ്പോലിവനെ കൈ
ക്കൊള്ളുക കൃപ ചെയ്കിവനിൽ.

2 പരിശുദ്ധൻ താതാ - പരിശുദ്ധത നൽകുന്നോ
നാം ദേവേശാ! വിമലത നേടാൻ ദാനം വാഞ്ഛി
ക്കുന്നടിയാനെ (രെ) കൃപയാൽ നിർമ്മലനാക്ക

3. തന്നുടെ ദാനാൽ - ശ്ലീഹരെ വിജ്ഞാനികളാ
ക്കിയ ദേവസുതാ! ജ്ഞാനം പ്രാപിപ്പാൻ റൂ-
ഹാ വാഞ്ഛിക്കുന്നടിയാനേ (ക്കേ) കുക നീ ജ്ഞാനം

4. തീനാവാൽ ശ്ലീഹരെ - വിജ്ഞാനികളാക്കിയ
റൂഹായാം പരനെ! ശുദ്ധീകൃതനാ (രാ) വാനാത്മ
നെ വാഞ്ഛിപ്പോനരുളുക ശുദ്ധി നിൻ ദാനാൽ.

5 നിൻ കൃപ ഞങ്ങൾക്കായ് - വാനിട വാതിൽ
തുറക്കണമേ ദേവേശാ! വാഴ്‌വേൽ പാപ കൃപ
പാർത്തീടും ദാസന്മേൽ (മേൽ) വലതുകരം വച്ചീടണമെ.

6. അണിയാൻ നിന്നങ്കി - ഗളമതു താഴ്ത്തിത്തിരുമു
മ്പിൽദേവേശാ!-ദാനം പാർക്കുന്നോനി(രി)വനെ (രെ) റൂഹാ
തൻ ഭൂഷകളാൽ ശോഭിതനാ (രാ) ക്ക.

7. വാനോർ മോദിക്ക-ന്നടിയാനു (രു) ടെ പൂരകകർമ്മേ
ദേവേശാ! - മാനവരും സ്തുതി പടീടുന്നവരുടെ നിവ
ഹങ്ങളിലവനെ (രെ)ചേർത്തോനായ്

8 യാചിക്കുന്നോർക്കായ് - മേല്പട്ടക്കാർ വഴി ദാനം
നൽകീടാൻ - റൂഹാ വാനം ഭേദിച്ചെത്തുന്നതു കണ്ട
ന്നിമയർ കൂറുന്നാശ്ചര്യം

9. റൂഹായുടെ ആവാസത്താൽ - പാപം പോക്കീടും
ദേവേശാ! - നിർമ്മലനാവാൻ നിൻ നിറവതു പാ
ർത്തീടും ദാസനെ മൂടിപാവനനാ (രാ) ക്ക

10. നിർമ്മല പാണികളാൽ ബന്ധിതനാമതിരേറ്റാ
നാം ദേവേശൻ -അഹറോനൊപ്പം മേല്പട്ടക്കാര
ന്ന ദാനം നൽകാനെത്തീടുന്നു.

11. മഹിമത്രയമാകും ത്രീയേകന്നേകത്രയനാം ദേ
വേശൻ! - താദാത്മജ പാവനറൂഹാ സത്യേകപ
രന്നായുയരട്ടേ സ്തോത്രം.

മെനഓലം ...........

എവിടുന്നിങ്ങവരോഹം ചെ-
യ്താ വിണ്ണേറിയൊരഖിലേശാ!
ഗതിയറ്റോരായ് ഞങ്ങളെ നീ
തള്ളി കൈവിട്ടീടരുതേ
പാവനറൂഹാ വന്നെത്തീ
ട്ടുലകിന്ന തന്നാഗമനത്താൽ
ശാന്തി കൊടുത്തുപദേശിക്ക
ട്ടത്ഭുതമാം നിൻ ശ്രേഷ്ഠതയിൻ
കൃതിയതിനെ മനുജർക്കായി
മാനവ വത്സലനായോനേ!

മറ്റൊന്ന്

അദൃശ്യവാനായി സ്ഥിതി ചെയ്വോൻ
അഖിലത്തിന്നുമുപരിസ്ഥിതനും

ദൂതഗണം പരിസേവിപ്പോൻ
ഭക്ത്യാദരസവിശേഷതയിൻ
ബാലകവരെ സ്തുതി ചെയ്കവനെ
വാഴ്ത്തിൻ സതതം വൈദികരേ!
സ്തോത്രം ചൊല്ലുക ജാതികളേ!
തിരുനാമം സ്തുതി ചെയ്കെന്നും.

Lord have mercy
You are the God of Mercy – great and deep
O Lord – accept him
Like the prodigal son as Your – servant +

Holy Father,
O God who gives purity – to Your Church,
Make him – holy Lord,
As he bows for gifts from Your great – bounty +

By Your mercy,
Son who gave wisdom to Your – apostles,
Send forth – Your wisdom
To this servant who longs for the - Spirit +

Open Your door
To us by Your abundant – saving grace
Stretch forth – Your right hand
On us servants who long for Your – blesings +

Lord adorn him
Who bows his head Your – majesty
For Your – sacred robe,
Lord, adorn him with the Holy – Spirit +

By this service
All those in heaven rejoice – O Lord God;

For Your – sacred robe,
Lord, adorn him with the Holy – Spirit. +

Lord, through Your priest
The Holy Spirit inclines – the heavens
And brings – down your gifts
To those on earth who long and pray – for them

By indwelling
Of the Holy Spirit, You – remove sin
Cleanse and – sanctify
This servant who longs to serve as – Your priests +

You are boundless
Yet you are bound by the hands-of Your priests,
And for – this service
The high priest, like Aaron, receives-Your grace+ Barekmor

**Bishop:** Glory to the Father, Son and Holy Spirit
**Response:** Unto ages of ages and forevermore

Lord, who descended to earth
And ascended to heaven,
Send down Your Holy Spirit
To grant His goodness on earth
O Lord, who loves humankind,
Do not forsake us sinners
And may your Holy Spirit
Show wonders to our weak selves

**Deacon:** Stoumen Kalos

**Response:** Kurielaison

**പ്രൊമിയോൻ**

രാജാക്കന്മാരുടെ രാജാവുംകർത്താക്കന്മാരുടെ കർത്താവും സ്വർഗ്ഗീയ ദാനങ്ങൾ നൽകുന്നവനും അവ്യാചങ്ങളായ നൽവരങ്ങൾ വിഭജിച്ചു കൊടുക്കുന്നവനും തന്റെ ആത്മാവാൽ തന്റെ ശ്ലീഹന്മാരെ പൂർണ്ണമാക്കിയവനും തന്റെ ജ്ഞാനത്താൽ തന്റെ ശിഷ്യന്മാരെ അഭ്യസിപ്പിച്ചവനുമായവനു സ്തുതി. ദിവ്യമായ ഈ ശുശ്രൂഷ ഞങ്ങൾ സമർപ്പിക്കുകയും കരുണയും ആർദ്രതയും യാചിക്കുകയും ചെയ്യുന്ന ഈ നേരത്തും എല്ലാ സമയങ്ങളിലും നാഴികളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കയും എന്നേക്കും സ്തുതിയും ബഹുമാനവും തനിക്കു യോഗ്യമാകുന്നു. ബ്കുലഹുൻ ............
ആമ്മീൻ.

Glory and thanksgiving, praise and adoration, and unceasing exaltation, truly at all times and hours, may we ascribe unto You, O Lord. Glory be to the King of King and the Lord of Lords, who grants heavenly gifts and renders indescribable grace; and who perfected the apostles by His Spirit and taught the disciples His wisdom. To him be glory, honor and adoration at this time of the celebration of this divine service when we beseech compassion and mercy for this your servant, a candidate for priesthood, and at all times, hours, seasons and festivals, now and forever.     Amen.

**സെദറ**

സകല ലോകങ്ങളും തന്റെ മഹത്വത്തിന്റെ മഹിമയേറിയ ബഹുമാനത്തിനുമതിയാകാത്തവനും മാലാഖമാർ വന്ദിക്കപ്പെടുന്നവനും, റാബൈ മാലാഖമാരാൽ സ്തുതിക്കപ്പെടുന്നവനും, സ്രോപ്പേന്മാരാൽ കാദീശ് പറയപ്പെടുന്നവനും,ആത്മീയരും അശരീരികളുമായ സകല ഗണങ്ങളാലും പുകഴ്ത്തപ്പെടുന്നവനുമായ കരുണ നിറഞ്ഞവനും മനുഷ്യസ്നേഹമുള്ളവനുമായ നമ്മളുടെ നാഥനായ കർത്താവ് തന്നിൽ പ്രകൃതപ്രകാരം കണ്ടെത്തപ്പെടുന്ന ധാരാളമായ തന്റെ കരുണ നിമിത്തം ആത്മീയവും സ്വർഗ്ഗീയവുമായ സ്തുതികൾ ഹേതുവായി നമ്മുടെ മനുഷ പ്രകൃതത്തോടിമ്പപ്പെടുവാൻ തിരുമനസാകു

ന്നു. ഇതു നിമിത്തം പരിശുദ്ധ ശ്ലീഹന്മാർ മുഖാന്തരം സ്വർഗ്ഗീയ ക്രമീകരണങ്ങൾ ഭൂമിയിലുള്ളവരെ താൻ ഭരമേല്പിക്കുകയും അവയുടെ ദൃഷ്ടാന്തങ്ങളെ നിബിയന്മാരുടെ തലവനായ മോശ മുഖാന്തരം മുമ്പു കൂട്ടി രേഖപ്പെടുത്തുകയും ചെയ്തു. ഇപ്പോഴോ തന്റെ വാത്സല്യപുത്രൻ മുഖാന്തരം യഥാർത്ഥമായതിനെ ശ്ലീഹന്മാരിൽ തലവനായ ശെമഓനേയും അവൻ മുഖാന്തരം ലോകാവസാനത്തോളം പരിശുദ്ധ സഭ മുഴുവനേയും ഭരമേല്പിച്ചിരിക്കുന്നു. ദൈവമായ കർത്താവേ! നിന്റെകൃപയാലും ധാരാളമായ നിന്റെ കരുണകളാലും ഞങ്ങളുടെ നിസ്സാരതയുടെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ അരിഷ്ടവും കടബാദ്ധ്യതയുള്ളതുമായ പ്രകൃതത്തിൽ നിന്നും നിന്റെ ശ്രേഷ്ടതയ്ക്ക്ഇന്നേദിവസം അർപ്പിക്കപ്പെടുന്ന ഈ ആദ്യഫലത്തെ നിന്റെ തിരുമേനിയുടെ പരിശുദ്ധമായ ആഹ്വാനത്താൽ ഇപ്പോൾ നീ വിളിച്ചിട്ടുള്ള ഈ ദാസനെ (രെ) നീ സ്വീകരിക്കണമെ. അവൻ (ർ) ദിവ്യമായ നിന്റെ രഹസ്യങ്ങളുടെ ഗൃഹവിചാരകനും(രും) വലത്തേതിനടുത്ത ആചുര്യനാ (ന്മാരും) ശെമ്മാശ്ശനും (ന്മാരും) ഉത്തമ ഭരണകർത്താക്കളും (വും), ആത്മീയ നേതാവും (ക്കളും) പരിപാകത കൊണ്ടു നിറഞ്ഞ പട്ടക്കാരനു (രു) മായിത്തീരണമെ. അവൻ (ർ) വിശേഷബുദ്ധിയുള്ള നിന്റെ ആൾകൂട്ടത്തിനു സകല സുകൃതങ്ങളുടേയും സമർത്ഥനായ (രായ) മല്പാനും (ന്മാരും) നിന്റെ അടുക്കലേക്കു തിരിഞ്ഞു വരുന്നവർക്കു അനുതാപത്തിന്റെ വാതിലുകൾ തുറന്നു കൊടുപ്പാൻ സ്വർഗ്ഗ രാജ്യത്തിന്റെ താക്കോലുകൾ ഭരമേല്പിക്കപ്പെട്ടിട്ടുള്ള ജാഗ്രതയും ഉത്സാഹവും ഉള്ള പട്ടക്കാരനും (രരും) നിന്റെ തിരുവിഷ്ടം പോലെ കുറ്റക്കാരെ കെട്ടുകയും, നിന്റെ കല്പനയിൽ അനുതാപികളെ അഴിക്കുകയും സത്യ അനുതാപത്തെ പ്രഖ്യാപിക്കുകയും ചെയ്യുന്ന സമ്പാദ്യങ്ങളുടെ നാഥനായ ആചാര്യത്വത്തിന്റെ രഹസ്യങ്ങൾ ഉത്ഭവിക്കുന്ന പട്ടക്കാരനു (രു) മായിത്തീരണമെ. നിന്റെ സ്നേഹത്തിൽ സ്ഥിരപ്പെട്ടവനു(വരും) നിന്റെ ശരണത്താൽ അലങ്കരിക്കപ്പെട്ടവനു (രു) മായ യഥാർത്ഥ പട്ടക്കാരനായും (രായും) ശെമ്മാശ്ശനായും (രായും) നിന്റെ വിശുദ്ധിയുടെ അലങ്കാരങ്ങൾ കൊണ്ട് പരിലസിക്കുകയും വെടിപ്പിൽ പ്രശോഭിക്കുകയും ബോധവിധേയമായ നിന്റെ മുന്തിരിതോട്ടത്തിൽ വേണ്ടവണ്ണം വേല ചെയ്യുകയും ചെയ്യുന്ന തേജസുകൊണ്ടു നിറഞ്ഞ വൈദികൻ (ർ) അതായതു കശ്ശീശായായും (ന്മാരായും) ശെമ്മാശ്ശനായും (ന്മാ

രായും) ഇവൻ (എവർ) തീരുമാറാകണമെ. നല്ല കാര്യങ്ങൾ ചെയ്യു ന്നതിനെപ്പറ്റി ജാഗ്രതയുള്ളവനും(രും) താല്പര്യമുള്ളവനു (രു) മായി ത്തീരുവാൻ തന്നെത്തന്നെ (തങ്ങളെത്തന്നെ) ഏല്പിച്ചു കൊടുത്തി ട്ടുള്ള നല്ല ഭയഭക്തിയുള്ള വൈദികനാ(രാ) യും, ഏവൻഗേലിയോ ന്യ താലന്തിനെ ഒന്നു മുപ്പതും അറുപതും നൂറുമായി വദ്ധിപ്പിക്കു ന്ന കീൎത്തി കേട്ട വൈദികനായും (രായും), ശെമ്മാശ്ശനായും (ന്മാ രായും) ദൈവീക കല്പനകളുടെ പാലനത്തിൽ താല്പര്യമുള്ള വല ത്തേതിനടുത്ത വൈദികനാ (രാ) യും ഇവൻ (ർ) തീരുമാറാകണ മെ. ജഡിക ഇമ്പങ്ങളാൽ പാപം വിളിച്ചു വരുത്തുന്ന സകല അശു ദ്ധ മോഹങ്ങളും കൎത്താവേ! ഇവനിൽ (രിൽ) നിന്നും ഉന്മൂലനം ചെ യ്തു നീക്കിക്കളയണമെ. ദിവ്യ സ്നേഹത്താലും ഭാഗ്യമേറിയ നിന്നി ലുള്ള ശരണത്തിലും ഇവനെ (രെ) സ്ഥിരപ്പെടുത്തണമെ. ആത്മാ വിന്റേയും ശരീരത്തിന്റേയും വിശുദ്ധിയിലും വെടിപ്പിലും ആത്മാ വിന്റെ തേജസ്സിലും സുകൃത നടപടികളിലും ഇവനെ (രെ) നട്ടു അ ലങ്കരിക്കണമെ. വിശ്വാസ വിപരീതികളോടുള്ള ചേൎച്ചയാലോ നി ന്ദ്യ നടപടികളുടെ ദോഷത്താലോ കുറവു ഭവിക്കാത്ത സ്തുതി ചൊ വ്വാക്കപ്പെട്ട വിശ്വാസത്താൽ ഇവനെ (രെ) കാത്ത് ഉറപ്പിക്കണമെ. ഉത്തമങ്ങളുംസുന്ദരങ്ങളുമായ പ്രവൎത്തികളിൽ നിന്നുള്ള മുഖപ്രസ ന്നതയാലും സകല വിധ ശ്രേഷ്ഠതയിലും മനോവിനയത്താലും മാ ലാഖമാർ പോലും സൂക്ഷിപ്പാൻ അഭിവാഞ്ചിക്കുന്ന ദിവ്യരഹസ്യ ങ്ങളുടെ ശുശ്രൂഷയ്ക്കും ദൈവദൂതന്മാരുടെ ഈ ജോലിക്കും അടു ത്തു വരുവാനും ഞങ്ങളുടെ കൎത്താവും ദൈവവും രക്ഷകനുമായ നിന്റെഏകജാതനാം പുത്രൻ യേശുമ്ശിഹായുടെ കൃപയാലും മനു ഷ്യസ്നേഹത്താലും അവനെ (രെ) ഭരമേല്പിച്ചിട്ടുള്ള ആചാര്യ സംബ ന്ധമായ വിശേഷ ബുദ്ധിയുള്ള നിന്റെ ഇടവകയെക്കെയും അവരു ടെ ജീവന്റെ പൂൎണ്ണ വിടുതലും പരിപൂൎണ്ണ രക്ഷയും കണ്ടെത്തുവാ നും നിന്റെ കാരുണ്യത്താൽ ഇവനെ( രെ) യോഗ്യനാ(രാ) ക്കണ മെ. തന്നോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടെ സ്തുതിയും ബഹുമാനവും നിനക്കു യോഗ്യമാകുന്നു ഹോശോവബ് ......
ആമ്മീൻ.

O God, great in might and inscrutable in wisdom, marvelous in counsel above the sons of men; who are compassionate

and loves humankind; the whole universse is inadequate to glorify You. The angesls worship You. The archangels glorify You. The Seraphim sing “Holy” to You. The incorporeal and spiritual ranks praise You with fear and trembling. Lord, You gladden our human nature with spirutal and heavenly glory because of Your boundless mercy. You have entrusted heavenly ministry to the earthly through the mediation of apostles. You demonstrated to Peter, the first of the apostles, and his companions the reality of the priesthood, which was introduced as an achetype through Moses, the first of the prophets, and is being continued in the holy church.

O Lord our God, accept this first-fruit which we offer before Your majesty from us who are weak and unworthy. O God, who crowns those You deem worthy to service the world of Your truth in the divine ministry of this degree, preserve, Lord, in purity of life and in unswerving faith this Your servant whom You graciously are pleased to lay hands upon. Grant him the abundant grace of Your Holy Spirit, and make him Your servant, in all things acceptable unto You. May he worthily exsecise the great honor of the priesthood, which You have conferred upon him by Your mighty power. Make him a minister and steward of Your mysteries, a priest of truth, a good administrator and a spiritual pillar. Grant him spiritual maturity and enable him to be a diligent pastor to Your spiritual flock. Make him an alert and zealours priest who holds the keys of the kingdom of heaven and opens the door of repentance for those who return to You. Make him an alert and zealous priest who holds the keys of the kingdom of heaven and opens the door of repentaance for those who return to You. Make him a minister of Your treasuary who binds sinners according to Your will and looses those who come to You in repentance. Confirm him in Your

love and adorn him with Your hope. Make him an ideal priest who is brightened with the ornaments of holiness and shines with purity, and who works properly in Your spiritual vineyard. Enable him to be an enlightened presbyter, and a devotee who is eager and zealous for good deeds. Make him a priest who is diligent to obey and observe Your divine commandments. Lord, cast away from him all impure attractions, which are caused by sins of the flesh. Accept him in divine love and blessed hope. Accept him and confirm him in the purity of body, soul, and mind. Make him preserve in true faith. May he not be defiled by heresies and by evil deeds which destroy a righteous like. Make him worthy to approach the divine mysteries and this heavenly ministry, which even the angels are eager to gaze upon. May he be made bright by good deeds, with all virtues and humility of heart.

O Lord, anoint Your servaant with the gift of Your Holy Spirit so that he may advance to the priesthood, that he may be worthy to stand in innocence before Your Altar, to offer unto You spiritual gifts and sacrifices, and to nenew Your people through the laver of regeneration.

Through Your mercy make him and the spiritual flock entrusted to his care worthy of receiving perfect salvation, true redemption of life, remission of debts, and forgiveness of sins, so that when he shall go to meet You, at the second coming of our great God and Savior, Jesus Christ, Your only begotten Son, he may receive the reward of a good stewards in the degree committed unto him, through the abundance of Your goodness. For blessed and glorified is Your all-holy and majestic Name, of the Father, and of the Son, and of the Holy spirit, now and always, forever and ever. Amen.

**ഗാനം** (7-ാം നിറം)
ഏനോനേനഹറേ .........എന്ന രീതി

1 വന്നിഹ കേൾപ്പിൻ ഞൻ ചൊല്ലാം
യൗനാത്മജ - ശെമഓനേറ്റപ്പോൾ
ഭൂവാനത്താക്കോലുകളെ
ചൊന്നവനോ-ടജപാലപ്രമുഖൻ
നീ ചെയ്യുന്നതു സൂക്ഷിക്ക
ദത്തം തേ മേഷക്കൂട്ടം
പാലിക്കാൺപെണ്ണാടുകളെ
പക്ഷപ്രതിയില്ലാതുള്ള
ദൈവിക സിംഹാസന സവിധേ
നിന്റെ കണക്കു കൊടുക്കേണം.

2. കല്പന നന്നായ് പാലിപ്പാൻ നീ ഉത്തരവായി
മ്ശിഹാ തന്നിടവക മുൻ നിത്തി
ശെമഓനോടു കല്പിച്ചേവം
സ്നേഹിക്കുന്നെങ്കിൽ നീയെന്നെ
മേയ്ക്കേൻ പേക്കിന്നടവകയിൽ
ആൺപെൺ കുഞ്ഞാടുകളെ നീ
പാലിക്കവയേ നേരായി
ശാന്തതയൊടു വിനയത്തോടെ
നായകബലബന്ധം കൂടാ
ഹിതകരമായ് മേയിക്കണം.
ശുബഹോ .............
സ്വ്ഗ്ഗ മണാളൻ തൻ മണവാട്ടി
വിശ്വസ്ഥ സഭേ ഭീ വേണ്ട

അന്യനമായ് നീ ചേരാത്തതിനാൽ
അന്യയെ ഞാനം ചേക്കില്ല.
കാലത്തി വസനത്തിൽ
പാരും വാനമഴിഞ്ഞാലും
ഭീതി നിനക്കുണ്ടവില്ല

താതാത്മജ വിമലാത്മാവിൻ
ഗേഹം നിന്നുടെ ത്രോണോസാം
മെനഓലം ................

4. അഖില ജഗൽ ത്രതാവേകിയപോൽ
ബന്ധന മുക്തികൾചെയ്തീടും
ഉന്നതമാം കഹനസാസ്ഥാനം
എങ്ങനെ നിങ്ങൾ സേവിക്കും
വൈദികരെ! സൂക്ഷിച്ചിടുവിൻ
നിമ്നോത താക്കോലുകളെ
നിങ്ങടെ പാണികളിൽ തന്നു
ധന്യർ, ദൈവഹിതം ചെയ്കിൽ
മണിയറ പൂകും താനൊപ്പം

Come and listen to what I say:

The Lord of –Shephereds entrusted – the keys
Of heaven and esrth
To Simon – the son of Jonah – and commanded him saying:
"Be steadfast in my commands;
I entrustead fast sheep to you;
Lead men, women, and children
For you – will account for them – before
my throne at judgment."
You have commanded me to observe Your precepts
When the Lord – entrustead His sheep – to Simon,
Son of Jonah
He told him – "tend to all my sheep, -
the men, women and children
If you love me above all,
Watchfully shephered my lambs
Tending them in true justice;
With love – and humility – without arrogance lead them.
Barekmor

**Bishop:** Glory to the Father, Son and Holy spirit

O you priests – how will you maintain – the –
the priesthood God gave to you
So that you – might be endowed with –
strength for loosing and binding?
The Savior has given you
The keys of heaven and earth
And if you follow His will,
You will – enter with the Lord – into His bridal chamber

**Response:** Unto the ages of ages and forevermore

"Do not fear, - faithful Holy Church, -
My true and belov'ed bride
For if you – are faithful in love, - I will always cling to you.
When the resurrection comes
Earth and sky will pass away
Yet, you need not be afraid
For Your – altar has been placed – between the earth and heaven."

Moriyo Rahem ...../Lord have mercy upon us and help us

**എത്രോ**

കർത്താവേ! ഈനേരത്തു തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിട്ടുള്ള ഈ പരിമള ധൂപം സന്തോഷപുരസ്സരം നീ സ്വീകരിക്കണമെ. ഞങ്ങളുടെ മേലും ഇവിടെ മുട്ടുകുത്തി ഞങ്ങളുടെ നിസ്സാരതയിൽ നിന്നുള്ള പ്രാർത്ഥനകൾ മുഖാന്തരം നിന്നിൽ നിന്നുള്ള നൽവരവും ദാനവും നോക്കിപ്പാർക്കുന്ന ഈ നിന്റെ ദാസന്റെ (രുടെ) മേലും നിന്റെ പരിശുദ്ധ റൂഹായെ അയക്കണമെ. ഇവയ്ക്കും ഇവപോലുള്ളവയ്ക്കും വേണ്ടി സത്യപ്രധാനാചാര്യനായ ഞങ്ങളുടെ കർത്താവേശുമ്ശിഹാ! ഞങ്ങൾ നിനക്കും സകല വാഴ്‌വുകളുടേയും ഉറവിടമായ നിന്റെ പിതാവിനും സകല ദാനങ്ങളും പൂർണ്ണമാക്കുന്നവനും സകല

പരിശുദ്ധന്മാരേയും വിശുദ്ധീകരിക്കുന്നവനുമായ നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആരാധനയും കരേറ്റും.
ഹോശോ .................... ആമ്മീൻ

O Lord, accept this incense we have offered to You with sincerity of heart and purity of soul. Send forth Your Holy Spirit upon us and upon this Your servant who kneels before You in order to receive Your indwelling and grace, through the mediation of our prayers. We offer praise and glory, honor and adoration to You. O Jesus Christ, who are the true high priest, to Your Father who is the fountain of all blessings, and to Your Holy Spirit who perfects all gifts and purifies all the saints, both now and always, forever and ever Amen.

**വേദവായനകൾ**

സുമോറോ

കർത്തൻ നമ്മുടെ ശരണം താൻ
ഇസ്രായേലിൻ പരിശുദ്ധൻ
നമ്മൾക്കരചനവൻ തന്നെ
തന്നുടെ സിദ്ധന്മാരോടായ്
ദർശന വഴിയായ് ചൊന്നേവം
"മമജനമതിനിടയിൽ നിന്നും
വ്യതനാമൊരുവനെ ഞാനേറ്റി
പരിശുദ്ധമതാം തൈലത്താൽ
അഭിഷേകം ചെയ്തേനവനെ"
"ദൈവം നിൻ ദൈവം തന്നെ
നിൻ സഹജരിലത്യുപരി
ആമോദത്തൈലം പൂശി
അഭിഷേകം ചെയ്താൻ നിന്നെ"

**മറ്റൊന്ന്**

നിൻ ഭവനത്തിനു വിഹിതം ശുദ്ധി
നെടുനാളേക്കെൻ കർത്താവേ!

Our Lord God, ever our hope,
Proclaimed to the saints of old
"I have chosen the worthy
From among all the nations,
Anointing my belov'ed
With pure and holy chrism."
The Lord God will grant you joy
More than those who surround you
For he has anointed you
With pure and holy chrism.

OR

Holiness belongs, O Lord,
To your temple forever

ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ്
ജാതികളിടയിൽ
ഭൂതലസീമയിതോളം
നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു.
സ്വർഗ്ഗമഹാ-രാജ്യം

Those Apostles
Chosen, sent by God, they went-
to ev'ry place
Through all the world,
Gentiles heard from them the news,
The Gospel grace.

They proclaimed-the kingdom,
Heav'ns rule-of freedom
For the faithful bliss.

വായനക്കാർ: പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തി
ൽ നിന്നും ; ഹാബീബായ്-ബാറെക്മോർ

Reader: The lesson from the Acts of the Holy Apostles
Habibai, Barekhmor

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവന്ന സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Glory be to the Lord of the Apostles, and
His mercy be upon us-for ever.

പ്രക്സീസ് 2 : 14-20 Or 10 : 34-45

അനന്തരം ശെമഒാൻ കീപ്പാ പതിനൊന്നു ശ്ലീഹന്മാരോടു കൂടെ നിന്നു കൊണ്ട് ശബ്ദം ഉയർത്തി അവരോടു പറഞ്ഞു : "യഹൂദ പുരുഷന്മാരെ, യെരുശലേമിൽ പാർക്കുന്ന എല്ലാവരുമേ, ഇതു നിങ്ങൾക്കു അറിവായിരിക്കട്ടെ, എന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുവിൻ. നിങ്ങൾ വിചാരിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. ഇപ്പോൾ മൂന്നാം മണി നേരമല്ലെ ആയിട്ടുള്ളു? എന്നാൽ ഇതു യോവേൽ പ്രവാചകൻ പറഞ്ഞിട്ടുള്ളതാണ്. 'അവസാനകാലത്ത്, സർവ്വ ജഡത്തിന്മേലും എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രികളും പ്രവചിക്കും, നിങ്ങളുടെ യുവാക്കന്മാർ ദർശനങ്ങൾ കാണും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും, ആ നാളുകളിൽ എന്റെ ദാസന്മാരുടെയും എന്റെ ദാസികളുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. അവർ പ്രവചിക്കും, ആകാശത്തിൽ അടയാളങ്ങളും ഭൂമിയിൽ അത്ഭുതങ്ങളും ഞാൻ കാണിക്കും, രക്തവും അഗ്നിയും പുകയും ആവിയും തന്നെ. കർത്താവിന്റെ വലുതും ഭയങ്കരവുമായ ആ ദിവസം വരുന്നതിനു മുമ്പ്, സൂ

ര്യൻ ഇരുളും, ചന്ദ്രൻ രക്തവർണ്ണമായും മാറിപ്പോകും

But Peter, standing up with the eleven, raised his voice and said to them, "Men of Judea and all who dwell in Jerusalem, let this be known to you, and heed my words, since it is only the third hour of the day.

But this is what was spoken by the prophet Joel: 'And it shall come to pass in the last days God, That I will pour out of My Spirit on all flesh; Your sons and your daughters shall prophesy, Your young men shall see visions, Your old men shall dream dreams. And on My menservants and on My maidservants I will pour out My Spirit in those days; And they shall prophesy. I will show wonders in heaven above, And signs in the earthbeneath: Blood and fire and vapor of smoke. The sun shall be turned into darkness, and the moon into blood, before the coming of the great and awesome day of the LORD.

വായന തീർന്നാലുടനെ: ഹാബീബായ്-ബാറെക്മോർ
While the reading finishes say: Habibai, Barekhmor

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-

Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

പൗലോസ്ശ്ലീഹാ തീമോത്തിയോസിന് എഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

The lesson from the Epistle of St. Paul, the Apostle, to the Thimothi Ahai Barekhmor.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Praise be to the Lord of Apostle, and His mercy be upon us for ever

1 തിമോത്തി 1 : 18-20 and 3 : 1-7

എന്റെ മകനേ, തീമോത്തിയോസേ, നിന്നെക്കുറിച്ചു മുമ്പുണ്ടായ പ്രവചനങ്ങൾ അനുസരിച്ച്, ഈ കല്പന നിന്നെ ഞാൻ ഭരമേല്പിക്കുന്നു. നീ വിശ്വാസത്തോടും നല്ല മനഃസാക്ഷിയോടും കൂടെ ഈ നല്ല വേല ചെയ്യണം. എന്തെന്നാൽ ഇവയെ പരിത്യജിച്ചവർ-ഹുമനയോസിനേയും അലക്സന്ത്രോസിനേയും പോലെ, വിശ്വാസത്തിൽ നിന്നുംവ്യർഥരായിത്തീർന്നു. അവർ ഇനിയും ദൂഷണം പറയാതിരിക്കേണ്ടതിന്, ശിക്ഷിക്കപ്പെടുവാനായ്, ഞാൻ അവരെ സാത്താനെ ഭരമേല്പിച്ചിരിക്കുന്നു.

ഒരുവൻ കശീശാ (പുരോഹിത) സ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ, നല്ല കാര്യം ആഗ്രഹിക്കുന്നു എന്നുള്ള വചനം വിശ്വാസ്തമാകുന്നു. ഒരുവൻ കശീശാ ആകുവാൻ ആവശ്യമായവ: അവൻ കളങ്കമില്ലാത്തവനും, ഏകഭാര്യയുടെ ഭർത്താവും വിചാരത്തിൽ ഉണർവുള്ളവനും, പരിപാകയുള്ളവനും, ക്രമമുള്ളവനും, പരദേശികളെ സ്നേഹിക്കുന്നവനും പഠിപ്പിക്കുവാൻ സാമർത്ഥ്യമുള്ളവനുമായിരിക്കണം. മദ്യപ്രിയനും, അടിപ്പാൻ കൈനീട്ടുന്നവനുമായിരിക്കരുത്. പിന്നെയോ വിനീതനായിരിക്കണം. കലഹപ്രിയനോ, ദ്രവ്യാഗ്രഹിയോ ആയിരിക്കരുത്. അവൻ സ്വഭവനത്തെ നന്നായി ഭരിക്കുന്നവനും, തന്റെ മക്കളെ പൂർണ്ണ വിശുദ്ധിയോടെ കിഴ്വഴക്കത്തിൽ നിറുത്തുന്നവനുമായിരിക്കണം. സ്വന്തഭവനത്തെ നന്നായി ഭരിക്കാൻ അറിവില്ലാത്തവന് ദൈവത്തിന്റെ സഭയെ ഭരിപ്പാൻ എങ്ങനെ കഴിയും? അവൻ നിഗളിച്ചിട്ട്, സാത്താനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്, അവൻ പുതു ശിഷ്യനായിരിക്കരുത്. അവൻ അപമാനത്തിലും സാത്താന്റെ കെണിയിലും വീഴാതിരിക്കേണ്ടതിന്, പുറമേയുള്ളവരിൽ നിന്ന് നല്ല സാക്ഷ്യം ലഭിച്ചവനുമായിരിക്കണം.

This Charge I commit to you, son Timothy, according to the prophecies previously made concerning you, that by them you may wage the good warfare, having faith and good conscience, which some having rejected, concerning the faith have syffered shipwreck, of whome are Hymenaeus and Alexander, whome I delivered to Satan that they may learn not to blaspheme

Likewise deacons must be reverent, not double-tongued, not given to much wine, not greedy for money, holding the mystery of the faith with a pure a pure conscience. But let these also first be tested; then let them serve as decons, being found blameless. Likewise their wives must be reverent, not slunders, temperate, faithful in all things. Let decons be the husband of one wife, ruling their children and their own houses well. For those who have served well as deacons obtain for themselves a good standing and great

boldness in the faith which is in Christ Jesus.

വായനക്കാർ: വായന കഴിഞ്ഞാലുടനെ: ആഹായ്-ബാറെക്മോർ.

Reader: Ends the lesson while saying: Ahai Barekhmor.

ഏവൻഗേലി (ദഗ്ഗായിൽ)

**മലയാളം**

ചാത്തും നീതിയെ നിന്നാചാര്യന്മാരും മഹിമ
യെ നിൻ നീതിജ്ഞന്മാരും - നിന്നഭിഷിക്തമുഖം
തിരിപ്പിക്കല്ലേ നിൻ ദാസൻ ദാവീദിൻ മൂലം.

**നോട്ട്:** മേല്പക്കാരൻ ദഗ്ഗായിൽ കയറി ബലിപീഠം മുത്തിയ ശേഷം പടിഞ്ഞാട്ട് തിരിഞ്ഞ് ശീലമുടിനീക്കി സ്ലീബാകൈയിൽ പിടിച്ചു കൊണ്ട് നിൽക്കുന്നു. അംശവടി മറ്റൊരാൾ പിടിക്കുന്നു. സ്ഥാനാർത്ഥി (ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ എല്ലാവരും) എഴുന്നേറ്റ് മേല്പട്ടക്കാരന്റെ മുമ്പിൽ തല വണക്കി നിൽക്കുന്നു. വേദപുസ്തകം സ്ഥാനാർത്ഥിയുടെ കഴുത്തിലും തോളിലുമായി വെച്ചുകൊണ്ട് വായിക്കുന്നു. സമാധാനം എന്നു പറയുമ്പോൾ സ്ലീബാകൊണ്ട് റൂശ്മാ ചെയ്യുകയും ഊതി എന്നു പറയുമ്പോൾ സ്ഥാനാർത്ഥിയുടെ മുഖത്ത് സ്ലീബാ ആകൃതിയിൽ ഊതുകയും ചെയ്യുന്നു.
താണസ്ഥാനികൾക്കും കൂട്ടത്തിൽ പട്ടംകൊടുക്കുന്നുണ്ടെങ്കിൽ വേദവായനക്കും ഏവൻഗേലിക്കും മുമ്പായി അവരെ മാറ്റി നിർത്തുന്നു കശീശ്ശായുടെ പട്ടംകൊട മുഴുവനും കഴിഞ്ഞ് അവർക്കായുള്ള വേദഭാഗങ്ങളും ഏവൻഗേലിയും വായിച്ച് അവർക്കായുള്ള പ്രത്യേക ശുശ്രൂഷകൾ നടത്തുന്നു. പൊതുവായിട്ടുള്ള ആദ്യഭാഗം കശീശ്ശായുടേതു തന്നെ.
കശ്ശീശായോടു കൂടി പൂർണ്ണശെമ്മാശു പട്ടമുണ്ടെങ്കിൽ രണ്ടും ഒരുമിച്ചു ചെയ്യുന്നു. വേദഭാഗങ്ങൾ വെരെയുള്ളത് കശ്ശീശായുടേതു തന്നെ. കശ്ശീശായ്ക്കും ശെമ്മാശ്ശനുമുള്ള പ്രക്സീസ് -ശ്ലീഹാ എന്നിവ കശ്ശീശായുടേതു മാത്രം. കശ്ശീശായ്ക്കുള്ള ഏവൻഗേലി വായിച്ച ശേഷം അയാളെ മാറ്റി നിർത്തിയിട്ട് ശെമ്മാശ്ശനെ നിർത്തി ശെമ്മാശ്ശനുള്ളതു പ്രത്യേകം വായിക്കുന്നു. പെസ്ഗോമോ രണ്ടു കൂട്ടർക്കുമായി കശ്ശീശായുടേതുതന്നെ. ഏവൻഗേലിക്കുശേഷമുള്ള പാട്ടുകളും രഹസ്യപരസ്യങ്ങളുംകശ്ശീശായുടേതുതന്നെ.

**യോഹന്നാൻ 20 : 19-26**

ആ ഞായർ ദിവസം സന്ധ്യ ആയപ്പോൾ യെഹൂദന്മാരെപ്പറ്റിയുള്ള

ഭയം നിമിത്തം ശിഷ്യന്മാർ ഇരുന്നിരുന്ന സ്ഥലത്തിന്റെ വാതിലുകൾ അടച്ചിരിക്കെ യേശുതമ്പുരാൻ വന്ന അവരുടെ മദ്ധ്യേ നിന്നു കൊണ്ട് അവരോട് "നിങ്ങൾക്ക സമാധാനം" എന്നു പറഞ്ഞു. ഇതു പറഞ്ഞിട്ട് അവരെ തന്റെ കൈകളും വിലാപ്പുറവും കാണിച്ചു. ശിഷ്യന്മാർ നമ്മുടെ കർത്താവിനെ കണ്ടു സന്തോഷിച്ചു. യേശുതമ്പുരാനോ വീണ്ടും അവരോട് അരുളിച്ചെയ്തു. "നിങ്ങൾക്ക സമാധാനം. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു." ഇവ പറഞ്ഞിട്ട് താൻ അവരിൽ ഊതി (കുരിശാകൃതിയിൽ 3 പ്രാവശ്യംഊതുന്നു) അവരോട് "പരിശുദ്ധറൂഹാ പ്രാപിപ്പീൻ. ഒരുവന് അവന്റെ പാപങ്ങൾ മോചിച്ചാൽ അവനു മോചിക്കപ്പെട്ടിരിക്കും. ഒരുവന്റേത് നിങ്ങൾ ബന്ധിച്ചാൽ ബന്ധിക്കപ്പെട്ടിരിക്കും" എന്നു പറഞ്ഞു,. എന്നാൽ പന്തിരുവരിൽ ഒരുവനായ ഇരട്ട എന്നു വിളിക്കപ്പെടുന്ന തോമ്ശീഹാ യേശുതമ്പുരാൻ വന്നപ്പോൾ അവരോടു കൂടെ അവിടെ ഉണ്ടായിരുന്നില്ല. ശിഷ്യന്മാർ അവനോട് നമ്മുടെ കർത്താവിനെ കണ്ടിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ അവൻ അവരോട് 'അവന്റെ കൈളിലെ ആണിപ്പാടുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരലുകൾ ഇടുകയും അവന്റെ വിലാവിൽ എന്റെ കൈ ഇടുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല' എന്നു പറഞ്ഞു.

Then the same day evening, being the first day of the week, when the doors were shut where the disciples were assembled, for fear of the Jews, Jesus came and stood in the midst, and said to them, "Peace be with you. When He had said this, He showed them His hands and His side. Then the disciples were glad when they saw the Lord.

So Jesus said to them again, "Peace to you! As the Father Has sent me, I also send you. And when he had said this, He breathed on them, and said to them, "Receive the Holy Spirit. If you forgive the sins of any, they are forgiven them; If you retain the sins of any, they are retained."
Now Thomas, called the Twin, one of the twelve, was not

with them when Jesus came. The other disciples therefore said to him, "We have seen the Lord." So he said to them, "Unless I see in His hands the print of the nails, and put my finger into the print of the nails, and put my hands into His side, I will not believe.

**മറ്റൊന്ന്** (ശെമ്മാശ്ശന്മണ്ടെങ്കിൽ രണ്ടും വായിക്കണം) (അപ്പോൾ 107-ാം വശത്തെ ഏവൻഗേലി വിടാം)

**യോഹന്നാൻ 16 : 31–17 : 12**
യേശു തമ്പുരാൻ അവരോട് നിങ്ങൾ വിശ്വസിപ്പിൻ. കണ്ടാലും ഓരോരുത്തൻ താന്താന്റെ സ്ഥലത്തേക്കു ചിതറി പോകുകയും എന്നെ തനിയെ വിടുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. പിതാവ് എന്നോടു കൂടെയുള്ളതുകൊണ്ട് ഞാൻ തനിച്ചല്ല താനും. നിങ്ങൾക്കെന്നിൽ സമാധാനമുണ്ടാക്കുവാനായിട്ട് ഇവ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ട്. എന്നാലോ നിങ്ങൾ ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഇവ യേശുതമ്പുരാൻ സംസാരിച്ചിട്ട് സ്വർഗ്ഗത്തിലേക്കു തന്റെ നയനങ്ങൾ ഉയർത്തി കൊണ്ട് അരുളിച്ചെയ്തു. എന്റെ പിതാവേ! നാഴിക വന്നിരിക്കുന്നു.. നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തുവാനായിട്ട് നിന്റെ പുത്രനെ നീ മഹിമപ്പെടുത്തണമെ. നീ അവനു കൊടുത്തിട്ടുള്ള എല്ലാവനും അവർ നിത്യജീവൻ കൊടുപ്പാനായിട്ട് സകല ജഡത്തിന്മേലും നീ അവനു അധികാരം നൽകിയിരിക്കുന്നുവല്ലോ. നിത്യജിവനോ നീ മാത്രം സത്യദൈവമാകുന്നുവെന്നും നീ അയച്ചവൻ യേശുമ്ശിഹായാകുന്നുവെന്നും അവർ നിന്നെപ്പറ്റി അറിയുന്നതു തന്നെ. ഭൂമിയിൽ ഞാൻ നിന്നെ മഹിത്വപ്പെടുത്തി ഞാൻ ചെയ്‌വാനായിട്ട് നീ എനിക്കു തന്ന പ്രവർത്തി ഞാൻ നിറവേറ്റിയിരിക്കുന്നു. ലോകം ഉണ്ടാകുന്നതിനു മുമ്പായി നിന്റെ പക്കൽ എനിക്കുണ്ടായിരുന്ന ആ മഹത്വത്തിൽ എന്റെ പിതാവേ! നിന്റെ പക്കൽ ഇപ്പോൾ എന്നെ നീ മഹത്വപ്പെടുത്തണമെ. ലോകത്തിൽ നിന്നും നീ എനിക്കു നൽകിയവരായ മനുഷ്യരോട് നിന്റെ തിരുനാമം ഞാൻ അറിയിച്ചിരിക്കുന്നു. അവർ നിനക്കുള്ളവരായിരുന്നു. നീ അവരെ എനിക്കു നൽകിയിരിക്കുന്നു

അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു നീ എനിക്കു നൽകി യിട്ടുള്ള സകലവും നിന്റെ പക്കൽ നിന്നാകുന്നുവെന്നു ഇപ്പോൾ ഞാൻ അറിഞ്ഞിരിക്കുന്നു. നീ എനിക്കു തന്ന വചനം ഞാൻ അവ ൎക്കുകൊടുത്തിരിക്കുന്നു. അവർകൈക്കൊണ്ട് ഞാൻനിന്റെ അടുക്ക ൽ നിന്നു വന്നിരിക്കുന്നുവെന്നു സത്യമായിട്ട് അറിയുകയും നീ എ ന്നെ അയച്ചിരിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ അവൎക്കു വേണ്ടി അപേക്ഷിക്കുന്നു. ലോകത്തിനു വേണ്ടിയ ല്ല ഞാൻ അപേക്ഷിക്കുന്നത്. എന്നാലോ നീ എനിക്കു നൽകിയി ട്ടുള്ളവൎക്കു വേണ്ടി ആകുന്നു. എന്തെന്നാൽ അവർ നിന്റേതാകുന്നു വല്ലോ. എനിക്കുള്ളതു സൎവ്വവും നിന്റേതും നിനക്കുള്ളതു എന്റേ തുമാകുന്നു. ഞാൻ അവരിൽ മഹിമപ്പെട്ടുമിരിക്കുന്നു. ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല. ഇവരോ ലോകത്തിൽ ഇരിക്കുന്നു. ഞാൻ നിന്റെ അടുക്കലേക്കു വരുന്നു. പരിശുദ്ധ പിതാവേ! നാമെ ന്നപോലെ അവരും ഒന്നായിരിപ്പാൻ നീ എനിക്കു നൽകിയിട്ടുള്ള നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമെ. ഞാൻ ലോക ത്തിൽ അവരോടുകൂടി ഇരുന്നപ്പോൾ നിന്റെ നാമത്തിൽ ഞാൻ അവരെ സൂക്ഷിച്ചു. നീ എനിക്കു തന്നിട്ടുള്ളവരെ ഞാൻ കാത്തു. തിരുവെഴുത്തിന് നിവൃത്തിയുണ്ടാകുവാനായിട്ട് നാശത്തിന്റെ പു ത്രനല്ലാതെ അവരിൽ ആരും നശിച്ചു പോയിട്ടില്ല

Jesus answered them, "Do you now believe? Indeed the hour is coming, yes, has now come, that you will be scattered, each to his own, and will leave Me alone. And yet I am not alone, because the Father is with me. These things I have spoken to you, that in Me you have peace. In the world you will have tribulation; but be of good cheer, I have overcome the world."

Jesus spoke these words, lifted up His eyes to heaven, and said: Father the hour has come. Glorify Your Son, that Your Son also may glorify You, as You have given Him authority over all flesh, that He should give eternal life to as many as You have given Him. And this is eternal life, that they may

know You, the only true God, and Jesus Christ whom You have sent. I have glorified You on the earth. I have finished the work which You have given Me to do. And now O Father, glorify Me together with Yourself, with the glory which I had You before the world was.

I have manifested Your name to the men whom You have give Me out of the world. They were Yours, You gave them to Me, and they have kept Your word. Now they have known that all things which You have given Me are from You. For I have given to them the words which You have given Me; and they have received them, and have known surely that I came forth You; and they have believed that You sent Me.

I pray for them. I do not pray for the world but for those whom You have given Me, for they are Yours. And all Mine are Yours, and Yours are Mine, and I am glorified in them. Now I am no longer in the world, but these are in the world, and I come to You. Holy Father, keep through Your name those whom You have given Me, that they may be one as We are. While I was with them in the world, I kept them in Your name. Those who You gave Me I have kept;; and none of them is lost except the son of perdition, that the Scripture might be fulfilled.

**നോട്ട്:** ഏവൻഗേലി വായന കഴിയുമ്പോൾ കശ്ശീശാ സ്ഥാനാർത്ഥി പുറകോട്ടു മാറി രണ്ടു മുട്ടുകളും കുത്തി നിൽക്കുന്നു. (ശെമ്മാശ്ശൻ വലത്തു മുട്ടു മാത്രം) കുത്തി നിൽക്കുന്നു. മേല്പട്ടക്കാരൻ ദർഗ്ഗായിൽ പടിഞ്ഞാട്ടു തന്നെ തിരിഞ്ഞു നിന്നു ശീലമുടി തലയിൽ ഇട്ടു കൊണ്ടും വടിയും സ്ലീബായും പിടിച്ചു കൊണ്ടും ............................................. എന്ന എനിയോനയും മസുമൂറുകളും ചൊല്ലുകയും യുക്തമായ സ്ഥാനങ്ങളിൽ സ്ഥാനാർത്ഥിയെ റൂശ്മാ ചെയ്യുകയും സ്ഥാനാർത്ഥി കുരിശു വരച്ചു അത് അംഗീകരിക്കുകയും ചെയ്യുന്നു..

## എനിയോനോ

1. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ.അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

സീനായ് മലയേ തിരുവാസാൽ
പാവനമാക്കിയ പരിശുദ്ധാ!
വന്നു വസിച്ചീ ദാസനെ (രെ)യും
നിർമ്മലനാ(രാ)ക്കിത്തീർക്കണമെ.

2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായിൽ താൻ താണെത്തി
മോശയ്ക്കായി താൻ കൈവെയ്പേകി
മോശയതഹറോനായ് നൽകി
വന്നന്നതു യോഹന്നാനോളം.

3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

നിബിയർ മൂലം ഭാഷിച്ചോൻ
ശ്ലീഹന്മാരിൽ പാർത്തോനാം
റൂഹാ വന്നീ ദാസനെ (രെ) യും
നിർമ്മലനാ (രാ) ക്കിത്തീർക്കണമെ.

4. തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

പ്രാവെന്നോണം താണെത്തി
സുതനുടെ ശിരസ്സിൽ വാണവനാം
റൂഹാ വന്നീ ദാസനെ (രെ) യും
പാവനനാ (രാ) ക്കിത്തീർക്കണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

മാളികയിൽ ശ്ലീഹന്മാർ മേൽ
ആവാസം ചെയ്തോൻ റൂഹാ
വന്നു വസിച്ചീ ദാസനെ (രെ) യും
നിർമ്മലനാ (രാ) ക്കിത്തീർക്കണമെ. ശുബഹോ ......

6. സ്തുത്യൻ പരിശുദ്ധൻ താതൻ
തിരുസുതനെ പ്രേഷിപ്പിച്ചോൻ
നിർമ്മല ഗർഭേ വാണവനും
സിദ്ധത സിദ്ധർക്കായി നൽകീ. മെനഗാലം .....

7. ശമുവേൽ നിബിയേ ജഠരത്തിൽ
നിർമ്മലനാക്കിയ വിമലാത്മൻ
വന്നു വസിച്ചീ ദാസനെ (രെ) യും
പാവന (രാ) ക്കിത്തീർക്കണമെ.

Praise the Lord in His holly place; praise Him in the firmament of His strength.

Holy Lord of Mount Sinai
Who sanctified Your people,
Come and dwell on Your servant
Sanctify him by Your grace

Praise Him for His mighty deeds; praise Him for His abounding greatness;

God came upon Mount Sinai
And aid His hands on Moses;
Moses aid them on Aarn
And this reached John the Baptist

Praise Him with the sound of the trumpet; praise Him with layre and harp.

O Spirit, who spoke and dwelt
In prophets and apoostes,
Come and dwel on this servant
Sanctify him by Your grace

Praise Him with the timbrel and the drum; praise Him
With the soft strings;

O Spirit, who like a dove
Descended upn the Son,
Come and dwel on this servant
Sanctify him by Your grace ........ Barekmor

**Bishop:** Glory to the Father, Son and Holy Spirit

Praise to the Holy Father
Who sent forth His only Son
To dwell in the Holy womb
And sanctified the righteous

**Respnse:** Unto the ages and forevermore

O Spirit, Who sanctified
Prophet Samuel in the womb
Come and dwell on this servant
Sanctify him by Your grace

**ശെമ്മാശ്ശൻ :** ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്നു ഈ വന്ദ്യപിതാവിന്റെ പ്രാത്ഥന ഏറ്റുചൊല്ലണം.

**മേല്പട്ടക്കാരൻ :** സവ്വ് ശക്തിയുള്ള പിതാവായി

**വിശ്വാസികൾ:** സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയ

ല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാർക്കുന്നു

ആമ്മീൻ

**ശെമ്മാശ്ശൻ:** ബാറെക്മോർ സ്ത്തൗമെൻ കാലോസ്

**വിശ്വാസികൾ:** കുറിയേലായിസ്സോൻ

**Bishop:** We believe in one true God,

The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven, and sat on the right hand of his Father, and shall come again in his great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Churhch; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come.

Amen.
**Deacon:** Barekmore, Stoumen kalos

**Response:** Kurielaison.

**നോട്ട്:** മേല്പട്ടക്കാരൻ ദഗ്ഗായിൽ കിഴക്കോട്ട് അഭിമുഖമായി നിൽക്കുന്നു. വടി ശെമ്മാശ്ശനെ ഏല്പിച്ച ശേഷം സ്ലീബാ ത്രോണോസ്സിൽ വയ്ക്കുകയും കോറൂസൂസാ എഴുതിയ കടലാസ് രഹസ്യങ്ങൾക്കു പുറകിലായി ബലിപീഠത്തിന്റെ നടയിൽ ചാരി വെയ്ക്കുന്നു. വിശ്വാസപ്രമാണ ശേഷം ശീലമുടി നീക്കുകയും രഹസ്യങ്ങളുടെ കബിലാനകൾ എടുത്ത് ഇരുവശങ്ങളിലയി വെച്ചുകൊണ്ട് രഹസ്യ പ്രാത്ഥന ചൊല്ലുന്നു. തദവസരത്തിൽ എല്ലാവരും കുറിയേലായിസ്സോൻ ചൊല്ലുകയും വലിയ മണി അടിക്കുന്നു, കിലുക്കുമണി, മറുവഹസകൾ എന്നിവ കിലുക്കുന്നു. ഈ അവസരത്തിൽ മെഴുകുതിരികളെല്ലാം കത്തിച്ചിരിക്കണം.

**രഹസ്യം**

ഈശുശ്രൂഷയുടെ ഓഹരിക്കുഞ്ഞങ്ങളെ ആക്കിവയ്ക്കുകയും മനുഷ്യരുടെ ബോധങ്ങളെ ജ്ഞാനപ്പെടുത്തുകയും ഹൃദയങ്ങളും അന്തരിന്ദ്രിയങ്ങളും പരിശോധിക്കുകയും ചെയ്യുന്നവനായ പരിശുദ്ധ സ്വർഗ്ഗീയ സൈന്യങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ കരുണാബഹുലത നിമിത്തം ഞങ്ങളെ ചെവിക്കൊണ്ട് ശരീരത്തിന്റേയും ആത്മാവിന്റേയും സകല അശുദ്ധിയിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ. മേഘം പേലെ ഞങ്ങളുടെ പപങ്ങളും, മൂടൽ മഞ്ഞുപോലെ ഞങ്ങളുടെ കടങ്ങളും കടത്തി കളയണമെ. നിന്റെ ശക്തികൊണ്ടും നിന്റെ ഏകപുത്രന്റെ കൃപകൊണ്ടും നിന്റെ പരിശുദ്ധറൂഹായുടെ വ്യാപാരം കൊണ്ടും ഞങ്ങളെ നിറയ്ക്കണമെ. നിന്റെ പുതിയ നിയമത്തിന്റെ ശുശ്രൂഷക്കാരാകുവാനും നിന്റെ പരിശുദ്ധനാമത്തിനു യോഗ്യമാകുന്നപ്രകാരം തിരുമുമ്പാകെ നില്പാനും നിന്റെ

ദിവ്യരഹസ്യങ്ങൾ ശുശ്രൂഷിച്ചാചര്യവേല ചെയ്യുവാനും കഴിവുള്ള വരായിത്തീരുവാൻഞങ്ങളെഅഹ്റരാക്കണമെ. അന്യപാപങ്ങൾക്കു സംബന്ധികളാകുവാൻ ഞങ്ങളെ വിട്ടുകളയരുതേ. എന്നാലോ ഞ ങ്ങൾക്കുള്ളവയെ മായിച്ചുകളയണമെ. ഉപേക്ഷയായി യാതൊ ന്നും ചെയ്യാതിരിപ്പാൻ ഞങ്ങൾക്കിടയാക്കണമെ. എന്നാലോ യോ ഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് നിനക്കു സമപ്പ്ിപ്പാൻ ഞങ്ങൾ ക്കു ജ്ഞാനം പ്രദാനം ചെയ്യണമെ.

O God, Lord of powers, who has appointed us for ministry; You know the minds of men and examine their hearts and consciences. Because of Your abundant mercy, give heeds to us, O Lord. Do away with al the stains of our bodies and souls. Like clouds take away our sins, and smoke do away our debts. Fill us with Your power by the grace of Your only –begotten Son and with the pertain of Your Holy Spirit Make us worthy to be the ministers of Your new covenant. Enable us to perfrm our priestly duties and offices before You in accordance with Your Holy name. Do not leave us to be partakers of the sins of others, but absolve and make reparation of our sins Strengthen us not commit anything sinful. Grand us knowlege to select those who are worthy and present them before You.

**പരസ്യം**

(**നോട്ട്:** പരസ്യങ്ങൾക്കെല്ലാം കൈകളുയത്ി ഉച്ചത്തിൽ ചൊല്ലുന്നു. അന്ത്യ ത്തിൽ രഹസ്യങ്ങളുടെ മേൽ കൈ ആവസിപ്പിക്കുന്നു)

ഇവിടെ അടുത്തു വന്ന് നിന്റെ സ്വർഗ്ഗീയ നൽവരം നോക്കിപ്പാക്ക്ുന്ന ഈ നിന്റെ ദാസനെ (രെ) നീ സ്വീകരിച്ചു പരിപൂണ്ണ്നാ (രാ) ക്കണമെ. എന്തെന്നാൽ നിന്നെ വിളിക്കുന്നവരായ സകലക്ക്ും നീ ആദ്രതയും വളരെ കരുണയുമുള്ളവനുമാകുന്നുവല്ലോ. നിന്റേയും നിന്റെ ഏകജാതനാം പുത്രന്റേയും സകലത്തിലും വിശുദ്ധനും ഉ ത്തമനും വന്ദ്യനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിന്നോ

ടു ഒന്നായിരിക്കുന്നവനുമായ നിന്റെ റൂഹായുടേയും ആധിപത്യം ശക്തിയേറിയതുമാകുന്നു. ഹോശോ ................ ആമ്മീൻ.

O Lord, accept this servant who has approached You for Your heavenlly indwelling, and make him a Priest, for You are gracious and compassionate to those who call upoon You, and Your reign in majesty. Glory and adoration belong to You, Your only begotten Son, and Your Holy Spirit, both now and allways, forever and ever. Amen

**മേല്പട്ടക്കാരൻ :** നിങ്ങൾക്കെല്ലാവർക്കും സമാധാനം.

**വിശ്വാസികൾ:** അവിടുത്തെ ആത്മാവിനും .....................

**Bishop:** Peace be unto you all

**Response:** And to your Spirit

**കോറൂസൂസോ** (കത്ത്യവിളി)

**നോട്ട്:** അനന്തരം കോറൂസൂസൂ എഴുതിയ കടലാസെടുത്ത് റീശ്ശെമ്മാശ്ശ കൈയിൽ കൊടുക്കുന്നു. അയാൾഅത് കൈമുത്തി വാങ്ങി അംശവടിയുമായി പടിഞ്ഞാട്ടു ചെന്നു മദ്ബഹായുടെ വളവിങ്കൽ തെക്കേ അറ്റത്ത് വടക്കോട്ടു തിരിഞ്ഞു നിന്നു വായിച്ച ശേഷം തിരികെ ത്രോണോസിലെത്തി മേല്പട്ടക്കാരനെ തിരികെ ഏല്പിച്ചശേഷം കൈമുത്തി നിൽക്കുന്നു.

**റീശ്മ്ശംശോനോ**

**മലയാളം**

ഭയകമ്പിതനായിങ്ങെത്തി
സത്യമതാം വിശ്വാസത്തിൽ
നിർമ്മലമാം മദ്ബഹാ മുമ്പിൽ
മൌലി നമിച്ചുയരേ മേവും

നിന്നേയുൾക്കണ്ണാൽ നോക്കി
സ്വർഗ്ഗീയ ദാനം വാഞ്ചിക്കും
ദാസനെ ജനക ഹിതത്താലും
റൂഹാ തൻ വീര്യത്താലും

അടിയാരുടെ കുറവുകളെല്ലാ -
മെപ്പോഴും പോക്കീടുന്ന
കർത്താവേശു മ്ശിഹാ തൻ
കൃപയാഹ്വാനം ചെയ്യുന്നു.

The grace of our Lord Jesus
Descends upon this servant,
Who's drawn near in devotion
And bows his head in true faith,
Befre this holy altar;
Who with inner eyes gazes,
Watchfuy at His presence,
And looks for gifts from heaven
By the will of the Father
And the strength of His Spirit.

മേല്പട്ടക്കാരൻ .................... എന്നതു ചൊല്ലുന്നു.
വലത്തു കൈ സ്ഥാനാർത്ഥിയുടെ തലയിൽ വച്ച് അയാളെ അടുപ്പിച്ചു കൊണ്ട്

**മേല്പട്ടക്കാരൻ :**

**അക്ക്ദിയാക്കോൻ:**

ശെമ്മാശ്ശന്റെ ................ യ്ക്കു 11-ാം വശം കാണുക. കശ്ശീശായുടേതു തന്നെ. ഒന്നിൽ കൂടുതൽ സ്ഥാനികളുണ്ടെങ്കിൽ ഓരോരുത്തർക്കും ആവർത്തിക്കുന്നു.)

**മലയാളം**

**മേല്പട്ടക്കാരൻ:** (നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ) ശെമ്മാശ്ശന്മാരുടെ ക്രമത്തിൽ നിന്നും കശ്ശീശന്മാരുടെ ക്രമത്തിലേക്കു (ഇന്നാരെ)വിളിച്ചടുപ്പിച്ചിരിക്കുന്നു.

By this very grace he is caled form the diaconate to the pries- thood in the order of the presbytery.

**റിശ്മ്ശംശോനോ :** ദൈവമാതാവായ മറിയാമ്മിന്റേയും, പന്ത്രണ്ടു പരിശുദ്ധ ശ്ലീഹന്മാരുടെയും, നാല്പതു ശ്രേഷ്ഠ സഹദേന്മാരുടെയും, നമ്മുടെ പിതാവായ മോർ മത്തായി, മാർ സാക്കായി, മാർ മൂശാ, മാർ യൂലിയാനാ എന്നിവരുടേയും, സുകൃതവാനും, സഹദേന്മാരുടെ കിരീടവുമായ മാർ ബഹനാമിന്റേയും, മ്ശിഹായെ സ്നേഹിക്കുകയും, മ്ശിഹായാൽ സ്നേഹിക്കപ്പെട്ടിരിക്കുകയും പൌരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്റെ അധികാരത്തിൻ കീഴ് (ഇന്ന ദേശത്തു

ള്ള) പരിശുദ്ധനായ മാർ (ഇന്നാരുടെയും) ദേവാലയത്തിലെ വിശുദ്ധവും ദിവ്യവുമായ മദ്ബഹായിൽ (ലേക്കു) വച്ച് ദൈവസ്നേഹി (ഇന്ന) കശ്ശീശാ വിളിച്ച് അടുപ്പിക്കപ്പെട്ടിരിക്കുന്നു.

Through the prayers of Mary, the Mother of God, the twelve apstoles, the forty holy martyrs, Saints Augen, Matthew, Moses, Juiana, and St George the crown of the martyrs, St. Bahanam the martyr, St. Thomas the apostle of India, St. Gregrios and St. Dionysius of Malankara and all the saints of the church; within the jurisdiction of the Malankara Orthodox Apostoic Catholicate of the East, which loves Christ, and is loved by Him, in the altar dedicated to (St Thomas), in the city of Los Angeles), for the Diocese of (South-West America), the God loving (GEORGE) is caled to be a priest.

(ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളുണ്ടെങ്കിൽ ഓരോരുത്തർക്കും ആവർത്തിക്കുന്നു)

(ശെമ്മാശ്ശന്റെ ............................... മലയാളത്തിനു 115-ാം വശം കാണുക. കശ്ശീശായുടേതുതന്നെ)

## കോറൂസൂസോ

(അക്കദിയക്കോൻ ക്രമപ്രകാരം വായിക്കുന്നു)

**മലയാളം**

സമർപ്പിതനായിട്ടുള്ളോനാം
ഇവൻടെ സംഭ്രമവേളയിതിൽ
ഇപ്പോഴുമെപ്പോഴുമെന്നേയ്ക്കും
പാവനറൂഹാ തൻ കൃപയും
വാസവുമിവനുണ്ടായിടുവൻ
നാമെല്ലാവരുമഭ്യർത്ഥി
ച്ചട്ടഹസിച്ചുര ചെയ്യേണം
മൂവുരു കുറിയേലയിസ്സോൻ
കുറിയേലയിസ്സോൻ, കുറിയേലയിസ്സോൻ, കുറിയേലയിസ്സോൻ

Let us pray for this servant

Who trembes with fear and awe,
That the Spirit endow him
With His Grace and indwelling,
Now, always, and forever;
Let us cry aloud and say
Kurielaisn three times

**മേല്പട്ടക്കാരൻ : രഹസ്യം**

എന്റെ കർത്താവേ! സകലത്തേയും വഹിച്ചിരിക്കുന്ന നിന്റെ മനുഷ്യ സ്നേഹത്താൽ ഇവിടെ അടുത്തു വന്നു നിന്നാൽ പ്രകശിക്കപ്പെടുവൻ നോക്കിപ്പാർക്കുന്ന ഈ ഞങ്ങളുടെ സഹോദരനെ നീ സ്വീകരിച്ച് പരിശുദ്ധനും ദിവ്യനുമായ നിന്റെ റൂഹയുടെ ദാനം അവന്റെ മേൽ ചൊരിയണമെ. നിന്നോടു കൂടിയുള്ള നല്ല ഐക്യത്തിൽ ഒന്നാകുവാനും നീ സത്യ ദൈവമാകുന്നുവെന്നും എല്ലവരേയും പറ്റി താല്പര്യമുള്ളവനാകുന്നുവെന്നുംതിരിച്ചറിവാനും നിന്നെഉൾകൊള്ളുവാനും നിന്നോടു ചേരുവാനും അവനു സംഗതിയാക്കണമെ. അറി

വോടുകൂടി വെടുപ്പിൽ നിന്നെ ശുശ്രൂഷിപ്പാനും നിനക്കു ആചാര്യവേലചെയ്യുവാനും അവന്റെ മദ്ധ്യസ്ഥതയിൽ നിന്റെ ശ്രേഷ്ഠതയോടു രഞ്ജിപ്പാനും നിന്റെ സൃഷ്ടിയേടെ കരുണ കണിപ്പാനും ആശ്രയിക്കുന്ന നിന്റെ ജനത്തിനു വേണ്ടി സ്തോത്രങ്ങളും അപേക്ഷകളും സമർപ്പിപ്പാനും അവനെ യോഗ്യനാക്കണമെ. ഈ നേരത്തു അവനു വേണ്ടിയുള്ള നിന്റെ ജനത്തിന്റെ പ്രാർത്ഥനകൾ കൈക്കൊണ്ട് അവനായുള്ള നിന്റെ ദാനങ്ങളാൽ അവനെ (രെ) ആശ്വസിപ്പിക്കണമെ. സർവ്വത്തിലും സർവ്വവും തികക്കുന്ന നിന്റെ കൃപയാൽ പരിശുദ്ധനായ പിതാവേ! നിന്റേയും പരിശുദ്ധ പുത്രന്റേയും സകലത്തിലും പരിശുദ്ധനായ റൂഹായുടേയും നാമത്തിൽ അവനെ നീ കാത്തുകൊള്ളണമെ.

Accept, O Lord, on account of Your compassion towards mankind, this Your servant who has come to be enlightened by you; pour forth the gift of Your sanctifying Hoy Spirit upon him. Enalbe him to understand that Your are the true

God, and that You wish to attract everyone to You. May he serve You in purity and wisdom. Make him worthy to serve Your people who hope Through his intercessin shower forth Your grace upon Your creation. Enable him to offer services and thanksgiving to You. Accept the prayers of Your people on his behalf of the gift showered upon him. Father, because of Your grace which perfects everything, protect him in Your name, and that of Your Son and f the Holy Spirit

**പരസ്യം**

സകലത്തിലും ധന്യനും സകലത്തിന്മേലും ഭരണം ചെയ്യുന്നവനുമായ ദൈവമായ കർത്താവേ! കശ്ശീശയുടെ വിളിക്കും നിന്റെ പരിശുദ്ധ രഹസ്യങ്ങൾ ആചാര്യവേല ചെയ്യുവാനും തിരുമുമ്പാകെ കരുണ കണ്ടെത്തുവാനും യോഗ്യതയുള്ളവനാ (രാ)യി ഇവനെ (രെ) നീ ആക്കിത്തീർക്കണമെ. എന്തെന്നാൽ നീ കാരുണ്യവാനും അനുഗ്രഹിക്കുന്നവനുമായ ദൈവമാകുന്നുവല്ലോ. നിനക്കും നിന്റെ ഏക

ജാതനാം പുത്രനോടും സകലത്തിലും വിശുദ്ധനും നല്ലവനും വന്ദ്യനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിന്നോടു സമനായിരിക്കുന്നവനുമായ നിന്റെ റൂഹായോടും കൂടെ സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോവബ്...............
ആമ്മീൻ

And therefore, O Lord God, who blesses everything and reigns over all, make him worthy of the call to priesthood to perform the Hoy Mysteries and to receive mercy before You. Because You are a compassionate and gravius God; glory, Honor and adoration belong to You, to Your Son and to Your Holy Spirit, both now and aways, forever and ever.  Amen

**കരാഘോഷം**

**നോട്ട്:** ഈസമയത്തു വിശ്വാസികൾ കുറിയേലായിസ്സോൻ എന്നു ചൊല്ലികൊണ്ടിരിക്കുകയോ

**മലയാളം**

പാറക്ലീത്താറൂഹാവന്നെത്തി
ട്ടാവാസം ചെയ്യട്ടിവനിൽ
ആത്മശരീര കറയെല്ലാം
പാടേനീക്കംചെയ്യട്ടെ

May the Holy Spiritr come
And descend on this servant
And completely cleans the stains
of his soul and his body

എന്നതു ഉരുവിട്ടുകൊണ്ടിരിക്കുകയോചെയ്യണം. തദവസരത്തിൽ വലിയ മണി അടിക്കുകയും, കിലുക്കമണി, മറുവഹ്സാ എന്നിവ കിലുക്കണം. സ്ഥാനാർത്ഥി ദഗ്ഗായുടെ തെക്കുവശത്തു വടക്കോട്ടഭിമുഖമായി മുട്ടുകുത്തി നിൽക്കണം. കറുത്ത കുപ്പായത്തിന്റെ ബട്ടനെടുത്ത് കഴുത്ത് തുറന്നിടണം. അർക്കദിയാക്കോൻ മേല്പട്ടക്കാരന്റെ കാപ്പയുടെ വലത്തുവശം ഉയർത്തി പിടിച്ചു സ്ഥാനാർത്ഥിയെ ജനദൃഷ്ടിയിൽ നിന്നും മറയ്ക്കണം. മേല്പട്ടക്കാരൻ ദഗ്ഗായിൽ കി

ഴക്കോട്ടു തന്നെ അഭിമുഖമായി നിന്നു കൊണ്ട് കണ്ണുകൾ മേലോട്ടുയർത്തി ............... പാറക്ലീത്താ റൂഹാ വന്നെത്തി എന്നിങ്ങനെ ചൊല്ലിക്കൊണ്ട് കാസ്സാ പീലാസ്സാകൾ മേൽ കൈകൾ ആവസിപ്പിച്ച ശേഷം ഭുജങ്ങൾ നീട്ടി (1) മൂന്നുപ്രാവശ്യം മേലോട്ടുംകീഴോട്ടുംവിറപ്പിച്ച് ആഘോഷിച്ച ശേഷം രണ്ടു കൈകളും തളർത്തി ഒരുമിച്ച് പീലാസ്സാ മേൽ ആവസിപ്പിച്ച് അതിൽ നിന്നും രണ്ടു കൈകളും ചേർത്തു പിടിച്ച് അനുഗ്രഹം ശേഖരിച്ച് കാസ്സായിൽ ഒഴിക്കുകയും അതിൽ നിന്നും രണ്ടു കൈകളും ചേർത്തു പിടിച്ച് കലർത്തിയ അനുഗ്രഹം ശേഖരിച്ച് പീലാസ്സായിൽ ഒഴിക്കുകയും (2) വീണ്ടും മൂന്നു പ്രാവശ്യം രഹസ്യങ്ങൾ മേൽ മേലാട്ടും കീഴോട്ടും കൈകൾ വിറപ്പിച്ച് ആഘോഷിച്ച ശേഷം പീലാസ്സാമേൽ രണ്ടു കൈകളും തളർത്തി ഒരുമിച്ച് ആവസിപ്പിച്ച് അതിൽ നിന്നും രണ്ടു കൈകളും ചേർത്തു പിടിച്ച് അനുഗ്രഹം ശേഖരിച്ച് കാസ്സായിൽ ഒഴിക്കുകയും വീണ്ടും (3) മൂന്നു പ്രാവശ്യം രഹസ്യങ്ങളുടെ മേൽമേലോട്ടുംകീഴോട്ടും കൈകൾ വിറപ്പിച്ച് ആഘോഷിച്ച ശേഷം (ആകെ ഒമ്പതു കരാഘോഷം) കൈകൾ തളർത്തി ഒരുമിച്ച് കാസ്സാ മേൽ ആവസിപ്പിച്ചിട്ടു കാസ്സായിൽ നിന്നും തുടർന്ന് പീലാസ്സായിൽ നിന്നും കൈകളിൽ അനുഗ്രഹം ശേഖരിച്ചെടുക്കുകയും ഉടനെ അക്ദിയാക്കോൻ മേല്പട്ടക്കാരന്റെ കൈവെള്ളകൾ കബലീനാ കൊണ്ടു മൂടുകയും മേല്പട്ടക്കാരൻ ..................................... പാറക്കലീത്താ റൂഹാ വന്നെത്തി ആവാസം ചെയ്യട്ടിവനിൽ എന്നുപറഞ്ഞുകൊണ്ട് രണ്ടു കൈകളും ചേർത്തുപിടിച്ച് സ്ഥാനാർത്ഥിയുടെ ശിരസ്സിലേക്കു കൈകൾ കൊണ്ടു വരികയും അപ്പോൾ അക്ദിയാക്കോൻ മേല്പട്ടക്കാരന്റെ കൈകളിൽ നിന്നു കബിലാനാ നീക്കുകയും മേല്പട്ടക്കാരൻ കൈകൾ മറിച്ച് അനുഗ്രഹം

സ്ഥാനാർത്ഥിയുടെ ശിരസ്സിൽ ഒഴിച്ച് തിരുമി പൂശുകയും മോട്ടും കീഴോട്ടും മാറി മാറി നോക്കിക്കൊണ്ട് ..................... ആവാസം ചെയ്യട്ടിവനിൽ എന്നതു തന്നെ ചൊല്ലികൊണ്ട് രഹസ്യങ്ങൾക്കുമേൽ ചെയ്തതു പോലെ സ്ഥാനാർത്ഥിയുടെ ശിരസ്സന്മേൽ കൈകളുയർത്തി മൂന്നു പ്രാവശ്യം ആഘോഷിച്ച ശേഷം തലയിൽ ആവസിപ്പിച്ച് തിരുമി പൂശുകയും അപ്രകാരം തന്നെ ആ പ്രക്രിയ മൂന്നു പ്രാവശ്യംആവർത്തിച്ചിട്ട്(ആകെ ഒമ്പതു കരാഘോഷം) വലത്തു കൈ സ്ഥാനാർത്ഥിയുടെതലയുടെഉച്ചിയിൽവെച്ചുകൊണ്ട് .................................. ആത്മശരീരക്കറയെല്ലാം പാടേ നീക്കം ചെയ്യട്ടെ എന്നു പറഞ്ഞുകൊണ്ട് (1) ഇടത്തുകൈ വലത്തുകൈയുടെ അടിയിൽ കൂടി (Clockwise) പ്രദക്ഷിണമായി കടത്തി ചുറ്റിച്ച് തലയുടെ ഉച്ചിയിൽ തിരുമി പൂശുകയും തുടർന്ന് അതേ പ്രകാരം തന്നെ വീണ്ടും Clockwise) പ്രദക്ഷിണമായി സ്ഥാനാർത്ഥിയുടെ നെറ്റി, വലത്തു ചെന്നി, വലത്തെ ചെവി, തലയുടെ പുറക്, ഇടത്തെ ചെവി, ഇടത്തെ ചെന്നി, മൂക്ക് എന്നിവയിൽ കൂശുകയും പിന്നീട് (3) (Anti Clockwise) അപ്രദക്ഷിണമായി സ്ഥാനാർത്ഥിയുടെ വായ് തുടങ്ങി മുഖത്തും ഇടത്തു വശത്തും കൂടി കൈ കടത്തി കഴുത്ത് ഇടത്തേ തോള്, പുറം എന്നിവടങ്ങളിലും

പൂശിക്കൊണ്ട് കൈകടത്തി വലത്തേ തോളിലും കഴുത്തിലും മുൻഭാഗം നെഞ്ചിലും പൂശി അവസാനിപ്പിക്കുന്നു.
ഇപ്രകാരം മേൽ ആദ്യം തൊട്ടു പറഞ്ഞിട്ടുള്ള പ്രക്രിയകളെല്ലാം മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു. (രഹസ്യങ്ങളിന്മേൽ 27-ഉം സ്ഥാനാർത്ഥിയുടെ മേൽ 27-ഉം കരാഘോഷങ്ങൾ).

**നോട്ട്:** ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ ഓരോരുത്തരുടെ മേലും പ്രത്യേകം ഇപ്രകാരം ചെയ്യുന്നു. ശെമ്മാശ്ശന്മാരുണ്ടെങ്കിൽ കശ്ശീശയുടേതു കഴിയുമ്പോൾ ശെമ്മാശ്ശന്റെ മേലും ഇപ്രകാരം ചെയ്യുന്നു. (കശ്ശീശയുടേയും ശെമ്മാശ്ശന്റെയും പ്രക്രിയ ഒന്നു തന്നെ).

## കോറൂസൂസോ

**മലയാളം**

പാവന റൂഹാ വന്നെത്തി
രക്ഷകനുടെ വാഗ്ദാനം പോൽ
ആവാസം ചെയ്കട്ടിവനി (രി) ൽ
നിർമ്മല റൂഹായുടെ ദാനം
രോധിക്കരുതിവനി (രി) ൽ നിന്നും
പ്രാർത്ഥനകൾ കൈക്കോൾവോനേ!
നിന്നോടു യാചിക്കുന്നെങ്ങൾ
അട്ടഹസിച്ചുര ചെയ്യുന്നു

പാറക്ലീത്താ പരിശുദ്ധൻ
ജീവദറൂഹാ പരിശുദ്ധൻ
ദത്തൻ റൂഹാ പരിശുദ്ധൻ
ഹാ! ശുദ്ധാത്മൻ തൻ ദാനം
ഹാ! മർമ്മം വചനാതീതം
ഹാ! നരവർഗ്ഗത്തോടുള്ള
തവ വിസ്മയ കൃതികൾ പരനേ!
സ്തുതി തേ സകലാധിപ നാഥാ!

## രഹസ്യം

**ക്രൊയ്ത്തോദ് റൂഹോ കാദീശോ -** ഹസ്താപ്പണം

**നോട്ട് :** സ്ലീബാ കൂട്ടി പിടിച്ച് വലത്തുകൈ സ്ഥാനിയുടെ തലയിൽ വച്ചു കൊണ്ട്രഹസ്യമായി പരിശുദ്ധാത്മാഹ്വാന പ്രാത്ഥന ചൊല്ലുന്നു. തദവസരത്തിൽ കാപ്പയുടെ വലത്തുവശം കൊണ്ട് സ്ഥാനാത്ഥിയെ തുടന്ന് മറച്ചു പിടിക്കുന്നു. കുറിയേലായിസ്സോൻ ആവത്തിക്കുകയും വലിയ മണി അടിക്കുന്നു, ചെറുമണികളും മറുവഹ്സാകളും കിലുക്കുന്നു.
ഒന്നിലധികം സ്ഥാനാത്ഥികളുണ്ടെങ്കിൽ എല്ലാവരേയും ഒരുമിച്ചു മുട്ടുകുത്തി നിത്തി എല്ലാവരുടേയും തലയിൽ തൊടത്തക്കവണ്ണം കൈ നീട്ടി പിടിച്ചു കൂട്ടമായി ഈ ശുശ്രൂഷ നടത്തുന്നതിന് വിരോധമില്ല.
എന്നാൽ ഓരോരുത്തരുടെ മേലും ആവത്തിക്കുകയാണ് നല്ലത്. അങ്ങിനെയെങ്കിൽ കരാഘോഷവും ഹസ്താപ്പണവും തുടച്ചയായി ഓരോരുത്തക്കും നടത്താം. ശെമ്മാശ്ശന്മാരുണ്ടെങ്കിൽ കശ്ശീശയുടെ ഹസ്താപ്പണ ശേഷം ശെമ്മാശ്ശന്റെ ഹസ്താപ്പണം നടത്തണം.

**രഹസ്യം** (ക്രൊയ്ത്തോദു റൂഹോ)

സംഖ്യ ഇല്ലാത്തവണ്ണം ശ്രേഷ്ഠ കാര്യങ്ങളും അത്ഭുതങ്ങളും പ്രവത്തിക്കുന്ന വലിയവനും വിസ്മയനീയനും ശക്തിയിൽ ഉന്നതവാനും ജ്ഞാനത്തിൽ പരിശോധിക്കപ്പെടാത്തവനും മനുഷ്യരെക്കാൾ അധികമായി നിരൂപണയിൽ വിസ്മയനുമായ ദൈവമേ! ഹൃദയങ്ങളുടെ രഹസ്യങ്ങൾ അറിയുന്നവനും നിന്റെ ന്യായവിധികളുടെ നീതിപൂവ്വമായ നയനങ്ങളിൽ നിന്നും യാതൊന്നും മറഞ്ഞിരിക്കാത്തതുകൊണ്ട് വിചാരങ്ങളെ നോക്കി കാണുന്നവനും അന്തർ ഇന്ദ്രിയങ്ങളെ പരിശോധിക്കുന്നവനുമായ ഞങ്ങളുടെ ദൈവം നീയാകുന്നു. നീ ഈ നിന്റെ ദാസന്റെ (രുടെ) ജീവിതത്തെ അറിയുന്നവനും, കടന്നു പോകുന്നവയെ ഗ്രഹിക്കുന്നവനും, നിലനിൽക്കുന്നവയെ കാണുന്നവനും, വരുവാനിരിക്കുന്നവയെ മുമ്പു കൂട്ടി ദശിക്കുന്നവനുമായ ദൈവമാകുന്നു. നിന്നെ പ്രസാദിപ്പിക്കുന്നവരെ നിന്റെ കൂദാശകളുടെശുശ്രൂഷയ്ക്കായി എല്ലാ തലമുറകളിലും തെരഞ്ഞെടുക്കുന്നവനും നീയാകുന്നു. കശ്ശീശാസ്ഥാനത്തിനു ഈ നിന്റെ ദാസനെ (രെ)യും തെരഞ്ഞെടുക്കണമെ. കുറ്റവും കളങ്കവുമില്ലാത്ത നടപടികളാലും മാറിപ്പോകാത്ത വിശ്വാസത്താലും നിന്റെ പരിശുദ്ധ റൂഹായുടെ വലിയ നൽവരംപ്രാപിപ്പാൻ ഇവനു(ക്കു) സംഗതിയാക്കണമെ. നിന്റെ ഏവൻഗേലിയോനുആചാര്യവേല ചെയ്യാനും നിന്റെ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെ നില്പാനും ആത്മീയ കാഴ്ചകളും പരിപൂണ്ണബലികളും അപ്പിപ്പാനും വീണ്ടും ജനനമാകുന്ന സ്നാന

ത്തിൽ നിന്റെ ജനത്തെ പുതുക്കുവാനും ഇവൻ (ർ) യോഗ്യനാ (രാ) ക്കണമെ. നിന്റെ നിത്യതയിൽ സമനായിരിക്കുന്ന നിന്റെ ഏകജാതനാം പുത്രന്റെ പ്രകാശത്തിന്റെ ദീപയഷ്ടിയാകുന്ന അവ നെ (രെ) ന്നു എല്ലാവനേയും കാണിപ്പാനും പരിശുദ്ധ പള്ളിയെ പ്ര തിഷ്ഠിക്കുവാനും അലങ്കരിക്കുവാനും അവന്റെ (രുടെ) കൈവെയ്പു മൂലം നന്മ ചെയ്‌വാനും ഇവൻ (ർ) യോഗ്യനാകണമെ. അങ്ങിനെ നിന്റെ ഏവൻഗേലിയോന്യ വചനം സകല സൃഷ്ടിയലുമെന്ന പോ ലെ ഈ നിന്റെ ദാസനെ ഭരമേല്പിച്ചിട്ടുള്ള സഭയിലും ത്വരിതപ്പെടു മാറാകണമെ.

**നോട്ട്:** സ്ഥാനാർത്ഥി പൂർവ്വ സ്ഥാനത്തു ചെന്നു മുട്ടുകുത്തി നിൽക്കുന്നു. ശെമ്മാ ശ്ശൻണ്ടെങ്കിൽ ശെമ്മാശ്ശന്റെ ഹസ്താർപ്പണ പ്രാർത്ഥന പ്രത്യേകം ചൊല്ലുന്നു (122-ാം വശം കാണുക)

## പരസ്യം

കാർമ്മികൻ ബലിപീഠത്തിലേക്കു തിരിഞ്ഞു ഉച്ചത്തിൽ

വലിയവനും ഞങ്ങളുടെ രക്ഷകനുമായ ദൈവമായ കർത്താവിന്റെ രണ്ടാമത്തെ വരവിനെ എതിരേറ്റുകൊണ്ട് കശ്ശീശന്മാരുടെ (ശെ മ്മാശന്മാരുടെയും) ക്രമത്തിൽ നിന്റെ ഏകജാതനം പുത്രന്റെ കൃ പാ ബഹുലതയാൽ ഉത്തമ വ്യാപാരത്തിന്റെ നല്ല കൂലി ഇവനും (രും) പ്രാപിക്കുമാറാകണമെ. താൻ മുഖാന്തരവും തന്നോടു കൂ ടെയും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനും ജീവപ്രദനും സാരാംശത്തിൽ നിന്നോടു ഒന്നായിരിക്കുന്ന നിന്റെ റൂഹായോടെ പ്പം നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകു ന്നു. ഹോശോ ............ ആമ്മീൻ.

**മേല്പട്ടക്കാരൻ :** നിങ്ങൾക്കെല്ലാവർക്കും സമാധാനം

**വിശ്വാസികൾ :** അവിടുത്തെ ആത്മാവിനും ........

**ശെമ്മാശ്ശൻ :** കരുണയുള്ള കർത്താവിന്റെ മുമ്പാകെ നമ്മുടെ തല കൾ കുനിക്കണം.

**വിശ്വാസികൾ :** ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമെ .....

**രഹസ്യം**

കർത്താവേ ഞങ്ങളിലും ഞങ്ങളുടെ ശുശ്രൂഷയിലും സൂക്ഷിച്ച് നിന്റെ നൽവരം മുഖാന്തിരം കുറ്റമില്ലാതെ നിന്നെ സേവിപ്പാനും ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകല പരിശുദ്ധന്മാരോടും കൂടെ നിന്നിൽ നിന്നും കരുണ കണ്ടെത്തുവാനും യോഗ്യനാ (രാ) യി തീരുവാൻ തക്കവണ്ണം ഈ നിന്റെ ദാസനു (ക്ക്) സ്വർഗ്ഗത്തിൽ നിന്നും കൃപ നൽകികൊണ്ട് സകല കറകളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ.

**പരസ്യം**

നീ സകലത്തിന്റേയും നാഥനും ദൈവവുമാകുന്നുവല്ലോ. എല്ലാ നൽവരങ്ങളും നിന്നിൽ നിന്നു പുറപ്പെടുകയും ചെയ്യുന്നു. അവന്റെ (രുടെ) പ്രാണനിൽ നിന്റെ ദാനങ്ങൾ നിത്യമായി പാലിക്കപ്പെടുവാൻ ഈ നിന്റെ ദാസൻ (ർ) നിങ്കലേക്കു നോക്കിപ്പാർത്തു പ്രത്യാശിക്കുന്നു. അവൻ നിന്റെ കൃപയിൽ നിന്നും എടുക്കുന്നവനും (രും) എടുക്കപ്പെടുന്നവനു (രു) മായി ത്തീരണമെ. അവന്റെ (രുടെ) ഉള്ളിൽ അവൻ ആനന്ദിക്കുകയും നിന്റെ ദാനങ്ങൾക്കായി അഭിവാഞ്ചിക്കുന്ന അവന്റെ (രുടെ) ആത്മാവിനെ നിന്റെ വരങ്ങൾ കൊണ്ടു നിറയ്ക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണമെ.

എന്തെന്നാൽ കരുണയിലും മനുഷ്യസ്നേഹത്തിലും നീ താല്പര്യമുള്ളവനുമാകുന്ന നിനക്കും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ഹോശോ ആമ്മീൻ.

## പട്ടാഭിഷേക പ്രഖ്യാപനം

**നോട്ട്:** സ്ഥാനാർത്ഥി എഴുന്നേറ്റ് മേല്പട്ടക്കാരന്റെ അടുത്തു ചെന്നു നിൽക്കുന്നു.

മേല്പട്ടക്കാരൻ പടിഞ്ഞാട്ടു തിരിഞ്ഞു നിന്നു സ്ലീബാ കൂട്ടിപ്പിടിച്ച് വലത്തു കൈ സ്ഥാനാർത്ഥിയുടെ നെറ്റി കൂട്ടി തലയിൽ വെച്ചുകൊണ്ട് .................... എന്ന പ്രഖ്യാപനം ചൊല്ലി കൈയെടുത്തു നെറ്റിയിൽ ത്രിത്വനാമത്തിൽ റൂശ്മാ

ചെയ്യുന്നു. അതിനു ശേഷം സ്ഥാനാർത്ഥിയെ സ്ലീബാ മുത്തിക്കുന്നു.
ഈ സമയത്തു മണി മുതലായവ അടിക്കുന്നു, കിലുക്കുന്നു. ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ പട്ടാഭിഷേക പ്രഖ്യാപനം ഓരോരുത്തരുടെ മേലും പ്രത്യേകം നടത്തുന്നു.
ശെമ്മാശ്ശനുണ്ടെങ്കിൽ കശ്ശീശന്മാരുടേതു കഴിഞ്ഞിട്ട് ശെമ്മാശ്ശന്റെ മേലും നടത്തുന്നു. പ്രഖ്യാപനം ഒന്നു തന്നെ. കശ്ശീശാ എന്ന സ്ഥാനത്ത് ശെമ്മാശ്ശനെന്നു പറയണം.

**മേല്പട്ടക്കാരൻ :** (കശ്ശീശയ്ക്കും ശെമ്മാശ്ശനും)

**അർക്കദിയാക്കോൻ :**

**മേല്പട്ടക്കാരൻ :**

**ശേമ്മാശ്ശൻ :** ബാറെക്മോർ

**മേല്പട്ടക്കാരൻ :**

**മലയാളം** (കശ്ശീശയ്ക്കും ശെമ്മാശ്ശനും)

**മേല്പട്ടക്കാരൻ :**
ദൈവത്തിന്റെ പരിശുദ്ധ സഭയിൽ പട്ടം കെട്ടപ്പെട്ടിരിക്കുന്നു.

Having been ordained in the Holy Church of God .........

**അർക്കദിയാക്കോൻ :** ദൈവമാതാവായ പരിശുദ്ധ മറിയാമ്മിന്റേയും, പന്ത്രണ്ടുശ്ലീഹന്മാരുടെയും, നാല്പതു ശ്രേഷ്ട സഹദേന്മാരുടെയും, (ഇന്ന സ്ഥലത്തുള്ള) പരിശുദ്ധനായ മാർ (ഇന്നാരുടെയും) പള്ളിയിലെ പരിശുദ്ധവും ദിവ്യവുമായ മദ്ബഹായിലെക്കു (യിൽ വച്ച്) (ഇന്ന) കശ്ശീശാ

Through the prayers of Mary, the Mother of God, the twelve apstoles, the forty holy martyrs, Saints Augen, Matthew, Moses, Juiana, and St George the crown of the martyrs, St. Bahanam the martyr, St. Thomas the apostle of India, St. Gregrios and St. Dionysius of Malankara and a the saints of

the church; within the jurisdiction of the Malankara Orthodox Apostoic Catholicate of the East, which loves Christ, and is loved by Him, in the atar dedicated to (St Thomas), in the city of Los Angeles), for the Diocese of (South-West America), the God loving (GEORGE) is caled to be a priest.

**മേല്പട്ടക്കാരൻ :** മുന്നം പേരു പറയപ്പെട്ട ഓർത്തോദുക്സാ ദേശത്തുള്ള പരിശുദ്ധ മദ്ബഹായി (ൽ വച്ച്) ലേക്കു ഇന്ന കശ്ശീശാ പിതാവിന്റെനാമത്തിലും പുത്രന്റെനാമത്തിലും ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും നിത്യ ജീവനിലേക്കു മുദ്ര കുത്തപ്പെട്ടിരിക്കുന്നു. ബാറെക്മോർ.

In the name of the Father, Son, and the Holy Spirit, the Priest GERGE is signed....... Barekmor.

**Bishop:** In the name of the Father +

**Response:** Amen

**Bishop:** And of the Son **+**

**Response :** Amen

**Bishop:** And of the Holy Spirit +, for the life eternal

**Response:** Amen

**മേല്പട്ടക്കാരൻ :** കൃതജ്ഞത

കുറിയേലായിസ്സോൻ ...................

**രഹസ്യം** (കിഴക്കോട്ടു തിരിഞ്ഞ്)

സർവ്വവല്ലഭനായ ഞങ്ങളുടെ കർത്താവേ! സകലത്തിനും വേണ്ടിയും

സകലം നിമിത്തവും ഞങ്ങൾ നിന്റെ കൃപയെ അഭിനന്ദിക്കുന്നു. നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ പുകഴ്ത്തി മഹത്വപ്പെടുത്തുന്നു. എന്തെന്നാൽ ഞങ്ങളുടെ കൂടെ പ്രവർത്തിപ്പാൻ നീ ശ്രേഷ്ഠതപ്പെടുകയും ഈ നിന്റെ ദാസന്റെ (രുടെ) മേൽ നിന്റെ നൽവരം ചിന്തുകയും ചെയ്തിരിക്കുന്നു. കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിന്റെ കൃപാസമൃദ്ധിയിൽ ഞങ്ങളെ ശ്രദ്ധിച്ച് സകലത്തിലും പരിശുദ്ധനായ നിന്റെ റൂഹായുടെ ആഗമനത്താൽ ഈ നിന്റെദാസന്റെ (രുടെ) മേൽ നടന്നതായ കശ്ശീശായുടെ (ശെമ്മാശ്ശന്റെ) പട്ടാഭിഷേകത്തിൽ നീ തിരുമനസ്സായി ഈ വിളിയോടു കൂടി തെരഞ്ഞെടുപ്പും വിശുദ്ധിയും ഉത്തമനായ നിന്റെ കൃപയും വർദ്ധിപ്പിക്കണമെ. അവൻ (ർ) പ്രാപിച്ചതായ താലന്തുകൊണ്ട് നിനക്കു വേല ചെയ്യുവാൻ അവനു സംഗതിയാക്കണമെ.

Lord, Who are almighty, for everything we thank You in every manner; we glorify and praise Your name, for You have done many things for us; You have poured forth Your indw—eling upon this servant. Lord, we pray and beseech You; Hearken unto us because of Your abundant mercy. Be pleased with the priesthood which this Your servant has received by the descent of the Holy Spirit; Strengthen him to prosper in the talent he has received.

**പരസ്യം**

ആദിമുതൽ നിന്റെ തിരുവിഷ്ടം പ്രസാദിപ്പിച്ചിട്ടുള്ള സകലരോടും കൂടെ വലിയവനും ഞങ്ങളുടെ രക്ഷകനുമായ യേശു മ്ശിഹായാകുന്ന ഞങ്ങളുടെ ദൈവമായ കർത്താവിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള രണ്ടാമത്തെ ആഗമനത്തിൽ വിശ്വസ്ഥരും വിജ്ഞാനികളുമായ ഗൃഹവിചാരകന്മാരുടെ കൂലി ഇവൻ (ർ) പ്രാപിക്കുമാറാകണമെ. തന്നോടു കൂടെയും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനും ജീവപ്രദനും സാരാംശത്തിൽ തന്നോടുകൂടെ ഒന്നായിരിക്കുന്നവനുമായ നിന്റെ റൂഹായോടൊപ്പം നിനക്കു സ്തുതിയും ബഹുമാനവും

ആധിപത്യവും യോഗ്യമാകുന്നു. ഹോശോ ......... ആമ്മീൻ.

O Lord, may he receive his reward along with all the saints who pleased You from the begining and with those wise and faithful stewards at the Second Coming from heavn of our Lord Jesus Christ, with whom glory, honor, and dominion belong with You and Your Holy Spirit, both now and aways, forever and ever. Amen

**നോട്ട്:** രഹസ്യങ്ങൾ കബിലാനാകൾ കൊണ്ടു മൂടിയ ശേഷം പടിഞ്ഞാട്ടു തിരിഞ്ഞു സ്ഥാനാത്ഥിയെ (മുട്ടുകുത്തിനിൽക്കുന്നെങ്കിൽ) വലത്തു കൈകൊണ്ടു പിടിച്ച് എഴുന്നേല്പിക്കുന്നു.

## സ്ഥാനവസ്ത്ര ധാരണ

**നോട്ട് :** അംശവസ്ത്രങ്ങൾ മുൻകൂട്ടി കൂദാശ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള പ്രത്യേക പ്രാത്ഥന ചൊല്ലി ഈ അവസരത്തിൽ കൂദാശ ചെയ്യണം.

ഇന്നതുചൊല്ലി സ്ഥാനാത്ഥിയുടെ ഊറാറയുടെമുൻവശം കീഴോട്ടു വലിച്ച് പിൻ വശം അഗ്രം കഴുത്തിൽ കൊണ്ടു വന്നു മറു തോളിൽ കൂടി കടത്തി താഴോട്ടു വലിച്ച് ഹൈമ്മിനിക്കായുടെ രൂപത്തിൽ കഴുത്തിൽ മുന്നോട്ടു ഇടുന്നു. (അതിന്റെ പുറത്ത് മറ്റ് അംശവസ്ത്രങ്ങൾ ധരിച്ചാൽ മതിയാകും. ഹൈമ്മനിക്ക പ്രത്യേകമുണ്ടെങ്കിൽ ഊറാറാ നീക്കി മാറ്റി വെയ്ക്കാം). അനന്തരം കാപ്പ, കൈയുറ ഹമ്നിക്ക, എടക്കെട്ട്, ശുശ്രൂഷാ കുപ്പായം (ധരിച്ചിട്ടില്ലങ്കിൽ) തൊപ്പി എന്നിവ എടുത്തു രഹസ്യങ്ങളുടെ മേലും സ്ഥാനാത്ഥിയുടെ മേലും രണ്ടു പ്രാവശ്യം (Anti Clockwise) അപ്രദിക്ഷിണമായി ആയിട്ടും ഒരു പ്രാവശ്യം (Clockwise) പ്രദക്ഷിണമായിട്ടും ഇങ്ങനെ ചൊല്ലി മൂമ്മൂന്നു

പ്രാവശ്യം വിറപ്പിച്ച് ആഘോഷിച്ചിട്ട് ധരിക്കുവാൻ സ്ഥാനാത്ഥിയെ ഏല്പിക്കുന്നു. മേല്പട്ടക്കാരൻ മേല്പറഞ്ഞ ....................... ചൊല്ലുകയും മറ്റുള്ളവർ ഏറ്റു ചൊല്ലുകയും ചെയ്യുന്നു. അംശവസ്ത്രങ്ങൾ ഓരോന്നിന്മേലും അതാതിന്റെ പ്രാത്ഥന സ്ഥാനാത്ഥി തന്നത്താനെ ചൊല്ലി റൂശ്മാ ചെയ്തിട്ട് ധരിക്കുന്നു. കാപ്പ മേല്പട്ടക്കാരനെ കൊണ്ട് റൂശ്മാ ചെയ്യിക്കാം. തൊപ്പി മേല്പട്ടക്കാരൻ ഇട്ടു കൊടുക്കുന്നു. (കശ്ശീശായ്ക്കു മാത്രമേ പട്ടതൊപ്പി ധരിക്കുവാൻ ആവശ്യമുള്ളു)

ശെമ്മാശ്ശനു ഊറാറാ മാത്രം ആഘോഷിച്ചു ധരിപ്പിക്കുന്നു. ശുശ്രൂഷ കുപ്പായം ധരിച്ചിട്ടില്ലങ്കിൽ അതും അപ്രകാരം ചെയ്യണം.

**മലയാളം**

**സാരാംശത്തിൽ സമത്വമുള്ള (ഉണ്മയിൽ ഒന്നായിരിക്കുന്ന) പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും അഭ്യുന്നതിക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടുപണിക്കുമായി ഇവ തീരുമാറാകട്ടെ.**

മേൽ കൊടുത്തിട്ടുള്ള പെസ്ഗോമാ തന്നെ ചൊല്ലിക്കൊണ്ട് മേല്പട്ടക്കാരൻ ഒരു ധൂപകുറ്റി കശ്ശീസായുടെ കൈയിൽ കൊടുത്തിട്ട് കശ്ശീശാ തന്നെ റൂശ്മാ ചെയ്ത് ധൂപമിടുവാൻ ആജ്ഞാപിക്കുന്നു. അയാൾ പതിവുപോലെ ബലിപീഠം ചുറ്റി ധൂപം വീശുകയും മേല്പട്ടക്കാരന്റെ കൈ മുത്തുകയും ചെയ്യുന്നു.

വൈദികർ, വിശ്വാസികൾ എന്നിവർക്ക് ധൂപം വീശുന്നു. ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ ഓരോരുത്തരും അപ്രകാരം ചെയ്യുന്നു.

കശ്ശീശന്മാർക്ക് ശേഷം ശെമ്മാശന്മാരുണ്ടെങ്കിൽ അവരും അപ്രകാരം ചെയ്യുന്നു. എന്നാൽ ശെമ്മാശ്ശന്മാർക്ക് മേല്പട്ടക്കാരൻ തന്നെ ധൂപം ഇട്ടു കൊടുക്കുന്നു.

അനന്തരം സമാധാനത്തിന്റെ മാനീസ്സാ ചൊല്ലി ക്രമപ്രകാരം മേല്പട്ടക്കാരൻ, പട്ടക്കാർ എന്നിവർക്കും ശെമ്മാശ്ശന്മാർ ശുശ്രൂകർ എന്നിവർക്കും മുറപ്രകാരം സമാധാനം കൊടുക്കുന്നു.

**കുറിപ്പ് :** പുതിയ ശെമ്മാശ്ശനുണ്ടെങ്കിൽ അയാൾ ശേഷം കുബ്ബാനയ്ക്കു കൂടുന്നു. പുതിയ പട്ടക്കാരൻ അംശവടി പിടിച്ച് വശത്തേക്കു മാറി നിൽക്കുന്നു.

കുബ്ബാനാനുഭവ സമയത്ത് മേല്പട്ടക്കാരൻ കാസായിലുള്ള ശരീര കഷണം തവ്വോദായിൽ (spoon) ഉയർത്തി പിടിച്ചു കൊടുക്കുന്നു. കശ്ശീശാ വലത്തുകൈ കൊണ്ടു അതു വാങ്ങി ഇടത്തു കൈകൊണ്ട് നിലത്തു വീഴാതെ താങ്ങി തന്നത്താൻ അനുഭവിക്കുന്നു. കശ്ശീശന്മാർ അനുഭവിച്ചു കഴിയുമ്പോൾ ശെമ്മാശ്ശന്മാർക്കും മറ്റും മേല്പട്ടക്കാരൻ തന്നെ കുബ്ബാന കൊടുക്കുന്നു. (മറ്റുള്ളവർക്ക് കൊടുപ്പാൻ കശ്ശീശയോട് ആജ്ഞാപിക്കാം)

**സമാധാനത്തിന്റെ മാനീസാ**

നിർമ്മലരാം താതന്മാരെ
നിങ്ങടെ ഓർമ്മയ്ക്കായ് ഞങ്ങൾ
പെരുനാൾ കൊണ്ടാടീടുമ്പോൾ
ഉണ്ടായീടുന്നകതാരിൽ

അന്ത്യദിനത്തിൽ പരിചിന്ത
ആ ദിനമതിൽ വെളിവായ് നിങ്ങൾ
കർത്താവിൽ വൈദീകരെന്നും
ദൈവത്തിൻ സേവകരെന്നും
അറിയപ്പെട്ടീടും നൂനം
ഈദൃശയോഹരി പ്രാപിപ്പാൻ
യോഗ്യത നിങ്ങൾ നേടുമ്പോൾ
ഭാഗ്യമെഴും ശാന്തിയിലേറി
വലഭാഗത്തജഗണമായി
മ്ശിഹായുടെ കൃപ കണ്ടെത്താൻ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

**മറ്റൊന്ന്**

Ps. 24: 3-6
കർത്താവിൻ ഗിരിയതിലേക്കാരേറും?
തന്നുടെ ശുദ്ധസ്ഥലമതിലാർ നിൽക്കും?
നിർമ്മല ഹൃത്തും കൈകളുമുള്ളോനും
വ്യാജത്തിന്ന മനസ്സു കൊടുക്കാത്തോനും
വ്യാജമതായ് സത്യം ചെയ്യാത്തോനും
പ്രാപിക്കുമവൻ കർത്താവിൻ വാഴ്‌വും
രക്ഷകനാം ദൈവത്തിൻ നീതിയതും
ദൈവത്തെ തേടുന്നവരുടെ തലമുറ
ഈദൃശമുള്ളവരുടെയാകുന്നു താൻ.
യാക്കോബിൻ ദൈവത്തെ തേടുന്നോർ
എല്ലാവരുമീയുള്ളോരാകുന്നു.

When we, the weak, think of your,
Noblebishops,our fathers,
Thoughts of the last day enter
into our frail and weak hearts.
You will be known on that day
The priests of God mosthigh,
You will be called on that day

The priests of God forever;
And when you become worthy
of receiving this blessing,
Pray for us that we may be
The sheep at His right-hand side,
Worthy of Christ’s great mercies,
and filled with His blessedness!

# പുതിയ സാധനങ്ങളുടെ കൂദാശ

സാധനങ്ങൾ കൈയിൽ പിടിക്കുന്നു. എപ്പിസ്ക്കോപ്പായോ അനുവാദമുള്ള പട്ടക്കാരനോ കൂദാശ ചെയ്യുന്നു.

ആദ്യന്തമില്ലാത്ത പരിശുദ്ധനും ആർക്കും സമീപിക്കാൻ പാടില്ലാത്ത പ്രകാശത്തിൽവസിക്കുന്നവനുമായ സർവ്വാധിപതിയും പരിശുദ്ധനും വിശുദ്ധീകരിക്കുന്നവനുമായ ദൈവമായ കർത്താവേ! നിന്റെ മഹത്വവും വിശുദ്ധിയും കൊണ്ട് നീ സകലത്തേയും നിറക്കുന്നു. സ്തുതിപാടകന്മാരില്ലാതെ നിന്നെത്തന്നെ നീ അവശേഷിപ്പിക്കാതെ നിന്റെ ശ്രേഷ്ടതയെ സ്തുതിച്ചു കാശീശ് പാടുവാൻ മേലുള്ള ഗണങ്ങളെ നീ സൃഷ്ടിച്ചു. സ്തുതി നിനക്കു ആവശ്യമുണ്ടായിട്ടല്ല. എന്നാലോ നിന്നെ സ്തുതിക്കുന്നവർ നിന്നാൽ ശ്രേഷ്ടരാകുവാൻ വേണ്ടി അത്രേ. നിന്റെ കൃപായാൽ നീ ലോകത്തെ സൃഷ്ടിക്കുകയും നിന്റെ ബഹുമതിയ്ക്കായി പ്രധാനാചാര്യന്മാരെ നിയമിക്കുകയും നിന്റെ തിരുനിവാസത്തിനായി സഭയിൻ കൂടാരത്തെ സ്ഥാപിക്കുകയും ധൂപകലശങ്ങൾ, താലങ്ങൾ, തവികൾ, ദീപപീഠങ്ങൾ, പാനപാത്രങ്ങൾ, കാപ്പകൾ, ഊറാറകൾ, കൈയുറകൾ, കുപ്പായങ്ങൾ മുതലായി മോശൈക ശുശ്രൂഷയ്ക്കുള്ള ശേഷം എല്ലാ മഹത്വോപകരണങ്ങൾ കൊണ്ടും നിന്റെ കല്പന പ്രകാരം അതിനെ നീ അലങ്കരിക്കുകയും ചെയ്തു. ഇപ്പോഴും കർത്താവേ! നിന്റെ ഏകപുത്രന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ട നിന്റെ ദാസരായ ഞങ്ങളാൽ നിന്റെ പരിശുദ്ധാലയത്തിന്റെ ബഹുമതിയ്ക്കു വന്ദ്യവും ശ്രേഷ്ടവുമായ നിന്റെ തിരുനാമത്തിന്റെ മഹിമയ്ക്കുമായി നിന്റെ മദ്ബഹായുടെ ശുശ്രൂഷയ്ക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നതും ഞങ്ങളുടെ കൈകളിൽ വെയ്ക്കപ്പെട്ടിരിക്കുന്നവയുമായഈഉപകരണങ്ങളെനീ വിശുദ്ധീകരിക്കണമെ. കർത്താവേ! ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും സത്യവിശ്വാസികളായ പിതാക്കന്മാരുടെയുംപ്രാർത്ഥനയാൽ പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഇവയെ സമർപ്പിച്ചിട്ടുള്ളവരുടെയും ഇവയിൽ സംബന്ധപ്പെട്ടവരും സംബന്ധപ്പെടുന്നവരുമായ എല്ലാവരുടെയും ശ്രേഷ്ട പ്രകാരമുള്ള കാഴ്ചയെ സ്വീകരിക്കണമെ. ഹോശോ ...... ആമ്മീൻ.

ഓരോ സാധനത്തിന്മേലും മുമ്മൂന്നു പ്രാവശ്യം കുരിശു വരച്ചു കൊണ്ടു പറയുന്നു.

സാധനങ്ങളിൽ ധൂപം വീശി കൊണ്ടു പറയുന്നു.

സാധനങ്ങൾ ത്രോണോസിന്റെ മുകളിലായി

(കുബ്ദാന ഉള്ളപ്പോൾ വിശുദ്ധ പാത്രങ്ങളുടെ മുകളിലായി) മൂന്നു പ്രാവശ്യം ആഘോഷിച്ചുകൊണ്ടു പറയുന്നു.